**ലോഗോസ് ക്വിസ് പരീക്ഷയ്ക്ക് പഠിക്കാൻ പ്രോൽസഹനമാകുന്ന വിധത്തിൽ 400 ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നു.**

**ഈ ചോദ്യങ്ങളിൽ നിന്നും 78 ചോദ്യങ്ങൾ ലോഗോസ് പരീക്ഷക്ക് (September 27) ചോദിക്കുന്നതായിരിക്കും.**

# റൂത്ത് 1-4

***ബോൾഡ് ചെയ്തിരിക്കുന്ന വാക്കുകൾ ഉത്തരം വരുന്ന രീതിയിൽ ചോദ്യങ്ങൾ തയ്യാറാക്കുക.***

**വചനഭാഗം: റൂത്ത് 1**

**എലിമെലെക്കും കുടുംബവും മൊവാബിൽ**

1 **ന്യായാധിപൻമാരുടെ** ഭരണകാലത്ത് നാട്ടിൽ ക്ഷാമമുണ്ടായി. അന്ന് **യൂദായിലെ** ഒരു
**ബേത്ലെഹംകാരൻ** ഭാര്യയും പുത്രൻമാർ ഇരുവരുമൊത്ത് മൊവാബ് ദേശത്ത് കുടിയേറിപ്പാർത്തു.2
അവൻെറ പേര് **എലിമെലെക്ക്**, ഭാര്യ നവോമി, പുത്രൻമാർ **മഹ്ലോനും കിലിയോനും**; അവർ
യൂദായിലെ ബേത്ലെഹെമിൽ നിന്നുള്ള **എഫ്രാത്യരായിരുന്നു**. അവർ മൊവാബിൽ താമസമാക്കി.3
നവോമിയുടെ ഭർത്താവ് എലിമെലെക്ക് മരിച്ചു. അവളും പുത്രൻമാരും ശേഷിച്ചു.4 പുത്രൻമാർ
ഓർഫാ, റൂത്ത് എന്നീ മൊവാബ്യസ്ത്രീകളെ വിവാഹം ചെയ്തു. പത്തുവർഷത്തോളം അവർ അവിടെ
കഴിഞ്ഞു.5 അങ്ങനെയിരിക്കെ മഹ്ലോനും കിലിയോനും മരിച്ചു; നവോമിക്ക് ഭർത്താവും പുത്രൻമാരും
നഷ്ടപ്പെട്ടു.

**നവോമിയും റൂത്തും ബേത്ലെഹെമിലേക്ക്**

6 **കർത്താവ് തൻെറ ജനത്തെ ഭക്ഷണം നൽകി അനുഗ്രഹിക്കുന്നു** എന്നു കേട്ട് നവോമി
മരുമക്കളോടുകൂടെ മൊവാബിൽ നിന്നു തിരികെ പോകാനൊരുങ്ങി.7 അവൾ താമസിച്ചിരുന്ന
സ്ഥലത്തുനിന്നു മരുമക്കളോടുകൂടെ പുറപ്പെട്ട് യൂദായിലേക്കുള്ള വഴിയിലെത്തി.8 അപ്പോൾ നവോമി
മരുമക്കളോടു പറഞ്ഞു: നിങ്ങൾ മാതൃഭവനങ്ങളിലേക്കു മടങ്ങിപ്പോകുവിൻ. മരിച്ചവരോടും എന്നോടും
നിങ്ങൾ കരുണകാണിച്ചു. കർത്താവ് നിങ്ങളോടും കരുണകാണിക്കട്ടെ!9 വീണ്ടും വിവാഹം ചെയ്തു
കുടുംബജീവിതം നയിക്കാൻ കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ! അവൾ അവരെ ചുംബിച്ചു. അവർ
പൊട്ടിക്ക രഞ്ഞു.10 അവർ പറഞ്ഞു: ഞങ്ങൾ പോകുന്നില്ല. അമ്മയുടെ ആളുകളുടെ അടുത്തേക്കു
ഞങ്ങളും വരുന്നു.11 എന്നാൽ, നവോമി പറഞ്ഞു: എൻെറ മക്കളേ, നിങ്ങൾ തിരിച്ചുപോകുവിൻ.
എന്തിന് എന്നോടുകൂടെ വരുന്നു? നിങ്ങൾക്കു ഭർത്താക്കൻമാരാകാൻ എനിക്കിനി പുത്രൻമാർ
ഉണ്ടാകുമോ?12 എൻെറ മക്കളേ, നിങ്ങൾ മടങ്ങിപ്പോകുവിൻ. വിവാഹം ചെയ്യാൻ കഴിയാത്തവിധം
ഞാൻ വൃദ്ധയായിരിക്കുന്നു. അഥവാ ഈ രാത്രിതന്നെ ഭർത്താവിനെ സ്വീകരിച്ച് പുത്രൻമാരെ ഗർഭം
ധരിച്ചാൽത്തന്നെ13 അവർക്കു പ്രായമാകുന്നതുവരെ നിങ്ങൾ കാത്തിരിക്കുമോ? നിങ്ങൾ
വിധവകളായിക്കഴിയുമോ? ഇല്ല! മക്കളേ, **കർത്താവിൻെറ കരം എനിക്കെതിരായി ഉയർന്നിരിക്കുന്നു.**
നിങ്ങളെപ്രതിയും ഞാൻ അത്യന്തം വ്യസനിക്കേണ്ടിവരും.14 അവർ വീണ്ടും പൊട്ടിക്കരഞ്ഞു; **ഓർഫാ**
അമ്മായിയമ്മയെ ചുംബിച്ച് വിടവാങ്ങി; റൂത്ത് അവളെ പിരിയാതെ നിന്നു.15 നവോമി പറഞ്ഞു:
നിൻെറ സഹോദരി **ചാർച്ചക്കാരുടെയും ദേവൻമാരുടെയും** അടുത്തേക്ക് മടങ്ങിപ്പോയല്ലോ;
അവളെപ്പോലെ നീയും പോകുക.16 റൂത്ത് പറഞ്ഞു: അമ്മയെ ഉപേക്ഷിക്കാനോ
കൂടെപ്പോരാതിരിക്കാനോ എന്നോടു പറയരുത്. അമ്മ പോകുന്നിടത്തു ഞാനും വരും;
വസിക്കുന്നിടത്തു ഞാനും വസിക്കും. അമ്മയുടെ ചാർച്ചക്കാർ എൻെറ ചാർച്ചക്കാരും അമ്മയുടെ
ദൈവം എൻെറ ദൈവവുമായിരിക്കും;17 അമ്മ മരിക്കുന്നിടത്ത് ഞാനും മരിച്ച് അടക്കപ്പെടും. മരണം
തന്നെ എന്നെ അമ്മയിൽനിന്നു വേർപെടുത്തിയാൽ, കർത്താവ് എന്തു ശിക്ഷയും എനിക്കു
നൽകിക്കൊള്ളട്ടെ.18 അവൾ തന്നോടുകൂടെ പോരാനുറച്ചു എന്നുകണ്ടു നവോമി അവളെ
നിർബന്ധിച്ചില്ല.19 അവർ ബേത്ലെഹെമിൽ എത്തി. **പട്ടണം മുഴുവൻ** അവരെ കണ്ടു വിസ്മയിച്ചു.
ഇതു നവോമിയോ എന്നു സ്ത്രീകൾ പരസ്പരം ചോദിച്ചു.20 അവൾ പറഞ്ഞു: എന്നെ
നവോമിയെന്നല്ല **മാറാ** എന്നാണു വിളിക്കേണ്ടത്. സർവശക്തൻ എന്നോടു വളരെ കഠിനമായിട്ടാണ്
പ്രവർത്തിച്ചത്.21 എല്ലാം തികഞ്ഞവളായി ഞാൻ ഇവിടെനിന്നുപോയി. ഒന്നും ഇല്ലാത്തവളായി
കർത്താവ് എന്നെതിരിച്ചയച്ചു. കർത്താവ് എന്നെ ഞെരുക്കുകയും, സർവശക്തൻ എനിക്ക് ആപത്തു
വരുത്തുകയും ചെയ്യുമ്പോൾ എന്തിനെന്നെ നവോമി എന്നു വിളിക്കുന്നു?22 അങ്ങനെ നവോമി
മൊവാബിൽനിന്ന് അവിടത്തുകാരിയായ മരുമകൾ റൂത്തിനോടുകൂടെ തിരിച്ചെത്തി.

**ബാർലിക്കൊയ്ത്തു തുടങ്ങിയപ്പോഴാണ്** അവർ ബേത്‌ലെഹെമിൽ എത്തിയത്.

## Questions

1. ആരുടെ കാലത്താണ് നാട്ടിൽ ക്ഷാമമുണ്ടായത്?
ന്യായാധിപന്മാരുടെ (1,1)
2. മൊവാബ് ദേശത്ത് കുടിയേറി പാർത്തത് ആരാണ്?
യൂദായിലെ ഒരു ബേത്‌ലെഹംകാരൻ, എലിമെലെക്ക് (1,1)
3. നവോമിയുടെ പുത്രന്മാരുടെ പേര് എന്ത്?
മഹ്‌ലോൻ, കിലിയോൻ (1,2)
4. അവർ യൂദായിലെ ബേത്‌ലെഹെമിൽ നിന്നുള്ള . . . . . ആയിരുന്നു. പൂരിപ്പിക്കുക
എഫ്രാത്യർ (1,2)
5. എന്ത് കേട്ടപ്പോഴാണ് നവോമി മരുമക്കളോടുകൂടെ മൊവാബിൽ നിന്നു തിരികെ പോകാനൊരുങ്ങിയത്?
കർത്താവ് തന്റെ ജനത്തെ ഭക്ഷണം നൽകി അനുഗ്രഹിക്കുന്നു (1,6)
6. ആരാണ് അമ്മായിയമ്മയെ ചുംബിച്ച് വിടവാങ്ങിയത്?
ഓർഫാ (1,14)
7. ഓർഫാ ആരുടെ അടുത്തേക്ക് മടങ്ങിപോയെന്നാണ് നവോമി പറയുന്നത്?
ചാർച്ചക്കാരുടെയും ദേവന്മാരുടെയും (1,15)
8. നവോമിയെയും റൂത്തിനെയും കണ്ട് വിസ്മയിച്ചത് ആര്?
പട്ടണം മുഴുവൻ (1,19)
9. എന്നെ നവോമി എന്നല്ല . . . . . . എന്നാണ് വിളിക്കേണ്ടത്.
മാറാ (1,20)
10. നവോമി എന്ന വാക്കിനർഥം?
സന്തുഷ്ട (Footnote) (1,20)
11. എപ്പോഴാണ് നവോമിയും റൂത്തും ബേത്‌ലെഹമിൽ എത്തിയത്?
ബാർലിക്കൊയ്ത്ത് തുടങ്ങിയപ്പോൾ (1,22)
12. കർത്താവിന്റെ കരം എനിക്കെതിരായി ഉയർന്നിരിക്കുന്നു എന്ന് പറഞ്ഞതാര്?
നവോമി (1,13)

**വചനഭാഗം: റൂത്ത് 2**

**റൂത്ത് ബോവാസിൻെറ വയലിൽ**
1 നവോമിയുടെ ഭർത്തൃകുടുംബത്തിൽ **ബോവാസ് എന്നു പേരായ ഒരു ധനികൻ** ഉണ്ടായിരുന്നു.2
ഞാൻ പോയി എന്നെ അനുവദിക്കുന്നവരുടെ വയലിൽ കാലാപെറുക്കട്ടെ എന്ന് മൊവാബ്യയായ
റൂത്ത് നവോമിയോടു ചോദിച്ചു.3 അവൾ പറഞ്ഞു: പോയ്‌ക്കൊള്ളുക. റൂത്ത് വയലിൽച്ചെന്ന്
കൊയ്ത്തുകാരുടെ പിറകേ കാലാപെറുക്കി. **എലിമെലെക്കിൻെറ കുടുംബത്തിൽപ്പെട്ട
ബോവാസിൻെറ വയലിലാണ്** അവൾ എത്തിച്ചേർന്നത്.4 ബോവാസ് ബേത്‌ലെഹെമിൽനിന്നു വന്നു.
**കർത്താവ് നിങ്ങളോടുകൂടെ** എന്നുപറഞ്ഞ് അവൻ കൊയ്ത്തുകാരെ അഭിവാദനം ചെയ്തു.
**കർത്താവ് അങ്ങയെ അനുഗ്രഹിക്കട്ടെ** എന്ന് അവർ പ്രത്യഭിവാദനം ചെയ്തു.5 കൊയ്ത്തുകാരുടെ
മേൽനോട്ടം വഹിച്ചിരുന്ന ഭൃത്യനോട് ബോവാസ് ചോദിച്ചു: **ആരാണ് ഈ യുവതി?**6
നവോമിയോടൊപ്പം മൊവാബിൽനിന്നു വന്ന മൊവാബ്യ സ്ത്രീയാണിവൾ എന്നു **ഭൃത്യൻ** മറുപടി
നൽകി.7 വയലിൽ കാലാപെറുക്കാൻ അനുവദിക്കണമേ എന്ന് അവൾ അപേക്ഷിച്ചു. രാവിലെ മുതൽ
ഇതുവരെ വിശ്രമമില്ലാതെ കാലാപെറുക്കുകയാണ്.8 അപ്പോൾ ബോവാസ് റൂത്തിനോടു പറഞ്ഞു:
മകളേ, കാലാപെറുക്കാൻ ഇവിടംവിട്ടു മറ്റു വയലുകളിൽ പോകേണ്ടാ. എൻെറ ദാസിമാരോടുകൂടെ
ചേർന്നുകൊള്ളുക.9 അവർ കൊയ്യുന്നതെവിടെയെന്നു നോക്കി അവരെ പിന്തുടരുക. നിന്നെ
ശല്യപ്പെടുത്തരുതെന്നു ഭൃത്യൻമാരോടു ഞാൻ പറഞ്ഞിട്ടുണ്ട്. നിനക്കു ദാഹിക്കുമ്പോൾ അവർ
കോരിവച്ചിട്ടുള്ള വെള്ളം കുടിക്കാം.10 അവൾ **സാഷ്ടാംഗം പ്രണമിച്ചുകൊണ്ടു** ബോവാസിനോടു
പറഞ്ഞു: അന്യനാട്ടുകാരിയായ എന്നോടു കരുണതോന്നാൻ ഞാൻ അങ്ങേക്ക് എന്തു നൻമ
ചെയ്തു?11 ബോവാസ് പറഞ്ഞു: ഭർത്താവിൻെറ മരണത്തിനുശേഷം നീ അമ്മായിയമ്മയ്ക്കുവേണ്ടി
ചെയ്തതും മാതാപിതാക്കളെയും സ്വദേശത്തെയുംവിട്ട് അപരിചിതരായ ജനത്തിൻെറ ഇടയിൽ
വന്നതുമെല്ലാം എനിക്ക് അറിയാം.12 നിൻെറ പ്രവൃത്തികൾക്കു കർത്താവ് പ്രതിഫലം നൽകും. നീ
അഭയം പ്രാപിച്ചിരിക്കുന്ന ഇസ്രായേലിൻെറ ദൈവമായ കർത്താവ് നിന്നെ സമൃദ്ധമായി

അനുഗ്രഹിക്കും.13 അപ്പോൾ റൂത്ത് പറഞ്ഞു:യജമാനനേ, അങ്ങ് എന്നോടു വലിയ ദയയാണു കാണിക്കുന്നത്; എന്തെന്നാൽ, ഞാൻ അങ്ങയുടെ ദാസിമാരിൽ ഒരുവളല്ല. എങ്കിലും, ഈ ദാസിയെ ആശ്വസിപ്പിക്കുകയും കരുണയോടെ സംസാരിക്കുകയും ചെയ്തു.14 ഭക്ഷണസമയത്ത് ബോവാസ് അവളോടു പറഞ്ഞു: വന്നു ഭക്ഷണം കഴിക്കൂ. **വീഞ്ഞിൽ മുക്കി** അപ്പം ഭക്ഷിച്ചു കൊള്ളൂ. അങ്ങനെ അവൾ കൊയ്ത്തുകാരോടുകൂടെ ഇരുന്നു. അവൻ അവൾക്കു മലര് കൊടുത്തു; അവൾ ഭക്ഷിച്ചു തൃപ്തയായി; ബാക്കിയും വന്നു.15 അവൾ കാലാപെറുക്കാൻ എഴുന്നേറ്റപ്പോൾ ബോവാസ് ഭൃത്യൻമാരോടു പറഞ്ഞു: അവൾ കറ്റകളുടെ ഇടയിൽനിന്നും ശേഖരിച്ചുകൊള്ളട്ടെ.16 അവളെ ശകാരിക്കരുത്. കറ്റകളിൽനിന്നു കുറേശ്ശെ വലിച്ചൂരി അവൾക്കു പെറുക്കാൻ ഇടണം. അവളെ ശാസിക്കരുത്.17 അങ്ങനെ അവൾ സന്ധ്യവരെ കാലാപെറുക്കി. മെതിച്ചപ്പോൾ ഏകദേശം **ഒരു ഏഫാ ബാർലി** ഉണ്ടായിരുന്നു.18 അവൾ അതെടുത്തുകൊണ്ടു നഗരത്തിലേക്കു പോയി, താൻ ശേഖരിച്ച ധാന്യം **അമ്മായിയമ്മയെ** കാണിച്ചു; ബാക്കിവന്ന ആഹാരം അവൾക്കു കൊടുക്കുകയും ചെയ്തു.19 അമ്മായിയമ്മ ചോദിച്ചു: എവിടെയാണ് ഇന്നു നീ കാലാ പെറുക്കിയത്? എവിടെയാണ് ഇന്നു നീ ജോലി ചെയ്തത്? നിന്നോടു കരുണതോന്നിയ മനുഷ്യൻ അനുഗൃഹീതനാകട്ടെ! താനിന്നു ജോലി ചെയ്തത് ബോവാസിനോടുകൂടെ ആണെന്ന് അവൾ അമ്മായിയമ്മയോടു പറഞ്ഞു.20 നവോമി മരുമകളോടു പറഞ്ഞു: ജീവിച്ചിരിക്കുന്നവരോടും മരിച്ചവരോടും കാരുണ്യം കാണിക്കുന്ന കർത്താവ് അവനെ അനുഗ്രഹിക്കട്ടെ! അവൾ തുടർന്നു: അവൻ നമ്മുടെ ബന്ധുവാണ് - ഉറ്റബന്ധു.21 റൂത്ത് പറഞ്ഞു: കൊയ്ത്തു മുഴുവൻ തീരുവോളം വേലക്കാരോടുകൂടെ ഉണ്ടായിരിക്കണമെന്ന് അവൻ എന്നോടു പറഞ്ഞിട്ടുണ്ട്.22 നവോമി മരുമകളോടു പറഞ്ഞു: മറ്റു വയലുകളിൽപോയി ശല്യം ഏൽക്കാനിടയാകാതെ നീ അവൻെറ ദാസിമാരോടുകൂടെ പോകുന്നതാണു നല്ലത്.23 അങ്ങനെ ബാർലിയുടെയുംഗോതമ്പിൻെറയും വിളവെടുപ്പു കഴിയുന്നതുവരെ അവൾ **ബോവാസിൻെറ ദാസിമാരോടു ചേർന്നുനിന്നു കാലാപെറുക്കി;** തൻെറ അമ്മായിയമ്മയോടൊത്തു ജീവിച്ചു.

## Questions

13. നവോമിയുടെ ഭർതൃഗൃഹത്തിൽ ഉണ്ടായിരുന്ന ധനികനാര്?

ബോവാസ് 2,1

14. ആരുടെ വയലിലാണ് റൂത്ത് എത്തിച്ചേർന്നത്?

എലിമെലെക്കിന്റെ കുടുംബത്തിൽപ്പെട്ട ബോവാസിന്റെ വയലിൽ (2,3)

15. ബോവാസ് എന്ത് പറഞ്ഞാണ് കൊയ്ത്തുകാരെ അഭിവാദനം ചെയ്തത്?

കർത്താവ് നിങ്ങളോടുകൂടെ (2,4)

16. കൊയ്ത്തുകാർ, പ്രത്യഭിവാദനം ചെയ്തതെങ്ങനെ?

കർത്താവ് അങ്ങയെ അനുഗ്രഹിക്കട്ടെ (2,4)

17. കാലാ പെറുക്കിയത് മെതിച്ചപ്പോൾ എത്രയുണ്ടായിരുന്നു?

ഒരു ഏഫാ ബാർലി (2,17)

18. വിളവെടുപ്പ് കഴിയുന്നതുവരെ റൂത്ത് ആരോട് ചേർന്നു നിന്നാണ് കാലാ പെറുക്കിയത്?

ബോവാസിന്റെ ദാസിമാരോട് ചേർന്നുനിന്ന് (2,23)

19. കൊയ്ത്തുകാരുടെ മേൽനോട്ടം വഹിച്ചിരുന്ന ഭൃത്യനോട് ബോവാസ് എന്താണ് ചോദിച്ചത്?

ആരാണ് ഈ യുവതി. (2,5)

20. 'നവോമിയോടൊപ്പം മൊവാബിൽ നിന്നു വന്ന മൊവാബ്യ സ്ത്രീയാണിവൾ' എന്ന് മറുപടി നൽകിയത് ആരാണ്?

ഭൃത്യൻ (2,6)

21. ''അന്യ നാട്ടുകാരിയായ എന്നോട് കരുണ തോന്നാൻ ഞാൻ അങ്ങേക്ക് എന്തു നന്മ ചെയ്തു?'' എങ്ങനെയാണ് റൂത്ത് ഈ ചോദ്യം ഉന്നയിച്ചത്?

സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് (2,10)

22. ഭക്ഷണ സമയത്ത് ബോവാസ് അവളോട് പറഞ്ഞ കാര്യങ്ങളിൽ അപ്പം എങ്ങനെ ഭക്ഷിക്കാനാണ് പറയുന്നത്?

വീഞ്ഞിൽ മുക്കി (2,14)

23. റൂത്ത് ശേഖരിച്ച ധാന്യം ആരെയാണ് കാണിച്ചത്?

അമ്മായിഅമ്മയെ (2,18)

**വചനഭാഗം: റൂത്ത് 3**

**ബോവാസിൻെറ മെതിക്കളത്തിൽ**
1 **നവോമി റൂത്തിനോടു പറഞ്ഞു**: മകളേ, സന്തുഷ്ടമായ കുടുംബജീവിതത്തിൽ നിന്നെ
പ്രവേശിപ്പിക്കുക എൻെറ കടമയല്ലേ?2 നീ ആരുടെ ദാസികളുമൊത്ത് ജോലിചെയ്യുന്നുവോ ആ
ബോവാസ് നമ്മുടെ ബന്ധുവാണല്ലോ.3 മെതിക്കളത്തിൽ ബാർലി പാറ്റുന്നതിന് അവൻ ഇന്നു രാത്രി
വരുന്നുണ്ട്. **നീ കുളിച്ചു തൈലം പൂശി ഏറ്റവും നല്ല വസ്ത്രവും ധരിച്ചു** മെതിക്കളത്തിലേക്കു
ചെല്ലുക. എന്നാൽ, അവൻെറ അത്താഴം കഴിയുന്നതുവരെ അവൻ നിന്നെതിരിച്ചറിയാൻ
ഇടയാകരുത്.4 അവൻ ഉറങ്ങാൻ കിടക്കുന്ന സ്ഥലം നോക്കിവയ്ക്കുക, പിന്നീടു നീ ചെന്ന് അവൻെറ
കാലിൽ നിന്നു പുതപ്പുമാറ്റി അവിടെ കിടക്കുക. നീ ചെയ്യേ ണ്ടതെന്തെന്ന് അവൻ പറഞ്ഞുതരും.5
അമ്മ പറഞ്ഞതുപോലെ ഞാൻ ചെയ്യാം എന്ന് അവൾ പറഞ്ഞു.6 അവൾ മെതിക്കളത്തിൽ ചെന്ന്
**അമ്മായിയമ്മ** പറഞ്ഞതുപോലെ പ്രവർത്തിച്ചു.7 ഭക്ഷിച്ചും പാനംചെയ്തും സന്തുഷ്ടനായപ്പോൾ
ബോവാസ് **ധാന്യക്കൂമ്പാരത്തിൻെറ അരികിൽ** കിടന്നുറങ്ങി. അപ്പോൾ അവൾ സാവധാനം ചെന്ന്
അവൻെറ കാലിൽനിന്നു പുതപ്പുമാറ്റി അവിടെ കിടന്നു.8 അർധരാത്രിയിൽ അവൻ ഞെട്ടിയുണർന്നു.
**കാൽക്കൽ ഒരു സ്ത്രീ കിടക്കുന്നു!**9 നീ ആരാണ്? അവൻ ചോദിച്ചു; ഞാൻ നിൻെറ ദാസിയായ
റൂത്ത് ആണ് എന്ന് അവൾ പറഞ്ഞു. അങ്ങ് എൻെറ അടുത്ത ബന്ധുവാകയാൽ അങ്ങയുടെ വസ്ത്രം
ഈ ദാസിയുടെമേൽ വിരിച്ച് എന്നെ സ്വീകരിക്കുക.10 അവൻ മറുപടിപറഞ്ഞു: മകളേ, കർത്താവ്
നിന്നെ അനുഗ്രഹിക്കട്ടെ! നീ ഇപ്പോൾ കാണിച്ചിരിക്കുന്ന **ഔദാര്യം** ആദ്യത്തേതിലും
വലുതാണ്.യുവാക്കൻമാരെ - ധനികരോ ദരിദ്രരോ ആകട്ടെ - തേടാതെ നീ എൻെറ അടുക്കൽ
വന്നല്ലോ.11 മകളേ, ഭയപ്പെടേണ്ടാ. നീ ആവശ്യപ്പെടുന്നതെന്തും ഞാൻ നിനക്കു ചെയ്തുതരാം. നീ ഒരു
ഉത്തമസ്ത്രീയാണെന്നു നഗരത്തിലെ എൻെറ പരിചയക്കാർക്കെല്ലാം അറിയാം.12 ഞാൻ നിൻെറ
അടുത്ത ബന്ധുവാണെന്നതു വാസ്തവം തന്നെ. എന്നാൽ, എന്നെക്കാൾ അടുത്ത മറ്റൊരു
ചാർച്ചക്കാരൻ നിനക്കുണ്ട്.13 ഈ രാത്രി ഇവിടെ കഴിയുക. ഏറ്റവും അടുത്ത ബന്ധുവിൻെറ ചുമതല
അവൻ നിർവഹിക്കുമോ എന്നു രാവിലെ അന്വേഷിക്കാം. അവൻ അതു ചെയ്താൽ നന്ന്. ഇല്ലെങ്കിൽ
ഉറ്റ ബന്ധുവിൻെറ കടമ കർത്താവാണേ, ഞാൻ നിർവഹിക്കും. പ്രഭാതംവരെ നീ ഇവിടെ
കിടന്നുകൊള്ളുക.14 അവൾ അവൻെറ കാൽക്കൽ കിടന്നു. അതിരാവിലെ ആളറിയുന്നതിനു മുമ്പേ
അവൾ എഴുന്നേറ്റു. ബോവാസ് പറഞ്ഞു: മെതിക്കളത്തിൽ ഒരു സ്ത്രീ വന്നെന്ന് ആരും അറിയരുത്.15
നിൻെറ മേലങ്കി വിരിച്ചു പിടിക്കുക. അവൻ **ആറ് അളവ്** ബാർലി അതിലിട്ട് അവളുടെ തലയിൽ
വച്ചുകൊടുത്തു. അവൾ നഗരത്തിലേക്കുപോയി.16 വീട്ടിൽ എത്തിയപ്പോൾ അമ്മായിയമ്മ ചോദിച്ചു:
മകളേ, എന്തുണ്ടായി? അവൻ ചെയ്തതെല്ലാം അവൾ വിവരിച്ചു പറഞ്ഞു.17 അമ്മായിയമ്മയുടെ
അടുത്തേക്ക് വെറുംകയ്യോടെ പോകേണ്ടാ എന്നുപറഞ്ഞ് ഈ ആറളവ് ബാർലി അവൻ എനിക്കു
തന്നു.18 **നവോമി** പറഞ്ഞു: മകളേ, കാര്യങ്ങൾ എങ്ങനെയാകും എന്നു കാത്തിരുന്നു കാണാം. കാര്യം
തീരുമാനിക്കുന്നതുവരെ **അവൻ** അടങ്ങിയിരിക്കുകയില്ല. ഇന്നുതന്നെതീരുമാനമാകും.

## Questions
24. ''മകളെ സന്തുഷ്ടമായ കുടുംബജീവിതത്തിൽ നിന്നെ പ്രവേശിപ്പിക്കുക എന്റെ കടമയല്ലേ?'' ആര് ആരോട് പറഞ്ഞു?
നവോമി റൂത്തിനോട് (3,1)
25. ഭക്ഷിച്ചും പാനം ചെയ്തും സന്തുഷ്ടനായപ്പോൾ ബോവാസ് എവിടെയാണ് കിടന്നുറങ്ങിയത്?
ധാന്യകൂമ്പാരത്തിന്റെ അരികിൽ (3,7)
26. ബോവാസ് എത്ര അളവ് ബാർലിയാണ് റൂത്തിന്റെ തലയിൽ വച്ചു കൊടുത്തത്?
ആറ് (3,15)
27. ''കാര്യങ്ങൾ എങ്ങനെ ആകും എന്ന് കാത്തിരുന്ന് കാണാം''. ആരാണ് പറഞ്ഞത്?
നവോമി (3,18)
28. റൂത്ത് എങ്ങനെയാണ് മെതിക്കളത്തിലേക്ക് ചെന്നത്?
കുളിച്ച് തൈലം പൂശി ഏറ്റവും നല്ല വസ്ത്രം ധരിച്ച് (3,3)
29. അർധരാത്രിയിൽ ബോവാസ് ഞെട്ടിയുണർന്നപ്പോൾ കണ്ടതെന്താണ്?
കാൽക്കൽ ഒരു സ്ത്രീ കിടക്കുന്നു (3,8)
30. ''നീ ഇപ്പോൾ കാണിച്ചിരിക്കുന്ന . . . . . . . . ആദ്യത്തേതിലും വലുതാണ്.'' പൂരിപ്പിക്കുക
ഔദാര്യം (3,10)
31. ആരാണ് കാര്യം തീരുമാനിക്കുന്നത് വരെ അടങ്ങിയിരിക്കുകയില്ലാത്തത്?
ബോവാസ് (3,18)

**വചനഭാഗം: റൂത്ത് 4**

**റൂത്തിൻെറ വിവാഹം**
1 ബോവാസ് നഗരവാതിൽക്കൽ ചെന്നു. അപ്പോൾ മുൻപു പറഞ്ഞബന്ധു അവിടെ വന്നു. ബോവാസ്
അവനോടു പറഞ്ഞു: സ്നേഹിതാ, ഇവിടെവന്ന് അൽപനേരം ഇരിക്കൂ. അവൻ അങ്ങനെ ചെയ്തു.2
നഗരത്തിൽനിന്നു **ശ്രേഷ്ഠൻമാരായ പത്തുപേരെ**ക്കൂടി ബോവാസ് വിളിച്ചുകൊണ്ടുവന്നു. ഇവിടെ
ഇരിക്കുവിൻ എന്ന് അവരോടും പറഞ്ഞു; അവരും ഇരുന്നു.3 ബോവാസ് തൻെറ ബന്ധുവിനോടു
പറഞ്ഞു: മോവാബു ദേശത്തു നിന്നു തിരിച്ചു വന്ന നവോമി നമ്മുടെ ബന്ധുവായ എലിമെലെക്കിൻെറ
നിലത്തിൽ ഒരു ഭാഗം വിൽക്കാൻ പോകുന്നു. അതു നിന്നെ അറിയിക്കണമെന്നു ഞാൻ കരുതി.
ഇവിടെ ഇരിക്കുന്നവരുടെയും എൻെറ ജനത്തിലെ ശ്രേഷ്ഠൻമാരുടെയും സാന്നിധ്യത്തിൽ നീ അതു
വാങ്ങുക എന്നു പറയണമെന്നും ഞാൻ ആഗ്രഹിച്ചു.4 മനസ്സുെ ണ്ടങ്കിൽ നീ അതു വീണ്ടെടുക്കുക.
താത്പര്യമില്ലെങ്കിൽ എന്നെ അറിയിക്കുക. അതു വീണ്ടെടുക്കാൻ നീയല്ലാതെ മറ്റാരുമില്ല. നീ
വീണ്ടെടുക്കുന്നില്ലെങ്കിൽ അതു ചെയ്യേണ്ട അടുത്ത ആൾ ഞാനാണ്. അവൻ പറഞ്ഞു: ഞാൻ അതു
വീണ്ടെടുക്കാം.5 അപ്പോൾ ബോവാസ് പറഞ്ഞു: നവോമിയിൽനിന്നു വയൽ വാങ്ങുന്ന ദിവസംതന്നെ,
മരിച്ചവൻെറ നാമം അവകാശികളിലൂടെ നിലനിർത്തുന്നതിനുവേണ്ടി അവൻെറ വിധവയും
മൊവാബ്യയുമായ റൂത്തിനെയും കൂടി നീ സ്വീകരിക്കണം.6 അപ്പോൾ **ബന്ധു പറഞ്ഞു**: അതു
സാധ്യമല്ല. കാരണം, അതുവഴി എൻെറ അവകാശം നഷ്ടപ്പെടാൻ ഇടയാകും.7 വീണ്ടെടുക്കാനുള്ള
അവകാശം **നീ തന്നെ** ഉപയോഗിച്ചു
കൊള്ളുക. എനിക്കതു സാധ്യമല്ല. വീണ്ടെടുപ്പും കൈമാറ്റവും സംബന്ധിച്ച് ഇസ്രായേലിൽ മുൻപു
നിലവിലിരുന്ന നിയമം ഇതാണ്: **ഇടപാട് സ്വീകരിക്കുന്നതിനു വേണ്ടി ഒരാൾ തൻെറ ചെരിപ്പൂരി
മറ്റെയാളെ ഏൽപിക്കും.** ഇതായിരുന്നു ഇസ്രായേലിലെ നടപ്പ്.8 അതനുസരിച്ചു നീ
വാങ്ങിക്കൊള്ളുക എന്നുപറഞ്ഞ് ആ ബന്ധു തൻെറ ചെരിപ്പൂരി.9 അനന്തരം, ബോവാസ്
ശ്രേഷ്ഠൻമാരോടും മറ്റുള്ളവരോടും പറഞ്ഞു: എലിമെലെക്കിൻേറതും, മഹ്ലോൻ, കിലിയോൻ
എന്നിവരുടേതും ആയ എല്ലാം നവോമിയിൽനിന്ന് ഇന്നു ഞാൻ വാങ്ങി എന്നതിനു നിങ്ങൾ
സാക്ഷികളാണ്.10 മൊവാബ്യയും മഹ്ലോൻെറ വിധവയുമായ റൂത്തിനെ ഭാര്യയായി ഞാൻ
സ്വീകരിക്കുന്നു. മരിച്ചവൻെറ നാമം സഹോദരൻമാരുടെ ഇടയിൽനിന്നും ജൻമദേശത്തുനിന്നും
മാഞ്ഞുപോകാതിരിക്കുന്നതിനും, അനന്തരാവകാശികളിലൂടെ അതു നിലനിർത്തുന്നതിനും
വേണ്ടിയാണിത്. ഇന്നു നിങ്ങൾ അതിനു സാക്ഷികളാണ്.11 അപ്പോൾ **ശ്രേഷ്ഠൻമാരും
നഗരകവാടത്തിൽ നിന്നിരുന്നവരും** പറഞ്ഞു: ഞങ്ങൾ സാക്ഷികളാണ്. കർത്താവ് നിൻെറ
ഭവനത്തിലേക്കു വരുന്ന സ്ത്രീയെ, **ഇസ്രായേൽജനത്തിനു ജൻമം കൊടുത്ത റാഹേൽ, ലെയാ**
എന്നിവരെപ്പോലെ ആക്കട്ടെ! നീ **എഫ്രാത്തയിൽ** ഐശ്വര്യവാനും **ബേത്ലെഹെമിൽ**
പ്രസിദ്ധനുമാകട്ടെ!12 യൂദായ്ക്കു താമാറിൽ ജനിച്ച പേരെസിൻെറ ഭവനംപോലെ, ഈയുവതിയിൽ
കർത്താവ് നിനക്കു തരുന്ന സന്താനങ്ങളിലൂടെ നിൻെറ ഭവനവും ആകട്ടെ!13 അങ്ങനെ, ബോവാസ്
റൂത്തിനെ സ്വീകരിച്ചു. അവൾ അവൻെറ ഭാര്യയായി. അവൻ അവളെ പ്രാപിച്ചു. കർത്താവിൻെറ
അനുഗ്രഹത്താൽ അവൾ ഗർഭിണിയായി ഒരു പുത്രനെ പ്രസവിച്ചു.14 അപ്പോൾ സ്ത്രീകൾ
നവോമിയോടു പറഞ്ഞു: നിനക്ക് ഒരു പിന്തുടർച്ചാവകാശിയെ നൽകിയ കർത്താവ്
വാഴ്ത്തപ്പെട്ടവനാകട്ടെ! ആ അവകാശി ഇസ്രായേലിൽ പ്രസിദ്ധി ആർജിക്കട്ടെ!15 അവൻ നിനക്കു
നവജീവൻ പകരും; വാർധക്യത്തിൽ നിനക്കു താങ്ങായിരിക്കും. നിന്നെ സ്നേഹിക്കുന്നവളും ഏഴു
പുത്രൻമാരെക്കാൾ വിലപ്പെട്ടവളും ആയ നിൻെറ മരുമകളാണ് അവനെ പ്രസവിച്ചത്.16 നവോമി
ശിശുവിനെ മാറോടണച്ചു. അവൾ അവനെ പരിചരിച്ചു.17 **അയൽക്കാരായ സ്ത്രീകൾ**, നവോമിക്ക്
ഒരു പുത്രൻ ജനിച്ചിരിക്കുന്നു എന്നു പറഞ്ഞ് ഓബദ് എന്ന് അവനു പേരിട്ടു. അവൻ ദാവീദിൻെറ
പിതാവായ ജസ്സെയുടെ പിതാവാണ്.18 പേരെസിൻെറ പിൻതലമുറക്കാർ ഇവരാണ്: പേരെസ്
**ഹെബ്രോൻെറ** പിതാവാണ്.19 ഹെബ്രോൺ രാമിൻെറയും, രാം അമീനാദാബിൻെറയും,20
അമീനാദാബ് നഹ്ഷോൻെറയും, നഹ്ഷോൻ സൽമോൻെറയും,21 സൽമോൻ ബോവാസിൻെറയും,
ബോവാസ് ഓബദിൻെറയും,22 ഓബദ് ജസ്സെയുടെയും, ജസ്സെ ദാവീദിൻെറയും പിതാവാണ്.

## Questions

32. വീണ്ടെടുപ്പും കൈമാറ്റവും സംബന്ധിച്ച് ഇസ്രായേലിൽ മുൻപ് നിലവിലിരുന്ന നിയമം എന്താണ്?

ഇടപാട് സ്വീകരിക്കുന്നതിനുവേണ്ടി ഒരാൾ തന്റെ ചെരിപ്പൂരി മറ്റെയാളെ ഏൽപിക്കും (4,7)

33. ഇസ്രായേൽ ജനത്തിനു ജന്മം കൊടുത്തത് ആരെല്ലാം?

റാഹേൽ, ലെയാ (4,11)
34. ബോവാസ് എവിടെ ഐശ്വര്യവാനാകട്ടെ എന്നാണ് ശ്രേഷ്ഠൻമാരും നഗരകവാടത്തിൽ നിന്നവരും പറയുന്നത്?
എഫ്രാത്തയിൽ (4,11)
35. ബോവാസ് എവിടെ പ്രസിദ്ധനാകട്ടെ എന്നാണ് ശ്രേഷ്ഠൻമാരും നഗരകവാടത്തിൽ നിന്നവരും പറയുന്നത്?
ബേത്‌ലെഹെമിൽ (4,11)
36. റൂത്തിന് ജനിച്ച പുത്രന് പേരിട്ടത് ആര്?
അയൽക്കാരായ സ്ത്രീകൾ (4,17)
37. ഹെബ്രോന്റെ പിതാവ് ആര്?
പേരെസ് (4,18)
38. ''വീണ്ടെടുക്കാനുള്ള അവകാശം നീ തന്നെ ഉപയോഗിച്ചുകൊള്ളുക'' ആര് ആരോട് പറഞ്ഞു?
ബന്ധു ബോവാസിനോട് (4,7)
39. നഗരത്തിൽ നിന്നു ബോവാസ് ആരെയാണ് വിളിച്ചുകൊണ്ടുവന്നത്?
ശ്രേഷ്ഠൻമാരായ പത്തുപേരെ (4,2)
40. ബോവാസ് റൂത്തിനെ ഭാര്യയായി സ്വീകരിച്ചതിനു ആരൊക്കെയാണ് സാക്ഷികൾ?
ശ്രേഷ്ഠൻമാരും നഗരകവാടത്തിൽ നിന്നിരുന്നവരും (4,11)
41. കർത്താവ് നിൻെറ ഭവനത്തിലേക്കു വരുന്ന സ്ത്രീയെ ആരെപ്പോലെയാകട്ടെ എന്നാണ് സാക്ഷികൾ പറഞ്ഞത്?
ഇസ്രായേൽ ജനത്തിനു ജന്മം കൊടുത്ത റാഹേൽ, ലെയാ (4,11)

# സഭാപ്രസംഗകൻ 1 - 6

**വചനഭാഗം: സഭാപ്രസംഗകൻ 1**

**മിഥ്യകളിൽ മിഥ്യ**
1 ജറുസലെമിൽ രാജാവും ദാവീദിൻെറ പുത്രനുമായ സഭാപ്രസംഗകൻെറ വാക്കുകൾ. പ്രസംഗകൻ
പറയുന്നു,2 മിഥ്യകളിൽ മിഥ്യ, സകലവും മിഥ്യ, മിഥ്യകളിൽ മിഥ്യ!3 സൂര്യനു താഴേ മനുഷ്യന്
അധ്വാനംകൊണ്ട് എന്തുഫലം?4 **തലമുറകൾ** വരുന്നു, പോകുന്നു. **ഭൂമിയാകട്ടെ** എന്നേക്കും
നിലനിൽക്കുന്നു.5 സൂര്യനുദിക്കുന്നു, അസ്തമിക്കുന്നു; ഉദിച്ചിടത്തുതന്നെ വേഗം തിരിച്ചെത്തുന്നു.6
കാറ്റു തെക്കോട്ടു വീശുന്നു; തിരിഞ്ഞു വടക്കോട്ടു വീശുന്നു. വീണ്ടും തെക്കോട്ട്, അങ്ങനെ അതു
ചുറ്റിക്കറങ്ങിക്കൊണ്ടേയിരിക്കുന്നു.7 നദികൾ സമുദ്രത്തിലേക്കൊഴുകുന്നു, എന്നാൽ സമുദ്രം
നിറയുന്നില്ല. ഉറവിടത്തിലേക്കു വീണ്ടും ഒഴുക്കു തുടരുന്നു.8 സകലവും മനുഷ്യനു ക്ലേശഭൂയിഷ്ഠം;
അതു വിവരിക്കുക മനുഷ്യന് അസാധ്യം; കണ്ടിട്ടു കണ്ണിനോ, കേട്ടിട്ടു ചെവിക്കോ മതിവരുന്നില്ല.9
ഉണ്ടായതുതന്നെ വീണ്ടും ഉണ്ടാകുന്നു. ചെയ്തതുതന്നെ വീണ്ടും ചെയ്യുന്നു. സൂര്യനു കീഴേ
പുതുതായൊന്നുമില്ല.10 പുതിയത് എന്നുപറയാൻ എന്തുണ്ട്? യുഗങ്ങൾക്ക് മുൻപുതന്നെ
അതുണ്ടായിരുന്നു.11 കഴിഞ്ഞതൊന്നും ആരും ഓർക്കുന്നില്ല. വരാനിരിക്കുന്നവയെ അവയ്ക്കുശേഷം
വരാനിരിക്കുന്നവർ ഓർമിക്കുകയില്ല.12 സഭാപ്രസംഗകനായ ഞാൻ ജറുസലെമിൽ ഇസ്രായേലിൻെറ
രാജാവായിരുന്നു.13 ആകാശത്തിൻകീഴ്സംഭവിക്കുന്നതെല്ലാം ജ്ഞാനത്തോടെ ആരാഞ്ഞറിയാൻ
ഞാൻ പരിശ്രമിച്ചു. വ്യഗ്രതയോടെ ചെയ്യാൻ **ദൈവം** മനുഷ്യനെ ഏൽപിച്ച ജോലി എത്ര ക്ലേശ
കരമാണ്!14 **സൂര്യനുകീഴേ നടക്കുന്ന എല്ലാ പ്രവൃത്തികളും** ഞാൻ വീക്ഷിച്ചു; എല്ലാം മിഥ്യയും
പാഴ്‌വേലയുമത്രേ.15 വളഞ്ഞതുനേരെയാക്കാൻ ആർക്കും കഴിയുകയില്ല. **ഇല്ലാത്തത് എണ്ണുക**
അസാധ്യം.16 ജറുസലെമിൽ എനിക്കു മുൻപുണ്ടായിരുന്ന എല്ലാ രാജാക്കൻമാരെയുംകാൾ അധികം
ജ്ഞാനം ഞാൻ സമ്പാദിച്ചു; ജ്ഞാനത്തിൻെറയും അറിവിൻെറയും യഥാർഥരൂപം അനുഭവിച്ചറിഞ്ഞു
എന്നു ഞാൻ വിചാരിച്ചു.17 ജ്ഞാനത്തെയും അറിവിനെയും ഉൻമത്തതയെയും ഭോഷത്തത്തെയും
വിവേചിച്ചറിയാൻ ഞാൻ ഉദ്യമിച്ചു. ഇതും പാഴ്‌വേലയാണെന്നു ഞാൻ കണ്ടു.18 കാരണം,
**ജ്ഞാനമേറു**മ്പോൾ ദുഃഖവും ഏറുന്നു, അറിവു വർദ്ധിക്കുമ്പോൾ വ്യസനവും വർദ്ധിക്കുന്നു.

## Questions

42. എന്നേക്കും നിലനിൽക്കുന്നത് എന്ത്?
ഭൂമി (1,4)
43. . . . . . . . വരുന്നു. പോകുന്നു. ഭൂമിയാകട്ടെ എന്നേക്കും നിലനിൽക്കുന്നു. പൂരിപ്പിക്കുക
തലമുറകൾ (1,4)
44. വ്യഗ്രതയോടെ ചെയ്യാൻ മനുഷ്യനെ ജോലികൾ ഏൽപിച്ചതാര്?
ദൈവം (1,13)
45. എല്ലാം മിഥ്യയും പാഴ്‌വേലയുമാണ്. ഏതെല്ലാം?
സൂര്യനു കീഴെ നടക്കുന്ന എല്ലാ പ്രവർത്തികളും (1,14)
46. സഭാപ്രസംഗകൻ 1,15 അനുസരിച്ച് അസാധ്യമായത് എന്താണ്?
ഇല്ലാത്തത് എണ്ണുക
47. അറിവ് വർധിക്കുമ്പോൾ വർധിക്കുന്നത് എന്ത്?
വ്യസനം (1,18)
48. ജറുസലേമിൽ രാജാവും ദാവീദിന്റെ പുത്രനും ആര്?
സഭാപ്രസംഗകൻ (1,1)
49. സകലവും മനുഷ്യന് എന്താണെന്നാണ് സഭാപ്രസംഗകൻ പറയുന്നത്?
ക്ലേശഭൂയിഷ്ടം (1,8)
50. ആർക്കും കഴിയുകയില്ല എന്ന് സഭാപ്രസംഗകൻ പറയുന്നത് എന്താണ്?
വളഞ്ഞതുനേരെയാക്കാൻ (1,15)
51. ജെറുസലെമിൽ എനിക്ക് മുൻപുണ്ടായിരുന്ന എല്ലാ രാജാക്കന്മാരെയുംകാൾ അധികം ഞാൻ സമ്പാദിച്ചു. എന്ത്?
ജ്ഞാനം (1,16)
52. ദുഃഖം ഏറുന്നത് എപ്പോൾ?
ജ്ഞാനമേറുമ്പോൾ (1,18)

**വചനഭാഗം: സഭാപ്രസംഗകൻ 2**
**സുഖഭോഗങ്ങൾ മിഥ്യ**
1 ഞാൻ എന്നോടുതന്നെ പറഞ്ഞു: സുഖഭോഗങ്ങളിൽ ഞാൻ മുഴുകും; ഞാൻ അതിന്റെ ആസ്വാദ്യത
പരീക്ഷിക്കും. എന്നാൽ ഇതും മിഥ്യ തന്നെ!2 ചിരി ഭ്രാന്താണെന്നും **സുഖഭോഗങ്ങൾ**
നിഷ്ഫലമാണെന്നും ഞാൻ മനസ്സിലാക്കി.3 ജ്ഞാനത്തിൽനിന്നു മനസ്സിളകാതെതന്നെ
ശരീരത്തെ വീഞ്ഞുകൊണ്ട് ആഹ്ലാദിപ്പിക്കാൻ ഞാൻ നോക്കി; മനുഷ്യനെ
സന്തുഷ്ടനാക്കുന്നതെന്തെന്നും, ചുരുങ്ങിയ ആയുസ്സിനുള്ളിൽ അവൻ ചെയ്യേണ്ടതെന്തെന്നും
അറിയാൻ ഞാൻ ഭോഷത്തത്തെ ആശ്ലേഷിച്ചു.4 ഞാൻ വലിയ കാര്യങ്ങൾ ചെയ്തു; ഞാൻ
എനിക്കുവേണ്ടി മാളികകൾ പണിതു; മുന്തിരിത്തോട്ടങ്ങൾ നട്ടുപിടിപ്പിച്ചു.5 ഉദ്യാനങ്ങളും ഉപവനങ്ങളും
ഉണ്ടാക്കി, അവയിൽ എല്ലാത്തരം ഫലവൃക്ഷങ്ങളും നട്ടു.6 തോട്ടം നനയ്ക്കാൻ കുളങ്ങൾ കുഴിച്ചു.7
എന്റെ വീട്ടിൽ പിറന്ന അടിമകൾക്കുപുറമേ ദാസൻമാരെയും ദാസിമാരെയും ഞാൻ വിലയ്ക്കുവാങ്ങി;
ജറുസലെമിലെ എന്റെ മുൻഗാമികൾക്കുണ്ടായിരുന്നതിനെക്കാൾ അധികം ആടുമാടുകളും
എനിക്കുണ്ടായിരുന്നു.8 സ്വർണവും വെള്ളിയും രാജാക്കൻമാരുടെയും പ്രവിശ്യകളുടെയും
ഭൺഡാരങ്ങളിലെ ധനവും സ്വന്തമാക്കി. അനേകം ഗായകൻമാരും ഗായികമാരും എനിക്കുണ്ടായിരുന്നു.
മനുഷ്യൻ ആഗ്രഹിക്കുന്ന എല്ലാ സുഖഭോഗങ്ങളും ഞാൻ സമ്പാദിച്ചു.9 ജറുസലെമിലെ എന്റെ
മുൻഗാമികളെക്കാൾ ഞാൻ ഉന്നതനും മഹാനുമായിത്തീർന്നു. അപ്പോഴും ഞാൻ ജ്ഞാനത്തിൽനിന്ന്
അകന്നുപോയില്ല.10 എന്റെ നയനങ്ങൾ അഭിലഷിച്ചതൊന്നും ഞാൻ അവയ്ക്കു നിഷേധിച്ചില്ല; ഞാൻ
അനുഭവിക്കാത്ത സുഖങ്ങളില്ല. എന്റെ പ്രയത്നങ്ങളിലെല്ലാം എന്റെ ഹൃദയം സന്തോഷിച്ചു, ഇത്
എന്റെ അധ്വാനത്തിനു ലഭിച്ച പ്രതിഫലം തന്നെയായിരുന്നു.11 പിന്നെ, ഞാൻ ഉണ്ടാക്കിയവയെയും
അതിനുവേണ്ടിച്ചെയ്ത അധ്വാനത്തെയും ഞാൻ നിരൂപണം ചെയ്തു. എല്ലാം മിഥ്യയും
പാഴ്‌വേലയുമായിരുന്നു! സൂര്യനു കീഴേ ഒരു നേട്ടവുമില്ലെന്ന് എനിക്കു ബോധ്യപ്പെട്ടു.
**ജ്ഞാനവും ഭോഷത്തവും മിഥ്യ**
12 അതിനാൽ **ജ്ഞാനവും ഉൻമത്തതയും ഭോഷത്തവും** ഞാൻ വിവേചിച്ചു കാണാൻ തുടങ്ങി;

രാജാവിൻെറ പിൻഗാമിക്ക് എന്തുചെയ്യാൻ കഴിയും? അവൻ ചെയ്തതുതന്നെ വീണ്ടും ചെയ്യുക!13 പ്രകാശം അന്ധകാരത്തെയെന്നപോലെ ജ്ഞാനം ഭോഷത്തത്തെ അതിശയിക്കുന്നു എന്നു ഞാൻ മനസ്സിലാക്കി.14 ജ്ഞാനിക്കു കാണാൻ കണ്ണുണ്ട്, **ഭോഷൻ** ഇരുട്ടിൽ നടക്കുന്നു. എന്നാൽ, ഇരുവർക്കും ഗതി ഒന്നുതന്നെ എന്നു ഞാൻ കണ്ടു.15 എന്നോടുതന്നെ ഞാൻ ചോദിച്ചു: ഭോഷൻെറയും എൻെറയും ഗതി ഒന്നുതന്നെയെങ്കിൽ ഞാൻ എന്തിനു ജ്ഞാനിയായിരിക്കണം? ഇതും മിഥ്യയെന്ന് ഞാൻ ആത്മഗതം ചെയ്തു.16 ഭോഷനെപ്പോലെതന്നെ ജ്ഞാനിക്കും **ശാശ്വതസ്മരണ** ലഭിക്കുകയില്ല. ഭാവിയിൽ എല്ലാവരും വിസ്മൃതരാകും. ഭോഷനും ജ്ഞാനിയും ഒന്നുപോലെ മരിക്കുന്നു.17 സൂര്യനു കീഴേ സംഭവിക്കുന്ന സമസ്തകാര്യവും വേദനാജനകമായതുകൊണ്ട് ഞാൻ ജീവിതം വെറുത്തു; എല്ലാം മിഥ്യയും നിരർഥ കവുമത്രേ.

**അധ്വാനം വ്യർഥം**

18 സൂര്യനു കീഴേ ചെയ്ത അധ്വാനങ്ങളെല്ലാം ഞാൻ വെറുത്തു. കാരണം അവയുടെ ഫലം എൻെറ പിൻഗാമിക്കു വിട്ട് ഞാൻ പോകേണ്ടിയിരിക്കുന്നു.19 അവൻ ജ്ഞാനിയായിരിക്കുമോ ഭോഷനായിരിക്കുമോ എന്ന് ആർക്കറിയാം? എന്തായാലും സൂര്യനു കീഴേ ഞാൻ ബുദ്ധിപൂർവം പ്രയത്നിച്ചതിൻെറയെല്ലാം ഫലം അവൻെറ അധീനതയിലാകും. ഇതും മിഥ്യതന്നെ.20 അതുകൊണ്ട് ഞാൻ മനസ്സുകെട്ട് സൂര്യനുകീഴേയുള്ള എല്ലാ പ്രയത്നങ്ങളിലുംനിന്നു പിൻമാറി.21 ഒരുവൻ ജ്ഞാനവും അറിവും സാമർഥ്യവും ഉപയോഗിച്ച് അധ്വാനിച്ചുണ്ടാക്കിയവ അവയ്ക്കുവേണ്ടി അശേഷം അധ്വാനിക്കാത്തവന് ആസ്വദിക്കാൻ വിട്ടുകൊടുക്കേണ്ടിവരുന്നു. ഇതും മിഥ്യയും വലിയ നിർഭാഗ്യവുമാണ്.22 സൂര്യനു കീഴുള്ള കഠിനാധ്വാനവും മനഃക്ലേശവുംകൊണ്ട് മനുഷ്യന് എന്തുനേട്ടം?23 അവൻെറ ദിനങ്ങളെല്ലാം വേദനനിറഞ്ഞതാണ്; **അധ്വാനമാകട്ടെ,** ദുഃഖസങ്കുലവും. രാത്രിയിൽപ്പോലും അവൻെറ മനസ്സിനു സ്വസ്ഥതയില്ല. ഇതും മിഥ്യതന്നെ.24 തിന്നുകുടിച്ച് സ്വന്തം പ്രയത്നത്തിൽ ആനന്ദിക്കുന്നതിനെക്കാൾ നല്ലതായി മനുഷ്യനു വേറൊന്നില്ല. ഇതും ദൈവകരങ്ങളിൽ നിന്നാണെന്നു ഞാൻ ഗ്രഹിച്ചു.25 ദൈവത്തിൽ നിന്ന് അകന്ന് ഭക്ഷിക്കാനോ ആനന്ദിക്കാനോ ആർക്കാണു കഴിയുക?26 **തന്നെ പ്രസാദിപ്പിക്കുന്നവനു** ദൈവം **ജ്ഞാനവും അറിവും ആനന്ദവും** പ്രദാനം ചെയ്യുന്നു; **പാപി**ക്കാകട്ടെ, അവിടുത്തെ പ്രസാദിപ്പിക്കുന്നവനു വേണ്ടി ധനം ശേഖരിച്ചുകൂട്ടാനുള്ള ജോലിമാത്രം കൊടുക്കുന്നു. ഇതും മിഥ്യയും പാഴ്വേലയുംതന്നെ.

## Questions

53. ചിരി ഭ്രാന്താണെന്നും . . . . . . . . നിഷ്ഫലമാണെന്നും ഞാൻ മനസ്സിലാക്കി. പൂരിപ്പിക്കുക
സുഖഭോഗങ്ങൾ (2,2)
54. എന്തിനെയെല്ലാമാണ് സഭാപ്രസംഗകൻ വിവേചിച്ചറിയാൻ തുടങ്ങിയത്?
ജ്ഞാനവും ഉൻമത്തതയും ഭോഷത്തവും (2,12)
55. ഭോഷത്തത്തെ അതിശയിക്കുന്നത് എന്ത്?
ജ്ഞാനം (2,14)
56. ഭോഷനെപോലെതന്നെ ജ്ഞാനിക്കും ലഭിക്കാത്തത് എന്ത്?
ശാശ്വത സ്മരണ (2,16)
57. ദുഃഖസങ്കുലമായിട്ടുള്ളത് എന്ത്?
അധ്വാനം (2,23)
58. ആർക്കാണ് ദൈവം ജ്ഞാനവും അറിവും ആനന്ദവും പ്രദാനം ചെയ്യുന്നത്?
തന്നെ പ്രസാദിപ്പിക്കുന്നവന് (2,26)
59. ദൈവത്തെ പ്രസാദിപ്പിക്കാൻവേണ്ടി ധനം ശേഖരിച്ചുകൂട്ടാനുള്ള ജോലി ലഭിക്കുന്നത് ആർക്കാണ്?
പാപിക്ക് (2,26)
60. തന്നെ പ്രസാദിപ്പിക്കുന്നവന് ദൈവം പ്രദാനം ചെയ്യുന്നത് എന്ത്?
ജ്ഞാനവും അറിവും ആനന്ദവും (2,26)
61. ആർക്ക് കാണാനാണ് കണ്ണുള്ളത്?
ജ്ഞാനിക്ക് (2,14)
62. ഭോഷൻ നടക്കുന്നത് എവിടെ?
ഇരുട്ടിൽ (2,14)
63. ആരിൽനിന്ന് അകന്ന് ഭക്ഷിക്കാനോ ആനന്ദിക്കാനോ ആർക്കാണ് കഴിയുക എന്നാണ് സഭാപ്രസംഗകൻ ചോദിക്കുന്നത്?
ദൈവത്തിൽ നിന്ന് (2,25)

**വചനഭാഗം: സഭാപ്രസംഗകൻ 3**

**ഓരോന്നിനുമുണ്ട് സമയം**

1 എല്ലാറ്റിനും ഒരു സമയമുണ്ട്. ആകാശത്തിൻകീഴുള്ള സമസ്തകാര്യത്തിനും ഒരവസരമുണ്ട്.2
ജനിക്കാൻ ഒരു കാലം, മരിക്കാനൊരു കാലം, നടാനൊരു കാലം, നട്ടതു പറിക്കാൻ ഒരു കാലം.3
കൊല്ലാൻ ഒരു കാലം, സൗഖ്യമാക്കാൻ ഒരു കാലം, തകർക്കാൻ ഒരു കാലം, പണിതുയർത്താൻ ഒരു
കാലം,4 കരയാൻ ഒരു കാലം, ചിരിക്കാൻ ഒരു കാലം, വിലപിക്കാൻ ഒരു കാലം, നൃത്തംചെയ്യാൻ ഒരു
കാലം.5 കല്ലുപെറുക്കിക്കളയാൻ ഒരുകാലം, കല്ലുപെറുക്കിക്കൂട്ടാൻ ഒരു കാലം, ആലിംഗനം ചെയ്യാൻ
ഒരു കാലം. ആലിംഗനം ചെയ്യാതിരിക്കാൻ ഒരു കാലം.6 സമ്പാദിക്കാൻ ഒരു കാലം, നഷ്ടപ്പെടുത്താൻ
ഒരു കാലം, സൂക്ഷിച്ചുവയ്ക്കാൻ ഒരു കാലം, എറിഞ്ഞുകളയാൻ ഒരു കാലം.7 കീറാൻ ഒരു കാലം,
തുന്നാൻ ഒരു കാലം, മൗനം പാലിക്കാൻ ഒരു കാലം, സംസാരിക്കാൻ ഒരു കാലം.8 സ്നേഹിക്കാൻ
ഒരു കാലം, ദ്വേഷിക്കാൻ ഒരു കാലം,യുദ്ധത്തിന് ഒരു കാലം, സമാധാനത്തിന് ഒരു കാലം.9
അധ്വാനിക്കുന്നവന് അവൻെറ അധ്വാനം കൊണ്ടെന്തു ഫലം?10 ദൈവം മനുഷ്യമക്കൾക്കു നൽകിയ
ശ്രമകരമായ ജോലി ഞാൻ കണ്ടു.11 അവിടുന്ന് സമസ്തവും അതതിൻെറ കാലത്ത്
ഭംഗിയായിരിക്കത്തക്കവിധം സൃഷ്ടിച്ചു. **മനുഷ്യമനസ്സിൽ** കാലത്തിൻെറ സമഗ്രതയെക്കുറിച്ചുള്ള
ബോധം അവിടുന്ന് നിക്ഷേപിച്ചിരിക്കുന്നു; എന്നാൽ **ദൈവത്തിൻെറ പ്രവൃത്തികൾ** ആദ്യന്തം
ഗ്രഹിക്കാൻ അവനു കഴിവില്ല.12 ജീവിതകാലം മുഴുവൻ ആനന്ദിക്കുകയും ആസ്വദിക്കുകയും
ചെയ്യുന്നതിനെക്കാൾ കാമ്യമായി മനുഷ്യർക്കുയാതൊന്നുമില്ലെന്നു ഞാൻ അറിയുന്നു.13 എല്ലാ
മനുഷ്യരും ഭക്ഷിക്കുകയും പാനം ചെയ്യുകയും അധ്വാനഫലം ആസ്വദിക്കുകയും ചെയ്യുകയെന്നത്
ദൈവത്തിൻെറ ദാനമാണെന്നും ഞാൻ അറിയുന്നു.14 **ദൈവത്തിൻെറ പ്രവൃത്തികളെല്ലാം**
ശാശ്വതമാണെന്നു ഞാൻ അറിയുന്നു; അതിനോട് എന്തെങ്കിലും കൂട്ടാനോ അതിൽനിന്ന് എന്തെങ്കിലും
കുറയ്ക്കാനോ സാധ്യമല്ല; ദൈവം അപ്രകാരം ചെയ്തിരിക്കുന്നത് മനുഷ്യർ തന്നെ
ഭയപ്പെടുന്നതിനാണ്.15 ഇന്നുള്ളത് പണ്ടേ ഉണ്ടായിരുന്നതാണ്; ഇനി ഉണ്ടാകാനിരിക്കുന്നത്
ഉണ്ടായിരുന്നതുതന്നെ. **കടന്നുപോയ ഓരോന്നിനെയും** ദൈവം യഥാകാലം തിരിച്ചുകൊണ്ടുവരും.

**എവിടെയും അനീതി**

16 സൂര്യനു കീഴേ**ന്യായപീഠത്തിൽ**പോലും നീതി പുലരേണ്ടിടത്തു തിൻമ കുടികൊള്ളുന്നതായി
ഞാൻ കണ്ടു.17 ഓരോ സംഗതിക്കും ഓരോ പ്രവൃത്തിക്കും ദൈവം സമയം
നിശ്ചയിച്ചിരിക്കുന്നതുകൊണ്ട് അവിടുന്ന് **നീതിമാനെയും ദുഷ്ടനെയും** വിധിക്കുമെന്നു ഞാൻ
വിചാരിച്ചു.18 മനുഷ്യമക്കൾ വെറും മൃഗങ്ങളാണെന്ന് അവരെ കാണിക്കാൻവേണ്ടി ദൈവം അവരെ
പരീക്ഷിക്കുകയാണെന്നു ഞാൻ കരുതി.19 എന്തെന്നാൽ **മനുഷ്യമക്കളുടെയും മൃഗങ്ങളുടെയും**
ഗതി ഒന്നുതന്നെ; ഒന്നു ചാകുന്നതുപോലെ മറ്റേതും ചാകുന്നു. എല്ലാറ്റിനും ഒരേ ശ്വാസമാണുള്ളത്,
മനുഷ്യനു മൃഗത്തെക്കാൾയാതൊരു മേൻമയുമില്ല.20 എല്ലാം മിഥ്യയാണ്. എല്ലാം ഒരിടത്തേക്കു
പോകുന്നു. എല്ലാം പൊടിയിൽനിന്നുണ്ടായി, എല്ലാം പൊടിയിലേക്കു മടങ്ങുന്നു.21 മനുഷ്യൻെറ
പ്രാണൻ മേൽപോട്ടും മൃഗത്തിൻേറതു താഴെ മണ്ണിലേക്കും പോകുന്നുവോ? ആർക്കറിയാം!22
അതുകൊണ്ട് മനുഷ്യൻ തൻെറ പ്രവൃത്തി ആസ്വദിക്കുന്നതിനെക്കാൾ മെച്ചമായി ഒന്നുമില്ലെന്നും
അതുതന്നെയാണ് അവൻെറ ഗതിയെന്നും ഞാൻ മനസ്സിലാക്കി. തനിക്കുശേഷം സംഭവിക്കുന്നതു
കാണാൻ അവനെ ആര് വീണ്ടും കൊണ്ടുവരും?

## Questions

64. മനുഷ്യമനസ്സിൽ അവിടുന്ന് നിക്ഷേപിച്ചിരിക്കുന്നത് എന്ത്??
കാലത്തിന്റെ സമഗ്രതയെ കുറിച്ചുള്ള ബോധം (3,11)
65. മനുഷ്യന് ആദ്യന്തം ഗ്രഹിക്കാൻ കഴിവില്ലാത്തത് എന്ത്?
ദൈവത്തിന്റെ പ്രവൃത്തികൾ (3,11)
66. . . . . . . ശാശ്വതമാണെന്ന് സഭാപ്രസംഗകൻ അറിയുന്നു. പൂരിപ്പിക്കുക
ദൈവത്തിന്റെ പ്രവൃത്തികളെല്ലാം (3,14)
67. എന്തിനെയാണ് ദൈവം യഥാകാലം തിരികെ കൊണ്ടുവരുന്നത്?
കടന്നുപോയ ഓരോന്നിനെയും (3,15)

68. സൂര്യനു കീഴെ നീതി പുലരേണ്ടതായ ഏതിടത്താണ് തിന്മ കുടികൊള്ളുന്നതായി കണ്ടത്?
ന്യായപീഠത്തിൽ (3,16)
69. ആരെയെല്ലാം ദൈവം വിധിക്കുമെന്നാണ് സഭാപ്രസംഗകൻ വിചാരിച്ചത്?
നീതിമാനെയും ദുഷ്ടനെയും (3,17)

70. ഒന്നു ചാകുന്നതുപോലെ മറ്റേതും ചാകുന്നു എന്ന് പറയുന്നത് എന്തിനെക്കുറിച്ചാണ്?
മനുഷ്യമക്കളും മൃഗങ്ങളും (3,19)
71. കരയാൻ ഒരു കാലം, ചിരിക്കാൻ ഒരു കാലം, . . . . . . (പൂരിപ്പിക്കുക)
വിലപിക്കാൻ ഒരു കാലം (3,4)
72. ആര് വെറും മൃഗങ്ങൾ ആണെന്ന് അവരെ കാണിക്കാൻവേണ്ടി ദൈവം അവരെ പരീക്ഷിക്കുകയാണെന്ന് സഭാപ്രസംഗകൻ കരുതിയത്?
മനുഷ്യമക്കൾ (3,18)
73. ആർക്കാണ് മൃഗത്തേക്കാൾ യാതൊരു മേന്മയും ഇല്ലാത്തത്?
മനുഷ്യന് (3,19)

**വചനഭാഗം: സഭാപ്രസംഗകൻ 4**

1 വീണ്ടും ഞാൻ സൂര്യനു കീഴേയുള്ള എല്ലാ മർദനങ്ങളും വീക്ഷിച്ചു. മർദിതരുടെ കണ്ണീരു ഞാൻ കണ്ടു, അവരെ ആശ്വസിപ്പിക്കാൻ ആരുമുണ്ടായിരുന്നില്ല. ശക്തി മർദകർക്കായിരുന്നു; ആരും പ്രതികാരം ചെയ്യാൻ ഉണ്ടായിരുന്നില്ല.2 ജീവിച്ചിരിക്കുന്നവരെക്കാൾ ഭാഗ്യവാൻമാരാണ് മരിച്ചുപോയവരെന്നു ഞാൻ വിചാരിച്ചു.3 എന്നാൽ ഇരുകൂട്ടരെയുംകാൾ ഭാഗ്യവാൻമാർ ഇനിയും ജനിച്ചിട്ടില്ലാത്തവരും സൂര്യനുകീഴേ നടക്കുന്നതിൻമകൾ കണ്ടിട്ടില്ലാത്തവരുമാണ്.4 എല്ലാ അധ്വാനവും എല്ലാ വൈദഗ്ധ്യവും മനുഷ്യരുടെ പരസ്പരസ്പർധയുടെ **ഫലമാണെന്നു ഞാൻ ഗ്രഹിച്ചു.** ഇതും മിഥ്യയും പാഴ്വേലയുമാണ്.5 **ഭോഷൻ** കൈയുംകെട്ടിയിരുന്ന് ക്ഷയിക്കുന്നു.6 **ഒരുപിടി സ്വസ്ഥതയാണ്** ഇരുകൈകളും നിറയെയുള്ള അധ്വാനത്തെക്കാളും പാഴ്വേലയെക്കാളും ഉത്തമം.7 സൂര്യനു കീഴേ വീണ്ടും ഞാൻ മിഥ്യ കണ്ടു.8 പുത്രനോ സഹോദരനോ ആരുമില്ലാത്തവനും **അധ്വാനത്തിന്** അറുതിയില്ല. **ധനം** എത്രയായാലും അവനു മതിവരുന്നില്ല. ആർക്കുവേണ്ടിയാണ് അധ്വാനിക്കുകയും സന്തോഷങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്നതെന്ന് അവൻ ചിന്തിക്കുന്നില്ല. ഇതും മിഥ്യയും പരിതാപകരവുമാണ്.9 രണ്ടുപേർ ഒരാളെക്കാൾ മെച്ചമാണ്. കാരണം അവർക്ക് ഒരുമിച്ച് കൂടുതൽ ഫലപ്രദമായി അധ്വാനിക്കാൻ കഴിയും.10 അവരിൽ ഒരുവൻ വീണാൽ അപരനു താങ്ങാൻ കഴിയും. ഒറ്റയ്ക്കായിരിക്കുന്നവൻ വീണാൽ താങ്ങാനാരുമില്ല. അവൻെറ കാര്യം കഷ്ടമാണ്.11 രണ്ടുപേർ ഒരിമിച്ചു കിടന്നാൽ അവർക്കു ചൂടുകിട്ടും, തനിച്ചായാൽ എങ്ങനെ ചൂടുകിട്ടും?12 ഒറ്റയ്ക്കായിരിക്കുന്നവനെ കീഴ്പ്പെടുത്താൻ സാധിച്ചേക്കാം. രണ്ടു പേരാണെങ്കിൽ ചെറുക്കാൻ കഴിയും; **മുപ്പിരിച്ചരടു** വേഗം പൊട്ടുകയില്ല.13 **നിർധനനെങ്കിലും ബുദ്ധിമാനായയുവാവാണ്** ഉപദേശം നിരസിക്കുന്ന വിഡ്ഢിയും വൃദ്ധനുമായരാജാവിനെക്കാൾ ഭേദം.14 ഒരുവന് കാരാഗൃഹത്തിൽനിന്ന് സിംഹാസനത്തിലെത്താൻ കഴിഞ്ഞേക്കാം. അവൻ താനിപ്പോൾ ഭരിക്കുന്ന രാജ്യത്ത് ദരിദ്രനായി ജനിച്ചതാവാം.15 അവൻെറ സ്ഥാനത്തു വരേണ്ടിയിരുന്ന ആയുവാവിനെയും സൂര്യനു കീഴിലുള്ള എല്ലാ ജീവികളെയും ഞാൻ കണ്ടു.16 അവൻെറ പ്രജകൾക്ക് എണ്ണമില്ല. അവൻ എല്ലാവർക്കും അധിപനുമായിരുന്നു. എങ്കിലും പിന്നീട് വരുന്നവർക്ക് അവനിൽ പ്രീതി തോന്നുകയില്ല. ഇതും മിഥ്യയും പാഴ്വേലയുമാണ്.

## Questions

74. എല്ലാ അധ്വാനവും എല്ലാ വൈദഗ്ധ്യവും മനുഷ്യരുടെ . . . . . . . ഫലമാണെന്ന് ഞാൻ ഗ്രഹിച്ചു. പൂരിപ്പിക്കുക
പരസ്പര സ്പർധയുടെ (4,4)
75. ആരാണ് കൈയും കെട്ടിയിരുന്ന് ക്ഷയിക്കുന്നത്?
ഭോഷൻ (4,5)
76. ഇരുകൈകളും നിറയെയുള്ള അധ്വാനത്തെക്കാളും പാഴ്വേലയെക്കാളും ഉത്തമമായിട്ടുള്ളത് എന്ത്?
ഒരുപിടി സ്വസ്ഥത (4,6)

77. പുത്രനോ സഹോദരനോ ആരുമില്ലാത്തവനും അറുതിയില്ലാത്തത് എന്തിന്?
അധ്വാനത്തിന് (4,8)
78. . . . . . . എത്രയായാലും അവനു മതിവരുന്നില്ല. പൂരിപ്പിക്കുക
ധനം (4,8)
79. വേഗം പൊട്ടുകയില്ലാത്തത് എന്ത്?
മുപ്പിരിച്ചരട് (4,12)
80. ഉപദേശം നിരസിക്കുന്ന വിഡ്ഢിയും വൃദ്ധനുമായ രാജാവിനെക്കാൾ ഭേദമായത് ആര്?
നിർധനനെങ്കിലും ബുദ്ധിമാനായ യുവാവ് (4,13)
81. സഭാ 4,7 പ്രകാരം മിഥ്യ കണ്ടതെവിടെ?
സൂര്യനു കീഴെ
82. സൂര്യനു കീഴെ വീണ്ടും ഞാൻ . . . . . കണ്ടു? പൂരിപ്പിക്കുക
മിഥ്യ (4,7)

**വചനഭാഗം: സഭാപ്രസംഗകൻ 5**

**ദൈവഭക്തി**

1 **ദേവാലയത്തിലേക്കു** പോകുമ്പോൾ സൂക്ഷമതയുള്ളവനായിരിക്കുക. ശ്രദ്ധിച്ചു കേൾക്കാൻ അടുത്തു ചെല്ലുന്നതാണ് വിഡ്ഢിയുടെ ബലിയർപ്പണത്തെക്കാൾ ഉത്തമം. തങ്ങൾ തിൻമയാണ് പ്രവർത്തിക്കുന്നതെന്ന് **ഭോഷൻമാർ** അറിയുന്നില്ല.2 വിവേ കശൂന്യമായി സംസാരിക്കരുത്. ദൈവസന്നിധിയിൽ പ്രതിജ്ഞയെടുക്കാൻ തിടുക്കംകൂട്ടരുത്. ദൈവം സ്വർഗത്തിലാണ്, നീ ഭൂമിയിലും. അതുകൊണ്ട്, നിന്റെ വാക്കുകൾ ചുരുങ്ങി
യിരിക്കട്ടെ.3 ആകുലതയേറുമ്പോൾ ദുഃസ്വപ്നങ്ങൾ കൂടും; **വാക്കുകളേറുമ്പോൾ** അതു മൂഢജൽപനമാകും.4 ദൈവത്തിനു നേർച്ച നേർന്നാൽ നിറവേറ്റാൻ താമസിക്കരുത്; **മൂഢരിൽ** അവിടുത്തേക്ക് പ്രീതിയില്ല; നേരുന്നത് നിറവേറ്റുക.5 നേർന്നിട്ടു നിറവേറ്റാത്തതിനെക്കാൾഭേദം നേരാതിരിക്കുന്നതാണ്.6 നിന്റെ അധരങ്ങൾ നിന്നെ പാപത്തിലേക്കു നയിക്കാതിരിക്കട്ടെ. തെറ്റുപറ്റിയതാണെന്നു ദൂതനോടു പറയാൻ ഇടവരുത്തരുത്. വാക്കുകളാൽ ദൈവത്തെ പ്രകോപിപ്പിക്കുകയും അങ്ങനെ നിന്റെ അധ്വാനഫലം നശിക്കാൻ ഇടയാക്കുകയും ചെയ്യുന്നതെന്തിന്?7 സ്വപ്നങ്ങളേറുമ്പോൾ **പൊള്ളവാക്കുകളും** വർധിക്കുന്നു. അതുകൊണ്ട് ദൈവത്തെ ഭയപ്പെടുക.

**ദാരിദ്ര്യവും സമ്പത്തും**

8 ഒരു ദേശത്ത് ദരിദ്രൻമർദിക്കപ്പെടുകയും നീതിയുംന്യായവും നിഷ്കരുണം നിഷേധിക്കപ്പെടുകയും ചെയ്യുമ്പോൾ നീ വിസ്മയിക്കരുത്. മേലധികാരിയെ അവനു മുകളിലുള്ളവനും അവനെ അവനും മുകളിലുള്ളവനും നിരീക്ഷിക്കുന്നുണ്ട്.9 ഭൂമിയുടെ വിളവ് എല്ലാവർക്കുമുള്ളതാണ്. രാജാവിനും വിളവിൽ ആശ്രയിക്കാതെ വയ്യാ.10 ദ്രവ്യാഗ്രഹിക്കു ദ്രവ്യംകൊണ്ടു തൃപ്തിവരുകയില്ല. ധനം മോഹിക്കുന്നവൻധനംകൊണ്ടു തൃപ്തിയടയുകയില്ല.11 ഇതും മിഥ്യതന്നെ. വിഭവങ്ങളേറുമ്പോൾ അത് തിന്നൊടുക്കുന്നവരുടെ എണ്ണം പെരുകുന്നു. നോക്കി
നിൽക്കാനല്ലാതെ ഉടമസ്ഥന് അതുകൊണ്ട് എന്തു പ്രയോജനം?12 ഭക്ഷിക്കുന്നത് അൽപമോ അധികമോ ആകട്ടെ, **അധ്വാനിക്കുന്നവന്** സുഖനിദ്രലഭിക്കുന്നു. എന്നാൽ **അമിതസമ്പാദ്യം** ധനികന്റെ ഉറക്കം കെടുത്തുന്നു.13 സൂര്യനു കീഴേ ഞാൻ വലിയൊരു തിൻമ കണ്ടു. **ധനികൻ** തന്റെ തന്നെ നാശത്തിനു മുതൽ സൂക്ഷിക്കുന്നു.14 ഒരു സാഹസയത്നത്തിൽ അതു നഷ്ടപ്പെടുന്നു. തന്റെ പുത്രനു കൊടുക്കാൻ അവന്റെ കൈവശം ഒന്നുമില്ലാതായി.15 അമ്മയുടെ ഉദരത്തിൽനിന്നു പുറത്തുവന്നതുപോലെ നഗ്നനായിത്തന്നെ അവൻ പോകും. അവന്റെ പ്രയത്നഫലത്തിലൊന്നും അവൻ കൊണ്ടുപോകയില്ല.16 അതും വലിയ തിൻമയാണ്. അവൻ വന്നതുപോലെതന്നെ പോകും.17 വ്യർഥപ്രയത്നംകൊണ്ടും അന്ധകാരത്തിലും വിലാപത്തിലും ആകുലതയിലും രോഗത്തിലും അസംതൃപ്തിയിലും തള്ളിനീക്കിയ ജീവിതംകൊണ്ടും അവനെന്തു പ്രയോജനം?18 ദൈവദത്തമായ ഈ ഹ്രസ്വജീവിതം മനുഷ്യൻ തിന്നുകുടിച്ചും അധ്വാനഫലം ആസ്വദിച്ചും കഴിക്കുന്നതാണ് ഉത്തമവും യോഗ്യവുമായി ഞാൻ കണ്ടിട്ടുള്ളത്. ഇതാണ് അവന്റെ ഗതി.19 സമ്പത്തും സമൃദ്ധിയും അത് അനുഭവിക്കാനുള്ള കഴിവും നൽകി ദൈവംഅനുഗ്രഹിച്ചിട്ടുള്ള ഓരോ വ്യക്തിയും തന്റെ ഈ അവസ്ഥയെ മാനിക്കുകയും അധ്വാനഫലം ആസ്വദിക്കുകയും ചെയ്യേണ്ടതാണ്, ഇതു ദൈവത്തിന്റെ ദാനമാണ്.20 ജീവിതത്തിന്റെ ദിനങ്ങൾ കൊഴിഞ്ഞു പോകുന്നതിനെക്കുറിച്ച് അവൻ പര്യാകുലനല്ല, കാരണം, ദൈവം അവന്റെ ദിനങ്ങൾ സന്തോഷഭരിതമാക്കിയിരിക്കുന്നു.

## Questions

83. എവിടെ പോകുമ്പോഴാണ് സൂക്ഷമതയുള്ളവനായിരിക്കേണ്ടത്?
ദേവാലയത്തിൽ (5,1)
84. തങ്ങൾ തിന്മയാണ് പ്രവർത്തിക്കുന്നത് എന്ന് അറിയാത്തത് ആര്?
ഭോഷന്മാർ (5,1)

85. എപ്പോഴാണ് മൂഢജൽപനമാകുന്നത്?
വാക്കുകളേറുമ്പോൾ (5,3)
86. അവിടുത്തേക്ക് പ്രീതിയില്ലാത്തത് ആരിൽ?
മൂഢരിൽ (5,4)
87. സ്വപ്നങ്ങളേറുമ്പോൾ വർധിക്കുന്നത് എന്ത്?
പൊള്ളവാക്കുകൾ (5,7)
88. ആർക്കാണ് സുഖനിദ്ര ലഭിക്കുന്നത്?
അധ്വാനിക്കുന്നവന് (5,12)
89. ധനികന്റെ ഉറക്കം കെടുത്തുന്നതെന്ത്?
അമിതസമ്പാദ്യം (5,12)
90. ആരാണ് തന്റെ തന്നെ നാശത്തിന് മുതൽ സൂക്ഷിക്കുന്നത്?
ധനികൻ (5,13)
91. തെറ്റുപറ്റിയതാണെന്നു ആരോട് പറയാൻ ഇടവരുത്തരുതെന്നാണ് പറയുന്നത്?
ദൂതനോട് (5,6)
92. ദുഃഖസ്വപ്നങ്ങൾ കൂടുന്നതെപ്പോൾ?
ആകുലതയേറുമ്പോൾ (5,3)

**വചനഭാഗം: സഭാപ്രസംഗകൻ 6**

1 സൂര്യനു കീഴേ മനുഷ്യർക്കു ദുർവഹമായൊരു തിൻമ ഞാൻ കണ്ടിരിക്കുന്നു.2 ഒരുവൻ ആഗ്രഹിക്കുന്നതിൽ ഒന്നിനും കുറവു വരാത്തവിധം ദൈവം അവന് **സമ്പത്തും ഐശ്വര്യവും കീർത്തിയും** നൽകുന്നു, എങ്കിലും അവിടുന്ന് അവന് അവ അനുഭവിക്കാനുള്ള കഴിവു നൽകുന്നില്ല. അന്യൻ അവ അനുഭവിക്കുന്നു. ഇതു മിഥ്യയും തീവ്രവേദനയും ആണ്.3 ഒരുവൻ നൂറു മക്കളോടുകൂടെ ദീർഘായുഷ്മാനായിരുന്നാലും അവനു ജീവിതസുഖങ്ങൾ ആസ്വദിക്കാനോ ഒടുക്കം സംസ്കാരംപോലും ലഭിക്കാനോ ഇടവരുന്നില്ലെങ്കിൽ അതിനെക്കാൾ ഭേദം ചാപിള്ളയായി പിറക്കുകയായിരുന്നുവെന്ന് ഞാൻ പറയും.4 കാരണം, അതു മിഥ്യയിൽ ജനിച്ച് അന്ധകാരത്തിലേക്കു പോകുന്നു; അതിൻെറ നാമം അവിടെ തിരോഭവിക്കുന്നു.5 അതു വെളിച്ചം കാണുകയോ എന്തെങ്കിലും അറിയുകയോ ചെയ്തിട്ടില്ല; എങ്കിലും അത് മുൻപറയപ്പെട്ടവനെപ്പോലെയല്ല, അതിന് സ്വസ്ഥതയുണ്ട്.6 അവൻ രണ്ടായിരം വർഷം ജീവിച്ചാലും ഒരു ഭാഗ്യവും അനുഭവിക്കുന്നില്ലെങ്കിൽ ഇരുവരും ഒരിടത്തല്ലേ ചെന്നടിയുന്നത്?7 **ഉദരപൂരണത്തിനാണ്** മനുഷ്യൻെറ അധ്വാനം മുഴുവൻ, എങ്കിലും, അവനു വിശപ്പടങ്ങുന്നില്ല.8 ജ്ഞാനിക്കു മൂഢനെക്കാൾ എന്തു മേൻമയാണുള്ളത്? മറ്റുള്ളവരുടെ മുൻപിൽ ചമഞ്ഞുനടക്കാൻ അറിഞ്ഞതുകൊണ്ടു ദരിദ്രന് എന്തു നേട്ടം?9 **കൺമുൻപിലുള്ളതുകൊണ്ട് തൃപ്തിപ്പെടുന്നതാണ്** സങ്കൽപങ്ങളിൽ അലയുന്നതിനെക്കാൾ നല്ലത്. ഇതും മിഥ്യയും പാഴ്വേലയുമാണ്.10 ഉണ്ടായിട്ടുള്ളതിനെല്ലാം പേരിട്ടുകഴിഞ്ഞു. മനുഷ്യൻ ആരാണെന്നും തന്നെക്കാൾ ശക്തനോടു മല്ലിടാൻ അവനു കഴിവില്ലെന്നും വ്യക്തമായിക്കഴിഞ്ഞു.11 വാക്കുകളുടെ പെരുപ്പം **മിഥ്യയുടെ** പെരുപ്പംതന്നെ; മനുഷ്യന് ഇതിലെന്തു മേൻമ?12 നിഴൽപോലെ കടന്നുപോകുന്ന ഈ വ്യർഥമായ ഹ്രസ്വജീവിതത്തിൽ മനുഷ്യന് നൻമയായിട്ടുള്ളതെന്താണെന്ന് ആര് അറിയുന്നു? സൂര്യനു കീഴെ തനിക്കുശേഷം എന്തു സംഭവിക്കുമെന്ന് അവനോടു പറയാൻ ആർക്കു കഴിയും?

## Questions

93. ഒരുവൻ ആഗ്രഹിക്കുന്നതിൽ ഒന്നിനും കുറവ് വരാത്തവിധം ദൈവം അവന് നൽകുന്നതെന്ത്?
സമ്പത്ത്, ഐശ്വര്യം, കീർത്തി (6,2)
94. മനുഷ്യന്റെ അധ്വാനം എന്തിനുവേണ്ടിയാണ്?

ഉദരപൂരണത്തിന് (6,7)
95. സങ്കൽപങ്ങളിൽ അലയുന്നതിനേക്കാൾ നല്ലത് എന്താണ്?
കൺമുൻപിലുള്ളതുകൊണ്ട് തൃപ്തിപ്പെടുന്നത് (6,9)
96. വാക്കുകളുടെ പെരുപ്പം എന്തിന്റെ പെരുപ്പമാണ്?
മിഥ്യയുടെ (6,1)
97. സൂര്യനു കീഴെ എന്ത് ഞാൻ കണ്ടിരിക്കുന്നു എന്നാണ് 6,1 ൽ സഭാപ്രസംഗകൻ പറയുന്നത്?
മനുഷ്യർക്കു ദുർവഹമായൊരു തിന്മ

# വി. യോഹന്നാൻ 1-12

**വചനഭാഗം: വി. യോഹന്നാൻ 1**

**വചനം മനുഷ്യനായി**

1 ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു.2 അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു.3 സമസ്തവും അവനിലൂടെ ഉണ്ടായി; ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല.4 അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻമനുഷ്യരുടെ വെളിച്ചമായിരുന്നു.5 ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല.6 ദൈവം അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു. അവൻെറ പേരു **യോഹന്നാൻ** എന്നാണ്.7 അവൻ **സാക്ഷ്യത്തിനായി** വന്നു - **വെളിച്ചത്തിനു സാക്ഷ്യം നൽകാൻ;** അവൻ വഴി എല്ലാവരും വിശ്വസിക്കാൻ.8 അവൻ വെളിച്ചമായിരുന്നില്ല; വെളിച്ചത്തിനു സാക്ഷ്യം നൽകാൻ വന്നവനാണ്.9 എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്നയഥാർഥ വെളിച്ചം ലോകത്തിലേക്കു വരുന്നുണ്ടായിരുന്നു.10 അവൻ ലോകത്തിലായിരുന്നു. ലോകം അവനിലൂടെ സൃഷ്ടിക്കപ്പെട്ടു. എങ്കിലും, ലോകം അവനെ അറിഞ്ഞില്ല.11 അവൻ സ്വജനത്തിൻെറ അടുത്തേക്കു വന്നു; എന്നാൽ, അവർ **അവനെ സ്വീകരിച്ചില്ല.**12 തന്നെ സ്വീകരിച്ചവർക്കെല്ലാം, തൻെറ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നൽകി.13 അവർ ജനിച്ചതു രക്തത്തിൽനിന്നോ ശാരീരികാഭിലാഷത്തിൽനിന്നോ പുരുഷൻെറ ഇച്ഛയിൽ നിന്നോ അല്ല, ദൈവത്തിൽനിന്നത്രേ.14 വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവൻെറ മഹത്വം നമ്മൾ ദർശിച്ചു - കൃപയും സത്യവും നിറഞ്ഞതും പിതാവിൻെറ ഏകജാതൻേറതുമായ മഹത്വം.15 യോഹന്നാൻ അവനു സാക്ഷ്യം നൽകിക്കൊണ്ടു വിളിച്ചുപറഞ്ഞു: ഇവനെപ്പറ്റിയാണു ഞാൻ പറഞ്ഞത്, **എൻെറ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണ്;** കാരണം, എനിക്കുമുമ്പുതന്നെ അവനുണ്ടായിരുന്നു.16 അവൻെറ പൂർണതയിൽനിന്നു നാമെല്ലാം **കൃപയ്ക്കുമേൽ കൃപ** സ്വീകരിച്ചിരിക്കുന്നു.17 എന്തുകൊണ്ടെന്നാൽ, നിയമം മോശവഴി നൽകപ്പെട്ടു; കൃപയും സത്യവുമാകട്ടെ, യേശുക്രിസ്തുവഴി ഉണ്ടായി.18 ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന **ദൈവംതന്നെയായ ഏകജാതനാണ്** അവിടുത്തെ വെളിപ്പെടുത്തിയത്.

**സ്നാപകയോഹന്നാൻെറ സാക്ഷ്യം**

(മത്തായി 3:1-3:12) (മർക്കോസ് 1:2-1:8) (ലൂക്കാ 3:1-3:9)

19 നീ ആരാണ് എന്നു ചോദിക്കാൻ യഹൂദർ ജറുസലെമിൽനിന്നു **പുരോഹിതൻമാരെയും ലേവ്യരെയും** അയച്ചപ്പോൾ യോഹന്നാൻെറ സാക്ഷ്യം ഇതായിരുന്നു:(ലൂക്കാ 3:15-3:17 )

20 ഞാൻ ക്രിസ്തുവല്ല, അവൻ അസന്ദിഗ്ധമായി പ്രഖ്യാപിച്ചു. അവർ ചോദിച്ചു: എങ്കിൽപ്പിന്നെ നീ ആരാണ്? ഏലിയായോ? അല്ല എന്ന് അവൻ പ്രതിവചിച്ചു. അവർ വീണ്ടും ചോദിച്ചു:21 എങ്കിൽ, നീ പ്രവാചകനാണോ? അല്ല എന്ന് അവൻ മറുപടി നൽകി.22 അവർ വീണ്ടും ചോദിച്ചു: അങ്ങനെയെങ്കിൽ നീ ആരാണ്, ഞങ്ങളെ അയച്ചവർക്കു ഞങ്ങൾ എന്തു മറുപടി കൊടുക്കണം? നിന്നെക്കുറിച്ചുതന്നെ നീ എന്തു പറയുന്നു?23 അവൻ പറഞ്ഞു: **ഏശയ്യാ ദീർഘദർശി** പ്രവചിച്ചതുപോലെ, കർത്താവിൻെറ വഴികൾ നേരേയാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവൻെറ ശബ്ദമാണു ഞാൻ.24 ഫരിസേയരാണ് അവരെ അയച്ചത്.25 അവർ അവനോടു ചോദിച്ചു: നീ ക്രിസ്തുവോ ഏലിയായോ പ്രവാചകനോ അല്ലെങ്കിൽ, പിന്നെ സ്നാനം നൽകാൻ കാരണമെന്ത്?26 യോഹന്നാൻ

പറഞ്ഞു: ഞാൻ ജലംകൊണ്ടു സ്നാനം നൽകുന്നു. എന്നാൽ, നിങ്ങൾ അറിയാത്ത ഒരുവൻ നിങ്ങളുടെ മധ്യേ നിൽപുണ്ട്.27 **എൻെറ പിന്നാലെ വരുന്ന അവൻെറ ചെരിപ്പിൻെറ വാറഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല.** 28 യോഹന്നാൻ സ്നാനം നൽകിക്കൊണ്ടിരുന്ന **ജോർദാൻെറ അക്കരെ ബഥാനിയാ**യിലാണ് ഇതു സംഭവിച്ചത്.

**ദൈവത്തിൻെറ കുഞ്ഞാട്**

29 അടുത്ത ദിവസം യേശു തൻെറ അടുത്തേക്കു വരുന്നതു കണ്ട് അവൻ പറഞ്ഞു: ഇതാ, ലോകത്തിൻെറ പാപം നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്.30 എൻെറ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണെന്നു ഞാൻ പറഞ്ഞത് ഇവനെപ്പറ്റിയാണ്. കാരണം, എനിക്കുമുമ്പുതന്നെ ഇവനുണ്ടായിരുന്നു.31 ഞാനും ഇവനെ അറിഞ്ഞിരുന്നില്ല. എന്നാൽ, ഇവനെ **ഇസ്രായേലിനു വെളിപ്പെടുത്താൻവേണ്ടി**യാണ് ഞാൻ വന്നു ജലത്താൽ സ്നാനം നൽകുന്നത്.32 ആത്മാവ് പ്രാവിനെപ്പോലെ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന് അവൻെറ മേൽ ആവസിക്കുന്നത് താൻ കണ്ടു എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തി.33 ഞാൻ അവനെ അറിഞ്ഞിരുന്നില്ല. എന്നാൽ, ജലംകൊണ്ടു സ്നാനം നൽകാൻ എന്നെ അയച്ചവൻ എന്നോടു പറഞ്ഞിരുന്നു: ആത്മാവ് ഇറങ്ങിവന്ന് ആരുടെമേൽ ആ വസിക്കുന്നത് നീ കാണുന്നുവോ, അവനാണു പരിശുദ്ധാത്മാവുകൊണ്ടു സ്നാനം നൽകുന്നവൻ.34 ഞാൻ അതു കാണുകയും ഇവൻ ദൈവപുത്രനാണ് എന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

**ആദ്യശിഷ്യൻമാർ**

35 അടുത്തദിവസം യോഹന്നാൻ തൻെറ ശിഷ്യൻമാരിൽ രണ്ടുപേരോടുകൂടെ നിൽക്കുമ്പോൾ36 യേശു നടന്നുവരുന്നതു കണ്ടു പറഞ്ഞു: **ഇതാ, ദൈവത്തിൻെറ കുഞ്ഞാട്**!37 അവൻ പറഞ്ഞതു കേട്ട് ആ രണ്ടു ശിഷ്യൻമാർ യേശുവിനെ അനുഗമിച്ചു.38 യേശു തിരിഞ്ഞ്, അവർ തൻെറ പിന്നാലെ വരുന്നതുകണ്ട്, ചോദിച്ചു: നിങ്ങൾ എന്തന്വേഷിക്കുന്നു? അവർ ചോദിച്ചു: റബ്ബീ - ഗുരു. എന്നാണ് ഇതിനർഥം - അങ്ങ് എവിടെയാണു വസിക്കുന്നത്?39 അവൻ പറഞ്ഞു: **വന്നു കാണുക.** അവർ ചെന്ന് അവൻ വസിക്കുന്നിടം കാണുകയും അന്ന് അവനോടുകൂടെ താമസിക്കുകയും ചെയ്തു. അപ്പോൾ **ഏകദേശം പത്താം മണിക്കൂർ** ആയിരുന്നു.40 യോഹന്നാൻ പറഞ്ഞതു കേട്ട് അവനെ അനുഗമിച്ച ആ രണ്ടുപേരിൽ ഒരുവൻ ശിമയോൻ പത്രോസിൻെറ **സഹോദരൻ അന്ത്രയോസായിരുന്നു.**41 അവൻ ആദ്യമേ തൻെറ സഹോദരനായ ശിമയോനെ കണ്ട് അവനോട്, ഞങ്ങൾ മിശിഹായെ - ക്രിസ്തുവിനെ - കണ്ടു എന്നു പറഞ്ഞു.42 അവനെ യേശുവിൻെറ അടുത്തു കൊണ്ടുവന്നു. യേശു അവനെ നോക്കി പറഞ്ഞു: നീ യോഹന്നാൻെറ പുത്രനായ ശിമയോനാണ്. **കേപ്പാ - പാറ** - എന്നു നീ വിളിക്കപ്പെടും.

**പീലിപ്പോസും നഥാനയേലും**

43 പിറ്റേദിവസം അവൻ ഗലീലിയിലേക്കു പോകാനൊരുങ്ങി. **പീലിപ്പോസിനെ**ക്കണ്ടപ്പോൾ യേശു അവനോടു പറഞ്ഞു: എന്നെ അനുഗമിക്കുക.44 പീലിപ്പോസ് അന്ത്രയോസിൻെറയും പത്രോസിൻെറയും പട്ടണമായ ബേത്സയ്ദായിൽനിന്നുള്ളവനായിരുന്നു.45 **പീലിപ്പോസ് നഥാനയേലിനെ**ക്കണ്ട് അവനോടു പറഞ്ഞു: മോശയുടെ നിയമത്തിലും പ്രവാചകഗ്രന്ഥങ്ങളിലും ആരെപ്പറ്റി എഴുതിയിരിക്കുന്നുവോ അവനെ - ജോസഫിൻെറ മകൻ , നസറത്തിൽനിന്നുള്ള യേശുവിനെ - ഞങ്ങൾ കണ്ടു.46 നഥാനയേൽ ചോദിച്ചു: നസ്രത്തിൽനിന്ന് എന്തെങ്കിലും നൻമ ഉണ്ടാകുമോ? പീലിപ്പോസ് പറഞ്ഞു: വന്നു കാണുക!47 നഥാനയേൽ തൻെറ അടുത്തേക്കു വരുന്നതു കണ്ട് യേശു അവനെപ്പറ്റി പറഞ്ഞു: ഇതാ, നിഷ്കപടനായ ഒരുയഥാർഥ ഇസ്രായേൽക്കാരൻ!48 അപ്പോൾ നഥാനയേൽ ചോദിച്ചു: നീ എന്നെ എങ്ങനെ അറിയുന്നു? യേശു മറുപടി പറഞ്ഞു: പീലിപ്പോസ് നിന്നെ വിളിക്കുന്നതിനുമുമ്പ്, നീ അത്തിമരത്തിൻെറ ചുവട്ടിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെക്കണ്ടു.49 നഥാനയേൽ പറഞ്ഞു: റബ്ബീ, അങ്ങു ദൈവപുത്രനാണ്; ഇസ്രായേലിൻെറ രാജാവാണ്.50 യേശു പറഞ്ഞു: അത്തിമരത്തിൻെറ ചുവട്ടിൽ നിന്നെ കണ്ടു എന്നു ഞാൻ പറഞ്ഞതുകൊണ്ട് നീ എന്നിൽ വിശ്വസിക്കുന്നു, അല്ലേ? എന്നാൽ ഇതിനെക്കാൾ വലിയ കാര്യങ്ങൾ നീ കാണും.51 അവൻ തുടർന്നു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, സ്വർഗം തുറക്കപ്പെടുന്നതും ദൈവദൂതൻമാർ കയറിപ്പോകുന്നതും മനുഷ്യപുത്രൻെറ മേൽ ഇറങ്ങിവരുന്നതും നിങ്ങൾ കാണും.

## Questions

98. യോഹന്നാന്റെ സുവിശേഷത്തിന്റെ രചന എന്ന് എവിടെവച്ച് പൂർത്തീകരിച്ചു?

എ.ഡി. 95 ൽ എഫേസോസിൽ വച്ച് (ആമുഖം)

99. യോഹന്നാന്റെ സുവിശേഷത്തെ എങ്ങനെയെല്ലാം വിശേഷിപ്പിക്കാം?

വിശ്വാസത്തിന്റെ സുവിശേഷം, ജീവന്റെ സുവിശേഷം (ആമുഖം)

100. നാലാം സുവിശേഷത്തെ പ്രധാനമായും തരം തിരിക്കുന്നത് എങ്ങനെ?
അടയാളങ്ങളുടെ പുസ്തകം, മഹത്വത്തിന്റെ പുസ്തകം (ആമുഖം)
101. ദൈവം അയച്ച മനുഷ്യൻ ആര്?
യോഹന്നാൻ (1,6)
102. യോഹന്നാൻ വന്നത് എന്തിനായിരുന്നു?
സാക്ഷ്യത്തിനായി (1,7)
103. യോഹന്നാൻ എന്തിന് സാക്ഷ്യം നൽകാനാണ് വന്നത്?
വെളിച്ചത്തിന് (1,7)

104. സ്വജനത്തിന്റെ അടുത്തേക്ക് വന്ന, ദൈവം അയച്ച മനുഷ്യനോട്, അവർ പ്രതികരിച്ചത് എങ്ങനെ?
അവനെ സ്വീകരിച്ചില്ല (1,11)
105. കാരണം, എനിക്ക് മുൻപുതന്നെ അവനുണ്ടായിരുന്നു. ഈ വാക്യത്തിന് മുൻപ് യോഹന്നാൻ പറയുന്നത് എന്ത്?
എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണ്. (1,15)
106. യേശുവിന്റെ പൂർണതയിൽ നിന്ന് നാമെന്ത് സ്വീകരിച്ചു?
കൃപയ്ക്കുമേൽ കൃപ (1,16)
107. ദൈവത്തെ ആരാണ് വെളിപ്പെടുത്തിയത്?
ദൈവം തന്നെയായ ഏകജാതൻ (1,18)
108. നീ ആരാണെന്ന് ചോദിക്കാൻ യഹൂദർ ജറുസലേമിൽ നിന്ന് ആരെയാണ് അയച്ചത്?
പുരോഹിതൻമാരെയും ലേവ്യരെയും (1,19)
109. പുരോഹിതരും ലേവ്യരും യോഹന്നാനോട് എത്ര ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്?
ആറ് (1,21)
110. കർത്താവിന്റെ വഴികൾ നേരെയാക്കുവിൻ എന്ന് മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദമാണ് ഞാൻ. ഇത് ആരുടെ പ്രവചനമാണ്?
ഏശയ്യാ ദീർഘദർശി (1,23)
111. നിങ്ങൾ അറിയാത്ത ഒരുവൻ നിങ്ങളുടെ മധ്യേ നിൽപ്പുണ്ട്. ഇതിനുശേഷം യോഹന്നാൻ പറഞ്ഞതെന്ത്?
എന്റെ പിന്നാലെ വരുന്ന അവന്റെ ചെരുപ്പിന്റെ വാറഴിക്കാൻപോലും ഞാൻ യോഗ്യനല്ല. (1,27)
112. യോഹന്നാൻ സ്നാനം നൽകിക്കൊണ്ടിരുന്നത് എവിടെ?
ജോർദാനിൽ (1,28)
113. ബഥാനിയ എവിടെയാണ്?
ജോർദാന്റെ അക്കരെ (1,28)
114. യോഹന്നാൻ വന്നു ജലത്താൽ സ്നാനം നൽകുന്നത് എന്തിനുവേണ്ടിയാണ്?
യേശുവിനെ ഇസ്രായേലിന് വെളിപ്പെടുത്താൻവേണ്ടി (1,31)
115. യോഹന്നാൻ തന്റെ ശിഷ്യരിൽ രണ്ടു പേരോടുകൂടെ നിൽക്കുമ്പോൾ യേശു നടന്നുവരുന്നത് കണ്ട് പറഞ്ഞതെന്ത്?
ഇതാ ദൈവത്തിന്റെ കുഞ്ഞാട് (1,36)
116. അങ്ങ് എവിടെയാണ് വസിക്കുന്നത് എന്ന ചോദ്യത്തിന് യേശു കൊടുക്കുന്ന മറുപടി എന്താണ്?
വന്നു കാണുക (1,39)
117. യേശു, വന്നു കാണുക എന്ന് പറഞ്ഞ സമയം ഏതാണ്?
ഏകദേശം പത്താം മണിക്കൂർ (1,39)
118. യോഹന്നാൻ പറഞ്ഞതു കേട്ട് യേശുവിനെ അനുഗമിച്ച രണ്ടുപേരിൽ ഒരുവൻ ആരായിരുന്നു?
ശിമയോൻ പത്രോസിന്റെ സഹോദരൻ അന്ത്രയോസ് (1,40)
119. ഞങ്ങൾ മിശിഹായെ - ക്രിസ്തുവിനെ, കണ്ടുവെന്ന് അന്ത്രയോസ് ആരോടാണ് ആദ്യം പറഞ്ഞത്?
ശിമയോനോട് (1,41)
120. ശിമയോനെ യേശുവിന്റെ അടുത്ത് കൊണ്ടുവന്നത് ആരാണ്?
അന്ത്രയോസ് (1,42)
121. യേശു ശിമയോനെ നോക്കി പറഞ്ഞതെന്ത്?

നീ യോഹന്നാന്റെ പുത്രനായ ശിമയോനാണ്. കേപ്പാ - പാറ എന്നു നീ വിളിക്കപ്പെടും. (1,42)
122. പിറ്റേ ദിവസം യേശു ഗലീലിയിലേക്ക് പോകാൻ ഒരുങ്ങിയപ്പോൾ ആരോടാണ് എന്നെ അനുഗമിക്കുക എന്ന് പറഞ്ഞത്?
പീലിപ്പോസ് (1,43)
123. മോശയുടെ നിയമത്തിലും പ്രവാചക ഗ്രന്ഥങ്ങളിലും ആരെപറ്റി എഴുതിയിരിക്കുന്നുവോ അവനെ ഞങ്ങൾ കണ്ടു. ആര് അരോട് പറഞ്ഞു?
പീലിപ്പോസ് നഥാനയേലിനോട് (1,45)

**വചനഭാഗം: വി. യോഹന്നാൻ 2**

**കാനായിലെ വിവാഹവിരുന്ന്**
1 മൂന്നാം ദിവസം, ***ഗലീലിയിലെ കാനായിൽ*** ഒരു വിവാഹവിരുന്നു നടന്നു. യേശുവിൻെറ അമ്മ
അവിടെയുണ്ടായിരുന്നു.2 യേശുവും ശിഷ്യൻമാരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു.3 അവിടെ
വീഞ്ഞു തീർന്നുപോയപ്പോൾ യേശുവിൻെറ അമ്മ അവനോടു പറഞ്ഞു: **അവർക്കു വീഞ്ഞില്ല.**4
യേശു അവളോടു പറഞ്ഞു: സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എൻെറ സമയം ഇനിയും
ആയിട്ടില്ല.5 അവൻെറ അമ്മ പരിചാരകരോടു പറഞ്ഞു: **അവൻ നിങ്ങളോടു പറയുന്നതു
ചെയ്യുവിൻ.**6 യഹൂദരുടെ ശുദ്ധീകരണകർമത്തിനുള്ള വെള്ളം നിറയ്ക്കുന്ന **ആറു** കൽഭരണികൾ
അവിടെ ഉണ്ടായിരുന്നു. ഓരോന്നിലും **രണ്ടോ മൂന്നോ** അളവു കൊള്ളുമായിരുന്നു.7 **ഭരണികളിൽ
വെള്ളം നിറയ്ക്കുവിൻ** എന്ന് യേശു അവരോടു കൽപിച്ചു. അവർ അവയെല്ലാം വക്കോളം നിറച്ചു.8
ഇനി പകർന്നു9 കലവറക്കാരൻെറ അടുത്തു കൊണ്ടുചെല്ലുവിൻ എന്ന് അവൻ പറഞ്ഞു. അവർ
അപ്രകാരം ചെയ്തു. **കലവറക്കാരൻ** വീഞ്ഞായി മാറിയ ആ വെള്ളം രുചിച്ചു നോക്കി. അത്
എവിടെനിന്നാണെന്ന് അവൻ അറിഞ്ഞില്ല. എന്നാൽ, വെള്ളം കോരിയ പരിചാരകർ അറിഞ്ഞിരുന്നു.10
അവൻ മണവാളനെ വിളിച്ചു പറഞ്ഞു: എല്ലാവരും മേൽത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു,
അതിഥികൾക്കു ലഹരിപിടിച്ചുകഴിയുമ്പോൾ താഴ്ന്നതരവും. എന്നാൽ, നീ നല്ല വീഞ്ഞ് ഇതുവരെയും
സൂക്ഷിച്ചുവച്ചുവല്ലോ.11 യേശു തൻെറ മഹത്വം വെളിപ്പെടുത്തുന്നതിനുപ്രവർത്തിച്ച അടയാളങ്ങളുടെ
ആരംഭമാണ്, ഗലീലിയിലെ കാനായിൽ ചെയ്ത ഈ അദ്ഭുതം. **അവൻെറ ശിഷ്യൻമാർ** അവനിൽ
വിശ്വസിച്ചു.12 ഇതിനുശേഷം അവൻ തൻെറ **അമ്മയോടും സഹോദരൻമാരോടും
ശിഷ്യൻമാരോടുംകൂടി കഫർണാമിലേക്കു പോയി.** അവർ അവിടെ **ഏതാനും ദിവസം** താമസിച്ചു.

**യേശു ദേവാലയം ശുദ്ധീകരിക്കുന്നു**
(മത്തായി 21 : 12 - 21 : 13 ) (മർക്കോസ് 11 : 15 - 11 : 17 ) (ലൂക്കാ 19 : 45 - 19 : 46 )
13 യഹൂദരുടെ പെസഹാ അടുത്തിരുന്നതിനാൽ യേശു ജറുസലെമിലേക്കു പോയി.14 **കാള, ആട്,
പ്രാവ്** എന്നിവ വിൽക്കുന്നവരെയും നാണയം മാറ്റാനിരിക്കുന്നവരെയും ദേവാലയത്തിൽ അവൻ
കണ്ടു.15 അവൻ കയറുകൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി അവരെയെല്ലാം ആടുകളോടും
കാളകളോടുംകൂടെ ദേവാലയത്തിൽനിന്നു പുറത്താക്കി; നാണയമാറ്റക്കാരുടെ നാണയങ്ങൾ
ചിതറിക്കുകയും മേശകൾ തട്ടിമറിക്കുകയും ചെയ്തു.16 **പ്രാവുകളെ വിൽക്കുന്നവരോട്** അവൻ
കൽപിച്ചു: ഇവയെ ഇവിടെനിന്ന് എടുത്തുകൊണ്ടു പോകുവിൻ. എൻെറ **പിതാവിൻെറ ആലയം**
നിങ്ങൾ കച്ചവടസ്ഥലമാക്കരുത്.17 അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ
വിഴുങ്ങിക്കളയും എന്നെഴുതപ്പെട്ടിരിക്കുന്നത് അപ്പോൾ അവൻെറ ശിഷ്യൻമാർ അനുസ്മരിച്ചു.18
യഹൂദർ അവനോടുചോദിച്ചു: ഇതു ചെയ്യുവാൻ നിനക്ക് അധികാരം ഉണ്ടെന്നതിന് എന്തടയാളമാണ്
നീ ഞങ്ങളെ കാണിക്കുക?19 യേശു മറുപടി പറഞ്ഞു: നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക; **മൂന്നു
ദിവസത്തിനകം** ഞാൻ അതു പുനരുദ്ധരിക്കും.20 യഹൂദർ ചോദിച്ചു: ഈ ദേവാലയം പണിയുവാൻ
**നാൽപത്താറു സംവത്സരമെടുത്തു.** വെറും മൂന്നു ദിവസത്തിനകം നീ അതു പുനരുദ്ധരിക്കുമോ?21
എന്നാൽ, അവൻ പറഞ്ഞത് തൻെറ ശരീരമാകുന്ന **ആലയത്തെപ്പറ്റിയാണ്.**22 അവൻ മരിച്ചവരിൽനിന്ന്
ഉയിർപ്പിക്കപ്പെട്ടപ്പോൾ, അവൻെറ **ശിഷ്യൻമാർ** അവൻ ഇതു പറഞ്ഞിരുന്നുവെന്ന് ഓർമിക്കുകയും
അങ്ങനെ, വിശുദ്ധ ലിഖിതവും യേശു പ്രസ്താവിച്ചവച നവും വിശ്വസിക്കുകയും ചെയ്തു.23 പെസ
ഹാത്തിരുനാളിന് അവൻ ജറുസലെമിലായിരിക്കുമ്പോൾ പ്രവർത്തിച്ച അടയാളങ്ങൾ കണ്ട് വളരെപ്പേർ
അവൻെറ നാമത്തിൽ വിശ്വസിച്ചു.24 യേശുവാകട്ടെ അവരെ വിശ്വസിച്ചില്ല. കാരണം, അവൻ
**അവരെയെല്ലാം അറിഞ്ഞിരുന്നു.**25 **മനുഷ്യനെപ്പറ്റി** ആരുടെയും സാക്ഷ്യം അവന്
ആവശ്യമായിരുന്നില്ല; മനുഷ്യനിലുള്ളത് എന്താണെന്ന് അവൻ വ്യക്തമായി അറിഞ്ഞിരുന്നു.

## Questions

124. ഗലീലിയിലെ കാനായിൽ വിവാഹവിരുന്ന് നടന്നത് എന്നാണ്?
മൂന്നാം ദിവസം (2,1)
125. കാനായിൽ വീഞ്ഞു തീർന്നുപോയപ്പോൾ യേശുവിന്റെ അമ്മ പറഞ്ഞതെന്ത്?
അവർക്കു വീഞ്ഞില്ല (2,3)
126. അമ്മ പരിചാരകരോട് പറഞ്ഞതെന്ത്?
അവൻ നിങ്ങളോട് പറയുന്നതുചെയ്യുവിൻ (2,5)
127. യഹൂദരുടെ ശുദ്ധീകരണ കർമത്തിനുള്ള വെള്ളം നിറയ്ക്കുന്ന എത്ര കൽഭരണികൾ ഉണ്ടായിരുന്നു?
ആറ് (2,6)
128. ഓരോ കൽഭരണിയിലും എത്ര അളവ് കൊള്ളുമായിരുന്നു?
രണ്ടോ മൂന്നോ (2,6)
129. യേശു പരിചാരകരോട് കൽപിച്ചത് എന്ത്?
ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ (2,7)
130. അത് എവിടെനിന്നാണെന്ന് അവൻ അറിഞ്ഞില്ല. ആര്?
കലവറക്കാരൻ (2,9)
131. കാനായിലെ അത്ഭുതത്തിന്റെ ഫലമായി ആരാണ് യേശുവിൽ വിശ്വസിച്ചത്?
അവന്റെ ശിഷ്യന്മാർ (2,11)
132. കാനായിലെ അത്ഭുതത്തിനു ശേഷം യേശു എവിടേക്കാണ് പോയത്?
കഫർണാമിലേക്ക് (2,12)
133. എന്തിനെയെല്ലാമാണ് ദേവാലയത്തിൽ വിറ്റുകൊണ്ടിരുന്നത്?
കാള, ആട്, പ്രാവ് (2,14)
134. ഇവയെ ഇവിടെ നിന്ന് എടുത്തുകൊണ്ടുപോകുവിൻ. യേശു ആരോടാണ് ഇത് പറഞ്ഞത്?
പ്രാവുകളെ വിൽക്കുന്നവരോട് (2,16)
135. നിങ്ങൾ കച്ചവടസ്ഥലമാക്കരുതെന്ന് ഈശോ പറയുന്നത് എന്തിനെക്കുറിച്ചാണ്?
പിതാവിന്റെ ആലയത്തെക്കുറിച്ച് (2,16)
136. ദേവാലയം നശിപ്പിച്ചാൽ എത്ര ദിവസംകൊണ്ടാണ് യേശു അത് പുനരുദ്ധരിക്കുക?
മൂന്നു ദിവസത്തിനകം (2,19)
137. ജറുസലേം ദേവാലയം പണിയാൻ എത്ര വർഷമെടുത്തു?
നാൽപത്താറു സംവൽസരം (2,20)
138. യേശു പറഞ്ഞ ദേവാലയം ഏതാണ്?
ശരീരമാകുന്ന ദേവാലയം (2,21)
139. വിശുദ്ധ ലിഖിതവും യേശു പ്രസ്താവിച്ച വചനവും വിശ്വസിച്ചതാര്?
ശിഷ്യന്മാർ (2,22)
140. യേശുവാകട്ടെ അവരെ വിശ്വസിച്ചില്ല. കാരണമെന്ത്?
അവൻ അവരെയെല്ലാം അറിഞ്ഞിരുന്നു. (2,25)
141. യേശുവിന് ആരെപ്പറ്റിയാണ് ആരുടെയും സാക്ഷ്യം ആവശ്യമില്ലാതിരുന്നത്?
മനുഷ്യനെപ്പറ്റി (2,25)

**വചനഭാഗം: വി. യോഹന്നാൻ 3**

**യേശുവും നിക്കൊദേമോസും**

1 ഫരിസേയരിൽ **നിക്കൊദേമോസ്** എന്നുപേരായ ഒരു യഹൂദപ്രമാണിയുണ്ടായിരുന്നു.2 അവൻ രാത്രി
യേശുവിൻെറ അടുത്തു വന്നു പറഞ്ഞു: **റബ്ബീ,** അങ്ങ് ദൈവത്തിൽനിന്നു വന്ന ഒരു ഗുരുവാണെന്നു
ഞങ്ങൾ അറിയുന്നു. ദൈവം കൂടെയില്ലെങ്കിൽ ഒരുവനും നീ ചെയ്യുന്ന ഈ **അടയാളങ്ങൾ**
പ്രവർത്തിക്കാൻ കഴിയുകയില്ല.3 യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു,
വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനു **ദൈവരാജ്യം** കാണാൻ കഴിയുകയില്ല.4 നിക്കൊദേമോസ്
ചോദിച്ചു: പ്രായമായ മനുഷ്യന് ഇത് എങ്ങനെ സാധിക്കും? അമ്മയുടെ ഉദരത്തിൽ വീണ്ടും പ്രവേശിച്ച്
അവനു ജനിക്കുവാൻ കഴിയുമോ?5 യേശു പ്രതിവചിച്ചു: സത്യം സത്യമായി ഞാൻ നിന്നോടു
പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ
പ്രവേശിക്കുക സാധ്യമല്ല.6 മാംസത്തിൽനിന്നു ജനിക്കുന്നതു മാംസമാണ്; ആത്മാവിൽനിന്നു

ജനിക്കുന്നത് ആത്മാവും.7 നിങ്ങൾ വീണ്ടും ജനിക്കണം എന്നു ഞാൻ പറഞ്ഞതുകൊണ്ടു നീ വിസ്മയിക്കേണ്ടാ.8 കാറ്റ് അതിനിഷ്ടമുള്ളിടത്തേക്കു വീശുന്നു; അതിൻെറ ശബ്ദം നീ കേൾക്കുന്നു. എന്നാൽ, അത് എവിടെനിന്നു വരുന്നെന്നോ എവിടേക്കു പോകുന്നെന്നോ നീ അറിയുന്നില്ല. ഇതുപോലെയാണ് ആത്മാവിൽനിന്നു ജനിക്കുന്ന ഏവനും.9 ഇതെല്ലാം എങ്ങനെ സംഭവിക്കും എന്നു **നിക്കോദേമോസ്** ചോദിച്ചു.10 യേശു പറഞ്ഞു: നീ ഇസ്രായേലിലെ ഗുരുവല്ലേ? എന്നിട്ടും ഇക്കാര്യമൊന്നും മനസ്സിലാകുന്നില്ലേ?11 സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു: ഞങ്ങൾ **അറിയുന്നവയെപ്പറ്റി സംസാരിക്കുന്നു; കണ്ടവയെപ്പറ്റി** സാക്ഷ്യപ്പെടുത്തുന്നു. എന്നിട്ടും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ സ്വീകരിക്കുന്നില്ല.12 ഭൗമിക കാര്യങ്ങളെപ്പറ്റി ഞാൻ പറഞ്ഞത് നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ സ്വർഗീയ കാര്യങ്ങൾ പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും?13 സ്വർഗത്തിൽ നിന്നിറങ്ങിവന്ന **മനുഷ്യപുത്രനല്ലാതെ** മറ്റാരും ഇതുവരെ സ്വർഗത്തിൽ കയറിയിട്ടില്ല.14 **മോശ** മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ,15 തന്നിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു.16 എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തൻെറ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.17 ദൈവം തൻെറ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല. പ്രത്യുത, അവൻ വഴി ലോകം രക്ഷപ്രാപിക്കാനാണ്.18 അവനിൽ വിശ്വസിക്കുന്ന ഒരുവനും ശിക്ഷയ്ക്കു വിധിക്കപ്പെടുന്നില്ല. വിശ്വസിക്കാത്തവനോ, ദൈവത്തിൻെറ ഏകജാതൻെറ നാമത്തിൽ വിശ്വസിക്കായ്കമൂലം, നേരത്തേതന്നെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു.19 ഇതാണു ശിക്ഷാവിധി: പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ പ്രകാശത്തെക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം, അവരുടെ പ്രവൃത്തികൾ തിൻമ നിറഞ്ഞതായിരുന്നു.20 **തിൻമ പ്രവർത്തിക്കുന്നവൻ** പ്രകാശത്തെ വെറുക്കുന്നു. അവൻെറ പ്രവൃത്തികൾ വെളിപ്പെടാതിരിക്കുന്നതിന് അവൻ വെളിച്ചത്തു വരുന്നുമില്ല.21 **സത്യം പ്രവർത്തിക്കുന്നവൻ** വെളിച്ചത്തിലേക്കു വരുന്നു. അങ്ങനെ, അവൻെറ പ്രവൃത്തികൾ **ദൈവൈക്യത്തിൽ** ചെയ്യുന്നവയെന്നു വെളിപ്പെടുന്നു.

**സ്നാപകൻെറ ദൗത്യം**

22 ഇതിനുശേഷം യേശുവും ശിഷ്യൻമാരും **യൂദയാദേശത്തേക്കു** പോയി. അവിടെ അവൻ അവരോടൊത്തു താമസിച്ച് സ്നാനം നൽകി.23 **സാലിമിനടുത്തുള്ള ഏനോനിൽ** വെള്ളം ധാരാളമുണ്ടായിരുന്നതിനാൽ അവിടെ യോഹന്നാനും സ്നാനം നൽകിയിരുന്നു. ആളുകൾ അവൻെറ അടുത്തു വന്ന് സ്നാനം സ്വീകരിച്ചിരുന്നു.24 യോഹന്നാൻ ഇനിയും കാരാഗൃഹത്തിലടയ്ക്കപ്പെട്ടിരുന്നില്ല.25 **അവൻെറ ശിഷ്യൻമാരും ഒരു യഹൂദനും** തമ്മിൽ ശുദ്ധീകരണത്തെപ്പററി തർക്കമുണ്ടായി.26 അവർ യോഹന്നാനെ സമീപിച്ചു പറഞ്ഞു: ഗുരോ, ജോർദാൻെറ അക്കരെ നിന്നോടുകൂടിയുണ്ടായിരുന്നവൻ, നീ ആരെപ്പറ്റി സാക്ഷ്യപ്പെടുത്തിയോ അവൻ , ഇതാ, ഇവിടെ സ്നാനം നൽകുന്നു. എല്ലാവരും അവൻെറ അടുത്തേക്കു പോവുകയാണ്.27 യോഹന്നാൻ പ്രതിവചിച്ചു: സ്വർഗത്തിൽനിന്നു നൽകപ്പെടുന്നില്ലെങ്കിൽ ആർക്കും ഒന്നും സ്വീകരിക്കാൻ സാധിക്കുകയില്ല.28 ഞാൻ ക്രിസ്തുവല്ല. പ്രത്യുത, അവനുമുമ്പേ അയയ്ക്കപ്പെട്ടവനാണ് എന്നു ഞാൻ പറഞ്ഞതിനു നിങ്ങൾതന്നെ സാക്ഷികളാണ്.29 മണവാട്ടിയുള്ളവനാണ് മണവാളൻ. അടുത്തുനിന്നു മണവാളനെ ശ്രവിക്കുന്ന **സ്നേഹിതൻ** അവൻെറ സ്വരത്തിൽ വളരെ സന്തോഷിക്കുന്നു. അതുപോലെ, എൻെറ ഈ സന്തോഷം ഇപ്പോൾ പൂർണമായിരിക്കുന്നു.30 അവൻ വളരുകയും ഞാൻ കുറയുകയും വേണം.31 **ഉന്നതത്തിൽനിന്നു വരുന്നവൻ** എല്ലാവർക്കും ഉപരിയാണ്. ഭൂമിയിൽനിന്നുള്ളവൻ ഭൂമിയുടേതാണ്. അവൻ ഭൗമികകാര്യങ്ങൾ സംസാരിക്കുകയും ചെയ്യുന്നു. സ്വർഗത്തിൽനിന്നു വരുന്നവൻ എല്ലാവർക്കും ഉപരിയാണ്.32 അവൻ കാണുകയും കേൾക്കുകയും ചെയ്തതിനെപ്പറ്റി സാക്ഷ്യപ്പെടുത്തുന്നു; എങ്കിലും, അവൻെറ സാക്ഷ്യം ആരും സ്വീകരിക്കുന്നില്ല.33 അവൻെറ സാക്ഷ്യം സ്വീകരിക്കുന്നവൻ ദൈവം സത്യവാനാണ് എന്നതിനു മുദ്രവയ്ക്കുന്നു.34 **ദൈവം അയച്ചവൻ** ദൈവത്തിൻെറ വാക്കുകൾ സംസാരിക്കുന്നു; ദൈവം അളന്നല്ല ആത്മാവിനെ കൊടുക്കുന്നത്.35 പിതാവ് പുത്രനെ സ്നേഹിക്കുന്നു. എല്ലാം അവൻെറ കൈകളിൽ ഏൽപിക്കുകയും ചെയ്തിരിക്കുന്നു.36 പുത്രനിൽ വിശ്വസിക്കുന്നവനു **നിത്യജീവൻ** ലഭിക്കുന്നു. എന്നാൽ, പുത്രനെ അനുസരിക്കാത്തവൻ **ജീവൻ** ദർശിക്കുകയില്ല. **ദൈവകോപം** അവൻെറ മേൽ ഉണ്ട്.

## Questions

142. രാത്രിയിൽ യേശുവിന്റെ അടുത്തുവന്ന യഹൂദ പ്രമാണി ആര്?
നിക്കൊദേമോസ് (3,1)

143. നിക്കൊദെമോസ് യേശുവിനെ അഭിസംബോധന ചെയ്തത് എങ്ങനെ?
റബ്ബീ (3,2)
144. ദൈവം കൂടെയില്ലെങ്കിൽ ഒരുവനും നീ ചെയ്യുന്ന . . . . . പ്രവർത്തിക്കാൻ കഴിയുകയില്ല. പൂരിപ്പിക്കുക
അടയാളങ്ങൾ (3,2)
145. വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവന് . . . . . കാണാൻ കഴിയുകയില്ല. പൂരിപ്പിക്കുക
ദൈവരാജ്യം (3,3)
146. വീണ്ടും ജനിക്കുന്നില്ലെങ്കിൽ എന്നതിന്റെ ഗ്രീക്കുമൂലം?
ഉന്നതത്തിൽനിന്ന് ജനിക്കുന്നില്ലെങ്കിൽ (Foot note)
147. ഇതെല്ലാം എങ്ങനെ സംഭവിക്കും എന്ന് ചോദിച്ചതാര്?
നിക്കൊദേമോസ് (3,9)
148. '' നീ ഇസ്രായേലിലെ ഗുരുവല്ലേ'' യേശു ആരോടാണ് ഇത് ചോദിച്ചത്?
നിക്കൊദേമോസ് (3,10)

149. യേശു എന്തിനെപറ്റിയാണ് സംസാരിക്കുന്നത്?
അറിയുന്നവയെപറ്റി (3,11)
150. യേശു എന്തിനെക്കുറിച്ചാണ് സാക്ഷ്യപ്പെടുത്തുന്നത്?
കണ്ടവയെപറ്റി (3,11)
151. സ്വർഗത്തിൽ നിന്നിറങ്ങിവന്ന . . . . അല്ലാതെ മറ്റാരും ഇതുവരെ സ്വർഗത്തിൽ കയറിയിട്ടില്ല. പൂരിപ്പിക്കുക
മനുഷ്യപുത്രൻ (3,13)
152. മോശ എവിടെയാണ് സർപ്പത്തെ ഉയർത്തിയത്?
മരുഭൂമിയിൽ (3,14)
153. ആരാണ് പ്രകാശത്തെ വെറുക്കുന്നത്?
തിന്മ പ്രവർത്തിക്കുന്നവൻ (3,20)
154. ആരാണ് വെളിച്ചത്തിലേക്ക് വരുന്നത്?
സത്യം പ്രവർത്തിക്കുന്നവൻ (3,21)
155. സത്യം പ്രവർത്തിക്കുന്നവന്റെ പ്രവൃത്തികൾ . . . . . ചെയ്യുന്നവയെന്ന് വെളിപ്പെടുന്നു. പൂരിപ്പിക്കുക
ദൈവൈക്യത്തിൽ (3,21)
156. യേശുവും നിക്കൊദേമോസും സംസാരിച്ചതിനുശേഷം യേശുവും ശിഷ്യന്മാരും എവിടേക്കാണ് പോയത്?
യൂദയാ ദേശത്തേക്ക് (3,22)
157. യേശു എവിടെവച്ചാണ് സ്നാനം നൽകിയത്?
യൂദയാ ദേശത്ത് (3,22)
158. യോഹന്നാൻ എവിടെയാണ് സ്നാനം നൽകിയിരുന്നത്?
സാലിമിനടുത്തുള്ള ഏനോനിൽ (3,23)
159. ആര് തമ്മിലാണ് ശുദ്ധീകരണത്തെപ്പറ്റി തർക്കമുണ്ടായത്?
അവന്റെ ശിഷ്യൻമാരും ഒരു യഹൂദനും (3,25)
160. അടുത്തുനിന്ന് മണവാളനെ ശ്രവിക്കുന്ന . . . . . അവന്റെ സ്വരത്തിൽ വളരെ സന്തോഷിക്കുന്നു.
സ്നേഹിതൻ (3,29)
161. എല്ലാവർക്കും ഉപരിയായിട്ടുള്ളവൻ ആരാണ്?
ഉന്നതത്തിൽനിന്നു വരുന്നവൻ (3,31a)
162. ആരാണ് ദൈവത്തിന്റെ വാക്കുകൾ സംസാരിക്കുന്നത്?
ദൈവം അയച്ചവൻ (3,34)
163. പുത്രനിൽ വിശ്വസിക്കുന്നവന് . . . . . ലഭിക്കുന്നു. പൂരിപ്പിക്കുക
നിത്യജീവൻ (3,36)
164. പുത്രനെ അനുസരിക്കാത്തവൻ ദർശിക്കാത്തത് എന്ത്?
ജീവൻ (3,36)
165. പുത്രനെ അനുസരിക്കാത്തവന്റെ മേൽ . . . . . ഉണ്ട്.
ദൈവകോപം (3,36)

**വചനഭാഗം: വി. യോഹന്നാൻ 4**

**യേശുവും സമരിയാക്കാരിയും**
1 യോഹന്നാനെക്കാൾ അധികം ആളുകളെ താൻ ശിഷ്യപ്പെടുത്തുകയും സ്നാനപ്പെടുത്തുകയും
ചെയ്യുന്നുവെന്ന് ഫരിസേയർ കേട്ടതായി കർത്താവ് അറിഞ്ഞു.2 വാസ്തവത്തിൽ, ശിഷ്യൻമാരല്ലാതെ
യേശു നേരിട്ട് ആരെയും സ്നാനപ്പെടുത്തിയില്ല.3 അവൻ യൂദയാ വിട്ട് വീണ്ടും ഗലീലിയിലേക്കു
പുറപ്പെട്ടു.4 അവനു സമരിയായിലൂടെ കടന്നുപോകേണ്ടിയിരുന്നു.5 സമരിയായിലെ **സിക്കാർ** എന്ന
പട്ടണത്തിൽ അവൻ എത്തി. യാക്കോബ് തൻെറ മകൻ ജോസഫിനു നൽകിയ വയലിനടുത്താണ് ഈ
പട്ടണം.6 യാക്കോബിൻെറ കിണർ അവിടെയാണ്. യാത്രചെയ്തു ക്ഷീണിച്ച യേശു ആ കിണറിൻെറ
കരയിൽ ഇരുന്നു. അപ്പോൾ **ഏകദേശം ആറാം മണിക്കൂറായിരുന്നു.**7 ആ സമയം ഒരു
സമരിയാക്കാരി അവിടെ വെള്ളം കോരാൻ വന്നു. യേശു അവളോട് **എനിക്കു കുടിക്കാൻ തരുക**
എന്നു പറഞ്ഞു.8 അവൻെറ ശിഷ്യൻമാരാകട്ടെ, ഭക്ഷണസാധനങ്ങൾ വാങ്ങാൻ പട്ടണത്തിലേക്കു
പോയിരുന്നു.9 ആ സമരിയാക്കാരി അവനോടു ചോദിച്ചു: നീ ഒരു യഹൂദനായിരിക്കേ,
സമരിയാക്കാരിയായ എന്നോടു കുടിക്കാൻ ചോദിക്കുന്നതെന്ത്? **യഹൂദരും സമരിയാക്കാരും** തമ്മിൽ
സമ്പർക്കമൊന്നുമില്ലല്ലോ.10 യേശു അവളോടു പറഞ്ഞു: ദൈവത്തിൻെറ ദാനം എന്തെന്നും എനിക്കു
കുടിക്കാൻ തരുക എന്നു നിന്നോട് ആവശ്യപ്പെടുന്നത് ആരെന്നും അറിഞ്ഞിരുന്നുവെങ്കിൽ, നീ
അവനോടു ചോദിക്കുകയും അവൻ നിനക്കു **ജീവജലം** തരുകയും ചെയ്യുമായിരുന്നു.11 അവൾ
പറഞ്ഞു: **പ്രഭോ,** വെള്ളം കോരാൻ നിനക്കു പാത്രമില്ല; കിണറോ ആഴമുള്ളതും. പിന്നെ ഈ
ജീവജലം നിനക്ക് എവിടെനിന്നു കിട്ടും?12 ഈ കിണർ ഞങ്ങൾക്കു തന്ന ഞങ്ങളുടെ പിതാവായ
യാക്കോബിനെക്കാൾ വലിയവനാണോ നീ? അവനും അവൻെറ മക്കളും കന്നുകാലികളും ഈ
കിണറ്റിൽനിന്നാണു കുടിച്ചിരുന്നത്.13 യേശു പറഞ്ഞു: ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും
ദാഹിക്കും.14 എന്നാൽ, ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല.
ഞാൻ നൽകുന്ന ജലം അവനിൽ നിത്യജീവനിലേക്കു നിർഗളിക്കുന്ന അരുവിയാകും.15 അപ്പോൾ
അവൾ പറഞ്ഞു: ആ ജലം എനിക്കു തരുക. മേലിൽ എനിക്കു ദാഹിക്കുകയില്ലല്ലോ. വെള്ളം കോരാൻ
ഞാൻ ഇവിടെ വരുകയും വേണ്ടല്ലോ.16 അവൻ പറഞ്ഞു: നീ ചെന്ന് നിൻെറ ഭർത്താവിനെ
കൂട്ടിക്കൊണ്ടു വരുക.17 എനിക്കു ഭർത്താവില്ല എന്ന് ആ സ്ത്രീ മറുപടി പറഞ്ഞു. യേശു അവളോടു
പറഞ്ഞു: എനിക്കു ഭർത്താവില്ല എന്നു നീ പറഞ്ഞതു ശരിയാണ്.18 നിനക്ക് അഞ്ചു
ഭർത്താക്കൻമാരുണ്ടായിരുന്നു. ഇപ്പോഴുള്ളവൻ നിൻെറ ഭർത്താവല്ല. നീ പറഞ്ഞതു സത്യമാണ്.19
അവൾ പറഞ്ഞു: പ്രഭോ, അങ്ങ് ഒരു **പ്രവാചകനാണെന്നു** ഞാൻ മനസ്സിലാക്കുന്നു.20 ഞങ്ങളുടെ
പിതാക്കന്മാർ ഈ മലയിൽ ആരാധന നടത്തി; എന്നാൽ, യഥാർഥമായ ആരാധനാസ്ഥലം
**ജറുസലെമിലാണ്** എന്നു നിങ്ങൾ പറയുന്നു.21 യേശു പറഞ്ഞു: സ്ത്രീയേ, എന്നെ വിശ്വസിക്കുക.
ഈ മലയിലോ ജറുസലെമിലോ നിങ്ങൾ പിതാവിനെ ആരാധിക്കാത്ത സമയം വരുന്നു.22 നിങ്ങൾ
അറിയാത്തതിനെ ആരാധിക്കുന്നു. ഞങ്ങൾ അറിയുന്നതിനെ ആരാധിക്കുന്നു. എന്തെന്നാൽ, രക്ഷ
**യഹൂദരിൽ** നിന്നാണ്.23 എന്നാൽ, **യഥാർഥ ആരാധകർ** ആത്മാവിലും സത്യത്തിലും പിതാവിനെ
ആരാധിക്കുന്ന സമയം വരുന്നു. അല്ല, അത് ഇപ്പോൾത്തന്നെയാണ്. യഥാർഥത്തിൽ അങ്ങനെയുള്ള
ആരാധകരെത്തന്നെയാണ് പിതാവ് അന്വേഷിക്കുന്നതും.24 ദൈവം ആത്മാവാണ്. അവിടുത്തെ
ആരാധിക്കുന്നവർ **ആത്മാവിലും സത്യത്തിലുമാണ്** ആരാധിക്കേണ്ടത്.25 ആ സ്ത്രീ പറഞ്ഞു:
മിശിഹാ - ക്രിസ്തു - വരുമെന്ന് എനിക്ക് അറിയാം. അവൻ വരുമ്പോൾ എല്ലാക്കാര്യങ്ങളും ഞങ്ങളെ
അറിയിക്കും.26 യേശു അവളോടു പറഞ്ഞു: നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെയാണ് അവൻ .27
അവൻെറ ശിഷ്യൻമാർ തിരിച്ചെത്തി. അവൻ ഒരു സ്ത്രീയോടു സംസാരിക്കുന്നതു കണ്ട് അവർ
അദ്ഭുതപ്പെട്ടു. എന്നാൽ, എന്തു ചോദിക്കുന്നെന്നോ എന്തുകൊണ്ട് അവളോടു സംസാരിക്കുന്നെന്നോ
ആരും അവനോടു ചോദിച്ചില്ല.28 ആ സ്ത്രീയാകട്ടെ കുടം അവിടെ വച്ചിട്ട്, **പട്ടണത്തിലേക്കു** പോയി,
ആളുകളോടു പറഞ്ഞു:29 ഞാൻ ചെയ്ത കാര്യങ്ങളെല്ലാം എന്നോടു പറഞ്ഞഒരു മനുഷ്യനെ നിങ്ങൾ
വന്നു കാണുവിൻ. ഇവൻതന്നെയായിരിക്കുമോ ക്രിസ്തു?30 അവർ പട്ടണത്തിൽനിന്നു പുറപ്പെട്ട്
അവൻെറ അടുത്തു വന്നു.31 തത്സമയം ശിഷ്യൻമാർ അവനോട് അപേക്ഷിച്ചു: റബ്ബി, ഭക്ഷണം
കഴിച്ചാലും.32 അവൻ പറഞ്ഞു: നിങ്ങൾ അറിയാത്ത ഭക്ഷണം എനിക്കുണ്ട്.33 ആരെങ്കിലും ഇവനു
ഭക്ഷണം കൊണ്ടുവന്നു കൊടുത്തിരിക്കുമോ എന്നു ശിഷ്യൻമാർ പരസ്പരം പറഞ്ഞു.34 യേശു
പറഞ്ഞു: എന്നെ അയച്ചവൻെറ ഇഷ്ടം പ്രവർത്തിക്കുകയും അവൻെറ ജോലി
പൂർത്തിയാക്കുകയുമാണ് എൻെറ ഭക്ഷണം.35 നാലു മാസം കൂടി കഴിഞ്ഞാൽ വിളവെടുപ്പായി എന്നു
നിങ്ങൾ പറയുന്നില്ലേ? എന്നാൽ ഞാൻ പറയുന്നു, നിങ്ങൾ കണ്ണുകളുയർത്തി വയലുകളിലേക്കു
നോക്കുവിൻ. അവ ഇപ്പോൾത്തന്നെ വിളഞ്ഞുകൊയ്ത്തിനു പാകമായിരിക്കുന്നു.36 കൊയ്യുന്നവനു
കൂലി കിട്ടുകയും അവൻ നിത്യജീവിതത്തിലേക്കു ഫലം ശേഖരിക്കുകയും ചെയ്യുന്നു. അങ്ങനെ,

വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒപ്പം സന്തോഷിക്കുന്നു.37 വിതയ്ക്കുന്നത് ഒരുവൻ, കൊയ്യുന്നതു മറ്റൊരുവൻ എന്ന ചൊല്ല് ഇവിടെ സാർഥകമായിരിക്കുന്നു.38 നിങ്ങൾ അധ്വാനിച്ചിട്ടില്ലാത്ത വിളവു ശേഖരിക്കാൻ ഞാൻ നിങ്ങളെ അയച്ചു; മറ്റുള്ളവരാണ് അധ്വാനിച്ചത്. അവരുടെ അധ്വാനത്തിൻെറ ഫലത്തിലേക്കു നിങ്ങൾ പ്രവേശിച്ചിരിക്കുന്നു.39 ഞാൻ ചെയ്തതെല്ലാം അവൻ എന്നോടു പറഞ്ഞു എന്ന ആ സ്ത്രീയുടെ സാക്ഷ്യംമൂലം പട്ടണത്തിലെ സമരിയാക്കാരിൽ അനേകർ അവനിൽ വിശ്വസിച്ചു.40 ആ സമരിയാക്കാർ അവൻെറ അടുത്തു വന്നു തങ്ങളോടൊത്തു വസിക്കണമെന്ന് അവനോട് അപേക്ഷിക്കുകയും അവൻ **രണ്ടു ദിവസം** അവിടെ താമസിക്കുകയും ചെയ്തു.41 അവൻെറ വചനം ശ്രവിച്ച മറ്റു പലരും അവനിൽ വിശ്വസിച്ചു.42 അവർ ആ സ്ത്രീയോടു പറഞ്ഞു: ഇനിമേൽ ഞങ്ങൾ വിശ്വസിക്കുന്നതു നിൻെറ വാക്കുമൂലമല്ല. കാരണം, ഞങ്ങൾതന്നെ നേരിട്ടു ശ്രവിക്കുകയും ഇവനാണുയഥാർഥത്തിൽ ലോക രക്ഷകൻ എന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു.

**രാജസേവകൻെറ പുത്രനെ സുഖപ്പെടുത്തുന്നു**

(മത്തായി 8:5-8:13) (ലൂക്കാ 7:1-7:10)

43 രണ്ടു ദിവസം കഴിഞ്ഞ് അവൻ അവിടെനിന്നു **ഗലീലിയി**ലേക്കു പോയി.44 പ്രവാചകൻ സ്വന്തം നാട്ടിൽ ബഹുമാനിക്കപ്പെടുന്നില്ല എന്ന് യേശുതന്നെ സാക്ഷ്യപ്പെടുത്തിയിരുന്നു.45 അവൻ ഗലീലിയിൽ വന്നപ്പോൾ ഗലീലിയാക്കാർ അവനെ സ്വാഗതം ചെയ്തു. എന്തെന്നാൽ, തിരുനാളിൽ അവൻ ജറുസലെമിൽ ചെയ്ത കാര്യങ്ങൾ അവർ കണ്ടിരുന്നു. അവരും തിരുനാളിനു പോയിട്ടുണ്ടായിരുന്നു.46 അവൻ വീണ്ടും ഗലീലിയിലെ കാനായിലെത്തി. അവിടെവച്ചാണ് അവൻ വെള്ളം വീഞ്ഞാക്കിയത്. **കഫർണാമിൽ ഒരു രാജസേവകൻ** ഉണ്ടായിരുന്നു. അവൻെറ മകൻ രോഗബാധിതനായിരുന്നു.47 യേശുയൂദയായിൽ നിന്നു ഗലീലിയിലേക്കുവന്നെന്നു കേട്ടപ്പോൾ അവൻ ചെന്ന് തൻെറ ആസന്നമരണനായ മകനെ വന്നു സുഖപ്പെടുത്തണമെന്ന് അവനോട് അപേക്ഷിച്ചു.48 അപ്പോൾ യേശു പറഞ്ഞു: അടയാളങ്ങളും അദ്ഭുതങ്ങളും കാണുന്നില്ലെങ്കിൽ നിങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ലല്ലോ.49 അപ്പോൾ, ആ രാജസേവകൻ അവനോട് അപേക്ഷിച്ചു: കർത്താവേ, എൻെറ മകൻ മരിക്കുംമുമ്പ് വരണമേ! യേശു പറഞ്ഞു:പൊയ്ക്കൊള്ളുക. നിൻെറ മകൻ ജീവിക്കും.50 യേശു പറഞ്ഞവചനം വിശ്വസിച്ച് അവൻ പോയി.51 പോകുംവഴി മകൻ സുഖം പ്രാപിച്ചിരിക്കുന്നു എന്ന വാർത്തയുമായി **ഭൃത്യൻമാർ** എതിരേ വന്നു.52 ഏതു സമയത്താണ് അവൻെറ സ്ഥിതി മെച്ചപ്പെട്ടത് എന്ന് അവൻ അന്വേഷിച്ചു. ഇന്നലെ **ഏഴാം മണിക്കൂറിൽ** പനി വിട്ടുമാറി എന്ന് അവർ പറഞ്ഞു.53 നിൻെറ മകൻ ജീവിക്കും എന്ന് യേശു പറഞ്ഞത് ആ മണിക്കൂറിൽത്തന്നെയാണെന്ന് ആ പിതാവു മനസ്സിലാക്കി; അവനും കുടുംബം മുഴുവനും വിശ്വസിച്ചു.54 ഇത്യൂദയായിൽനിന്നു ഗലീലിയിലേക്കു വന്നപ്പോൾ യേശു പ്രവർത്തിച്ച രണ്ടാമത്തെ അടയാളമാണ്.

## Questions

166. സമരിയായിൽ യേശു എത്തിച്ചേർന്ന പട്ടണമേത്?

സിക്കാർ (4,5)

167. യേശു കിണറിന്റെ കരയിൽ ഇരുന്ന സമയം?

ഏകദേശം ആറാം മണിക്കൂർ (4,6)

168. യേശു സമരിയാക്കാരിയോട് സംസാരിച്ചത് എന്ത്?

എനിക്ക് കുടിക്കാൻ തരുക (4,7)

169. ആരു തമ്മിലാണ് സമ്പർക്കമൊന്നുമില്ലാത്തത്?

യഹൂദരും സമരിയാക്കാരും (4,9)

170. സമരിയാക്കാരി യേശുവിനെ അഭിസംബോധന ചെയ്തതെങ്ങനെ?

പ്രഭോ (4,11)

171. നീ അവനോടു ചോദിക്കുകയും അവൻ നിനക്ക് . . . . . തരുകയും ചെയ്യുമായിരുന്നു. പൂരിപ്പിക്കുക

ജീവജലം (4,10)

172. സമരിയാക്കാരി സ്ത്രീ യേശു ആരാണെന്നാണ് പറഞ്ഞത്?

പ്രവാചകൻ (4,19)

173. യഥാർഥമായ ആരാധനാസ്ഥലം എവിടെയാണ്?

ജറുസലെമിൽ (4,20)

174. രക്ഷ ആരിൽ നിന്നാണ്?

യഹൂദരിൽ
175. . . . . . ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. പൂരിപ്പിക്കുക
യഥാർഥ ആരാധകർ (4,23)
176. ദൈവത്തെ ആരാധിക്കുന്നവർ എങ്ങനെയാണ് ആരാധിക്കുന്നത്?
ആത്മാവിലും സത്യത്തിലും (4,24)
177. സമരിയാക്കാരി സ്ത്രീ കുടം അവിടെ വച്ചിട്ട് എവിടേക്കാണ് പോയത്?
പട്ടണത്തിലേക്ക് (4,28)
178. യേശു സമരിയാക്കാരോടൊപ്പം എത്ര ദിവസം താമസിച്ചു?
രണ്ടു ദിവസം (4,40)
179. സമരിയായിൽനിന്ന് യേശു എവിടേക്കാണ് പോയത്?
ഗലീലി (4,43)
180. ആസന്നമരണനായ മകനെ സുഖപ്പെടുത്തണമെന്ന് പറഞ്ഞതാരാണ്?
കഫർണാമിലെ ഒരു രാജസേവകൻ (4,46)
181. പോകും വഴി മകൻ സുഖം പ്രാപിച്ചിരിക്കുന്നു എന്ന വാർത്തയുമായി ആരാണ് എതിരെ വന്നത്?
ഭൃത്യന്മാർ (4,51)
182. രാജസേവകന്റെ മകൻ സുഖം പ്രാപിച്ചതെപ്പോൾ?
ഏഴാം മണിക്കൂറിൽ (4,52)
183. യൂദയായിൽ നിന്ന് ഗലീലിയിലേക്ക് വന്നപ്പോൾ യേശു പ്രവർത്തിച്ച രണ്ടാമത്തെ അടയാളം ഏത്?
രാജസേവകന്റെ പുത്രനെ സുഖപ്പെടുത്തുന്നു (4,54)

**വചനഭാഗം: വി. യോഹന്നാൻ 5**
**ബേത്സഥായിലെ രോഗശാന്തി**
1 ഇതിനുശേഷം, യഹൂദരുടെ ഒരു തിരുനാളിന് യേശു ജറുസലെമിലേക്കു പോയി.2 **ജറുസലെമിൽ**
**അജകവാടത്തിനടുത്ത്** ഹെബ്രായഭാഷയിൽ ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളമുണ്ടായിരുന്നു;
അതിന് അഞ്ചുമണ്ഡപങ്ങളും.4 അവിടെ കുരുടരും മുടന്തരും തളർവാതക്കാരുമായ അനേകം
രോഗികൾ കിടന്നിരുന്നു.5 മുപ്പത്തിയെട്ടു വർഷമായി രോഗിയായിരുന്ന ഒരുവൻ
അവിടെയുണ്ടായിരുന്നു.6 അവൻ അവിടെ കിടക്കുന്നത് യേശു കണ്ടു. അവൻ വളരെ നാളായി
കിടപ്പിലാണെന്ന് അറിഞ്ഞ് യേശു ചോദിച്ചു: സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ?7 അവൻ
പറഞ്ഞു: കർത്താവേ, വെള്ളമിളകുമ്പോൾ എന്നെ കുളത്തിലേക്കിറക്കാൻ ആരുമില്ല. ഞാൻ
എത്തുമ്പോഴേക്കും മറ്റൊരുവൻ വെള്ളത്തിൽ ഇറങ്ങിക്കഴിഞ്ഞിരിക്കും.8 യേശു അവനോടു പറഞ്ഞു:
എഴുന്നേറ്റു കിടക്കയെടുത്തു നടക്കുക.9 അവൻ തത്ക്ഷണം സുഖം പ്രാപിച്ച് കിടക്കയെടുത്തു
നടന്നു. അന്ന് സാബത്ത് ആയിരുന്നു.10 അതിനാൽ, സുഖംപ്രാപിച്ച ആ മനുഷ്യനോടു യഹൂദർ
പറഞ്ഞു: ഇന്നു സാബത്താകയാൽ കിടക്ക ചുമക്കുന്നത് നിഷിദ്ധമാണ്.11 അവൻ മറുപടി പറഞ്ഞു:
എന്നെ സുഖപ്പെടുത്തിയവൻ നിൻെറ കിടക്കയെടുത്തു നടക്കുക എന്ന് എന്നോടു പറഞ്ഞു.12
അപ്പോൾ അവർ ചോദിച്ചു: കിടക്കയെടുത്തു നടക്കുക എന്ന് നിന്നോടു പറഞ്ഞവൻ ആരാണ്?13
അവിടെ ഉണ്ടായിരുന്ന ജനക്കൂട്ടത്തിൽ യേശു മറഞ്ഞുകഴിഞ്ഞിരുന്നതിനാൽ അവൻ ആരാണെന്നു
സുഖം പ്രാപിച്ചവൻ അറിഞ്ഞിരുന്നില്ല.14 പിന്നീട് യേശു **ദേവാലയത്തിൽവച്ച്** അവനെ കണ്ടപ്പോൾ
പറഞ്ഞു: ഇതാ, നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു. കൂടുതൽ മോശമായതൊന്നും സംഭവിക്കാതിരിക്കാൻ
**മേലിൽ പാപം ചെയ്യരുത്.**15 അവൻ പോയി, യേശുവാണു തന്നെ സുഖപ്പെടുത്തിയതെന്ന് യഹൂദരെ
അറിയിച്ചു.16 സാബത്തിൽ ഇപ്രകാരം പ്രവർത്തിച്ചതിനാൽ യഹൂദർ യേശുവിനെ ദ്വേഷിച്ചു.17 യേശു
അവരോടു പറഞ്ഞു: എൻെറ പിതാവ് ഇപ്പോഴും പ്രവർത്തനനിരതനാണ്; ഞാനും പ്രവർത്തിക്കുന്നു.18
ഇതുമൂലം അവനെ വധിക്കാൻ യഹൂദർ കൂടുതലായി പരിശ്രമിച്ചു. കാരണം, അവൻ സാബത്തു
ലംഘിക്കുക മാത്രമല്ല തന്നെത്തന്നെ ദൈവതുല്യനാക്കിക്കൊണ്ട് ദൈവത്തെ തൻെറ പിതാവെന്നു
വിളിക്കുകയുംചെയ്തു.
**പുത്രൻെറ അധികാരം**
19 യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. പിതാവു
ചെയ്തുകാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കുവാൻ
സാധിക്കുകയില്ല. എന്നാൽ, പിതാവു ചെയ്യുന്നതെല്ലാം അപ്രകാരംതന്നെ പുത്രനും ചെയ്യുന്നു.20

എന്തെന്നാൽ, പിതാവു പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം അവനെ കാണിക്കുകയും ചെയ്യുന്നു. നിങ്ങൾ വിസ്മയിക്കത്തക്കവിധം ഇവയെക്കാൾ വലിയ പ്രവൃത്തികളും അവിടുന്ന് അവനെ കാണിക്കും.21 പിതാവ് മരിച്ചവരെ എഴുന്നേൽപിച്ച് അവർക്കു ജീവൻ നൽകുന്നതുപോലെതന്നെ പുത്രനും താൻ ഇച്ഛിക്കുന്നവർക്കു ജീവൻ നൽകുന്നു.22 പിതാവ് ആരെയും വിധിക്കുന്നില്ല; വിധി മുഴുവനും അവിടുന്നു **പുത്രനെ** ഏൽപിച്ചിരിക്കുന്നു.23 പിതാവിനെ ആദരിക്കുന്നതുപോലെതന്നെ, എല്ലാവരും പുത്രനെയും ആദരിക്കേണ്ടതിനാണ് ഇത്. പുത്രനെ ആദരിക്കാത്തവരാരും അവനെ അയച്ച പിതാവിനെയും ആദരിക്കുന്നില്ല.24 സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എൻെറ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവനു ശിക്ഷാവിധി ഉണ്ടാകുന്നില്ല. പ്രത്യുത, അവൻ മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നു.25 സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, മരിച്ചവർ ദൈവപുത്രൻെറ സ്വരം ശ്രവിക്കുന്ന സമയം വരുന്നു; അല്ല, വന്നുകഴിഞ്ഞു. ആ സ്വരം ശ്രവിക്കുന്നവർ ജീവിക്കും.26 എന്തെന്നാൽ, പിതാവിനു തന്നിൽത്തന്നെ ജീവനുള്ളതുപോലെ പുത്രനും തന്നിൽത്തന്നെ ജീവനുണ്ടാകാൻ അവിടുന്നു വരം നൽകിയിരിക്കുന്നു.27 മനുഷ്യപുത്രനായതുകൊണ്ട് **വിധിക്കാനുള്ള** അധികാരവും അവനു നൽകിയിരിക്കുന്നു.28 ഇതിൽ നിങ്ങൾ വിസ്മയിക്കേണ്ടാ. എന്തെന്നാൽ, **കല്ലറകളിലുള്ളവരെല്ലാം** അവൻെറ സ്വരം ശ്രവിക്കുന്ന സമയം വരുന്നു.29 അപ്പോൾ നൻമ ചെയ്തവർ ജീവൻെറ ഉയിർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തു വരും.

**യേശുവിൻെറ സാക്ഷ്യം**

30 സ്വമേധയാ ഒന്നും ചെയ്യാൻ എനിക്കു സാധിക്കുകയില്ല. ഞാൻ ശ്രവിക്കുന്നതുപോലെ, ഞാൻ വിധിക്കുന്നു. എൻെറ വിധി നീതിപൂർവകവുമാണ്. കാരണം, എൻെറ ഇഷ്ടമല്ല, എന്നെ അയച്ചവൻെറ ഇഷ്ടമാണ് ഞാൻ അന്വേഷിക്കുന്നത്.31 ഞാൻ എന്നെക്കുറിച്ചുതന്നെ സാക്ഷ്യപ്പെടുത്തുന്നെങ്കിൽ എൻെറ സാക്ഷ്യം സത്യമല്ല.32 എന്നെക്കുറിച്ചു സാക്ഷ്യം നൽകുന്ന വേറൊരാളുണ്ട്. എന്നെക്കുറിച്ചുള്ള അവൻെറ സാക്ഷ്യം സത്യമാണെന്ന് എനിക്കറിയാം.33 നിങ്ങൾ യോഹന്നാൻെറ അടുത്തേക്ക് ആളയച്ചു. **അവൻ** സത്യത്തിനു സാക്ഷ്യം നൽകുകയും ചെയ്തു.34 ഞാൻ മനുഷ്യരുടെ സാക്ഷ്യം സ്വീകരിക്കുന്നു എന്നു വിചാരിക്കേണ്ടാ; നിങ്ങൾ രക്ഷിക്ക
പ്പെടേണ്ടതിനാണ് ഞാൻ ഇതെല്ലാം പറയുന്നത്.35 കത്തിജ്വലിക്കുന്ന ഒരു വിളക്കായിരുന്നു **അവൻ.** അൽപസമയത്തേക്ക് അവൻെറ പ്രകാശത്തിൽ ആഹ്ളാദിക്കാൻ നിങ്ങൾ ഒരുക്കവുമായിരുന്നു.36 എന്നാൽ, യോഹന്നാൻേറതിനെക്കാൾ വലിയ സാക്ഷ്യം എനിക്കുണ്ട്. എന്തെന്നാൽ, ഞാൻ പൂർത്തിയാക്കാനായി പിതാവ് എന്നെ ഏൽപിച്ച ജോലികൾ - ഞാൻ ചെയ്തുകൊണ്ടിരിക്കുന്ന ജോലികൾതന്നെ - പിതാവാണ് എന്നെ അയച്ചതെന്നു സാക്ഷ്യപ്പെടുത്തുന്നു.37 എന്നെ അയച്ച **പിതാവുതന്നെ** എന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവിടുത്തെ സ്വരം നിങ്ങൾ ഒരിക്കലുംകേട്ടിട്ടില്ല, രൂപം കണ്ടിട്ടുമില്ല.38 അവിടുന്ന് അയച്ചവനെ നിങ്ങൾ വിശ്വസിക്കാത്തതുകൊണ്ട് അവിടുത്തെ വചനം നിങ്ങളിൽ വസിക്കുന്നില്ല.39 **വിശുദ്ധ ലിഖിതങ്ങൾ** നിങ്ങൾ പഠിക്കുന്നു, എന്തെന്നാൽ, അവയിൽ **നിത്യജീവൻ** ഉണ്ടെന്നു നിങ്ങൾ വിചാരിക്കുന്നു. അവതന്നെയാണ് എന്നെക്കുറിച്ചു സാക്ഷ്യം നൽകുന്നത്.40 എന്നിട്ടും നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിന് എൻെറ അടുത്തേക്കുവരാൻ നിങ്ങൾ വിസമ്മതിക്കുന്നു.41 മനുഷ്യരിൽനിന്നു ഞാൻ **മഹത്വം** സ്വീകരിക്കുന്നില്ല.42 എനിക്കു നിങ്ങളെ അറിയാം. നിങ്ങളിൽ ദൈവസ്നേഹമില്ല.43 ഞാൻ എൻെറ പിതാവിൻെറ നാമത്തിൽ വന്നിരിക്കുന്നു. എന്നിട്ടും നിങ്ങൾ എന്നെ സ്വീകരിക്കുന്നില്ല. എന്നാൽ, മറ്റൊരുവൻ സ്വന്തം നാമത്തിൽ വന്നാൽ നിങ്ങൾ അവനെ സ്വീകരിക്കും.44 പരസ്പരം മഹത്വം സ്വീകരിക്കുകയും ഏകദൈവത്തിൽനിന്നു വരുന്ന മഹത്വം അന്വേഷിക്കാതിരിക്കുകയും ചെയ്യുന്ന നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കാൻ കഴിയും?45 പിതാവിൻെറ സന്നിധിയിൽ ഞാനായിരിക്കും നിങ്ങളെ കുറ്റപ്പെടുത്തുന്നത് എന്നു നിങ്ങൾ വിചാരിക്കേണ്ടാ. നിങ്ങൾ പ്രത്യാശ അർപ്പിച്ചിരിക്കുന്നമോശയായിരിക്കും നിങ്ങളെ കുറ്റപ്പെടുത്തുക.46 നിങ്ങൾ മോശയെ വിശ്വസിച്ചിരുന്നെങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു. കാരണം, എന്നെക്കുറിച്ച് അവൻ എഴുതിയിരിക്കുന്നു.47 എന്നാൽ, അവൻ എഴുതിയവനിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ പിന്നെ എൻെറ വാക്കുകൾ എങ്ങനെ വിശ്വസിക്കും?

## Questions

184. ബേത്സഥാ കുളം എവിടെയാണ് സ്ഥിതിചെയ്തിരുന്നത്?

ജറുസലെമിൽ അജകവാടത്തിനടുത്ത് (5,2)

185. ''ഇതാ നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു'' യേശു എവിടെവച്ചാണ് ഇത് പറഞ്ഞത്?

ദേവാലയത്തിൽ വച്ച് (5,14)
186. കൂടുതൽ മോശമായതൊന്നും സംഭവിക്കാതിരിക്കാൻ എന്ത് ചെയ്യരുതെന്നാണ് യേശു പറയുന്നത്?
മേലിൽ പാപം ചെയ്യരുത് (5,14)
187. വിധി മുഴുവൻ ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്?
പുത്രനെ (5,22)
188. പിതാവിന് തന്നിൽത്തന്നെ ജീവനുള്ളതുപോലെ പുത്രനും തന്നിൽത്തന്നെ ജീവനുണ്ടാകാൻ അവിടുന്ന് നൽകിയിരിക്കുന്നത് എന്ത്?
വരം (5,26)
189. മനുഷ്യപുത്രനായതുകൊണ്ട് എന്തിനുള്ള അധികാരമാണ് നൽകിയിരിക്കുന്നത്?
വിധിക്കാൻ (5,27)
190. . . . . . . . ൽ ഉള്ളവരെല്ലാം അവന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. പൂരിപ്പിക്കുക.
കല്ലറകളിൽ (5,28)
191. സത്യത്തിന് സാക്ഷ്യം നൽകിയവൻ ആര്?
യോഹന്നാൻ (5,33)
192. കത്തിജ്വലിക്കുന്ന ഒരു വിളക്കായിരുന്നു അവൻ. ആര്?
യോഹന്നാൻ (5,35)
193. ആരാണ് യേശുവിനെ കുറിച്ച് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്?
പിതാവു തന്നെ (5,37)
194. . . . . . . നിങ്ങൾ പഠിക്കുന്നു. എന്തെന്നാൽ അവയിൽ . . . . . . ഉണ്ടെന്ന് നിങ്ങൾ വിചാരിക്കുന്നു. പൂരിപ്പിക്കുക.
വിശുദ്ധ ലിഖിതങ്ങൾ, നിത്യജീവൻ (5,39)
195. യേശുവിനെക്കുറിച്ച് സാക്ഷ്യം നൽകുന്നത് എന്ത്?
വി. ലിഖിതങ്ങൾ (5,39)
196. മനുഷ്യരിൽ നിന്ന് ഞാൻ . . . . . . സ്വീകരിക്കുന്നില്ല. പൂരിപ്പിക്കുക.
മഹത്വം (5,41)

**വചനഭാഗം: വി. യോഹന്നാൻ 6**

**അപ്പം വർധിപ്പിക്കുന്നു**
(മത്തായി 14:13-14:21 ) (മർക്കോസ് 6:30-6:44) (ലൂക്കാ 9:10-9:17)

1 യേശു തിബേരിയാസ് എന്നുകൂടി വിളിക്കപ്പെടുന്ന ഗലീലിക്കടലിൻെറ മറുകരയിലേക്കു പോയി.2
**വലിയ ഒരു ജനക്കൂട്ടം** അവനെ അനുഗമിച്ചു. കാരണം, രോഗികളിൽ അവൻ പ്രവർത്തിച്ച
അടയാളങ്ങൾ അവർ കണ്ടിരുന്നു.3 യേശു മലയിലേക്കു കയറി ശിഷ്യൻമാരോടുകൂടെ
അവിടെയിരുന്നു.4 **യഹൂദരുടെ പെസഹാത്തിരുനാൾ** അടുത്തിരുന്നു.5 യേശു കണ്ണുകളുയർത്തി ഒരു
വലിയ ജനതതി തൻെറ അടുത്തേക്കു വരുന്നതു കണ്ടു. **അവൻ പീലിപ്പോസിനോടു** ചോദിച്ചു:
ഇവർക്കു ഭക്ഷിക്കുവാൻ നാം എവിടെനിന്ന് അപ്പം വാങ്ങും?6 അവനെ പരീക്ഷിക്കാനാണ് യേശു
ഇങ്ങനെ ചോദിച്ചത്. എന്തു ചെയ്യണമെന്ന് യേശു നേരത്തെ മനസ്സിൽ കരുതിയിരുന്നു.7
പീലിപ്പോസ് മറുപടി പറഞ്ഞു: ഓരോരുത്തർക്കും അൽപം വീതം കൊടുക്കുവാൻ ഇരുനൂറു
ദനാറയ്ക്കുള്ള അപ്പംപോലും തികയുകയില്ല.8 ശിഷ്യൻമാരിലൊരുവനും ശിമയോൻ പത്രോസിൻെറ
സഹോദരനുമായ അന്ത്രയോസ് അവനോടു പറഞ്ഞു:9 അഞ്ചു ബാർലിയപ്പവും രണ്ടു മീനും
കൈവശമുള്ള ഒരു കുട്ടി ഇവിടെയുണ്ട്. എന്നാൽ, ഇത്രയും പേർക്ക് അതെന്തുണ്ട്?10 യേശു പറഞ്ഞു:
ആളുകളെയെല്ലാം ഭക്ഷണത്തിനിരുത്തുവിൻ. ആ സ്ഥലത്തു പുല്ലു തഴച്ചുവളർന്നിരുന്നു.
**അയ്യായിരത്തോളം** വരുന്ന പുരുഷൻമാർ അവിടെ ഇരുന്നു.11 അനന്തരം യേശു അപ്പമെടുത്ത്
കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്കു വിതരണം ചെയ്തു; അതുപോലെതന്നെ മീനും
വേണ്ടത്രനൽകി.12 അവർ ഭക്ഷിച്ചു തൃപ്തരായപ്പോൾ അവൻ ശിഷ്യൻമാരോടു പറഞ്ഞു: ഒന്നും
നഷ്ടപ്പെടാതെ മിച്ചമുള്ള കഷണങ്ങളെല്ലാം ശേഖരിക്കുവിൻ.13 അഞ്ചു ബാർലിയപ്പത്തിൽനിന്നു
ജനങ്ങൾ ഭക്ഷിച്ചതിനുശേഷം മിച്ചം വന്ന കഷണങ്ങൾ **പന്ത്രണ്ടു** കുട്ട നിറയെ അവർ ശേഖരിച്ചു.
അവൻ പ്രവർത്തിച്ച അടയാളം കണ്ട **ജനങ്ങൾ** പറഞ്ഞു:14 ലോകത്തിലേക്കു വരാനിരുന്ന പ്രവാചകൻ
സത്യമായും ഇവനാണ്.15 അവർ വന്നു തന്നെ രാജാവാക്കാൻവേണ്ടി ബലമായി

പിടിച്ചുകൊണ്ടുപോകാൻ ഭാവിക്കുന്നു എന്നു മനസ്സിലാക്കിയ യേശു വീണ്ടും തനിയെ മലമുകളിലേക്കു പിൻമാറി.

**വെള്ളത്തിനുമീതേ നടക്കുന്നു**

16 വൈകുന്നേരമായപ്പോൾ അവൻെറ ശിഷ്യൻമാർ കടൽക്കരയിലേക്കു പോയി.17 അവർ ഒരു വള്ളത്തിൽ കയറി കടലിനക്കരെ **കഫർണാമിലേക്കു** പുറപ്പെട്ടു. അപ്പോൾ നേരം ഇരുട്ടിത്തുടങ്ങി; യേശു അവരുടെ അടുക്കലെത്തിയിരുന്നുമില്ല.18 ശക്തിയേറിയ കാറ്റടിച്ചിരുന്നതുകൊണ്ട് കടൽ ക്ഷോഭിച്ചു.19 ഇരുപത്തഞ്ചോ മുപ്പതോ സ്താദിയോൺ ദൂരം തണ്ടു വലിച്ചു കഴിഞ്ഞപ്പോൾ യേശു കടലിനുമീതേ നടന്ന് വള്ളത്തെ സമീപിക്കുന്നതു കണ്ട് അവർ ഭയപ്പെട്ടു.20 അവൻ അവരോടു പറഞ്ഞു: ഞാനാണ്; ഭയപ്പെടേണ്ടാ.21 അവനെ വള്ളത്തിൽ കയറ്റാൻ അവരാഗ്രഹിച്ചു. പെട്ടെന്ന് വള്ളം അവർ ലക്ഷ്യം വച്ചിരുന്ന കരയ്ക്ക് അടുത്തു.22 അവിടെ ഒരു വള്ളം മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നും ശിഷ്യൻമാരോടുകൂടി യേശു അതിൽ കയറിയിരുന്നില്ല എന്നും ശിഷ്യൻമാർ തനിയേ ആണു പോയതെന്നും കടലിൻെറ മറുകരെ നിന്ന ആളുകൾ പിറ്റേദിവസം മനസ്സിലാക്കി.23 കർത്താവ് കൃതജ്ഞതാസ്തോത്രം ചെയ്തു നൽകിയ അപ്പം ജനങ്ങൾ ഭക്ഷിച്ച ആ സ്ഥലത്തിനടുത്തേക്കു തിബേരിയാസിൽനിന്നു മറ്റു വള്ളങ്ങൾ വന്നു.24 യേശുവോ ശിഷ്യൻമാരോ അവിടെയില്ലെന്നു കണ്ടപ്പോൾ ജനക്കൂട്ടം വള്ളങ്ങളിൽ കയറി യേശുവിനെത്തിരക്കി **കഫർണാമിലെത്തി.**

**ജീവൻെറ അപ്പം**

25 യേശുവിനെ കടലിൻെറ മറുകരയിൽ കണ്ടെത്തിയപ്പോൾ അവർ ചോദിച്ചു: റബ്ബീ, അങ്ങ് എപ്പോൾ ഇവിടെയെത്തി?26 യേശു പ്രതിവചിച്ചു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അടയാളങ്ങൾ കണ്ടതുകൊണ്ടല്ല, അപ്പം ഭക്ഷിച്ചു തൃപ്തരായതുകൊണ്ടാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്.27 നശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവൻെറ അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കുവിൻ. എന്തെന്നാൽ, പിതാവായ ദൈവം അവൻെറ മേൽ **അംഗീകാരമുദ്ര**വച്ചിരിക്കുന്നു.28 അപ്പോൾ അവർ ചോദിച്ചു: ദൈവഹിതമനുസരിച്ചു പ്രവർത്തിക്കുന്നവരാകാൻ ഞങ്ങൾ എന്തു ചെയ്യണം?29 യേശു മറുപടി പറഞ്ഞു: ഇതാണു ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി - അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക.30 അപ്പോൾ അവർ ചോദിച്ചു: ഞങ്ങൾ കണ്ട് നിന്നെ വിശ്വസിക്കേണ്ടതിന് എന്തടയാളമാണു നീ ചെയ്യുക? എന്താണു നീ പ്രവർത്തിക്കുക?31 അവിടുന്ന് അവർക്കു ഭക്ഷിക്കുവാൻ സ്വർഗത്തിൽനിന്ന് അപ്പം കൊടുത്തു എന്നെഴുതപ്പെട്ടിരിക്കുന്നതുപോലെ, ഞങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽവച്ചു മന്നാ ഭക്ഷിച്ചു.32 യേശു മറുപടി പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, **മോശയല്ല** നിങ്ങൾക്ക് സ്വർഗത്തിൽനിന്ന് അപ്പം തന്നത്; എൻെറ പിതാവാണ് സ്വർഗത്തിൽനിന്ന് നിങ്ങൾക്കുയഥാർഥമായ അപ്പം തരുന്നത്.33 എന്തെന്നാൽ, ദൈവത്തിൻെറ അപ്പം സ്വർഗത്തിൽനിന്നിറങ്ങിവന്ന് ലോകത്തിനു **ജീവൻ** നൽകുന്നതത്രേ.34 അപ്പോൾ അവർ അവനോട് അപേക്ഷിച്ചു: കർത്താവേ, ഈ അപ്പം ഞങ്ങൾക്ക് എപ്പോഴും നൽകണമേ.35 യേശു അവരോടു പറഞ്ഞു: ഞാനാണ് ജീവൻെറ അപ്പം. എൻെറ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല.36 എന്നാൽ, നിങ്ങൾ എന്നെക്കണ്ടിട്ടും വിശ്വസിക്കുന്നില്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞിട്ടുണ്ടല്ലോ.37 പിതാവ് എനിക്കു **നൽകുന്നവരെല്ലാം** എൻെറ അടുത്തു വരും. എൻെറ അടുക്കൽ വരുന്നവനെ ഞാൻ ഒരിക്കലും തള്ളിക്കളയുകയുമില്ല.38 ഞാൻ സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്നിരിക്കുന്നത് എൻെറ ഇഷ്ടം പ്രവർത്തിക്കാനല്ല, എന്നെ അയച്ചവൻെറ ഇഷ്ടം നിറവേറ്റാനാണ്.39 അവിടുന്ന് എനിക്കു നൽകിയവരിൽ ഒരുവനെപ്പോലും ഞാൻ നഷ്ടപ്പെടുത്താതെ, **അന്ത്യദിനത്തിൽ** ഉയിർപ്പിക്കണമെന്നതാണ് എന്നെ അയച്ചവൻെറ ഇഷ്ടം.40 പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവനു **നിത്യജീവൻ** ഉണ്ടാകണമെന്നതാണ് എൻെറ പിതാവിൻെറ ഇഷ്ടം. അന്ത്യദിനത്തിൽ അവനെ ഞാൻ ഉയിർപ്പിക്കുകയും ചെയ്യും.41 സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം ഞാനാണ് എന്ന് അവൻ പറഞ്ഞതിനാൽ **യഹൂദർ** അവനെതിരേ പിറുപിറുത്തു.42 അവർ പറഞ്ഞു: ഇവൻ ജോസഫിൻെറ മകനായ യേശുവല്ലേ? ഇവൻെറ പിതാവിനെയും മാതാവിനെയും നമുക്കറിഞ്ഞുകൂടേ? പിന്നെയെങ്ങനെയാണ്, ഞാൻ സ്വർഗത്തിൽനിന്നിറങ്ങിവന്നിരിക്കുന്നു എന്ന് ഇവൻ പറയുന്നത്?43 യേശു അവരോടു പറഞ്ഞു: നിങ്ങൾ പരസ്പരം പിറുപിറുക്കേണ്ടതില്ല.44 എന്നെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എൻെറ അടുക്കലേക്കു വരാൻ സാധിക്കുകയില്ല. അന്ത്യദിനത്തിൽ അവനെ ഞാൻ ഉയിർപ്പിക്കും.45 അവരെല്ലാവരും ദൈവത്താൽ പഠിപ്പിക്കപ്പെട്ടവരാകും എന്ന് പ്രവാചകഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു. പിതാവിൽനിന്നു ശ്രവിക്കുകയും പഠിക്കുകയും ചെയ്തവരെല്ലാം എൻെറ അടുക്കൽ വരുന്നു.46 ആരെങ്കിലും പിതാവിനെ കണ്ടിട്ടുണ്ട് എന്നല്ല ഇതിനർഥം. ദൈവത്തിൽനിന്നുള്ളവൻമാത്രമേ പിതാവിനെ കണ്ടിട്ടുള്ളൂ.47 സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, വിശ്വസിക്കുന്നവനു **നിത്യജീവനുണ്ട്**.48 ഞാൻ ജീവൻെറ അപ്പമാണ്.49 നിങ്ങളുടെ

പിതാക്കൻമാർ മരുഭൂമിയിൽവച്ചു മന്നാ ഭക്ഷിച്ചു; എങ്കിലും അവർ മരിച്ചു.50 ഇതാകട്ടെ, മനുഷ്യൻ ഭക്ഷിക്കുന്നതിനുവേണ്ടി സ്വർഗത്തിൽനിന്നിറങ്ങിയ അപ്പമാണ്. ഇതു ഭക്ഷിക്കുന്നവൻമരിക്കുകയില്ല.51 സ്വർഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിൻെറ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എൻെറ ശരീരമാണ്.52 ഇതെപ്പറ്റി **യഹൂദർക്കിടയിൽ** തർക്കമുണ്ടായി. തൻെറ ശരീരം നമുക്കു ഭക്ഷണമായിത്തരാൻ ഇവന് എങ്ങനെ കഴിയും എന്ന് അവർ ചോദിച്ചു.53 യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രൻെറ ശരീരം ഭക്ഷിക്കുകയും അവൻെറ രക്തം പാനംചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾക്കു **ജീവൻ** ഉണ്ടായിരിക്കുകയില്ല.54 എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും.55 എന്തെന്നാൽ, എൻെറ ശരീരംയഥാർഥ ഭക്ഷണമാണ്. എൻെറ രക്തംയഥാർഥ പാനീയവുമാണ്.56 എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു.57 ജീവിക്കുന്നവനായ പിതാവ് എന്നെ അയച്ചു; ഞാൻ പിതാവുമൂലം ജീവിക്കുന്നു. അതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും.58 ഇതു സ്വർഗത്തിൽനിന്നിറങ്ങിവന്ന അപ്പമാണ്. പിതാക്കൻമാർ മന്നാ ഭക്ഷിച്ചു; എങ്കിലും മരിച്ചു. അതുപോലെയല്ല ഈ അപ്പം. ഇതു ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും.59 **കഫർണാമിലെ സിനഗോഗിൽ** പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണ് അവൻ ഇതു പറഞ്ഞത്.

**നിത്യജീവൻെറ വചസ്സുകൾ**

60 ഇതുകേട്ട് അവൻെറ ശിഷ്യരിൽ പലരും പറഞ്ഞു: ഈ വചനം കഠിനമാണ്. ഇതു ശ്രവിക്കാൻ ആർക്കു കഴിയും?61 തൻെറ ശിഷ്യൻമാർ പിറുപിറുക്കുന്നു എന്നു മനസ്സിലാക്കി യേശു അവരോടു ചോദിച്ചു: ഇതു നിങ്ങൾക്ക് ഇടർച്ചവരുത്തുന്നുവോ?62 അങ്ങനെയെങ്കിൽ മനുഷ്യപുത്രൻ ആദ്യം ആയിരുന്നിടത്തേക്ക് ആരോഹണം ചെയ്യുന്നതു നിങ്ങൾ കണ്ടാലോ?63 **ആത്മാവാണു** ജീവൻ നൽകുന്നത്; ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. നിങ്ങളോടു ഞാൻ പറഞ്ഞവാക്കുകൾ ആത്മാവും ജീവനുമാണ്.64 എന്നാൽ, വിശ്വസിക്കാത്തവരായി നിങ്ങളിൽ ചിലരുണ്ട്. അവർ ആരെന്നും തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവൻ ആരെന്നും ആദ്യം മുതലേ അവൻ അറിഞ്ഞിരുന്നു.65 അവൻ പറഞ്ഞു: ഇതുകൊണ്ടാണ്, പിതാവിൽനിന്നു വരം ലഭിച്ചാലല്ലാതെ എൻെറയടുക്കലേക്കു വരാൻ ആർക്കും സാധിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞത്.66 ഇതിനുശേഷം അവൻെറ ശിഷ്യൻമാരിൽ വളരെപ്പേർ അവനെ വിട്ടുപോയി; അവർ പിന്നീടൊരിക്കലും അവൻെറ കൂടെ നടന്നില്ല.67 യേശു പന്ത്രണ്ടുപേരോടുമായി ചോദിച്ചു: നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ?68 ശിമയോൻ പത്രോസ് മറുപടി പറഞ്ഞു: കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കു പോകും? നിത്യജീവൻെറ വചനങ്ങൾ നിൻെറ പക്കലുണ്ട്.69 നീയാണു **ദൈവത്തിൻെറ പരിശുദ്ധൻ** എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു.70 യേശു അവരോടു പറഞ്ഞു: നിങ്ങൾ പന്ത്രണ്ടുപേരെ ഞാൻ തിരഞ്ഞെടുത്തില്ലേ? എന്നാൽ നിങ്ങളിൽ ഒരുവൻ പിശാചാണ്.71 അവൻ ഇതു പറഞ്ഞത് ശിമയോൻ സ്കറിയോത്തായുടെ മകനായ യൂദാസിനെക്കുറിച്ചാണ്. എന്തെന്നാൽ, പന്ത്രണ്ടുപേരിലൊരുവനായ അവനാണ് യേശുവിനെ ഒറ്റിക്കൊടുക്കാനിരുന്നത്.

## Questions

197. ഗലീലി കടലിൻ്റെ മറ്റൊരു പേര്?

തിബേരിയാസ് (6,1)

198. യേശു ഗലീലി കടലിൻ്റെ മറുകരയിലേക്ക് പോയപ്പോൾ ആരാണ് അനുഗമിച്ചത്?

വലിയ ഒരു ജനക്കൂട്ടം (6,2)

199. യേശു ഗലീലി കടലിൻ്റെ മറുകരയിലേക്ക് പോയപ്പോൾ അവിടെ ഏത് തിരുനാളാണ് അടുത്തിരുന്നത്?

യഹൂദരുടെ പെസഹാ തിരുനാൾ (6,4)

200. ''ഇവർക്കു ഭക്ഷിക്കാൻ നാം എവിടെനിന്ന് അപ്പം വാങ്ങും?'' ആര് ആരോട് ചോദിച്ചു?

യേശു പീലിപ്പോസിനോട് (6,5)

201. ഓരോരുത്തർക്കും അൽപം വീതം കൊടുക്കാൻ എത്ര ദനാറയ്ക്കുള്ള അപ്പം പോലും തികയില്ല എന്നാണ് പറയുന്നത്?

ഇരുനൂറ് (6,7)

202. എത്ര പുരുഷന്മാരാണ് ഭക്ഷണത്തിനിരുന്നത്?

അയ്യായിരത്തോളം (6,10)

203. അഞ്ചു ബാർലിയപ്പത്തിൽ നിന്ന് ജനങ്ങൾ ഭക്ഷിച്ചതിനുശേഷം മിച്ചം വന്ന കഷണങ്ങൾ എത്ര

കുട്ട ശേഖരിച്ചു?
പന്ത്രണ്ട് (6,13)
204. ''ലോകത്തിലേക്ക് വരാനിരുന്ന പ്രവാചകൻ സത്യമായും ഇവനാണ്'' ആരാണ് പറഞ്ഞത്?
ജനങ്ങൾ (6,14)
205. വൈകുന്നേരമായപ്പോൾ ശിഷ്യന്മാർ എവിടേക്കാണ് പോയത്?
കടൽക്കരയിലേക്ക് (6,16)
206. ശിഷ്യന്മാർ വള്ളത്തിൽ കയറി എവിടേക്കാണ് പുറപ്പെട്ടത്?
കഫർണാമിലേക്ക് (6,17)
207. ഇരുപത്തഞ്ചോ മുപ്പതോ സ്താദിയോൺ എത്ര കിലോമീറ്റർ ആണ്?
അഞ്ചോ ആറോ കിലോമീറ്റർ (Foot note)
208. ജനക്കൂട്ടം വള്ളങ്ങളിൽ കയറി യേശുവിനെ തിരക്കി എവിടെയാണ് എത്തിയത്?
കഫർണാം (6,24)
209. പിതാവായ ദൈവം യേശുവിന്റെമേൽ വച്ചിരിക്കുന്നത് എന്ത്?
അംഗീകാരമുദ്ര (6,27)
210. . . . . . . . അല്ല നിങ്ങൾക്ക് സ്വർഗത്തിൽനിന്ന് അപ്പം തന്നത്. പൂരിപ്പിക്കുക
മോശ (6,32)
211. ദൈവത്തിന്റെ അപ്പം സ്വർഗത്തിൽനിന്നിറങ്ങി വന്ന് ലോകത്തിന് . . . . . . . . നൽകുന്നതത്രേ. പൂരിപ്പിക്കുക
ജീവൻ (6,33)
212. പിതാവ് എനിക്ക് . . . . . . എന്റെ അടുത്തുവരും. പൂരിപ്പിക്കുക
നൽകുന്നവരെല്ലാം (6,37)
213. അവിടുന്ന് എനിക്ക് നൽകിയവരിൽ ഒരുവനെപോലും നഷ്ടപ്പെടുത്താതെ എന്നാണ് ഉയിർപ്പിക്കേണ്ടത്?
അന്ത്യദിനത്തിൽ (6,39)
214. പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവന് . . . . . ഉണ്ടാകണമെന്നാണ് എന്റെ പിതാവിന്റെ ഇഷ്ടം. പൂരിപ്പിക്കുക.
നിത്യജീവൻ (6,40)
215. സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം ഞാനാണ് എന്ന് പറഞ്ഞതിനാൽ യേശുവിനെതിരേ പിറുപിറുത്തത് ആര്?
യഹൂദർ (6,41)
216. വിശ്വസിക്കുന്നവന് . . . . . ഉണ്ട്. പൂരിപ്പിക്കുക.
നിത്യജീവൻ (6,47)
217. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണെന്ന് ഈശോ പറഞ്ഞപ്പോൾ ആരുടെ ഇടയിലാണ് തർക്കമുണ്ടായത്?
യഹൂദർക്കിടയിൽ (6,52)
218. നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് . . . . . . . ഉണ്ടായിരിക്കുകയില്ല. പൂരിപ്പിക്കുക.
ജീവൻ (6,53)
219. സ്വർഗത്തിൽ നിന്നിറങ്ങിവന്ന അപ്പത്തെ കുറിച്ച് ഈശോ എവിടെവച്ചാണ് പറഞ്ഞത്?
കഫർണാമിലെ സിനഗോഗിൽ (6,59)
220. ആരാണ് ജീവൻ നൽകുന്നത്?
ആത്മാവ് (6,63)
221. നീയാണു . . . . . . . എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു. പൂരിപ്പിക്കുക
ദൈവത്തിന്റെ പരിശുദ്ധൻ (6,69)

**വചനഭാഗം: വി. യോഹന്നാൻ 7**

**കൂടാരത്തിരുനാൾ**
1 യേശു ***ഗലീലിയിൽ*** ചുറ്റിസഞ്ചരിച്ചുകൊണ്ടിരുന്നു. യഹൂദർ അവനെ വധിക്കാൻ അവസരം
പാർത്തിരുന്നതിനാൽ **യൂദയായിൽ** സഞ്ചരിക്കാൻ അവൻ ഇഷ്ടപ്പെട്ടില്ല.2 യഹൂദരുടെ

കൂടാരത്തിരുനാൾ സമീപിച്ചിരുന്നു.3 അവൻെറ സഹോദരൻമാർ അവനോടു പറഞ്ഞു: നീ ചെയ്യുന്ന പ്രവൃത്തികൾ നിൻെറ ശിഷ്യൻമാർ കാണേണ്ടതിന് നീ ഇവിടംവിട്ടുയൂദയായിലേക്കു പോവുക.4 പരസ്യമായി അറിയപ്പെടാൻ ആഗ്രഹിക്കുന്നവൻ രഹസ്യമായി പ്രവർത്തിക്കുകയില്ല. നീ ഇതെല്ലാം ചെയ്യുന്നെങ്കിൽ, നിന്നെ ലോകത്തിനു വെളിപ്പെടുത്തുക.5 അവൻെറ സഹോദരൻമാർപോലും അവനിൽ വിശ്വസിച്ചിരുന്നില്ല.6 യേശു പറഞ്ഞു: എൻെറ സമയം ഇതുവരെയും ആയിട്ടില്ല. നിങ്ങൾക്കാകട്ടെ എപ്പോഴും അനുകൂലമായ സമയമാണല്ലോ.7 ലോകത്തിനു നിങ്ങളെ വെറുക്കാൻ സാധിക്കുകയില്ല. എന്നാൽ, അതിൻെറ പ്രവൃത്തികൾ തിൻമയാണെന്നു ഞാൻ സാക്ഷ്യപ്പെടു ത്തുന്നതിനാൽ അത് എന്നെ വെറുക്കുന്നു.8 നിങ്ങൾ തിരുനാളിനു പൊയ്ക്കൊള്ളുവിൻ. ഞാൻ ഈ തിരുനാളിനു പോകുന്നില്ല. എന്തെന്നാൽ, എൻെറ സമയം ഇനിയും പൂർത്തിയായിട്ടില്ല.9 ഇപ്രകാരം പറഞ്ഞ് അവൻ **ഗലീലിയിൽ**ത്തന്നെതാമസിച്ചു.10 എന്നാൽ, അവൻെറ സഹോദരൻമാർ തിരുനാളിനു പോയതിനുശേഷം അവനും പോയി; പരസ്യമായല്ല, രഹസ്യമായി.11 അവനെവിടെ എന്നു ചോദിച്ചുകൊണ്ട് തിരുനാളിൽ **യഹൂദർ** അവനെ അന്വേഷിച്ചു കൊണ്ടിരുന്നു.12 **ആളുകൾ** അവനെപ്പറ്റി രഹസ്യമായി പലതും പറഞ്ഞിരുന്നു. അവൻ ഒരു നല്ല മനുഷ്യനാണ് എന്നു ചിലർ പറഞ്ഞു. അല്ല, അവൻ ജനങ്ങളെ വഴിപിഴപ്പിക്കുന്നു എന്നു മറ്റു ചിലരും.13 എങ്കിലും **യഹൂദരെ ഭയന്ന്** ആരും അവനെപ്പറ്റി പരസ്യമായി ഒന്നും സംസാരിച്ചില്ല.

**യേശുവിൻെറ വിജ്ഞാനം**

14 തിരുനാൾ പകുതിയായപ്പോൾ യേശു ദേവാലയത്തിൽ ചെന്നു പഠിപ്പിച്ചുതുടങ്ങി.15 ഒന്നും പഠിച്ചിട്ടില്ലാതിരിക്കെ, ഇവന് ഇത്ര അറിവ് എവിടെനിന്നു കിട്ടി എന്നു പറഞ്ഞു യഹൂദർ വിസ്മയിച്ചു.16 യേശു പറഞ്ഞു: എൻെറ പ്രബോധനം എൻെറ സ്വന്തമല്ല, എന്നെ അയച്ചവൻേറതത്രേ.17 അവിടുത്തെ ഇഷ്ടം നിറവേറ്റാൻമനസ്സുള്ളവൻ ഈ പ്രബോധനം ദൈവത്തിൽനിന്നുള്ളതോ അതോ ഞാൻ സ്വയം നൽകുന്നതോ എന്നു മനസ്സിലാക്കും.18 സ്വമേധയാ സംസാരിക്കുന്നവൻ സ്വന്തം മഹത്വം അന്വേഷിക്കുന്നു; എന്നാൽ, തന്നെ അയച്ചവൻെറ മഹത്വം അന്വേഷിക്കുന്നവൻ **സത്യവാനാണ്.** അവനിൽ അനീതിയില്ല.19 മോശ നിങ്ങൾക്കു നിയമം നൽകിയില്ലേ? എന്നിട്ടും നിങ്ങളാരും നിയമം പാലിക്കുന്നില്ല. എന്തുകൊണ്ടാണ് നിങ്ങൾ എന്നെ കൊല്ലാൻ ആലോചിക്കുന്നത്?20 ജനങ്ങൾ പറഞ്ഞു: നിനക്കു പിശാചുണ്ട്. ആരാണു നിന്നെ കൊല്ലാൻ ആലോചിക്കുന്നത്?21 യേശു പ്രതിവചിച്ചു: ഞാൻ ഒരു പ്രവൃത്തി ചെയ്തു. അതിൽ നിങ്ങളെല്ലാവരും ആശ്ചര്യപ്പെടുന്നു.22 മോശ നിങ്ങൾക്കു പരിച്ഛേദന നിയമം നൽകിയിരിക്കുന്നു. വാസ്തവത്തിൽ അതു മോശയിൽനിന്നല്ല, പിതാക്കൻമാരിൽനിന്നാണ്. അതനുസരിച്ച് സാബത്തിൽ ഒരുവനു നിങ്ങൾ പരിച്ഛേദനം നടത്തുന്നു.23 മോശയുടെ നിയമം ലംഘിക്കാതിരിക്കുന്നതിന് ഒരുവൻ സാബത്തു ദിവസം പരിച്ഛേദനം സ്വീകരിക്കുന്നുവെങ്കിൽ, സാബത്തുദിവസം ഒരു മനുഷ്യനെ ഞാൻ പൂർണമായി സുഖമാക്കിയതിനു നിങ്ങൾ എന്നോടു കോപിക്കുന്നുവോ?24 പുറമേ കാണുന്നതനുസരിച്ചു വിധിക്കാതെ നീതിയായി വിധിക്കുവിൻ.

**ഇവനാണോ ക്രിസ്തു?**

25 **ജറുസലെം നിവാസികളിൽ ചിലർ** പറഞ്ഞു: ഇവനെയല്ലേ അവർ കൊല്ലാൻ അന്വേഷിക്കുന്നത്?26 എന്നാൽ ഇതാ, ഇവൻ പരസ്യമായി സംസാരിക്കുന്നു. എന്നിട്ടും അവർ ഇവനോട് ഒന്നും പറയുന്നില്ല. ഇവൻതന്നെയാണു ക്രിസ്തുവെന്ന് ഒരുപക്ഷേ **അധികാരികൾ** യഥാർഥത്തിൽ അറിഞ്ഞിരിക്കുമോ?27 ഇവൻ എവിടെനിന്നു വരുന്നു എന്നു നമുക്കറിയാം. എന്നാൽ, ക്രിസ്തു വരുമ്പോൾ എവിടെനിന്നാണു വരുന്നതെന്ന് ആരും അറിയുകയില്ലല്ലോ.28 ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ യേശു ഉച്ചത്തിൽ പറഞ്ഞു: ഞാൻ ആരാണെന്നും എവിടെനിന്നു വരുന്നുവെന്നും നിങ്ങൾക്കറിയാം. എന്നാൽ ഞാൻ സ്വമേധയാ വന്നവനല്ല. എന്നെ അയച്ചവൻ സത്യവാനാണ്. അവിടുത്തെനിങ്ങൾക്ക് അറിഞ്ഞുകൂടാ.29 എനിക്ക് അവിടുത്തെ അറിയാം. എന്തെന്നാൽ, ഞാൻ അവിടുത്തെ അടുക്കൽനിന്നു വരുന്നു. അവിടുന്നാണ് എന്നെ അയച്ചത്.30 അവനെ ബന്ധിക്കാൻ അവർ ശ്രമിച്ചു; എന്നാൽ ആർക്കും അവനെ പിടിക്കാൻ കഴിഞ്ഞില്ല. അവൻെറ സമയം ഇനിയും വന്നിരുന്നില്ല.31 ജനക്കൂട്ടത്തിൽ വളരെപ്പേർ അവനിൽ വിശ്വസിച്ചു. അവർ ചോദിച്ചു: ക്രിസ്തു വരുമ്പോൾ ഇവൻ പ്രവർത്തിച്ചതിലേറെ അടയാളങ്ങൾ പ്രവർത്തിക്കുമോ?

**വേർപാടിനെക്കുറിച്ച്**

32 ജനക്കൂട്ടം അവനെക്കുറിച്ചു പിറുപിറുക്കുന്നത് **ഫരിസേയർ** കേട്ടു. **പുരോഹിത പ്രമുഖൻമാരും ഫരിസേയരും** അവനെ ബന്ധിക്കാൻ സേവകരെ അയച്ചു.33 യേശു പറഞ്ഞു: അൽപസമയംകൂടി ഞാൻ നിങ്ങളോടുകൂടെയുണ്ട്. അതിനുശേഷം ഞാൻ എന്നെ **അയച്ചവൻെറ അടുത്തേക്കു** പോകും.34

നിങ്ങൾ എന്നെ അന്വേഷിക്കും; കണ്ടെത്തുകയില്ല. ഞാൻ ആയിരിക്കുന്നിടത്തു വരാൻ നിങ്ങൾക്കു സാധിക്കുകയില്ല.35 യഹൂദർ പരസ്പരം പറഞ്ഞു: നമുക്കു കണ്ടെത്താൻ കഴിയാത്തവിധം എവിടേക്കാണ് അവൻ പോവുക? ഗ്രീക്കുകാരുടെയിടയിൽ ചിതറിപ്പാർക്കുന്നവരുടെ അടുക്കൽ പോയി ഗ്രീക്കുകാരെ പഠിപ്പിക്കാനായിരിക്കുമോ?36 നിങ്ങൾ എന്നെ അന്വേഷിക്കും, കണ്ടെത്തുകയില്ല എന്നും ഞാൻ ആയിരിക്കുന്നിടത്തു വരാൻ നിങ്ങൾക്കു കഴിയുകയില്ല എന്നും അവൻ പറഞ്ഞഈ വചനം എന്താണ്?

**ജീവജലത്തിൻെറ അരുവികൾ**

37 തിരുനാളിൻെറ അവസാനത്തെ മഹാദിനത്തിൽ യേശു എഴുന്നേറ്റുനിന്നു ശബ്ദമുയർത്തിപ്പറഞ്ഞു: ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എൻെറ അടുക്കൽ വന്നു കുടിക്കട്ടെ.38 എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും.39 അവൻ ഇതു പറഞ്ഞതു തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റിയാണ്. അതുവരെയും **ആത്മാവു** നൽകപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ, യേശു അതുവരെയും മഹത്വീകരിക്കപ്പെട്ടിരുന്നില്ല.

**അധികാരികളുടെ അവിശ്വാസം**

40 ഈ വാക്കുകൾ കേട്ടപ്പോൾ, ഇവൻ യഥാർഥത്തിൽ **പ്രവാചകനാണ്** എന്നു ചിലർ പറഞ്ഞു.41 മറ്റു ചിലർ പറഞ്ഞു: ഇവൻ ക്രിസ്തുവാണ്. എന്നാൽ, വേറെ ചിലർ ചോദിച്ചു: ക്രിസ്തു ഗലീലിയിൽനിന്നാണോ വരുക?42 ക്രിസ്തു ദാവീദിൻെറ സന്താനപരമ്പരയിൽനിന്നാണെന്നും ദാവീദിൻെറ ഗ്രാമമായ **ബേത്‌ലെഹെമിൽ**നിന്ന് അവൻ വരുമെന്നുമല്ലേ വിശുദ്ധ ലിഖിതം പറയുന്നത്?43 അങ്ങനെ അവനെക്കുറിച്ചു ജനങ്ങൾക്കിടയിൽ ഭിന്നതയുണ്ടായി.44 ചിലർ അവനെ ബന്ധിക്കാൻ ആഗ്രഹിച്ചു. എന്നാൽ, ആരും അവൻെറ മേൽ കൈവച്ചില്ല.45 സേവകൻമാർ തിരിച്ചുചെന്നപ്പോൾ പുരോഹിതപ്രമുഖൻമാരും ഫരിസേയരും അവരോടു ചോദിച്ചു: എന്തുകൊണ്ടാണ് നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞത്?46 അവർ മറുപടി പറഞ്ഞു: അവനെപ്പോലെ ആരും ഇതുവരെ സംസാരിച്ചിട്ടില്ല.47 അപ്പോൾ **ഫരിസേയർ** അവരോടു ചോദിച്ചു: നിങ്ങളും വഞ്ചിതരായോ?48 അധികാരികളിലോ ഫരിസേയരിലോ ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ?49 നിയമം അറിഞ്ഞുകൂടാത്ത ഈ ജനക്കൂട്ടം ശപിക്കപ്പെട്ടതാണ്.50 മുമ്പൊരിക്കൽ യേശുവിൻെറ അടുക്കൽ പോയവനും അവരിലൊരുവനുമായ **നിക്കൊദേമോസ്** അപ്പോൾ അവരോടു ചോദിച്ചു:51 ഒരുവനു പറയാനുള്ളത് ആദ്യംകേൾക്കാതെയും അവനെന്താണു ചെയ്യുന്നതെന്ന് അറിയാതെയും അവനെ വിധിക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ?52 അവർ മറുപടി പറഞ്ഞു: നീയും ഗലീലിയിൽനിന്നാണോ? പരിശോധിച്ചു നോക്കൂ, ഒരു പ്രവാചകനും ഗലീലിയിൽനിന്നു വരുന്നില്ല എന്ന് അപ്പോൾ മനസ്സിലാകും.53 ഓരോരുത്തരും **സ്വന്തം വീടുകളിലേക്കു** പോയി.

## Questions

222. യേശു എവിടെയാണ് ചുറ്റിസഞ്ചരിച്ചുകൊണ്ടിരുന്നത്?
ഗലീലിയിൽ (7,1)
223. യഹൂദർ യേശുവിനെ വധിക്കാൻ അവസരം പാർത്തിരുന്നതിനാൽ എവിടെ സഞ്ചരിക്കാനാണ് ഈശോ ഇഷ്ടപ്പെടാതിരുന്നത്?
യൂദയായിൽ (7,1)
224. എന്റെ സമയം ഇനിയും പൂർത്തിയായിട്ടില്ല എന്നു പറഞ്ഞ് യേശു എവിടെയാണ് താമസിച്ചത്?
ഗലീലിയിൽ (7,9)
225. അവനെവിടെ എന്ന് ചോദിച്ചുകൊണ്ട് ആരാണ് യേശുവിനെ തിരക്കിയത്?
യഹൂദർ (7,11)
226. ആളുകൾ യേശുവിനെപ്പറ്റി പരസ്യമായി സംസാരിക്കാതിരുന്നത് എന്തുകൊണ്ട്?
യഹൂദരെ ഭയന്ന് (7,13)
227. ആരാണ് തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നത്?
സത്യവാൻ (7,18)
228. ''ഇവനെയല്ലേ അവർ കൊല്ലാൻ അന്വേഷിക്കുന്നത്'' ആരാണ് ഇത് ചോദിച്ചത്?
ജറുസലേം നിവാസികളിൽ ചിലർ (7,25)
229. ഇവൻ തന്നെയാണ് ക്രിസ്തുവെന്ന് ഒരു പക്ഷേ . . . . . . യഥാർഥത്തിൽ അറിഞ്ഞിരിക്കുമോ? പൂരിപ്പിക്കുക
അധികാരികൾ (7,26)
230. ജനക്കൂട്ടം യേശുവിനെക്കുറിച്ച് പിറുപിറുക്കുന്നത് കേട്ടതാര്?

ഫരിസേയർ (7,32)
231. യേശുവിനെ ബന്ധിക്കാൻ സേവകരെ അയച്ചതാര്?
പുരോഹിതപ്രമുഖന്മാരും ഫരിസേയരും (7,32)
232. അൽപസമയം കൂടി ഞാൻ നിങ്ങളോടുകൂടെയുണ്ട് അതിനുശേഷം യേശു എവിടേക്കാണ് പോകുന്നത്?
അയച്ചവന്റെ അടുത്തേക്ക് (7,33)
233. യേശു മഹത്വീകരിക്കപ്പെടുമ്പോൾ നൽകപ്പെടുന്നത് എന്ത്?
ആത്മാവ് (7,39)
234. യേശുവിന്റെ വാക്കുകൾ കേട്ടപ്പോൾ ഇവൻ ആരാണെന്നാണ് ചിലർ പറഞ്ഞത്?
പ്രവാചകൻ (7,40)
235. യേശു എവിടെനിന്ന് വരുമെന്നാണ് വിശുദ്ധലിഖിതം പറയുന്നത്?
ബേത്‌ലെഹെമിൽ നിന്ന് (7,42)
236. 'അവനെപ്പോലെ ആരും ഇതുവരെ സംസാരിച്ചിട്ടില്ല'. ആരാണ് ഇത് പറഞ്ഞത്?
സേവകന്മാർ (7,46)
237. നിങ്ങളും വഞ്ചിതരായോ? ഇത് ആരുടെ ചോദ്യമാണ്?
ഫരിസേയർ (7,47)
238. ഒരുവന് പറയാനുള്ളത് ആദ്യം കേൾക്കാതെയും അവനെന്താണ് ചെയ്യുന്നതെന്ന് അറിയാതെയും അവനെ വിധിക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ? ആരാണ് ഇങ്ങനെ ചോദിക്കുന്നത്?
നിക്കൊദേമോസ് (7,51)

**വചനഭാഗം: വി. യോഹന്നാൻ 8**

**പിടിക്കപ്പെട്ട വ്യഭിചാരിണി**
1 യേശു **ഒലിവുമലയിലേക്കു** പോയി.2 അതിരാവിലെ അവൻ വീണ്ടും ദേവാലയത്തിലേക്കു വന്നു. ജനങ്ങളെല്ലാം അവൻെറ അടുക്കലെത്തി. അവൻ ഇരുന്ന് അവരെ പഠിപ്പിച്ചു.3 വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ **നിയമജ്ഞരും ഫരിസേയരുംകൂടെ** അവൻെറ അടുക്കൽ കൊണ്ടുവന്ന് നടുവിൽ നിർത്തി.4 അവർ അവനോടു പറഞ്ഞു: ഗുരോ, ഈ സ്ത്രീ വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവളാണ്.5 ഇങ്ങനെയുള്ളവരെ കല്ലെറിയണമെന്നാണ് മോശ നിയമത്തിൽ കൽപിച്ചിരിക്കുന്നത്. നീ എന്തു പറയുന്നു?6 ഇത്, അവനിൽ കുറ്റമാരോപിക്കാൻവേണ്ടി അവനെ പരീക്ഷിച്ചുകൊണ്ടു ചോദിച്ചതാണ്. യേശുവാകട്ടെ, കുനിഞ്ഞ് വിരൽകൊണ്ടു നിലത്ത് എഴുതിക്കൊണ്ടിരുന്നു.7 അവർ ആവർത്തിച്ചു ചോദിച്ചുകൊണ്ടിരുന്നതിനാൽ അവൻ നിവർന്ന് അവരോടു പറഞ്ഞു: നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം അവളെ കല്ലെറിയട്ടെ.8 അവൻ വീണ്ടും കുനിഞ്ഞ് നിലത്ത് എഴുതിക്കൊണ്ടിരുന്നു.9 എന്നാൽ, ഇതുകേട്ടപ്പോൾ മുതിർന്നവർ തുടങ്ങി ഓരോരുത്തരായി സ്ഥലം വിട്ടു. ഒടുവിൽ യേശുവും നടുവിൽ നിന്നിരുന്ന ആ സ്ത്രീയും മാത്രം ശേഷിച്ചു.10 യേശു നിവർന്ന് അവളോടു ചോദിച്ചു: സ്ത്രീയേ, അവർ എവിടെ? ആരും നിന്നെ വിധിച്ചില്ലേ?11 അവൾ പറഞ്ഞു: ഇല്ല, കർത്താവേ! യേശു പറഞ്ഞു: ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത്.
**യേശു ലോകത്തിൻെറ പ്രകാശം**
12 യേശു വീണ്ടും അവരോടു പറഞ്ഞു: ഞാൻ ലോകത്തിൻെറ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവൻെറ പ്രകാശമുണ്ടായിരിക്കും.13 അപ്പോൾ **ഫരിസേയർ** പറഞ്ഞു: നീതന്നെ നിനക്കു സാക്ഷ്യം നൽകുന്നു. നിൻെറ സാക്ഷ്യം സത്യമല്ല.14 യേശു പ്രതിവചിച്ചു: ഞാൻ തന്നെ എനിക്കു സാക്ഷ്യം നൽകിയാലും എൻെറ സാക്ഷ്യം സത്യമാണ്. കാരണം, ഞാൻ എവിടെനിന്നു വന്നുവെന്നും എവിടേക്കു പോകുന്നുവെന്നും എനിക്കറിയാം. എന്നാൽ, ഞാൻ എവിടെനിന്നു വരുന്നുവെന്നോ എവിടേക്കു പോകുന്നുവെന്നോ നിങ്ങൾ അറിയുന്നില്ല.15 നിങ്ങളുടെ വിധി മാനുഷികമാണ്. ഞാൻ ആരെയും വിധിക്കുന്നില്ല.16 ഞാൻ വിധിക്കുന്നെങ്കിൽത്തന്നെ എൻെറ വിധി സത്യമാണ്; കാരണം, ഞാൻ തനിച്ചല്ല എന്നെ അയച്ച പിതാവും എന്നോടുകൂടെയുണ്ട്.17 രണ്ടുപേരുടെ സാക്ഷ്യം

സത്യമാണെന്നു നിങ്ങളുടെ **നിയമത്തിൽ**ത്തന്നെ എഴുതിയിട്ടുണ്ടല്ലോ.18 എന്നെക്കുറിച്ചു ഞാൻ തന്നെ സാക്ഷ്യം നൽകുന്നു. എന്നെ അയച്ച പിതാവും എന്നെക്കുറിച്ച് സാക്ഷ്യം നൽകുന്നു.19 അപ്പോൾ അവർ ചോദിച്ചു: നിൻെറ പിതാവ് എവിടെയാണ്? യേശു പറഞ്ഞു: നിങ്ങൾ എന്നെയാകട്ടെ എൻെറ പിതാവിനെയാകട്ടെ അറിയുന്നില്ല; എന്നെ അറിഞ്ഞിരുന്നുവെങ്കിൽ എൻെറ പിതാവിനെയും അറിയുമായിരുന്നു.20 ദേവാലയത്തിൽ ഭണ്ഡാരസ്ഥലത്തു പഠിപ്പിച്ചുകൊണ്ടിരുന്നപ്പോഴാണ് അവൻ ഇതെല്ലാം പറഞ്ഞത്. എന്നാൽ, ആരും അവനെ പിടിച്ചില്ല. കാരണം, **അവൻെറ സമയം ഇനിയും വന്നുചേർന്നിട്ടില്ലാ**യിരുന്നു.

### യഹൂദർക്കു മുന്നറിയിപ്പ്

21 യേശു വീണ്ടും അവരോടു പറഞ്ഞു: ഞാൻ പോകുന്നു. നിങ്ങൾ എന്നെ അന്വേഷിക്കും; എന്നാൽ, നിങ്ങളുടെ **പാപത്തിൽ** നിങ്ങൾ മരിക്കും. ഞാൻ പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്കു കഴിയുകയില്ല.22 അപ്പോൾ യഹൂദർ പറഞ്ഞു: ഞാൻ പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്കു കഴിയുകയില്ല എന്ന് അവൻ പറയുന്നല്ലോ. അവൻ ആത്മഹത്യ ചെയ്തേക്കുമോ?23 അവൻ പറഞ്ഞു: നിങ്ങൾ താഴെനിന്നുള്ളവരാണ്; ഞാൻ മുകളിൽനിന്നുള്ളവനും. നിങ്ങൾ ഈലോകത്തിൻേറതാണ്; ഞാൻ ഈ ലോകത്തിൻേറതല്ല.24 നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും എന്നു ഞാൻ നിങ്ങളോടു പറഞ്ഞു. എന്തെന്നാൽ, ഞാൻ ഞാൻ തന്നെ എന്നു വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും.25 അപ്പോൾ അവർ ചോദിച്ചു: നീ ആരാണ്? യേശു പറഞ്ഞു: ആരംഭം മുതലേ ഞാൻ നിങ്ങളോടു പറഞ്ഞിരുന്നതുതന്നെ.26 എനിക്കു നിങ്ങളെക്കുറിച്ചു പലതും പറയാനും വിധിക്കാനുമുണ്ട്. എന്നെ അയച്ചവൻ സത്യവാനാണ്. അവിടുത്തെ അധരത്തിൽനിന്നു കേട്ടതു ഞാൻ ലോകത്തോടു പറയുന്നു.27 **പിതാവിനെ**ക്കുറിച്ചാണ് അവൻ തങ്ങളോടു സംസാരിച്ചതെന്ന് അവർ മനസ്സിലാക്കിയില്ല.28 അതുകൊണ്ട് യേശു പറഞ്ഞു: നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ, ഞാൻ ഞാൻ തന്നെയെന്നും ഞാൻ സ്വമേധയാ ഒന്നും പ്രവർത്തിക്കുന്നില്ല, പ്രത്യുത, എൻെറ പിതാവ് എന്നെ പഠിപ്പിച്ചതുപോലെ ഇക്കാര്യങ്ങൾ ഞാൻ സംസാരിക്കുന്നുവെന്നും നിങ്ങൾ മനസ്സിലാക്കും. എന്നെ അയച്ചവൻ എന്നോടുകൂടെയുണ്ട്.29 അവിടുന്ന് എന്നെതനിയെ വിട്ടിരിക്കുകയല്ല. കാരണം, ഞാൻ എപ്പോഴും അവിടുത്തേക്ക് ഇഷ്ടമുള്ളതു പ്രവർത്തിക്കുന്നു.30 ഇതു പറഞ്ഞപ്പോൾ വളരെപ്പേർ അവനിൽ വിശ്വസിച്ചു.

### സത്യം നിങ്ങളെ സ്വതന്ത്രരാക്കും

31 **തന്നിൽ വിശ്വസിച്ച യഹൂദരോട്** യേശു പറഞ്ഞു: എൻെറ വചനത്തിൽ നിലനിൽക്കുമെങ്കിൽ നിങ്ങൾയഥാർഥത്തിൽ എൻെറ ശിഷ്യരാണ്.32 നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും.33 അവർ അവനോടു പറഞ്ഞു: ഞങ്ങൾ **അബ്രാഹത്തിൻെറ** സന്തതികളാണ്. ഞങ്ങൾ ഒരിക്കലും ആരുടെയും അടിമകളായിരുന്നിട്ടില്ല. പിന്നെ എങ്ങനെയാണ് നിങ്ങൾ സ്വതന്ത്രരാക്കപ്പെടും എന്നു നീ പറയുന്നത്?34 യേശു പ്രതിവചിച്ചു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പാപം ചെയ്യുന്നവൻ പാപത്തിൻെറ അടിമയാണ്.35 അടിമ എക്കാലവും ഭവനത്തിൽ വസിക്കുന്നില്ല. പുത്രനാകട്ടെ എക്കാലവും വസിക്കുന്നു.36 അതുകൊണ്ട് പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾയഥാർഥത്തിൽ സ്വതന്ത്രരാകും.37 നിങ്ങൾ അബ്രാഹത്തിൻെറ സന്തതികളാണെന്ന് എനിക്കറിയാം. എന്നിട്ടും നിങ്ങൾ എന്നെ കൊല്ലാൻ ആലോചിക്കുന്നു. കാരണം, എൻെറ വചനം നിങ്ങളിൽ വസിക്കുന്നില്ല.38 എൻെറ പിതാവിൻെറ സന്നിധിയിൽ കണ്ടവയെപ്പറ്റി ഞാൻ സംസാരിക്കുന്നു. നിങ്ങളുടെ പിതാവിൽനിന്നു കേട്ടതു നിങ്ങൾ പ്രവർത്തിക്കുന്നു.

### പിശാച് നിങ്ങളുടെ പിതാവ്

39 അവർ പറഞ്ഞു: അബ്രാഹമാണു ഞങ്ങളുടെ പിതാവ്. യേശു അവരോടു പറഞ്ഞു: നിങ്ങൾ അബ്രാഹത്തിൻെറ മക്കളാണെങ്കിൽ അബ്രാഹത്തിൻെറ പ്രവൃത്തികൾ ചെയ്യുമായിരുന്നു.40 എന്നാൽ, ദൈവത്തിൽ നിന്നു കേട്ട സത്യം നിങ്ങളോടു പറഞ്ഞഎന്നെ കൊല്ലാൻ നിങ്ങൾ ആലോചിക്കുന്നു. അബ്രാഹം ഇങ്ങനെ ചെയ്തിട്ടില്ല.41 നിങ്ങൾ നിങ്ങളുടെ പിതാവിൻെറ പ്രവൃത്തികൾ ചെയ്യുന്നു. അപ്പോൾ അവർ പറഞ്ഞു: ഞങ്ങൾ ജാരസന്തതികളല്ല; ഞങ്ങൾക്കു പിതാവ് ഒന്നേ ഉള്ളൂ - ദൈവം.42 യേശു അവരോടു പറഞ്ഞു: ദൈവം ആണ് നിങ്ങളുടെ പിതാവെങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു. കാരണം, ഞാൻ ദൈവത്തിൽനിന്നാണു വന്നിരിക്കുന്നത്. ഞാൻ സ്വമേധയാ വന്നതല്ല; അവിടുന്ന് എന്നെ അയച്ചതാണ്.43 ഞാൻ പറയുന്നത് എന്തുകൊണ്ടു നിങ്ങൾ ഗ്രഹിക്കുന്നില്ല? എൻെറ വചനം ശ്രവിക്കാൻ നിങ്ങൾക്കു കഴിവില്ലാത്തതുകൊണ്ടുതന്നെ.44 നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽനിന്ന് ഉള്ളവരാണ്. നിങ്ങളുടെ പിതാവിൻെറ ഇഷ്ടമനുസരിച്ചു പ്രവർത്തിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു. **അവനാകട്ടെ** ആദിമുതൽ കൊലപാതകിയാണ്. അവൻ ഒരിക്കലും സത്യത്തിൽ നിലനിന്നിട്ടില്ല. എന്തെന്നാൽ, അവനിൽ സത്യമില്ല. കള്ളം പറയുമ്പോൾ,

സ്വന്തം സ്വഭാവമനുസരിച്ചുതന്നെയാണ് അവൻ സംസാരിക്കുന്നത്. കാരണം, അവൻ നുണയനും നുണയുടെ പിതാവുമാണ്.45 ഞാൻ സത്യം പറയുന്നതുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല.46 നിങ്ങളിൽ ആർക്ക് എന്നിൽ പാപം തെളിയിക്കാൻ കഴിയും? ഞാൻ സത്യമാണ് പറയുന്നതെങ്കിൽ, എന്തുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല?47 **ദൈവത്തിൽനിന്നുള്ളവൻ** ദൈവത്തിൻെറ വാക്കു ശ്രവിക്കുന്നു. നിങ്ങൾ ദൈവത്തിൽനിന്നുള്ള വരല്ല. അതുകൊണ്ട് നിങ്ങൾ അവ ശ്രവിക്കുന്നില്ല.

**അബ്രാഹത്തിനുമുമ്പു ഞാനുണ്ട്**

48 യഹൂദർ പറഞ്ഞു: നീ ഒരു സമരിയാക്കാരനാണെന്നും നിന്നിൽ പിശാചുണ്ടെന്നും ഞങ്ങൾ പറയുന്നതു ശരിയല്ലേ?49 യേശു പറഞ്ഞു: എനിക്കു പിശാചില്ല. ഞാൻ എൻെറ പിതാവിനെ ബഹുമാനിക്കുന്നു. നിങ്ങളാകട്ടെ എന്നെ അപമാനിക്കുന്നു.50 ഞാൻ എൻെറ മഹത്വം അന്വേഷിക്കുന്നില്ല. അത് അന്വേഷിക്കുന്നവനും വിധികർത്താവുമായ ഒരുവനുണ്ട്.51 സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ആരെങ്കിലും എൻെറ വചനം പാലിച്ചാൽ അവൻ ഒരിക്കലും മരിക്കുകയില്ല.52 യഹൂദർ പറഞ്ഞു: നിനക്കു പിശാചുണ്ടെന്ന് ഇപ്പോൾ ഞങ്ങൾക്കു വ്യക്തമായിരിക്കുന്നു. അബ്രാഹം മരിച്ചു; പ്രവാചകൻമാരും മരിച്ചു. എന്നിട്ടും, എൻെറ വചനം പാലിക്കുന്ന ഒരുവനും ഒരിക്കലും മരിക്കുകയില്ല എന്നു നീ പറയുന്നു.53 ഞങ്ങളുടെ മരിച്ചുപോയ പിതാവായ അബ്രാഹത്തെക്കാൾ വലിയവനാണോ നീ? പ്രവാചകൻമാരും മരിച്ചുപോയി. ആരാണെന്നാണ് നീ അവകാശപ്പെടുന്നത്?54 യേശു പറഞ്ഞു: ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തിയാൽ എൻെറ മഹത്വത്തിനു വിലയില്ല.55 എന്നാൽ, നിങ്ങളുടെ ദൈവമെന്നു നിങ്ങൾ വിളിക്കുന്ന എൻെറ **പിതാവാണ്** എന്നെ മഹത്വപ്പെടുത്തുന്നത്. എന്നാൽ, നിങ്ങൾ അവിടുത്തെ അറിഞ്ഞിട്ടില്ല; ഞാനോ അവിടുത്തെ അറിയുന്നു. ഞാൻ അവിടുത്തെ അറിയുന്നില്ല എന്നു പറയുന്നെങ്കിൽ ഞാനും നിങ്ങളെപ്പോലെ നുണയനാകും. എന്നാൽ, ഞാൻ അവിടുത്തെ അറിയുകയും അവിടുത്തെ വചനം പാലിക്കുകയും ചെയ്യുന്നു.56 എൻെറ ദിവസം കാണാം എന്ന പ്രതീക്ഷയിൽ നിങ്ങളുടെ **പിതാവായ അബ്രാഹം** ആനന്ദിച്ചു. അവൻ അതു കാണുകയും സന്തോഷിക്കുകയും ചെയ്തു.57 അപ്പോൾ യഹൂദർ പറഞ്ഞു: നിനക്ക് ഇനിയും അമ്പതു വയസ്സായിട്ടില്ല. എന്നിട്ടും നീ അബ്രാഹത്തെ കണ്ടുവെന്നോ?58 യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. അബ്രാഹം ഉണ്ടാകുന്നതിനുമുമ്പ് ഞാൻ ഉണ്ട്.59 അപ്പോൾ അവർ അവനെ എറിയാൻ കല്ലുകളെടുത്തു. എന്നാൽ യേശു അവരിൽനിന്നു മറഞ്ഞ് ദേവാലയത്തിൽനിന്നു പുറത്തു പോയി.

## Questions

239. എവിടെ നിന്നാണ് അതിരാവിലെ യേശു വീണ്ടും ദേവാലയത്തിലേക്ക് വന്നത്?
ഒലിവുമലയിൽ നിന്ന് (8,1)
240. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നത് ആരാണ്?
നിയമജ്ഞരും ഫരിസേയരും (8,3)
241. യോഹ 8,11 ന് സമാനമായ വാക്യം യോഹന്നാന്റെ സുവിശേഷത്തിൽ വേറെ എവിടെയാണ് കാണുന്നത്?
യോഹ 5,14
242. ‘‘നീ തന്നെ നിനക്ക് സാക്ഷ്യം നൽകുന്നു. നിന്റെ സാക്ഷ്യം സത്യമല്ല’’. ആരുടെ വാക്കുകളാണ് ഇത്?
ഫരിസേയർ (8,13)
243. രണ്ടുപേരുടെ സാക്ഷ്യം സത്യമാണെന്ന് എവിടെയാണ് എഴുതിയിരിക്കുന്നത്?
നിയമത്തിൽ (8,17)
244. യേശു ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ആരും അവനെ പിടിച്ചില്ല. കാരണമെന്ത്?
അവന്റെ സമയം ഇനിയും വന്നുചേർന്നിട്ടില്ലായിരുന്നു (8,20)
245. ഞാൻ പോകുന്നു, നിങ്ങൾ എന്നെ അന്വേഷിക്കും, എന്നാൽ നിങ്ങളുടെ . . . . . . നിങ്ങൾ മരിക്കും. പൂരിപ്പിക്കുക
പാപത്തിൽ (8,21)
246. . . . . . . . . നെ കുറിച്ചാണ് യേശു തങ്ങളോട് സംസാരിച്ചതെന്ന് അവർ മനസിലാക്കിയില്ല. പൂരിപ്പിക്കുക
പിതാവിനെ (8,27)
247. എന്റെ വചനത്തിൽ നിലനിൽക്കുമെങ്കിൽ നിങ്ങൾ യഥാർഥത്തിൽ എന്റെ ശിഷ്യരാണ്. യേശു ആരോടാണ് ഇത് പറഞ്ഞത്?
തന്നിൽ വിശ്വസിച്ച യഹൂദരോട് (8,31)

248. യേശുവിൽ വിശ്വസിച്ച യഹൂദർ ആരുടെ സന്തതികളാണെന്നാണ് അവകാശപ്പെടുന്നത്?
അബ്രഹാം (8,33)
249. ആരാണ് ആദ്യം മുതൽ കൊലപാതകി?
പിശാച് (8,44)
250. ആരാണ് ദൈവത്തിന്റെ വാക്ക് ശ്രവിക്കുന്നവൻ?
ദൈവത്തിൽ നിന്നുള്ളവൻ (8,47)
251. ആരാണ് യേശുവിനെ മഹത്വപ്പെടുത്തുന്നത്?
പിതാവ് (8,55)
252. എന്റെ ദിവസം കാണാമെന്ന പ്രതീക്ഷയിൽ ആരാണ് ആനന്ദിച്ചത്?
പിതാവായ അബ്രാഹം (8,56)

**വചനഭാഗം: വി. യോഹന്നാൻ 9**

**അന്ധനെ സുഖപ്പെടുത്തുന്നു**

1 അവൻ കടന്നുപോകുമ്പോൾ, ജന്മനാ അന്ധനായ ഒരുവനെ കണ്ടു.2 **ശിഷ്യൻമാർ** യേശുവിനോടു ചോദിച്ചു: റബ്ബീ, ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്, ഇവൻെറയോ ഇവൻെറ മാതാപിതാക്കൻമാരുടെയോ?3 യേശു മറുപടി പറഞ്ഞു: ഇവൻെറയോ ഇവൻെറ മാതാപിതാക്കൻമാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത, ദൈവത്തിൻെറ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്.4 **എന്നെ അയച്ചവൻെറ പ്രവൃത്തികൾ** പകലായിരിക്കുവോളം നാം ചെയ്യേണ്ടിയിരിക്കുന്നു. ആർക്കും ജോലിചെയ്യാൻ കഴിയാത്ത രാത്രി വരുന്നു.5 **ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിൻെറ പ്രകാശമാണ്.**6 ഇതു പറഞ്ഞിട്ട് അവൻ നിലത്തു തുപ്പി; തുപ്പൽകൊണ്ടു ചെളിയുണ്ടാക്കി, അവൻെറ കണ്ണുകളിൽ പൂശിയിട്ട്,7 അവനോടു പറഞ്ഞു: നീ പോയി **സീലോഹാ – അയയ്ക്കപ്പെട്ടവൻ** എന്നർഥം – കുളത്തിൽ കഴുകുക. അവൻ പോയി കഴുകി, കാഴ്ചയുള്ളവനായി തിരിച്ചുവന്നു.8 അയൽക്കാരും അവനെ മുമ്പുയാചകനായി കണ്ടിട്ടുള്ളവരും പറഞ്ഞു: ഇവൻതന്നെയല്ലേ, അവിടെയിരുന്നു ഭിക്ഷയാചിച്ചിരുന്നവൻ?9 ചിലർ പറഞ്ഞു: ഇവൻതന്നെ, മറ്റുചിലർ പറഞ്ഞു: അല്ല, ഇവൻ അവനെപ്പോലെയിരിക്കുന്നു എന്നേയുള്ളു. എന്നാൽ അവൻ പറഞ്ഞു: ഞാൻ തന്നെ.10 അപ്പോൾ അവർ അവനോടു ചോദിച്ചു: എങ്ങനെയാണു നിൻെറ കണ്ണുകൾ തുറക്കപ്പെട്ടത്?11 അവൻ പറഞ്ഞു: യേശു എന്നു പേരുള്ള മനുഷ്യൻ ചെളിയുണ്ടാക്കി എൻെറ കണ്ണുകളിൽ പുരട്ടി, സീലോഹായിൽ പോയി കഴുകുക എന്നു പറഞ്ഞു. ഞാൻ പോയി കഴുകി; എനിക്കു കാഴ്ച ലഭിച്ചു.12 എന്നിട്ട് അവനെവിടെ എന്ന് അവർ ചോദിച്ചു. എനിക്കറിഞ്ഞുകൂടാ എന്ന് അവൻ മറുപടി പറഞ്ഞു.13 മുമ്പ് അന്ധനായിരുന്ന അവനെ അവർ **ഫരിസേയരുടെ** അടുത്തു കൊണ്ടുചെന്നു.14 യേശു ചെളിയുണ്ടാക്കി അവൻെറ കണ്ണുകൾ തുറന്നത് ഒരു സാബത്തു ദിവസമാണ്.15 വീണ്ടും ഫരിസേയർ അവനോട് എങ്ങനെ അവനു കാഴ്ച ലഭിച്ചു എന്നു ചോദിച്ചു. അവൻ പറഞ്ഞു: അവൻ എൻെറ കണ്ണുകളിൽ ചെളി പുരട്ടി; ഞാൻ കഴുകി; ഞാൻ കാണുകയും ചെയ്യുന്നു.16 **ഫരിസേയരിൽ ചിലർ** പറഞ്ഞു: ഈ മനുഷ്യൻ ദൈവത്തിൽനിന്നുള്ളവനല്ല. എന്തെന്നാൽ, അവൻ സാബത്ത് ആചരിക്കുന്നില്ല. എന്നാൽ മറ്റുള്ളവർ പറഞ്ഞു: പാപിയായ ഒരു മനുഷ്യന് എങ്ങനെ ഇത്തരം **അടയാളങ്ങൾ** പ്രവർത്തിക്കാൻ കഴിയും? അങ്ങനെ അവരുടെയിടയിൽ ഭിന്നതയുണ്ടായി.17 അപ്പോൾ ആ അന്ധനോടു വീണ്ടും അവർ ചോദിച്ചു: അവൻ നിൻെറ കണ്ണുകൾ തുറന്നല്ലോ; അവനെപ്പറ്റി നീഎന്തു പറയുന്നു? അവൻ പറഞ്ഞു: അവൻ ഒരു പ്രവാചകനാണ്.18 അവൻ അന്ധനായിരുന്നെന്നും കാഴ്ചപ്രാപിച്ചെന്നും കാഴ്ച ലഭിച്ചവൻെറ മാതാപിതാക്കൻമാരെ വിളിച്ചു ചോദിക്കുവോളം, **യഹൂദർ** വിശ്വസിച്ചില്ല.19 അവർ ചോദിച്ചു: അന്ധനായി ജനിച്ചു എന്നു നിങ്ങൾ പറയുന്ന നിങ്ങളുടെ മകൻ ഇവനാണോ? ആണെങ്കിൽ എങ്ങനെയാണ് അവനിപ്പോൾ കാണുന്നത്?20 അവൻെറ മാതാപിതാക്കൻമാർ പറഞ്ഞു: അവൻ ഞങ്ങളുടെ മകനാണെന്നും അവൻ അന്ധനായി ജനിച്ചു എന്നും ഞങ്ങൾക്കറിയാം.21 എന്നാൽ, ഇപ്പോൾ അവൻ എങ്ങനെ കാണുന്നു എന്നും അവൻെറ കണ്ണുകൾ ആരു തുറന്നു എന്നും ഞങ്ങൾക്കറിഞ്ഞുകൂടാ. അത് അവനോടുതന്നെ ചോദിക്കുവിൻ. അവനു പ്രായം ആയല്ലോ. തന്നെക്കുറിച്ച് അവൻ തന്നെ പറയും.22 അവൻെറ മാതാപിതാക്കൻമാർ ഇങ്ങനെ പറഞ്ഞത് യഹൂദരെ ഭയന്നിട്ടാണ്. കാരണം, യേശുവിനെ ക്രിസ്തു എന്ന് ആരെങ്കിലും പരസ്യമായി ഏറ്റുപറഞ്ഞാൽ അവനെ സിനഗോഗിൽനിന്നു പുറത്താക്കണമെന്ന് യഹൂദർ തീരുമാനിച്ചിരുന്നു.23 അതുകൊണ്ടാണ്, അവൻെറ മാതാപിതാക്കൻമാർ അവനു പ്രായമായല്ലോ; അവനോടുതന്നെ ചോദിക്കുവിൻ എന്നു പറഞ്ഞത്.24 അന്ധനായിരുന്ന അവനെ യഹൂദർ വീണ്ടും വിളിച്ച് അവനോട് പറഞ്ഞു: ദൈവത്തെ മഹത്വപ്പെടുത്തുക. ആ മനുഷ്യൻ പാപിയാണെന്നു ഞങ്ങൾക്കറിയാം.25 അവൻ പറഞ്ഞു: അവൻ പാപിയാണോ എന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ, ഒരു കാര്യം എനിക്കറിയാം. ഞാൻ

അന്ധനായിരുന്നു; ഇപ്പോൾ ഞാൻ കാണുന്നു.26 അവർ ചോദിച്ചു: അവൻ നിനക്കുവേണ്ടി എന്തു ചെയ്തു? എങ്ങനെയാണ് അവൻ നിൻെറ കണ്ണുകൾ തുറന്നത്?27 അവൻ മറുപടി പറഞ്ഞു: നിങ്ങളോടു ഞാൻ പറഞ്ഞുകഴിഞ്ഞുവല്ലോ. അപ്പോൾ നിങ്ങൾ കേട്ടില്ല. എന്തുകൊണ്ടാണ് വീണ്ടും കേൾക്കാൻ നിങ്ങളാഗ്രഹിക്കുന്നത്? **നിങ്ങളും** അവൻെറ ശിഷ്യരാകുവാൻ ഇച്ഛിക്കുന്നുവോ?28 അവനെ ശകാരിച്ചുകൊണ്ട് അവർ പറഞ്ഞു: നീയാണ് അവൻെറ ശിഷ്യൻ. ഞങ്ങൾ മോശയുടെ ശിഷ്യൻമാരാണ്.29 ദൈവം മോശയോടു സംസാരിച്ചുവെന്ന് ഞങ്ങൾക്കറിയാം. എന്നാൽ, ഈ മനുഷ്യൻ എവിടെനിന്നാണെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ.30 അവൻ മറുപടി പറഞ്ഞു. ഇതു വിചിത്രമായിരിക്കുന്നു! അവൻ എവിടെനിന്നാണെന്നു നിങ്ങളറിയുന്നില്ല. എന്നാൽ, അവൻ എൻെറ കണ്ണുകൾ തുറന്നു.31 ദൈവം **പാപികളുടെ** പ്രാർഥന കേൾക്കുകയില്ലെന്നു നമുക്കറിയാം. എന്നാൽ, ദൈവത്തെ ആരാധിക്കുകയും അവൻെറ ഇഷ്ടം പ്രവർത്തിക്കുകയും ചെയ്യുന്നവൻെറ പ്രാർഥന ദൈവം ശ്രവിക്കുന്നു.32 അന്ധനായിപ്പിറന്ന ഒരു മനുഷ്യൻെറ കണ്ണ് ആരും തുറന്നതായി ലോകാരംഭം മുതൽ ഇന്നോളം കേട്ടിട്ടില്ല.33 ഈ മനുഷ്യൻ ദൈവത്തിൽനിന്നുള്ള വനല്ലെങ്കിൽ ഒന്നുംചെയ്യാൻ അവനു കഴിയുമായിരുന്നില്ല.34 അപ്പോൾ അവർ പറഞ്ഞു: തികച്ചും പാപത്തിൽ പിറന്ന നീ ഞങ്ങളെ പഠിപ്പിക്കുന്നുവോ? അവർ അവനെ പുറത്താക്കി.

**ആത്മീയാന്ധത**

35 അവർ അവനെ പുറത്താക്കി എന്നു യേശു കേട്ടു. അവനെക്കണ്ടപ്പോൾ യേശു ചോദിച്ചു: **മനുഷ്യപുത്രനിൽ നീ വിശ്വസിക്കുന്നുവോ?**36 അവൻ ചോദിച്ചു: കർത്താവേ, ഞാൻ അവനിൽ വിശ്വസിക്കേണ്ടതിന് അവൻ ആരാണ്?37 യേശു പറഞ്ഞു: നീ അവനെ കണ്ടുകഴിഞ്ഞു. നിന്നോടു സംസാരിക്കുന്നവൻതന്നെയാണ് അവൻ .38 കർത്താവേ, ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞുകൊണ്ട് അവൻ യേശുവിനെ പ്രണമിച്ചു.39 യേശു പറഞ്ഞു: കാഴ്ചയില്ലാത്ത വർ കാണുകയും കാഴ്ചയുള്ളവർ അന്ധരായിത്തീരുകയും ചെയ്യേണ്ടതിന്ന്യായവിധിക്കായിട്ടാണു ഞാൻ ഈ ലോകത്തിലേക്കു വന്നത്.40 അവൻെറ അടുത്തുണ്ടായിരുന്ന ഏതാനും ഫരിസേയർ ഇതുകേട്ട് അവനോടു ചോദിച്ചു: അപ്പോൾ ഞങ്ങളും അന്ധരാണോ?41 യേശു അവരോടു പറഞ്ഞു: അന്ധരായിരുന്നെങ്കിൽ നിങ്ങൾക്കു പാപം ഉണ്ടാകുമായിരുന്നില്ല. എന്നാൽ, ഞങ്ങൾ കാണുന്നു എന്നു നിങ്ങൾ പറയുന്നു. അതുകൊണ്ടു നിങ്ങളിൽ പാപം നിലനിൽക്കുന്നു.

## Questions

253. ''റബ്ബീ, ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്'' ഇത് ആരുടെ ചോദ്യമാണ്?
ശിഷ്യന്മാരുടെ (9,1)
254. പകലായിരിക്കുവോളം ചെയ്യേണ്ടത് എന്ത്?
എന്നെ അയച്ചവന്റെ പ്രവൃത്തികൾ (9,4)
255. എന്തു പറഞ്ഞിട്ടാണ് യേശു നിലത്ത് തുപ്പിയത്?
ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാണ്. (9,6)
256. സീലോഹ എന്ന വാക്കിന്റെ അർഥം?
അയയ്ക്കപ്പെട്ടവൻ (9,7)
257. മുമ്പ് അന്ധനായിരുന്നവനെ ആരുടെ അടുത്താണ് കൊണ്ടുവന്നത്?
ഫരിസേയരുടെ (9,13)
258. ''ഈ മനുഷ്യൻ ദൈവത്തിൽ നിന്നുള്ളവനല്ല. എന്തെന്നാൽ അവൻ സാബത്ത് ആചരിക്കുന്നില്ല.'' ആരാണ് ഇത് പറഞ്ഞത്?
ഫരിസേയരിൽ ചിലർ (9,16)
259. പാപിയായ ഒരു മനുഷ്യന് എങ്ങനെ ഇത്തരം . . . . . പ്രവർത്തിക്കാൻ കഴിയും? പൂരിപ്പിക്കുക
അടയാളങ്ങൾ (9,16)
260. അവൻ അന്ധനായിരുന്നെന്നും കാഴ്ചപ്രാപിച്ചെന്നും കാഴ്ചലഭിച്ചവന്റെ മാതാപിതാക്കന്മാരെ വിളിച്ച് ചോദിക്കുവോളം വിശ്വസിക്കാതിരുന്നവർ ആര്?
യഹൂദർ (9,18)
261. നിങ്ങളും അവന്റെ ശിഷ്യരാകാൻ ആഗ്രഹിക്കുന്നുവോ? ആരാണ് ചോദിച്ചത്?

അന്ധൻ (9,27)
262. ദൈവം ആരുടെ പ്രാർഥന കേൾക്കുകയില്ല എന്നാണ് പറയുന്നത്?
പാപികളുടെ (9,31)
263. യേശു സുഖപ്പെടുത്തിയ അന്ധനെ കണ്ടപ്പോൾ എന്താണ് ചോദിച്ചത്?
മനുഷ്യപുത്രനിൽ നീ വിശ്വസിക്കുന്നുവോ? (9,35)
264. യേശു ഈ ലോകത്തിലേക്ക് വന്നത് എന്തിനാണ്?
ന്യായവിധിക്ക് (9,39)

**വചനഭാഗം: വി. യോഹന്നാൻ 10**

**ആട്ടിൻകൂട്ടത്തിൻെറ ഉപമ**
1 സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ആട്ടിൻതൊഴുത്തിലേക്കു വാതിലിലൂടെയല്ലാതെ
മറ്റുവഴിക്കു കടക്കുന്നവൻ കള്ളനും കവർച്ചക്കാരനുമാണ്.2 എന്നാൽ, വാതിലിലൂടെ
പ്രവേശിക്കുന്നവൻ ആടുകളുടെ ഇടയനാണ്.3 കാവൽക്കാരൻ അവനു വാതിൽ തുറന്നുകൊടുക്കുന്നു.
ആടുകൾ അവൻെറ സ്വരം കേൾക്കുന്നു. അവൻ തൻെറ ആടുകളെ പേരു ചൊല്ലി വിളിക്കുകയും
പുറത്തേക്കു നയിക്കുകയും ചെയ്യുന്നു.4 തനിക്കുള്ളതിനെയെല്ലാം പുറത്തിറക്കിയിട്ട് അവൻ
അവയ്ക്കുമുമ്പേ നടക്കുന്നു. അവൻെറ സ്വരം തിരിച്ചറിയുന്നതുകൊണ്ട് ആടുകൾ അവനെ
അനുഗമിക്കുന്നു.5 അവ ഒരിക്കലും അപരിചിതനെ അനുഗമിക്കുകയില്ല. അന്യരുടെ സ്വരം
അറിയാത്തതിനാൽ അവ അവരിൽനിന്ന് ഓടിയകലും-6 യേശു അവരോട് ഈ ഉപമ പറഞ്ഞു.
എന്നാൽ, അവൻ **തങ്ങളോടു പറഞ്ഞത് എന്തെന്ന് അവർ മനസ്സിലാക്കിയില്ല.**

**നല്ല ഇടയൻ**
7 അതുകൊണ്ട് യേശു വീണ്ടും പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു,
**ഞാനാണ്** ആടുകളുടെ വാതിൽ.8 എനിക്കുമുമ്പേ വന്നവരെല്ലാം കള്ളൻമാരും
കവർച്ചക്കാരുമായിരുന്നു. ആടുകൾ അവരെ ശ്രവിച്ചില്ല.9 ഞാനാണ് വാതിൽ; എന്നിലൂടെ
പ്രവേശിക്കുന്നവൻ രക്ഷപ്രാപിക്കും. അവൻ അകത്തു വരുകയും പുറത്തു പോവുകയും
മേച്ചിൽസ്ഥലം കണ്ടെത്തുകയും ചെയ്യും.10 മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനുമാണു കള്ളൻ
വരുന്നത്. ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി
ഉണ്ടാകാനുമാണ്.11 ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു.12
ഇടയനല്ലാത്തവനും ആടുകൾ സ്വന്തമല്ലാത്തവനുമായ കൂലിക്കാരൻ ചെന്നായ് വരുന്നതു
കാണുമ്പോൾ ആടുകളെ ഉപേക്ഷിച്ച് ഓടിപ്പോകുന്നു. ചെന്നായ് വന്ന് അവയെ പിടിക്കുകയും
ചിതറിച്ചുകളയുകയും ചെയ്യുന്നു.13 അവൻ ഓടിപ്പോകുന്നതു കൂലിക്കാരനായതുകൊണ്ടും
ആടുകളെപ്പറ്റി താത്പര്യമില്ലാത്തതുകൊണ്ടുമാണ്.14 ഞാൻ നല്ല ഇടയനാണ്. പിതാവ് എന്നെയും
ഞാൻ പിതാവിനെയും അറിയുന്നതുപോലെ ഞാൻ എനിക്കുള്ളവയെയും എനിക്കുള്ളവ എന്നെയും
അറിയുന്നു.15 ആടുകൾക്കുവേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നു.16 ഈ തൊഴുത്തിൽപ്പെടാത്ത
മറ്റാടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എൻെറ സ്വരം
ശ്രവിക്കും. അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും.17 തിരിച്ചെടുക്കുന്നതിനുവേണ്ടി ഞാൻ ജീവൻ
അർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു.18 ആരും എന്നിൽനിന്ന് അതു
പിടിച്ചെടുക്കുകയല്ല, ഞാൻ അതു സ്വമനസ്സാ സമർപ്പിക്കുകയാണ്. അതു സമർപ്പിക്കാനും തിരികെ
എടുക്കാനും എനിക്കധികാരമുണ്ട്. ഈ കൽപന എൻെറ പിതാവിൽനിന്നാണ് എനിക്കു ലഭിച്ചത്.19
ഈ വാക്കുകൾമൂലം **യഹൂദരുടെ** ഇടയിൽ വീണ്ടും ഭിന്നതയുണ്ടായി.20 അവനു പിശാചുണ്ട്; അവനു
ഭ്രാന്താണ്; എന്തിന് അവൻ പറയുന്നതു കേൾക്കണം എന്നിങ്ങനെ അവരിൽ വളരെപ്പേർ പറഞ്ഞു.21
എന്നാൽ, മറ്റുള്ളവർ പറഞ്ഞു: ഈ വാക്കുകൾ പിശാചുബാധിതൻേറതല്ല; പിശാചിന് അന്ധരുടെ
കണ്ണുകൾ തുറക്കുവാൻ കഴിയുമോ?

**യേശു ദൈവപുത്രൻ**
22 ജറുസലെമിൽ **പ്രതിഷ്ഠയുടെ തിരുനാളായിരുന്നു.** അത് ശീതകാലമായിരുന്നു.23 യേശു
ദേവാലയത്തിൽ സോളമൻെറ മണ്ഡപത്തിൽ നടക്കുമ്പോൾ24 യഹൂദർ അവൻെറ ചുറ്റുംകൂടി
ചോദിച്ചു: നീ ഞങ്ങളെ എത്രനാൾ ഇങ്ങനെ സന്ദിഗ്ധാവസ്ഥയിൽ നിർത്തും? നീ
ക്രിസ്തുവാണെങ്കിൽ വ്യക്തമായി ഞങ്ങളോടു പറയുക.25 യേശു പ്രതിവചിച്ചു: ഞാൻ നിങ്ങളോടു
പറഞ്ഞു; എന്നിട്ടും നിങ്ങൾ വിശ്വസിക്കുന്നില്ല. എൻെറ പിതാവിൻെറ നാമത്തിൽ ഞാൻ ചെയ്യുന്ന
പ്രവൃത്തികൾ എനിക്കു സാക്ഷ്യം നൽകുന്നു.26 എന്നാൽ നിങ്ങൾ വിശ്വസിക്കുന്നില്ല; കാരണം,

നിങ്ങൾ എൻെറ ആടുകളിൽപ്പെടുന്നവരല്ല.27 എൻെറ ആടുകൾഎൻെറ സ്വരം ശ്രവിക്കുന്നു. എനിക്ക് അവയെ അറിയാം. അവ എന്നെ അനുഗമിക്കുന്നു.28 ഞാൻ അവയ്ക്കു **നിത്യജീവൻ** നൽകുന്നു. അവ ഒരിക്കലും നശിച്ചുപോവുകയില്ല. അവയെ എൻെറ അടുക്കൽനിന്ന് ആരും പിടിച്ചെടുക്കുകയുമില്ല.29 അവയെ എനിക്കു നൽകിയ എൻെറ പിതാവ് എല്ലാവരെയുംകാൾ വലിയവനാണ്. പിതാവിൻെറ കൈയിൽനിന്ന് അവയെ പിടിച്ചെടുക്കാൻ ആർക്കും സാധിക്കുകയില്ല.30 ഞാനും പിതാവും ഒന്നാണ്.31 യഹൂദർ അവനെ എറിയാൻ വീണ്ടും കല്ലെടുത്തു.32 യേശു അവരോടു ചോദിച്ചു: പിതാവിൽനിന്നുള്ള അനേകം നല്ല പ്രവൃത്തികൾ ഞാൻ നിങ്ങളെ കാണിച്ചു. ഇവയിൽ ഏതു പ്രവൃത്തിമൂലമാണ് നിങ്ങൾ എന്നെ കല്ലെറിയുന്നത്?33 യഹൂദർ പറഞ്ഞു: ഏതെങ്കിലും നല്ല പ്രവൃത്തികൾമൂലമല്ല, **ദൈവദൂഷണം**മൂലമാണ് ഞങ്ങൾ നിന്നെ കല്ലെറിയുന്നത്; കാരണം, മനുഷ്യ നായിരിക്കെ, നീ നിന്നെത്തന്നെ ദൈവമാക്കുന്നു.34 യേശു അവരോടു ചോദിച്ചു: നിങ്ങൾ ദൈവങ്ങളാണെന്നു ഞാൻ പറഞ്ഞു എന്നു നിങ്ങളുടെ നിയമത്തിൽ എഴുതപ്പെട്ടിട്ടില്ലേ?35 വിശുദ്ധ ലിഖിതം നിറവേറാതിരിക്കുകയില്ലല്ലോ. ദൈവവചനം ആരുടെ അടുത്തേക്കു വന്നുവോ അവരെ **ദൈവങ്ങൾ** എന്ന് അവൻ വിളിച്ചു.36 അങ്ങനെയെങ്കിൽ, പിതാവ് വിശുദ്ധീകരിച്ച് ലോകത്തിലേക്കയച്ച എന്നെ ഞാൻ ദൈവപുത്രനാണ് എന്നു പറഞ്ഞതുകൊണ്ട്, നീ ദൈവദൂഷണം പറയുന്നു എന്നു നിങ്ങൾ കുറ്റപ്പെടുത്തുന്നുവോ?37 ഞാൻ എൻെറ പിതാവിൻെറ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കേണ്ടാ.38 എന്നാൽ, ഞാൻ അവ ചെയ്യുന്നെങ്കിൽ, നിങ്ങൾ എന്നിൽ വിശ്വസിക്കുന്നില്ലെങ്കിലും ആ പ്രവൃത്തികളിൽ വിശ്വസിക്കുവിൻ. അപ്പോൾ, പിതാവ് എന്നിലും ഞാൻ പിതാവിലും ആണെന്നു നിങ്ങൾ അറിയുകയും ആ അറിവിൽ നിലനിൽക്കുകയും ചെയ്യും.39 വീണ്ടും അവർ അവനെ ബന്ധിക്കാൻ ശ്രമിച്ചു; എന്നാൽ അവൻ അവരുടെ കൈയിൽനിന്ന് രക്ഷപെട്ടു.40 **ജോർദാൻെറ മറുകരയിൽ** യോഹന്നാൻ ആദ്യം സ്നാനം നൽകിയിരുന്ന സ്ഥലത്തേക്ക് അവൻ വീണ്ടും പോയി അവിടെ താമസിച്ചു.41 വളരെപ്പേർ അവൻെറ അടുത്തു വന്നു. അവർ പറഞ്ഞു: **യോഹന്നാൻ** ഒരടയാളവും പ്രവർത്തിച്ചില്ല. എന്നാൽ, ഈ മനുഷ്യനെപ്പറ്റി **യോഹന്നാൻ** പറഞ്ഞിരുന്നതെല്ലാം സത്യമാണ്.42 അവിടെവച്ച് വളരെപ്പേർ അവനിൽ വിശ്വ സിച്ചു.

## Questions

265. ഏത് ഉപമ പറഞ്ഞപ്പോഴാണ് തങ്ങളോട് പറഞ്ഞത് എന്തെന്ന് ഫരിസേയർ മനസിലാക്കാതിരുന്നത്?
ആട്ടിൻകൂട്ടത്തിന്റെ ഉപമ (10,6)
266. ആരാണ് ആടുകളുടെ വാതിൽ?
യേശു (10,7)
267. യേശുവിന്റെ വാക്കുകൾ മൂലം ആരുടെ ഇടയിലാണ് ഭിന്നതയുണ്ടായത്?
യഹൂദരുടെ (10,19)
268. ഏതാണ് ശീതകാലത്തെ തിരുനാൾ?
പ്രതിഷ്ഠയുടെ തിരുനാൾ (10,22)
269. യേശു തന്റെ ആടുകൾക്ക് നൽകുന്നത് എന്ത്?
നിത്യജീവൻ (10,28)
270. ഏതെങ്കിലും നല്ല പ്രവൃത്തികൾ മൂലമല്ല . . . . . മൂലമാണ് ഞങ്ങൾ നിന്നെ കല്ലെറിയുന്നത്? പൂരിപ്പിക്കുക
ദൈവദൂഷണം (10,33)
271. ദൈവചനം ആരുടെ അടുത്ത് വന്നുവോ അവരെ . . . . . . എന്നു വിളിച്ചു. പൂരിപ്പിക്കുക
ദൈവങ്ങൾ (10,35)
272. യോഹന്നാൻ ആദ്യം സ്നാനം നൽകിയിരുന്ന സ്ഥലം ഏത്?
ജോർദാന്റെ മറുകര (10,40)
273. ആരാണ് ഒരടയാളവും പ്രവർത്തിക്കാതിരുന്നത്?
യോഹന്നാൻ (10,41)
274. ഈ മനുഷ്യനെപറ്റി . . . . . . പറഞ്ഞിരുന്നതെല്ലാം സത്യമാണ്. പൂരിപ്പിക്കുക
യോഹന്നാൻ (10,41)

**വചനഭാഗം: വി. യോഹന്നാൻ 11**

**ലാസറിൻെറ മരണം**

1 ലാസർ എന്നു പേരായ ഒരുവൻ രോഗബാധിതനായി. ഇവൻമറിയത്തിൻെറയും അവളുടെ

സഹോദരിയായ മർത്തായുടെയും ഗ്രാമമായ **ബഥാനിയായിൽ**നിന്നുള്ളവനായിരുന്നു.2 ഈ **മറിയമാണു** സുഗന്ധതൈലംകൊണ്ടു കർത്താവിനെ പൂശുകയും തൻെറ തലമുടികൊണ്ട് അവൻെറ പാദങ്ങൾ തുടയ്ക്കുകയും ചെയ്തത്. ഇവളുടെ സഹോദരൻ ലാസറാണു രോഗബാധിതനായത്.3 കർത്താവേ, ഇതാ, അങ്ങു സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു എന്നു പറയാൻ ആ **സഹോദരിമാർ** അവൻെറ അടുക്കലേക്ക് ആളയച്ചു.4 അതു കേട്ടപ്പോൾ യേശു പറഞ്ഞു: ഈ രോഗം മരണത്തിൽ അവസാനിക്കാനുള്ളതല്ല; പ്രത്യുത, ദൈവത്തിൻെറ മഹത്വത്തിനും അതുവഴി ദൈവപുത്രൻ മഹത്വം പ്രാപിക്കുന്നതിനും വേണ്ടിയുള്ളതാണ്.5 യേശു മർത്തായെയും അവ ളുടെ സഹോദരിയെയും ലാസറിനെയും സ്നേഹിച്ചിരുന്നു.6 എങ്കിലും, അവൻ രോഗിയായി എന്നു കേട്ടിട്ടും യേശു താൻ താമസിച്ചിരുന്ന സ്ഥലത്തുതന്നെ രണ്ടു ദിവസം കൂടി ചെലവഴിച്ചു.7 അനന്തരം, **അവൻ ശിഷ്യൻമാരോടു** പറഞ്ഞു: നമുക്ക് വീണ്ടുംയൂദയായിലേക്കു പോകാം.8 ശിഷ്യൻമാർ ചോദിച്ചു: ഗുരോ, യഹൂദർ ഇപ്പോൾത്തന്നെ നിന്നെ കല്ലെറിയാൻ അന്വേഷിക്കുകയായിരുന്നല്ലോ. എന്നിട്ട് അങ്ങോട്ടു പോവുകയാണോ?9 യേശു പ്രതിവചിച്ചു: പകലിനു പന്ത്രണ്ടു മണിക്കൂറില്ലേ? പകൽ നടക്കുന്നവൻ കാൽതട്ടി വീഴുന്നില്ല. ഈ ലോകത്തിൻെറ പ്രകാശം അവൻ കാണുന്നു.10 രാത്രി നടക്കുന്നവൻ തട്ടിവീഴുന്നു. കാരണം, അവനു പ്രകാശമില്ല.11 അവൻ തുടർന്നു: നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങുകയാണ്. അവനെ ഉണർത്താൻ ഞാൻ പോകുന്നു.12 ശിഷ്യൻമാർ പറഞ്ഞു: കർത്താവേ, ഉറങ്ങുകയാണെങ്കിൽ അവൻ സുഖം പ്രാപിക്കും.13 യേശു അവൻെറ മരണത്തെക്കുറിച്ചാണു സംസാരിച്ചത്. എന്നാൽ, നിദ്രയുടെ വിശ്രമത്തെക്കുറിച്ചാണ് അവൻ പറഞ്ഞതെന്ന് അവർ വിചാരിച്ചു.14 അപ്പോൾ യേശു വ്യക്തമായി അവരോടു പറഞ്ഞു: ലാസർ മരിച്ചുപോയി.15 നിങ്ങൾ വിശ്വസിക്കേണ്ടതിന്, ഞാൻ അവിടെ ഇല്ലാഞ്ഞതിൽ നിങ്ങളെപ്രതി ഞാൻ സന്തോഷിക്കുന്നു. നമുക്ക് അവൻെറ അടുത്തേക്കു പോകാം.16 ദീദിമോസ് എന്ന തോമസ് അപ്പോൾ മറ്റു ശിഷ്യൻമാരോടു പറഞ്ഞു: അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം.

**യേശു പുനരുത്ഥാനവും ജീവനും**

17 ലാസർ സംസ്കരിക്കപ്പെട്ടിട്ടു **നാലു** ദിവസമായെന്ന് യേശു അവിടെയെത്തിയപ്പോൾ അറിഞ്ഞു.18 ബഥാനിയാ ജറുസലെമിന് അടുത്ത് **ഏകദേശം പതിനഞ്ചു സ്താദിയോൺ** ദൂരത്തായിരുന്നു.19 **അനേകംയഹൂദർ** മർത്തായെയും മറിയത്തെയും അവരുടെ സഹോദരനെപ്രതി ആശ്വസിപ്പിക്കാൻ വന്നിരുന്നു.20 യേശു വരുന്നുണ്ടെന്നു കേട്ടപ്പോൾ **മർത്താ** ചെന്ന് അവനെ സ്വീകരിച്ചു. എന്നാൽ, **മറിയം** വീട്ടിൽത്തന്നെ ഇരുന്നു.21 **മർത്താ** യേശുവിനോടു പറഞ്ഞു: കർത്താവേ, നീ ഇവിടെയുണ്ടായിരുന്നെങ്കിൽ എൻെറ സഹോദരൻമരിക്കുകയില്ലായിരുന്നു.22 എന്നാൽ, നീ ചോദിക്കുന്നതെന്തും ദൈവം നിനക്കു തരും എന്ന് എനിക്കറിയാം.23 യേശു പറഞ്ഞു: നിൻെറ സഹോദരൻ ഉയിർത്തെഴുന്നേൽക്കും.24 മർത്താ പറഞ്ഞു: അന്ത്യദിനത്തിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കുമെന്ന് എനിക്കറിയാം.25 യേശു അവളോടു പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻമരിച്ചാലും ജീവിക്കും.26 അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല. ഇതു നീ വിശ്വസിക്കുന്നുവോ?27 അവൾ പറഞ്ഞു: ഉവ്വ്, കർത്താവേ! നീ ലോകത്തിലേക്കു വരാനിരുന്ന **ദൈവപുത്രനായ ക്രിസ്തു** ആണെന്നു ഞാൻ വിശ്വസിക്കുന്നു.

**യേശു കരയുന്നു**

28 ഇതു പറഞ്ഞിട്ട് അവൾ പോയി തൻെറ സഹോദരിയായ മറിയത്തെ വിളിച്ച്, ഇതാ, ഗുരു ഇവിടെയുണ്ട്; നിന്നെ വിളിക്കുന്നു എന്നു സ്വകാര്യമായിപ്പറഞ്ഞു.29 ഇതു കേട്ടയുടനെ അവൾ എഴുന്നേറ്റ് അവൻെറ അടുത്തേക്കു ചെന്നു.30 യേശു അപ്പോഴും ഗ്രാമത്തിൽ പ്രവേശിച്ചിട്ടില്ലായിരുന്നു. മർത്താ കണ്ട സ്ഥലത്തുതന്നെ അവൻ നിൽക്കുകയായിരുന്നു.31 മറിയം തിടുക്കത്തിൽ എഴുന്നേറ്റു പുറത്തേക്കു പോകുന്നതു കണ്ട്, വീട്ടിൽ അവളെ ആശ്വസിപ്പിച്ചുകൊണ്ടിരുന്ന യഹൂദർ അവളെ അനുഗമിച്ചു. അവൾ ശവകുടീരത്തിങ്കൽ കരയാൻ പോവുകയാണെന്ന് അവർ വിചാരിച്ചു.32 മറിയം യേശു നിന്നിരുന്നിടത്തു വന്ന്, അവനെക്കണ്ടപ്പോൾ കാൽക്കൽ വീണു പറഞ്ഞു: കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എൻെറ സഹോദരൻമരിക്കുമായിരുന്നില്ല.33 അവളും അവളോടുകൂടെ വന്ന യഹൂദരും കരയുന്നതു കണ്ടപ്പോൾ യേശു ആത്മാവിൽ നെടുവീർപ്പിട്ടുകൊണ്ട് അസ്വസ്ഥനായി ചോദിച്ചു:34 **അവനെ അടക്കിയിരിക്കുന്നത് എവിടെയാണ്?** അവർ അവനോടു പറഞ്ഞു: കർത്താവേ, വന്നു കാണുക.35 യേശു കണ്ണീർ പൊഴിച്ചു.36 അപ്പോൾ **യഹൂദർ** പറഞ്ഞു: നോക്കൂ, അവൻ എത്ര മാത്രം അവനെ സ്നേഹിച്ചിരുന്നു!37 എന്നാൽ അവരിൽ ചിലർ പറഞ്ഞു: അന്ധൻെറ കണ്ണു തുറന്ന ഈ മനുഷ്യന് ഇവനെ മരണത്തിൽനിന്നു രക്ഷിക്കാൻ കഴിയുമായിരുന്നില്ലേ?

**ലാസറിനെ ഉയിർപ്പിക്കുന്നു**
38 യേശു വീണ്ടും നെടുവീർപ്പിട്ടുകൊണ്ടു ശവകുടീരത്തിങ്കൽ വന്നു. അത് ഒരു ഗുഹയായിരുന്നു.
അതിൻമേൽ ഒരു കല്ലും വച്ചിരുന്നു.39 യേശു പറഞ്ഞു: ആ കല്ലെടുത്തു മാറ്റുവിൻ. **മരിച്ചയാളുടെ
സഹോദരിയായ മർത്താ** പറഞ്ഞു: കർത്താവേ, ഇപ്പോൾ ദുർഗന്ധം ഉണ്ടായിരിക്കും. ഇത് നാലാം
ദിവസമാണ്.40 യേശു അവളോടു ചോദിച്ചു: വിശ്വസിച്ചാൽ നീ **ദൈവമഹത്വം** ദർശിക്കുമെന്നു ഞാൻ
നിന്നോടു പറഞ്ഞില്ലേ?41 അവർ കല്ലെടുത്തു മാറ്റി. യേശു കണ്ണുയർത്തി പറഞ്ഞു: പിതാവേ, അങ്ങ്
എന്റെ പ്രാർഥന ശ്രവിച്ചതിനാൽ ഞാൻ അങ്ങേക്കു നന്ദി പറയുന്നു.42 അങ്ങ് എന്റെ പ്രാർഥന
എപ്പോഴും ശ്രവിക്കുമെന്നും എനിക്കറിയാം. എന്നാൽ, എന്നെ അയച്ചത് അവിടുന്നാണെന്ന് ചുറ്റും
നിൽക്കുന്ന ജനം വിശ്വസിക്കുന്നതിനുവേണ്ടിയാണ് ഞാനിതു പറയുന്നത്.43 ഇതു പറഞ്ഞിട്ട് അവൻ
ഉച്ചത്തിൽ പറഞ്ഞു: **ലാസറേ, പുറത്തു വരുക.**44 അപ്പോൾ മരിച്ചവൻ പുറത്തു വന്നു. അവന്റെ
കൈകാലുകൾ നാടകൾകൊണ്ട് ബന്ധിക്കപ്പെട്ടും മുഖം തുണികൊണ്ട് ആവരണം ചെയ്യപ്പെട്ടുമിരുന്നു.
യേശു അവരോടു പറഞ്ഞു: അവന്റെ കെട്ടുകളഴിക്കുവിൻ. അവൻ പോകട്ടെ.

**യേശുവിനെ വധിക്കാൻആലോചന**
(മത്തായി 26:1-26:5 ) (മർക്കോസ് 14:1-14:2 ) (ലൂക്കാ 22:1-22:2)
45 മറിയത്തിന്റെ അടുക്കൽ വന്നിരുന്ന യഹൂദരിൽ വളരെപ്പേർ അവൻ പ്രവർത്തിച്ചതു കണ്ട്
അവനിൽ വിശ്വസിച്ചു.46 എന്നാൽ, അവരിൽ ചിലർ ചെന്ന് യേശു പ്രവർത്തിച്ച കാര്യങ്ങൾ
**ഫരിസേയരോടു** പറഞ്ഞു.47 അപ്പോൾ, പുരോഹിതപ്രമുഖൻമാരും ഫരിസേയരും
ആലോചനാസംഘം വിളിച്ചുകൂട്ടി പറഞ്ഞു: നാം എന്താണു ചെയ്യേണ്ടത്? ഈ മനുഷ്യൻ
വളരെയധികം അടയാളങ്ങൾ പ്രവർത്തിക്കുന്നല്ലോ.48 അവനെ നാം ഇങ്ങനെ വിട്ടാൽ എല്ലാവരും
അവനിൽ വിശ്വസിക്കും. അപ്പോൾ **റോമാക്കാർ** വന്ന് നമ്മുടെ വിശുദ്ധസ്ഥലത്തെയും ജനത്തെയും
നശിപ്പിക്കും.49 അവരിൽ ഒരുവനും ആ വർഷത്തെ പ്രധാന പുരോഹിതനുമായ കയ്യാഫാസ് പറഞ്ഞു:
നിങ്ങൾക്ക് ഒന്നും അറിഞ്ഞുകൂടാ.50 ജനം മുഴുവൻ നശിക്കാതിരിക്കാനായി അവർക്കുവേണ്ടി ഒരുവൻ
മരിക്കുന്നതുയുക്തമാണെന്നു നിങ്ങൾ മനസ്സിലാക്കുന്നുമില്ല.51 അവൻ ഇതു സ്വമേധയാ പറഞ്ഞതല്ല;
പ്രത്യുത, ആ വർഷത്തെ **പ്രധാന പുരോഹിതൻ** എന്ന നിലയിൽ, ജനത്തിനുവേണ്ടി യേശു മരിക്കേ
ണ്ടിയിരിക്കുന്നുവെന്നു പ്രവചിക്കുകയായിരുന്നു-52 ജനത്തിനുവേണ്ടി മാത്രമല്ല, ചിതറിക്കിടക്കുന്ന
ദൈവമക്കളെ ഒരുമിച്ചുകൂട്ടുന്നതിനുവേണ്ടിയും.53 അന്നുമുതൽ അവനെ വധിക്കാൻ അവർ
ആലോചിച്ചുകൊണ്ടിരുന്നു.54 അതുകൊണ്ട് യേശു പിന്നീടൊരിക്കലും **യഹൂദരുടെയിടയിൽ**
പരസ്യമായി സഞ്ചരിച്ചില്ല. അവൻ പോയി, മരുഭൂമിക്കടുത്തുള്ള എഫ്രായിം പട്ടണത്തിൽ,
ശിഷ്യരോടൊത്തു വസിച്ചു.55 യഹൂദരുടെ പെസഹാത്തിരുനാൾ അടുത്തിരുന്നു. ഗ്രാമങ്ങളിൽനിന്നു
വളരെപ്പേർ തങ്ങളെത്തന്നെ വിശുദ്ധീകരിക്കുന്നതിനായി പെസഹായ്ക്കുമുമ്പേ ജറുസലെമിലേക്കു
പോയി.56 അവർ യേശുവിനെ അന്വേഷിച്ചുകൊണ്ട് ദേവാലയത്തിൽവച്ചു പരസ്പരം ചോദിച്ചു:
നിങ്ങൾ എന്തു വിചാരിക്കുന്നു? അവൻ തിരുനാളിനു വരികയില്ലെന്നോ?57 അവൻ എവിടെയാണെന്ന്
ആർക്കെങ്കിലും വിവരം ലഭിച്ചാൽ, അവനെ ബന്ധിക്കേണ്ടതിന് തങ്ങളെ അറിയിക്കണമെന്നു
പുരോഹിതപ്രമുഖൻമാരും ഫരിസേയരും കൽപന കൊടുത്തിരുന്നു.

## Questions

275. ലാസർ എവിടെ നിന്നുള്ളവനായിരുന്നു?
ബഥാനിയ (11,1)
276. ലാസറിന്റെ മരണത്തെക്കുറിച്ച് പ്രതിപാദിക്കുന്ന അധ്യായം ഏത്?
പതിനൊന്ന്
277. സുഗന്ധതൈലംകൊണ്ട് കർത്താവിനെ പൂശുകയും തന്റെ തലമുടികൊണ്ട് അവന്റെ പാദങ്ങൾ തുടയ്ക്കുകയും ചെയ്തതാര്?
മറിയം (11,2)
278. ലാസർ രോഗിയായിരിക്കുന്നു എന്ന് പറയാൻ ആരാണ് യേശുവിന്റെ അടുത്തേക്ക് ആളയച്ചത്?
സഹോദരിമാർ (11,3)
279. ലാസർ രോഗിയായി എന്നു കേട്ടിട്ടും യേശു താൻ താമസിച്ചിരുന്ന സ്ഥലത്ത് എത്ര ദിവസംകൂടി താമസിച്ചു?
രണ്ട് (11,6)
280. ‘‘നമുക്ക് വീണ്ടും യൂദയായിലേക്ക് പോകാം’’ ആര് ആരോട് പറഞ്ഞു?
യേശു ശിഷ്യന്മാരോട് (11,7)

281. ലാസർ സംസ്കരിക്കപ്പെട്ടിട്ട് എത്ര ദിവസമായെന്നാണ് യേശു അവിടെയെത്തിയപ്പോൾ അറിഞ്ഞത്?
നാലു ദിവസം (11,17)
282. പതിനഞ്ച് സ്താദിയോൺ എന്നാൽ എത്ര കിലോമീറ്ററാണ്?
ഏകദേശം മൂന്ന് കിലോമീറ്റർ (11,18)
283. ആരാണ് മർത്തായെയും മറിയത്തെയും അവരുടെ സഹോദരനെ പ്രതി ആശ്വസിപ്പിക്കാൻ വന്നത്?
അനേകം യഹൂദർ (11,19)
284. യേശു വരുന്നുണ്ടെന്ന് കേട്ടപ്പോൾ ആരാണ് അവനെ സ്വീകരിക്കാൻ ചെന്നത്?
മർത്താ (11,20)
285. യേശു വരുന്നുണ്ടെന്ന് കേട്ടപ്പോൾ ആരാണ് വീട്ടിൽ തന്നെ ഇരുന്നത്?
മറിയം (11,20)
286. ''നീ ചോദിക്കുന്നതെന്തും ദൈവം നിനക്ക് തരും'' ആരാണ് പറഞ്ഞത്?
മർത്താ (11,22)
287. നീ ലോകത്തിലേക്ക് വരാനിരിക്കുന്ന ആരാണെന്നാണ് മർത്താ പറഞ്ഞത്?
ദൈവപുത്രനായ ക്രിസ്തു (11,27)
288. യേശു ആത്മാവിൽ നെടുവീർപ്പിട്ടുകൊണ്ട് അസ്വസ്ഥനായി ചോദിച്ചതെന്ത്?
അവനെ അടക്കിയിരിക്കുന്നത് എവിടെയാണ്? (11,34)
289. ''നോക്കൂ, അവൻ എത്രമാത്രം അവനെ സ്നേഹിച്ചിരുന്നു'' ആരാണ് പറഞ്ഞത്?
യഹൂദർ (11,36)
290. ''കർത്താവേ ഇപ്പോൾ ദുർഗന്ധം ഉണ്ടായിരിക്കും.'' ആരാണ് പറഞ്ഞത്?
മരിച്ചയാളുടെ സഹോദരിയായ മർത്താ (11,39)
291. വിശ്വസിച്ചാൽ നീ . . . . . . ദർശിക്കുമെന്ന് ഞാൻ നിന്നോട് പറഞ്ഞില്ലേ? പൂരിപ്പിക്കുക
ദൈവമഹത്വം (11,40)
292. യേശു ഉച്ചസ്വരത്തിൽ പറഞ്ഞതെന്ത്?
ലാസറെ പുറത്തുവരുക (11,43)
293. മറിയത്തിന്റെ അടുക്കൽ വന്നിരുന്നവരിൽ ചിലർ യേശു പ്രവർത്തിച്ച കാര്യങ്ങൾ ആരോടാണ് പറഞ്ഞത്?
ഫരിസേയരോട് (11,46)
294. വിശുദ്ധസ്ഥലത്തെയും ജനത്തെയും ആര് വന്നു നശിപ്പിക്കുമെന്നാണ് പറയുന്നത്?
റോമാക്കാർ (11,48)
295. ജനത്തിനുവേണ്ടി യേശു മരിക്കേണ്ടിയിരിക്കുന്നുവെന്ന് പ്രവചിച്ചത് ആര്?
കയ്യാഫാസ് (11,51)
296. യേശു ആരുടെ ഇടയിലാണ് പരസ്യമായി സഞ്ചരിക്കാതിരുന്നത്?
യഹൂദരുടെ (11,54)

**വചനഭാഗം: വി. യോഹന്നാൻ 12**

**തൈലാഭിഷേകം**
(മത്തായി 26:6 - 26:13 ) (മർക്കോസ് 14:3 - 14:9)

1 മരിച്ചവരിൽനിന്നു താൻ ഉയിർപ്പിച്ച ലാസർ താമസിച്ചിരുന്ന ബഥാനിയായിലേക്കു **പെസഹായ്ക്ക് ആറു ദിവസം മുമ്പ്** യേശു വന്നു.2 അവർ അവന് അത്താഴം ഒരുക്കി. മർത്താ പരിചരിച്ചു. അവനോടുകൂടെ ഭക്ഷണത്തിനിരുന്നവരിൽ ലാസറും ഉണ്ടായിരുന്നു.3 മറിയം വിലയേറിയതും ശുദ്ധവുമായ ഒരു കുപ്പി നാർദിൻ സുഗന്ധതൈലമെടുത്ത് യേശുവിൻെറ പാദങ്ങളിൽ പൂശുകയും തൻെറ തലമുടികൊണ്ട് അവൻെറ പാദങ്ങൾ തുടയ്ക്കുകയും ചെയ്തു. തൈലത്തിൻെറ പരിമളംകൊണ്ടു വീടു നിറഞ്ഞു.4 അവൻെറ ശിഷ്യൻമാരിലൊരുവനും അവനെ ഒറ്റിക്കൊടുക്കാനിരുന്നവനുമായ **യൂദാസ് സ്കറിയോത്താ** പറഞ്ഞു:5 എന്തുകൊണ്ട് ഈ തൈലം മുന്നൂറു ദനാറയ്ക്കു വിറ്റു ദരിദ്രർക്കു കൊടുത്തില്ല?6 അവൻ ഇതു പറഞ്ഞത് അവനു ദരിദ്രരോടു പരിഗണനയുണ്ടായിരുന്നതുകൊണ്ടല്ല, പ്രത്യുത, അവൻ ഒരു കള്ളനായിരുന്നതുകൊണ്ടും പണസഞ്ചി **അവൻെറ** കൈയിലായിരുന്നതുകൊണ്ടും അതിൽ വീഴുന്നതിൽനിന്ന് അവൻ

എടുത്തിരുന്നതുകൊണ്ടുമാണ്.7 യേശു പറഞ്ഞു: അവളെ തടയേണ്ടാ. എൻെറ ശവസംസ്കാരദിനത്തിനായി ഇതു ചെയ്തുവെന്ന് അവൾ കരുതിക്കൊള്ളട്ടെ.8 ദരിദ്രർ എപ്പോഴും നിങ്ങളോടുകൂടെയുണ്ട്; ഞാൻ എപ്പോഴും നിങ്ങളോടൊത്തുണ്ടായിരിക്കുകയില്ല.9 അവൻ **അവിടെയുണ്ടെന്നറിഞ്ഞ്** വലിയ ഒരു ഗണം യഹൂദർ അവിടേക്കു വന്നു. അവർ വന്നത് യേശുവിനെ ഉദ്ദേശിച്ചുമാത്രമല്ല; അവൻ മരിച്ചവരിൽനിന്നുയിർപ്പിച്ച ലാസറിനെ കാണാൻകൂടിയാണ്.10 **ലാസറിനെക്കൂടി** കൊല്ലാൻ പുരോഹിതപ്രമുഖൻമാർ ആലോചിച്ചു.11 എന്തെന്നാൽ, അവൻ നിമിത്തം യഹൂദരിൽ വളരെപ്പേർ അവരെ വിട്ടു യേശുവിൽ വിശ്വസിച്ചിരുന്നു.

**രാജകീയപ്രവേശനം**

(മത്തായി 21:1-21:11) (മർക്കോസ് 11:1-11:11) (ലൂക്കാ 19:28-19:40)

12 അടുത്ത ദിവസം, തിരുനാളിനു വന്നുകൂടിയ **ഒരു വലിയ ജനക്കൂട്ടം** യേശു ജറുസലെമിലേക്കു വരുന്നെന്നു കേട്ട്,13 ഈന്തപ്പനയുടെ കൈകൾ എടുത്തുകൊണ്ട് അവനെ എതിരേൽക്കാൻ പുറപ്പെട്ടു. അവർ വിളിച്ചുപറഞ്ഞു: ഹോസാന! കർത്താവിൻെറ നാമത്തിൽ വരുന്നവനും ഇസ്രായേലിൻെറ രാജാവുമായവൻ വാഴ്ത്തപ്പെട്ടവൻ.14 യേശു ഒരു കഴുതക്കുട്ടിയെക്കണ്ട് അതിൻെറ പുറത്തു കയറിയിരുന്നു.15 സീയോൻപുത്രീ, ഭയപ്പെടേണ്ടാ; ഇതാ, നിൻെറ രാജാവ് കഴുതക്കുട്ടിയുടെ പുറത്ത് എഴുന്നള്ളുന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നു.16 അവൻെറ ശിഷ്യൻമാർക്ക് ആദ്യം ഇതു മനസ്സിലായില്ല. എന്നാൽ, യേശു മഹത്വം പ്രാപിച്ചപ്പോൾ അവനെപ്പറ്റി ഇക്കാര്യങ്ങൾ എഴുതപ്പെട്ടിരുന്നുവെന്നും അവനുവേണ്ടി ഇവയെല്ലാം ചെയ്തുവെന്നും അവർ അനുസ്മരിച്ചു.17 ലാസറിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച അവസരത്തിൽ അവനോടൊപ്പമുണ്ടായിരുന്ന ജനക്കൂട്ടം അവനു സാക്ഷ്യം നൽകിയിരുന്നു.18 അവൻ ഈ അടയാളം പ്രവർത്തിച്ചെന്നു കേട്ടതുകൊണ്ടുകൂടിയാണ് ജനക്കൂട്ടം അവനെ സ്വീകരിക്കുവാൻ വന്നത്.19 അപ്പോൾ **ഫരിസേയർ** പരസ്പരം പറഞ്ഞു: നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ലെന്നു കാണുന്നില്ലേ? നോക്കൂ. ലോകം അവൻെറ പിന്നാലെ പോയിക്കഴിഞ്ഞു.

**ഗ്രീക്കുകാർ യേശുവിനെ തേടുന്നു**

20 തിരുനാളിൽ ആരാധിക്കാൻ വന്നവരിൽ ഏതാനും **ഗ്രീക്കുകാരുമുണ്ടായിരു**ന്നു.21 ഇവർ **ഗലീലിയിലെ ബേത്സയ്ദായിൽനിന്നുള്ള പീലിപ്പോസിൻെറ** അടുക്കൽ ചെന്നു പറഞ്ഞു: പ്രഭോ, ഞങ്ങൾ യേശുവിനെ കാണാൻ ആഗ്രഹിക്കുന്നു.22 പീലിപ്പോസ് പോയി അന്ത്രയോസിനോടു പറഞ്ഞു: **അന്ത്രയോസും പീലിപ്പോസും** കൂടി യേശുവിനെ വിവരമറിയിച്ചു.23 യേശു പറഞ്ഞു: മനുഷ്യപുത്രൻമഹത്വപ്പെടാനുള്ള സമയമായിരിക്കുന്നു.24 സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും.25 തൻെറ ജീവനെ സ്നേഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തുന്നു. ഈ ലോകത്തിൽ തൻെറ ജീവനെ ദ്വേഷിക്കുന്നവൻ നിത്യജീവനിലേക്ക് അതിനെ കാത്തുസൂക്ഷിക്കും.26 എന്നെ ശുശ്രൂഷിക്കാൻ ആഗ്രഹിക്കുന്നവൻ എന്നെ അനുഗമിക്കട്ടെ. അപ്പോൾ, ഞാൻ ആയിരിക്കുന്നിടത്ത് എൻെറ ശുശ്രൂഷകനും ആയിരിക്കും; എന്നെ ശുശ്രൂഷിക്കുന്നവനെ പിതാവു ബഹുമാനിക്കും.

**മനുഷ്യപുത്രൻ ഉയർത്തപ്പെടണം**

27 ഇപ്പോൾ എൻെറ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു. ഞാൻ എന്തു പറയേണ്ടു? പിതാവേ, ഈ മണിക്കൂറിൽനിന്ന് എന്നെ രക്ഷിക്കണമേ! അല്ല, ഇതിനുവേണ്ടിയാണല്ലോ ഈ മണിക്കൂറിലേക്കു ഞാൻ വന്നത്.28 പിതാവേ, അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്തണമേ! അപ്പോൾ സ്വർഗത്തിൽനിന്ന് ഒരു സ്വരമുണ്ടായി: ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തും.29 അവിടെ നിന്നിരുന്ന ജനക്കൂട്ടം ഇതു കേട്ടിട്ട്, **ഇടിമുഴക്കമുണ്ടായി** എന്നു പറഞ്ഞു. എന്നാൽ ചിലർ ഒരു **ദൂതൻ** അവനോടു സംസാരിച്ചു എന്നു പറഞ്ഞു.30 യേശു പറഞ്ഞു: ഈ സ്വരമുണ്ടായത് എനിക്കുവേണ്ടിയല്ല, നിങ്ങൾക്കുവേണ്ടിയാണ്.31 ഇപ്പോഴാണ് ഈ ലോകത്തിൻെറന്യായവിധി. ഇപ്പോൾ ഈ ലോകത്തിൻെറ അധികാരി പുറന്തള്ളപ്പെടും.32 ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും.33 അവൻ ഇതു പറഞ്ഞത്, താൻ ഏതു വിധത്തിലുള്ള മരണമാണു വരിക്കാൻ പോകുന്നത് എന്നു സൂചിപ്പിക്കാനാണ്.34 അപ്പോൾ ജനക്കൂട്ടം അവനോടു ചോദിച്ചു: ക്രിസ്തു എന്നേക്കും നിലനിൽക്കുന്നു എന്നാണല്ലോ നിയമത്തിൽ ഞങ്ങൾ കേട്ടിട്ടുള്ളത്. പിന്നെ മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടിയിരിക്കുന്നു എന്നു നീ പറയുന്നതെങ്ങനെ? ആരാണ് ഈ മനുഷ്യപുത്രൻ?35 യേശു അവരോടു പറഞ്ഞു: അൽപസമയത്തേക്കുകൂടി പ്രകാശം നിങ്ങളുടെയിടയിലുണ്ട്. അന്ധകാരം നിങ്ങളെ കീഴടക്കാതിരിക്കാൻ പ്രകാശമുള്ളപ്പോൾ നടന്നുകൊള്ളുവിൻ. അന്ധകാരത്തിൽ

നടക്കുന്നവൻ താൻ എവിടേക്കാണ് പോകുന്നതെന്ന് അറിയുന്നില്ല.36 നിങ്ങൾ പ്രകാശത്തിൻെറ മക്കളാകേണ്ടതിന് നിങ്ങൾക്കു പ്രകാശമുള്ളപ്പോൾ അതിൽ വിശ്വസിക്കുവിൻ.

**യഹൂദരുടെ അവിശ്വാസം**

37 ഇതു പറഞ്ഞതിനുശേഷം യേശു അവരിൽനിന്നു പോയി രഹസ്യമായി പാർത്തു. അവൻ വളരെ അടയാളങ്ങൾ അവരുടെ മുമ്പാകെ പ്രവർത്തിച്ചെങ്കിലും അവർ അവനിൽ വിശ്വസിച്ചില്ല.38 ഏശയ്യാ പ്രവാചകൻ പറഞ്ഞവചനം പൂർത്തിയാകേണ്ടതിനാണ് ഇത്. കർത്താവേ, ഞങ്ങളുടെ സന്ദേശം ആരു വിശ്വസിച്ചു? കർത്താവിൻെറ ഭുജം ആർക്കാണു വെളിപ്പെട്ടത്?39 അതുകൊണ്ട് അവർക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഏശയ്യാ വീണ്ടും പറഞ്ഞിരിക്കുന്നു:40 അവർ തങ്ങളുടെ കണ്ണുകൾകൊണ്ടു കാണുകയും ഹൃദയംകൊണ്ട് ഗ്രഹിക്കുകയും അങ്ങനെ അവർ എന്നിലേക്കു തിരിഞ്ഞ് ഞാൻ അവരെ സുഖപ്പെടുത്തുകയുംചെയ്യാതിരിക്കേണ്ട തിന് അവിടുന്ന് അവരുടെ കണ്ണുകളെ അന്ധമാക്കുകയും ഹൃദയത്തെ കഠിനമാക്കുകയും ചെയ്തു.41 അവൻെറ മഹത്വം കാണുകയും അവനെപ്പറ്റി സംസാരിക്കുകയും ചെയ്തതുകൊണ്ടാണ് ഏശയ്യാ ഇങ്ങനെ പ്രസ്താവിച്ചത്.42 എന്നിട്ടും, അധികാരികളിൽപ്പോലും അനേകർ അവനിൽ വിശ്വസിച്ചു. എന്നാൽ, സിനഗോഗിൽനിന്നു ബഹിഷ്കൃതരാകാതിരിക്കാൻവേണ്ടി **ഫരിസേയരെ** ഭയന്ന് അവരാരും അത് ഏറ്റുപറഞ്ഞില്ല.43 ദൈവത്തിൽനിന്നുള്ള മഹത്വത്തെക്കാളധികം മനുഷ്യരുടെ പ്രശംസ അവർ അഭിലഷിച്ചു.44 യേശു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല, എന്നെ അയച്ചവനിലാണു വിശ്വസിക്കുന്നത്.45 എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു.46 എന്നിൽ വിശ്വസിക്കുന്ന വരാരും അന്ധകാരത്തിൽ വസിക്കാതിരിക്കേണ്ടതിന് ഞാൻ വെളിച്ചമായി ലോകത്തിലേക്കു വന്നിരിക്കുന്നു.47 എൻെറ വാക്കുകൾ കേൾക്കുന്നവൻ അവ പാലിക്കുന്നില്ലെങ്കിലും ഞാൻ അവനെ വിധിക്കുന്നില്ല. കാരണം, ഞാൻ വന്നിരിക്കുന്നത് ലോകത്തെ വിധിക്കാനല്ല, രക്ഷിക്കാനാണ്.48 എന്നാൽ, എന്നെ നിരസിക്കുകയും എൻെറ വാക്കുകൾ തിരസ്കരിക്കുകയും ചെയ്യുന്നവന് ഒരു **വിധികർത്താവു**ണ്ട്. **ഞാൻ പറഞ്ഞവചനം**തന്നെ അന്ത്യദിനത്തിൽ അവനെ വിധിക്കും.49 എന്തെന്നാൽ, ഞാൻ സ്വമേധയാ അല്ല സംസാരിച്ചത്. ഞാൻ എന്തു പറയണം, എന്തു പഠിപ്പിക്കണം എന്ന് എന്നെ അയച്ച പിതാവുതന്നെ എനിക്കു കൽപന നൽകിയിരിക്കുന്നു.50 അവിടുത്തെ കൽപന **നിത്യജീവനാ**ണെന്നു ഞാൻ അറിയുന്നു. അതിനാൽ, ഞാൻ പറയുന്നതെല്ലാം പിതാവ് എന്നോടു കൽപിച്ചതുപോലെ തന്നെയാണ്.

## Questions

297. യേശു ബഥാനിയായിലേക്ക് വന്നത് എന്നാണ്?
പെസഹായ്ക്ക് ആറു ദിവസം മുമ്പ് (12,1)

298. ''എന്തുകൊണ്ട് ഈ തൈലം മുന്നൂറ് ദനാറയ്ക്കു വിറ്റ് ദരിദ്രർക്കു കൊടുത്തില്ല''. ആരാണ് ചോദിച്ചത്?
യൂദാസ് സ്കറിയോത്ത (12,5)

299. ഒരു 'ദനാറ' എത്ര?
ഒരു ദിവസത്തെ കൂലി = 5.7 ഗ്രാം (12,5)

300. ആരുടെ കൈയിലായിരുന്നു പണസഞ്ചി?
യൂദാസ് സ്കറിയോത്ത (12,6)

301. യേശു എവിടെയുണ്ടെന്നറിഞ്ഞാണ് ഒരു ഗണം യഹൂദർ വന്നത്?
ബഥാനിയ (12,9)

302. ആരെക്കൂടി കൊല്ലാനാണ് പുരോഹിത പ്രമുഖന്മാർ ആലോചിച്ചത്?
ലാസറിനെ (12,10)

303. യേശു ജറുസലേമിലേക്ക് വരുന്നെന്നു കേട്ട് ഈന്തപ്പനയുടെ കൈകൾ എടുത്തുകൊണ്ട് അവനെ എതിരേൽക്കാൻ പുറപ്പെട്ടതാര്?
ഒരു വലിയ ജനക്കൂട്ടം (12,12)

304. ലാസറിനെ ഉയിർപ്പിച്ച അടയാളം കേട്ടതുകൊണ്ട് ആരാണ് യേശുവിനെ സ്വീകരിക്കാൻ വന്നത്?
ജനക്കൂട്ടം (12,18)

305. ''നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ലെന്ന് കാണുന്നില്ലേ?'' ആരാണ് ചോദിച്ചത്?
ഫരിസേയർ (12,19)

306. പീലിപ്പോസ് എവിടെ നിന്നുള്ളവനായിരുന്നു?
ഗലീലിയിലെ ബേത്സയ്ദാ (12,21)

307. ''പ്രഭോ ഞങ്ങൾ യേശുവിനെ കാണാൻ ആഗ്രഹിക്കുന്നു'' ആര് ആരോട് പറഞ്ഞു?
ഗ്രീക്കുകാർ പീലിപ്പോസിനോട് (12,21)

308. ഗ്രീക്കുകാർ ഈശോയെ കാണാൻ ആഗ്രഹിക്കുന്നു എന്ന് ആരാണ് ഈശോയെ വിവരമറിയിച്ചത്?
അന്ത്രയോസും പീലിപ്പോസും കൂടി (12,22)
309. സ്വർഗത്തിൽ നിന്നുള്ള സ്വരം കേട്ടപ്പോൾ ആര് യേശുവിനോട് സംസാരിച്ചു എന്നാണ് ചിലർ പറഞ്ഞത്?
ഒരു ദൂതൻ (12,29)
310. ''ക്രിസ്തു എന്നേക്കും നിലനിൽക്കുമെന്നാണല്ലോ നിയമത്തിൽ കേട്ടിട്ടുള്ളത്'' ആരാണ് ചോദിച്ചത്?
ജനക്കൂട്ടം (12,34)
311. അധികാരികളിൽ പലരും യേശുവിൽ വിശ്വസിച്ചെങ്കിലും ആരെ ഭയന്നാണ് അവരാരും അത് ഏറ്റുപറയാതിരുന്നത്?
ഫരിസേയരെ (12,42)
312. യേശുവിനെ നിരസിക്കുകയും അവന്റെ വാക്കുകൾ തിരസ്കരിക്കുകയും ചെയ്യുന്നവന് ആരുണ്ടെന്നാണ് യേശു പറയുന്നത്?
വിധികർത്താവ് (12,48)
313. അന്ത്യദിനത്തിൽ ആരാണ് വിധിക്കുന്നത്?
യേശു പറഞ്ഞ വചനം (12,48)
314. ദൈവത്തിന്റെ കൽപന എന്താണ്?
നിത്യജീവൻ (12,50)

# ഗലാത്തിയ 1-6

**വചനഭാഗം: ഗലാത്തിയ 1**

**അഭിവാദനം**
1 മനുഷ്യരിൽനിന്നോ മനുഷ്യൻമുഖേനയോ അല്ല, യേശുക്രിസ്തുമുഖേനയും അവനെ
മരിച്ചവരിൽനിന്നുയിർപ്പിച്ച പിതാവുമുഖേനയും അപ്പസ്തോലനായിരിക്കുന്ന **പൗലോസായ** ഞാനും2
എന്നോടുകൂടെയുള്ള എല്ലാ **സഹോദരരും**, ഗലാത്തിയായിലെ സഭകൾക്ക് എഴുതുന്നത്:3 നമ്മുടെ
പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നും നിങ്ങൾക്കു കൃപയും
സമാധാനവും.4 തിൻമനിറഞ്ഞ ഈ യുഗത്തിൽനിന്നു നമ്മെ മോചിപ്പിക്കേണ്ടതിന്, നമ്മുടെ
പിതാവായ ദൈവത്തിൻെറ അഭീഷ്ടമനുസരിച്ച് നമ്മുടെ പാപങ്ങൾക്കുവേണ്ടി അവൻ തന്നെത്തന്നെ
ബലിയർപ്പിച്ചു.5 ദൈവത്തിന് എന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ. ആമേൻ.
**മറ്റൊരു സുവിശേഷമില്ല**
6 ക്രിസ്തുവിൻെറ കൃപയിൽ നിങ്ങളെ വിളിച്ചവനെ നിങ്ങൾ ഇത്ര പെട്ടെന്ന് ഉപേക്ഷിക്കുകയും
വ്യത്യസ്തമായ ഒരു സുവിശേഷത്തിലേക്കു തിരിയുകയും ചെയ്യുന്നതിൽ എനിക്ക് ആശ്ചര്യം
തോന്നുന്നു.7 വാസ്തവത്തിൽ മറ്റൊരു സുവിശേഷമില്ല; എന്നാൽ, നിങ്ങളെ ഉപദ്രവിക്കാനും
ക്രിസ്തുവിൻെറ സുവിശേഷത്തെ ദുഷിപ്പിക്കാനും ആഗ്രഹിക്കുന്ന കുറെ ആളുകളുണ്ട്.8 ഞങ്ങൾ
നിങ്ങളോടു പ്രസംഗിച്ചതിൽനിന്നു വ്യത്യസ്തമായ ഒരു സുവിശേഷം ഞങ്ങൾതന്നെയോ
സ്വർഗത്തിൽനിന്ന് ഒരു ദൂതൻ തന്നെയോ നിങ്ങളോടു പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ!9
ഞങ്ങൾ നേരത്തേനിങ്ങളോടു പറഞ്ഞപ്രകാരം തന്നെ ഇപ്പോഴും ഞാൻ പറയുന്നു, നിങ്ങൾ സ്വീകരിച്ച
സുവിശേഷമല്ലാതെ മറ്റൊന്ന് ആരെങ്കിലും നിങ്ങളോടു പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ!10
ഞാൻ ഇപ്പോൾ മനുഷ്യരുടെ പ്രീതിയാണോ അന്വേഷിക്കുന്നത്? അതോ, ദൈവത്തിൻേറതാണോ?
അഥവാ, മനുഷ്യരെ പ്രസാദിപ്പിക്കാൻ ഞാൻ യത്നിക്കുകയാണോ? ഞാൻ ഇപ്പോഴും മനുഷ്യരെ
പ്രസാദിപ്പിക്കുന്നവനായിരുന്നെങ്കിൽ ക്രിസ്തുവിൻെറ ദാസനാവുകയില്ലായിരുന്നു.
**അപ്പസ്തോലനാകാനുള്ള വിളി**
11 സഹോദരരേ, ഞാൻ പ്രസംഗിച്ച സുവിശേഷം മാനുഷികമല്ല എന്നു നിങ്ങളെ ഞാൻ
അറിയിക്കുന്നു.12 എന്തെന്നാൽ, മനുഷ്യനിൽ നിന്നല്ല ഞാൻ അതു സ്വീകരിച്ചത്. ആരും അതെന്നെ
പഠിപ്പിച്ചതുമില്ല. യേശുക്രിസ്തുവിൻെറ വെളിപാടിലൂടെയാണ് അത് എനിക്കു ലഭിച്ചത്.13 മുമ്പ്
യഹൂദമതത്തിൽ ആയിരുന്നപ്പോഴത്തെ എൻെറ ജീവിതത്തെപ്പറ്റി നിങ്ങൾകേട്ടിട്ടുണ്ടല്ലോ. ഞാൻ
ദൈവത്തിൻെറ സഭയെ കഠിനമായി പീഡിപ്പിക്കുകയും അതിനെ ഉൻമൂലനം ചെയ്യാൻ
പരിശ്രമിക്കുകയും ചെയ്തിരുന്നു.14 എൻെറ വംശത്തിൽപ്പെട്ട സമപ്രായക്കാരായ അനേകരെക്കാൾ

**യഹൂദമത കാര്യങ്ങളിൽ** ഞാൻ മുൻപന്തിയിലായിരുന്നു; എൻെറ പിതാക്കൻമാരുടെ പാരമ്പര്യങ്ങളിൽ അത്യധികം തീക്ഷ്ണമതിയുമായിരുന്നു.15 എന്നാൽ, ഞാൻ മാതാവിൻെറ ഉദരത്തിൽ ആയിരിക്കുമ്പോൾത്തന്നെ ദൈവം എന്നെ പ്രത്യേകം തെരഞ്ഞെടുത്തു; തൻെറ കൃപയാൽ അവിടുന്ന് എന്നെ വിളിച്ചു.16 അത് അവിടുത്തെ പുത്രനെപ്പറ്റി വിജാതീയരുടെയിടയിൽ പ്രസംഗിക്കാൻ അവനെ എനിക്കു വെളിപ്പെടുത്തിത്തരേണ്ടതിനായിരുന്നു. ഞാൻ ഒരു മനുഷ്യൻെറയും ഉപദേശം തേടാൻ നിന്നില്ല.17 എനിക്കുമുമ്പേ അപ്പസ്തോലൻമാരായവരെ കാണാൻ ഞാൻ ജറുസലെമിലേക്കു പോയതുമില്ല. മറിച്ച്, ഞാൻ **അറേബ്യായിലേക്കു** പോവുകയും ദമാസ്ക്കസിലേക്കു തിരിച്ചുവരുകയും ചെയ്തു.18 മൂന്നു വർഷത്തിനുശേഷം കേപ്പായെ കാണാൻ ഞാൻ ജറുസലെമിലേക്കുപോയി. അവനോടൊത്തു **പതിനഞ്ചു ദിവസം** താമസിക്കുകയും ചെയ്തു.19 കർത്താവിൻെറ സഹോദരനായ യാക്കോബിനെയല്ലാതെ അപ്പസ്തോലൻമാരിൽ മറ്റാരെയും ഞാൻ കണ്ടില്ല.20 ഞാൻ നിങ്ങൾക്കെഴുതുന്ന ഇക്കാര്യങ്ങൾ വ്യാജമല്ല എന്നതിനു ദൈവം സാക്ഷി!21 തുടർന്ന് ഞാൻ **സിറിയാ, കിലിക്യാ** എന്നീ പ്രദേശങ്ങളിലേക്കു പോയി.22 **യൂദയായിലുള്ള**, ക്രിസ്തുവിൻെറ **സഭകൾ** അപ്പോഴും എന്നെ നേരിട്ട് അറിഞ്ഞിരുന്നില്ല.23 ഒരിക്കൽ നമ്മെ പീഡിപ്പിച്ചിരുന്നവൻ താൻ ഉൻമൂലനം ചെയ്യാൻ ശ്രമിച്ചവിശ്വാസം ഇപ്പോൾ പ്രസംഗിക്കുന്നു എന്നുമാത്രം അവർ കേട്ടിരുന്നു.24 എന്നെപ്രതി **അവർ** ദൈവത്തെ മഹത്വപ്പെടുത്തി.

## Questions

315. ആരെല്ലാമാണ് ഗലാത്തിയാക്കാർക്ക് ലേഖനം എഴുതുന്നത്?
പൗലോസും എല്ലാ സഹോദരരും (1,1)
316. ഏത് കാര്യത്തിലാണ് പൗലോസ് ശ്ലീഹ മുൻപന്തിയിലായിരുന്നത്?
യഹൂദമതകാര്യങ്ങളിൽ (1,14)
317. പൗലോസ് ശ്ലീഹ ജറുസലെമിലേക്ക് പോകാതെ എവിടേക്കാണ് പോയത്?
അറേബ്യയിലേക്ക് (1,17)
318. കേപ്പായോടുകൂടെ എത്രദിവസമാണ് പൗലോസ് താമസിച്ചത്?
പതിനഞ്ച് ദിവസം (1,18)
319. ജറുസലെമിൽ നിന്ന് പൗലോസ് ശ്ലീഹ എവിടേക്കാണ് പോയത്?
സിറിയാ, കിലിക്യാ (1,21)
320. പൗലോസ് ശ്ലീഹായെപ്രതി ദൈവത്തെ മഹത്വപ്പെടുത്തിയതാര്?
യൂദായിലുള്ള സഭകൾ (1,24)

**വചനഭാഗം: ഗലാത്തിയ 2**
**പൗലോസിന് അംഗീകാരം**
1 പിന്നീട് പതിന്നാലു വർഷത്തിനുശേഷം ബാർണബാസിനോടുകൂടെ ഞാൻ വീണ്ടും ജറുസലെമിലേക്കു പോയി. തീത്തോസിനെയും കൂടെക്കൊണ്ടുപോയിരുന്നു.2 ഒരു വെളിപാടനുസരിച്ചാണ് ഞാൻ പോയത്. അവിടത്തെ പ്രധാനികളുടെ മുമ്പിൽ, ഞാൻ വിജാതീയരുടെയിടയിൽ പ്രസംഗിക്കുന്ന സുവിശേഷം സ്വകാര്യമായി അവതരിപ്പിച്ചു. ഇത്, ഞാൻ ഓടുന്നതും ഓടിയതും വ്യർഥമാകാതിരിക്കാൻ വേണ്ടിയായിരുന്നു.3 എന്നോടുകൂടെയുണ്ടായിരുന്ന തീത്തോസ് ഒരു ഗ്രീക്കുകാരനായിരുന്നിട്ടും പരിച്ഛേദനത്തിനു നിർബന്ധിക്കപ്പെട്ടില്ല.4 എന്നാൽ, യേശുക്രിസ്തുവിലുള്ള ഞങ്ങളുടെ സ്വാതന്ത്ര്യത്തെ ചൂഷണംചെയ്ത്, ഞങ്ങളെ അടിമത്തത്തിൽ കൊണ്ടുചെന്നെത്തിക്കുന്നതിന് വ്യാജസഹോദരൻമാർ രഹസ്യത്തിൽ കടന്നുകൂടി.5 അവർക്കു ഞങ്ങൾ നിമിഷനേരത്തേക്കുപോലും വശപ്പെട്ടില്ല. അത് സുവിശേഷത്തിൻെറ സത്യം നിങ്ങൾക്കായി നില നിറുത്തേണ്ടതിനാണ്.6 തങ്ങൾ എന്തോ ആണെന്നു ഭാവിക്കുന്ന അവരിൽനിന്ന് എനിക്കു കൂടുതലായി ഒന്നും ലഭിച്ചില്ല. അവർ എന്താണെന്ന് ഞാൻ ഗൗനിക്കുന്നേയില്ല. ദൈവം മുഖം നോക്കുന്നവനല്ലല്ലോ.7 പരിച്ഛേദിതർക്കുള്ള സുവിശേഷം പത്രോസിന് എന്നതുപോലെ, അപരിച്ഛേദിതർക്കുള്ള സുവിശേഷം എനിക്ക് ഏൽപിക്കപ്പെട്ടിരിക്കുന്നു എന്ന് അവർ മനസ്സിലാക്കി.8 എന്തെന്നാൽ, പരിച്ഛേദിതർക്കുള്ള പ്രേഷിതത്വം **പത്രോസിലൂടെ** നിറവേറ്റുന്നവൻ തന്നെ വിജാതീയർക്കുവേണ്ടി എന്നിലൂടെ പ്രവർത്തിക്കുന്നു.9 നേതൃസ്തംഭങ്ങളായി ഗണിക്കപ്പെട്ടിരുന്ന **യാക്കോബും കേപ്പായും യോഹന്നാനും** ദൈവത്തിൻെറ കൃപ എനിക്കു ലഭിച്ചിരിക്കുന്നുവെന്ന് കണ്ട് തങ്ങളുടെ കൂട്ടായ്മയുടെ വലത്തുകരം എനിക്കും ബാർണബാസിനും നീട്ടിത്തന്നു. അങ്ങനെ വിജാതീയരുടെ അടുത്തേക്ക് ഞങ്ങളും പരിച്ഛേദിതരുടെ അടുത്തേക്ക് അവരും പോകാൻ തീരുമാനമായി.10 **പാവങ്ങളെപ്പറ്റി** ചിന്തവേണം എന്നുമാത്രമേ ഞങ്ങളോട് അവർ ആവശ്യപ്പെട്ടുള്ളു. അതുതന്നെയാണ് എൻെറ തീവ്രമായ താത്പര്യം.

**അഭിപ്രായഭിന്നത**

11 എന്നാൽ, കേപ്പാ **അന്ത്യോക്യായിൽ** വന്നപ്പോൾ അവനിൽ കുറ്റം കണ്ടതുകൊണ്ട്, ഞാൻ അവനെ മുഖത്തുനോക്കി എതിർത്തു.12 യാക്കോബിൻെറ അടുത്തുനിന്നു ചിലർ വരുന്നതുവരെ **അവൻ** വിജാതീയരോടൊപ്പമിരുന്ന് ഭക്ഷിച്ചിരുന്നു. അവർ വന്നുകഴിഞ്ഞപ്പോഴാകട്ടെ, പരിച്ഛേദിതരെ ഭയന്ന് അവൻ പിൻമാറിക്കളഞ്ഞു.13 അവനോടൊത്ത് ബാക്കി യഹൂദൻമാരും കപടമായിപെരുമാറി. അവരുടെ കാപട്യത്താൽ ബാർണബാസ് പോലും വഴിതെറ്റിക്കപ്പെട്ടു.14 അവരുടെ പെരുമാറ്റം സുവിശേഷസത്യവുമായി പൊരുത്തപ്പെടുന്നില്ലെന്നു കണ്ടപ്പോൾ എല്ലാവരുടെയും മുമ്പിൽവച്ച് ഞാൻ കേപ്പായോട് പറഞ്ഞു: യഹൂദനായ നീ യഹൂദനെപ്പോലെയല്ല, വിജാതീയനെപ്പോലെയാണു ജീവിക്കുന്നതെങ്കിൽ, യഹൂദരെപ്പോലെ ജീവിക്കാൻ വിജാതീയരെ പ്രേരിപ്പിക്കുന്നതിന് നിനക്ക് എങ്ങനെ സാധിക്കും?

**വിശ്വാസത്തിലൂടെ നീതീകരണം**

15 നാംതന്നെ യഹൂദരായി ജനിച്ചവരാണ്. വിജാതീയരിലെ പാപികളായിട്ടല്ല.16 എന്നിരിക്കിലും, നിയമത്തിൻെറ അനുഷ്ഠാനത്തിലൂടെയല്ല, **യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയാണ്** ഒരുവൻ നീതീകരിക്കപ്പെടുന്നതെന്നു നമുക്ക് അറിയാം. **നിയമാനുഷ്ഠാനം** വഴിയല്ല, ക്രിസ്തുവിലുള്ള വിശ്വാസംവഴി നീതീകരിക്കപ്പെടേണ്ടതിനാണ് നാംതന്നെയും യേശുക്രിസ്തുവിൽ വിശ്വസിച്ചത്. എന്തെന്നാൽ, **നിയമാനുഷ്ഠാനംവഴി** ഒരുവനും നീതീകരിക്കപ്പെടുകയില്ല.17 എന്നാൽ, ക്രിസ്തുവിൽ നീതീകരിക്കപ്പെടാനുള്ള പരിശ്രമത്തിൽത്തന്നെ നമ്മൾ പാപികളായി കാണപ്പെട്ടുവെങ്കിൽ ക്രിസ്തു പാപത്തിൻെറ ശുശ്രൂഷകനാണോ?18 തീർച്ചയായും അല്ല! ഞാൻ നശിപ്പിച്ചവ ഞാൻ തന്നെ വീണ്ടും പണിതുയർത്തുന്നുവെങ്കിൽ ഞാൻ അതിക്രമം കാണിക്കുകയാണ്.19 എന്തെന്നാൽ, ദൈവത്തിനായി ജീവിക്കേണ്ടതിന് ഞാൻ നിയമത്തിലൂടെ നിയമത്തിനു മൃതനായി.20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിതനായിരിക്കുന്നു. ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. എൻെറ ഇപ്പോഴത്തെ ഐഹികജീവിതം, എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ്.21 ദൈവത്തിൻെറ കൃപ ഞാൻ നിരാകരിക്കുന്നില്ല. നിയമത്തിലൂടെയാണ് നീതികൈവരുന്നതെങ്കിൽ ക്രിസ്തുവിൻെറ മരണത്തിനു നീതീകരണമൊന്നുമില്ല.

## Questions

321. പരിച്ഛേദിതർക്കുള്ള പ്രേഷിതത്വം ആരിലൂടെയാണ് നിറവേറ്റപ്പെടുന്നത്?
പത്രോസിലൂടെ (2,8)
322. പൗലോസ് ശ്ലീഹായുടെ തീവ്രമായ താൽപര്യമെന്ത്?
പാവങ്ങളെപ്പറ്റിയുള്ള ചിന്ത (2,10)
323. വിജാതീയരുടെ ഒപ്പമിരുന്ന് ഭക്ഷിച്ചതാര്?
കേപ്പാ (2,12)
324. നേതൃസ്തംഭങ്ങളായി ഗണിക്കപ്പെട്ടിരുന്നവർ ആരെല്ലാം?
യാക്കോബ്, കേപ്പാ, യോഹന്നാൻ (2,9)
325. കേപ്പാ എവിടെ വന്നപ്പോഴാണ് പൗലോസ് ശ്ലീഹ അവനിൽ കുറ്റം കണ്ടത്?
അന്ത്യോക്യായിൽ (2,11)

326. എങ്ങനെയാണ് ഒരുവൻ നീതീകരിക്കപ്പെടുന്നത്?
യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ (2,16)
327. . . . . . . . വഴി ഒരുവനും നീതീകരിക്കപ്പെടുകയില്ല. പൂരിപ്പിക്കുക
നിയമാനുഷ്ഠാനം (2,16)

**വചനഭാഗം: ഗലാത്തിയ 3**

**നിയമമോ വിശ്വാസമോ?**

1 ഭോഷൻമാരായ ഗലാത്തിയാക്കാരേ, യേശുക്രിസ്തു നിങ്ങളുടെ കൺമുമ്പിൽ ക്രൂശിതനായി ചിത്രീകരിക്കപ്പെട്ടിരിക്കേ നിങ്ങളെ ആരാണ് ആഭിചാരം ചെയ്തത്?2 ഇതുമാത്രം നിങ്ങളിൽനിന്ന് അറിയാൻ ഞാൻ ആഗ്രഹിക്കുന്നു: നിങ്ങൾ ആത്മാവിനെ സ്വീകരിച്ചത് നിയമത്തിൻെറ അനുഷ്ഠാനത്താലോ, അതോ വിശ്വാസത്തിൻെറ അനുസരണം നിങ്ങളോടു പ്രഘോഷിക്കപ്പെട്ടത് വിശ്വസിച്ചതുകൊണ്ടോ?3 ആത്മാവിൽ ആരംഭിച്ചിട്ട് ഇപ്പോൾ ശരീരത്തിൽ

അവസാനിപ്പിക്കുവാൻമാത്രം ഭോഷൻമാരാണോ നിങ്ങൾ?4 നിങ്ങൾ സഹിച്ചവയത്രയും വ്യർഥമായിരുന്നുവോ-തീർത്തും വ്യർഥം?5 നിങ്ങൾക്ക് ആത്മാവിനെ നൽകുകയും, നിങ്ങളുടെ ഇടയിൽ അദ്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവൻ അങ്ങനെ ചെയ്യുന്നത്, നിങ്ങളുടെ നിയമാനുഷ്ഠാനം നിമിത്തമോ, അതോ നിങ്ങളോടു പ്രഘോഷിക്കപ്പെട്ടതു വിശ്വസിച്ചതുകൊണ്ടോ?6 അബ്രാഹം തന്നെയും ദൈവത്തെ വിശ്വസിച്ചു. അത് അവനു നീതിയായി പരിഗണിക്കപ്പെട്ടു.7 അതിനാൽ, വിശ്വാസമുള്ളവരാണ് അബ്രാഹത്തിൻെറ മക്കൾ എന്നു നിങ്ങൾ മനസ്സിലാക്കണം.8 **വിജാതീയരെ** വിശ്വാസംവഴി ദൈവം നീതീകരിക്കുമെന്നു മുൻകൂട്ടിക്കണ്ടുകൊണ്ട് വിശുദ്ധഗ്രന്ഥം, നിന്നിൽ ജനതകളെല്ലാം അനുഗൃഹീതരാകും എന്ന സദ്വാർത്ത നേരത്തെതന്നെ അബ്രാഹത്തെ അറിയിച്ചിട്ടുണ്ട്.9 ആകയാൽ, വിശ്വാസമുള്ളവർ വിശ്വാസിയായ അബ്രാഹത്തോടൊത്ത് **അനുഗ്രഹം** പ്രാപിക്കുന്നു.10 നിയമാനുഷ്ഠാനത്തിൽ ആശ്രയമർപ്പിക്കുന്ന എല്ലാവരും ശാപത്തിന് വിധേയരാണ്. എന്തെന്നാൽ, ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: നിയമഗ്രന്ഥത്തിൽ എഴുതപ്പെട്ടിരിക്കുന്നതെല്ലാം അനുസരിക്കാതെയും പ്രവർത്തിക്കാതെയും ഇരിക്കുന്നവൻ ശപിക്കപ്പെട്ടവനാണ്.11 ഒരുവനും ദൈവസന്നിധിയിൽ നിയമംവഴി നീതീകരിക്കപ്പെടുന്നില്ല എന്നു വ്യക്തമാണ്. എന്തെന്നാൽ, **നീതിമാൻ** വിശ്വാസംവഴിയാണു ജീവിക്കുക.12 നിയമത്തിൻെറ അടിസ്ഥാനം വിശ്വാസമല്ല; എന്തെന്നാൽ, അവ അനുഷ്ഠിക്കുന്നവൻ അവവഴി ജീവിക്കും.13 ക്രിസ്തു നമ്മെപ്രതി ശപിക്കപ്പെട്ടവനായിത്തീർന്നുകൊണ്ടു നിയമത്തിൻെറ ശാപത്തിൽനിന്നു നമ്മെ രക്ഷിച്ചു. എന്തെന്നാൽ, മരത്തിൽ തൂക്കപ്പെടുന്നവൻ ശപിക്കപ്പെട്ടവനാണ് എന്ന് എഴുതിയിരിക്കുന്നു.14 അബ്രാഹത്തിനു ലഭിച്ച അനുഗ്രഹം യേശുക്രിസ്തുവഴി **വിജാതീയരിലേക്കും** വ്യാപിക്കേണ്ടതിനും ആത്മാവിൻെറ വാഗ്ദാനം വിശ്വാസം വഴി നമ്മൾ പ്രാപിക്കേണ്ടതിനും ആണ് ഇപ്രകാരം സംഭവിച്ചത്.

**നിയമവും വാഗ്ദാനവും**

15 സഹോദരരേ, മനുഷ്യസാധാരണമായ ഒരു ഉദാഹരണം പറഞ്ഞാൽ, ഒരുവൻെറ ഉടമ്പടി ഒരിക്കൽ സ്ഥിരീകരിച്ചതിനുശേഷം ആരും അത് അസാധുവാക്കുകയോ, അതിൽ എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ ചെയ്യാറില്ല.16 വാഗ്ദാനങ്ങൾ ലഭിച്ചത് അബ്രാഹത്തിനും അവൻെറ സന്തതിക്കുമായിട്ടാണ്. പലരെ ഉദ്ദേശിച്ച് സന്തതികൾക്ക് എന്ന് അതിൽ പറഞ്ഞിട്ടില്ല; പ്രത്യുത, ഒരുവനെ ഉദ്ദേശിച്ച് നിൻെറ സന്തതിക്ക് എന്നാണ് പറഞ്ഞിരിക്കുന്നത്. അത് ക്രിസ്തുവിനെ ഉദ്ദേശിച്ചാണ്.17 ഞാൻ പറയുന്നത് ഇതാണ്: നാനൂറ്റിമുപ്പതുവർഷങ്ങൾക്കുശേഷം നിലവിൽ വന്ന നിയമം ദൈവം പണ്ടുതന്നെ സ്ഥിരീകരിച്ച ഉടമ്പടിയെ, വാഗ്ദാനത്തെ, നീക്കിക്കളയത്തക്കവിധം, അസാധുവാക്കുകയില്ല.18 എന്തെന്നാൽ, **പാരമ്പര്യാവകാശം** നിയമത്തിൽ നിന്നാണു ലഭിക്കുന്നതെങ്കിൽ അത് ഒരിക്കലും വാഗ്ദാനത്തിൽനിന്നായിരിക്കുകയില്ല. എന്നാൽ, ദൈവം അബ്രാഹത്തിന് അതു നൽകിയതു വാഗ്ദാനം വഴിയാണ്. പിന്നെന്തിനാണ് നിയമം?19 വാഗ്ദാനം സിദ്ധിച്ചവനു സന്തതി ലഭിക്കുന്നതുവരെ പാപങ്ങൾ നിമിത്തം നിയമം നൽകപ്പെട്ടു. ദൈവദൂതൻമാർവഴി ഒരു മധ്യവർത്തിയിലൂടെ അതു വിളംബരം ചെയ്യപ്പെട്ടു.20 ഒന്നിൽക്കൂടുതൽ പേരുണ്ടെങ്കിലേ മധ്യവർത്തി വേണ്ടൂ; എന്നാൽ, ദൈവം ഏകനാണ്.

**നിയമത്തിൻെറ ഉദ്ദേശ്യം**

21 അങ്ങനെയെങ്കിൽ നിയമം ദൈവത്തിൻെറ വാഗ്ദാനങ്ങൾക്ക് വിരുദ്ധമാണോ? ഒരിക്കലുമല്ല. എന്തെന്നാൽ, ജീവദായകമായ ഒരു നിയമം നിലവിലുണ്ടായിരുന്നെങ്കിൽ നീതി തീർച്ചയായും ആ നിയമം വഴി ഉണ്ടാകുമായിരുന്നു.22 എന്നാൽ, യേശുക്രിസ്തുവിലുള്ള വിശ്വാസം വഴി വിശ്വാസികൾ വാഗ്ദാനം പ്രാപിക്കേ ണ്ടതിന് എല്ലാവരും പാപത്തിന ധീനരാണെന്ന് **വിശുദ്ധഗ്രന്ഥം** പ്രഖ്യാപിച്ചു.23 വിശ്വാസം ആവിർഭവിക്കുന്നതിനുമുമ്പ് നമ്മൾ നിയമത്തിൻെറ കാവലിലായിരുന്നു; **വിശ്വാസം** വെളിപ്പെടുന്നതുവരെ നിയന്ത്രണാധീനരായി കഴിയുകയും ചെയ്തു.24 തന്നിമിത്തം നമ്മൾ വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്, ക്രിസ്തുവിൻെറ ആഗമനംവരെ നിയമം നമ്മുടെ പാലകനായിരുന്നു.25 ഇപ്പോഴാകട്ടെ, വിശ്വാസം സമാഗതമായ നിലയ്ക്ക് നമ്മൾ പാലകന് അധീനരല്ല.

**പുത്രത്വവും അവകാശവും**

26 യേശുക്രിസ്തുവിലുള്ള വിശ്വാസംവഴി നിങ്ങളെല്ലാവരും ദൈവപുത്രൻമാരാണ്.27 ക്രിസ്തുവിനോട് ഐക്യപ്പെടാൻവേണ്ടി **സ്നാനം** സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു.28 യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല; നിങ്ങളെല്ലാവരും യേശുക്രിസ്തുവിൽ ഒന്നാണ്.29 നിങ്ങൾ ക്രിസ്തുവിനുള്ളവരാണെങ്കിൽ **അബ്രാഹത്തിൻെറ** സന്തതികളാണ്; വാഗ്ദാനമനുസരിച്ചുള്ള അവകാശികളുമാണ്.

## Questions

328. ആരെയാണ് വിശ്വാസം വഴി നീതീകരിക്കുന്നത്?

വിജാതീയരെ (3,8)
329. വിശ്വാസമുള്ളവർ വിശ്വാസിയായ അബ്രാഹത്തോടൊത്ത് . . . . . . . . പ്രാപിക്കുന്നു. പൂരിപ്പിക്കുക
അനുഗ്രഹം (3,9)
330. ആരാണ് വിശ്വാസം വഴി ജീവിക്കുന്നത്?
നീതിമാൻ (4,11)
331. അബ്രാഹത്തിന് ലഭിച്ച അനുഗ്രഹം യേശുക്രിസ്തുവഴി ആരിലേക്കാണ് വ്യാപിക്കേണ്ടത്?
വിജാതീയരിലേക്ക് (3,14)
332. . . . . . . നിയമത്തിൽ നിന്നാണ് ലഭിക്കുന്നതെങ്കിൽ അത് ഒരിക്കലും വാഗ്ദാനത്തിൽ നിന്നായിരിക്കില്ല. പൂരിപ്പിക്കുക.
പാരമ്പര്യാവകാശം (3,18)
333. എല്ലാവരും പാപത്തിനധീനരാണെന്ന് പ്രഖ്യാപിച്ചത്?
വി. ഗ്രന്ഥം (3,22)
334. . . . . . . . ആവിർഭവിക്കുന്നതിന് മുമ്പ് നമ്മൾ നിയമത്തിന്റെ കാവലിലായിരുന്നു. പൂരിപ്പിക്കുക
വിശ്വാസം (3,23)
335. ക്രിസ്തുവിനോട് ഐക്യപ്പെടാൻ ഗലാത്തിയാക്കാർ സ്വീകരിച്ചിരിക്കുന്നത് എന്ത്?
സ്നാനം (3,27)
336. നിങ്ങൾ ക്രിസ്തുവിനുള്ളവരാണെങ്കിൽ ആരുടെ സന്തതികളാണ്?
അബ്രാഹത്തിന്റെ (3,29)

**വചനഭാഗം: ഗലാത്തിയ 4**

1 ഇതാണു ഞാൻ വിവക്ഷിക്കുന്നത്: പിന്തുടർച്ചാവകാശി വസ്തുവിൻെറ ഉടമയാണെന്നിരിക്കിലും, ബാലനായിരിക്കുന്നിടത്തോളംകാലം അടിമയിൽനിന്നു വിഭിന്നനല്ല.
2 പിതാവ് നിശ്ചയിച്ച കാലാവധി വരെ അവൻ രക്ഷാകർത്താക്കളുടെയും കാര്യസ്ഥൻമാരുടെയും സംരക്ഷണത്തിലായിരിക്കും.
3 നമ്മുടെ കാര്യവും ഇതുപോലെതന്നെ; നമ്മൾ ശിശുക്കളായിരുന്നപ്പോൾ പ്രകൃതിയുടെ ശക്തികൾക്ക് അടിമപ്പെട്ടിരുന്നു.
4 എന്നാൽ, കാലസമ്പൂർണത വന്നപ്പോൾ ദൈവം **തൻെറ പുത്രനെ** അയച്ചു. അവൻ സ്ത്രീയിൽനിന്നു ജാതനായി; നിയമത്തിന് അധീനനായി ജനിച്ചു.
5 അങ്ങനെ, നമ്മെ പുത്രൻമാരായി ദത്തെടുക്കേണ്ടതിന് അവൻ നിയമത്തിന് അധീനരായിക്കഴിഞ്ഞവരെ വിമുക്തരാക്കി.
6 നിങ്ങൾ മക്കളായതുകൊണ്ട് ആബ്ബാ!-പിതാവേ! എന്നു വിളിക്കുന്നതൻെറ പുത്രൻെറ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയത്തിലേക്ക് അയച്ചിരിക്കുന്നു.
7 ആകയാൽ, നീ ഇനിമേൽ ദാസനല്ല, പിന്നെയോ പുത്രനാണ്; പുത്രനെങ്കിൽ **ദൈവഹിത**മനുസരിച്ച് അവകാശിയുമാണ്.

**ഗലാത്തിയരെക്കുറിച്ചു വ്യഗ്രത**

8 ദൈവത്തെ അറിയാതിരുന്ന അന്ന് നിങ്ങൾ യഥാർഥത്തിൽ ദൈവമല്ലാത്തവയെ സേവിച്ചു.
9 എന്നാൽ, ഇപ്പോൾ നിങ്ങൾ ദൈവത്തെ അറിയുന്നു; അതിലുപരി ദൈവം നിങ്ങളെ അറിയുന്നു. ആകയാൽ, ബലഹീനങ്ങളും വ്യർഥങ്ങളുമായ ആ പ്രപഞ്ചശക്തികളുടെ അടുത്തേക്കു വീണ്ടും തിരിച്ചുപോകാൻ നിങ്ങൾക്ക് എങ്ങനെ സാധിക്കും? എന്ത്! ഒരിക്കൽക്കൂടി അവയുടെ സേവകരാകാൻ നിങ്ങൾ ഇച്ഛരിക്കുന്നുവോ?
10 നിങ്ങൾ ദിവസങ്ങളും മാസങ്ങളും ഋതുക്കളും വർഷങ്ങളും ആചരിക്കുന്നുപോലും!
11 നിങ്ങളുടെയിടയിൽ ഞാൻ അധ്വാനിച്ചതു വ്യഥാവിലായോ എന്നു ഞാൻ ഭയപ്പെടുന്നു.
12 സഹോദരരേ, ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു, നിങ്ങൾ എന്നെപ്പോലെ ആകുവിൻ. ഞാൻ തന്നെയും നിങ്ങളെപ്പോലെയാണല്ലോ. നിങ്ങൾ എന്നോടുയാതൊരു തിൻമയും പ്രവർത്തിച്ചിട്ടില്ല.
13 ഞാൻ ആദ്യമേ നിങ്ങളോടു സുവിശേഷം പ്രസംഗിച്ചത് എനിക്കു ശാരീരികാസ്വാസ്ഥ്യം ഉള്ള അവസരത്തിലാണെന്നു നിങ്ങൾക്കറിയാമല്ലോ.
14 എൻെറ ശരീരസ്ഥിതി നിങ്ങൾക്കൊരു പരീക്ഷയായിരുന്നിട്ടും നിങ്ങൾ എന്നെ നിന്ദിക്കുകയോ വെറുക്കുകയോ ചെയ്തില്ല. മറിച്ച്, എന്നെ ഒരു ദൈവദൂതനെപ്പോലെ, യേശുക്രിസ്തുവിനെപ്പോലെതന്നെ, നിങ്ങൾ സ്വീകരിച്ചു.
15 നിങ്ങളുടെ ആ സന്തോഷം ഇന്ന് എവിടെ? സാധിക്കുമായിരുന്നെങ്കിൽ നിങ്ങൾ സ്വന്തം കണ്ണുകൾപോലും ചൂഴ്ന്നെടുത്തു തരുമായിരുന്നെന്ന് എനിക്കു ബോധ്യമുണ്ട്.
16 അങ്ങനെയിരിക്കേ, നിങ്ങളോടു സത്യം തുറന്നുപറഞ്ഞതുകൊണ്ട് ഞാൻ നിങ്ങളുടെ ശത്രുവായി എന്നോ?
17 അവർ നിങ്ങളിൽ താത്പര്യം കാണിക്കുന്നത് സദുദ്ദേശ്യത്തോടെയല്ല; മറിച്ച്, നിങ്ങൾ അവരിൽ താത്പര്യം കാണിക്കേണ്ടതിന് നിങ്ങളെ ഒറ്റപ്പെടുത്തുകയാണ് അവരുടെ ലക്ഷ്യം.
18 നല്ല കാര്യത്തിൽ താത്പര്യം കാണിക്കുന്നത് ഞാൻ നിങ്ങളോടൊത്ത് ഉണ്ടായിരിക്കുമ്പോൾ മാത്രമല്ല, എല്ലായ്പോഴും നല്ലതുതന്നെ.
19 എൻെറ കുഞ്ഞുമക്കളേ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ

നിങ്ങൾക്കുവേണ്ടി ഈറ്റുനോവ് അനുഭവിക്കുന്നു.20 ഇപ്പോൾ നിങ്ങളുടെയിടയിൽ സന്നിഹിതനായിരിക്കാനും എൻെറ സംസാരരീതിതന്നെ മാറ്റാനും സാധിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. എന്തെന്നാൽ, നിങ്ങളെക്കുറിച്ച് ഞാൻ അസ്വസ്ഥനാണ്.

**ഹാഗാറും സാറായും**

21 നിയമത്തിനു വിധേയരായിരിക്കാൻ അഭിലഷിക്കുന്ന നിങ്ങൾ എന്നോടു പറയുവിൻ, നിങ്ങൾ നിയമം അനുസരിക്കുകയില്ലേ?22 എന്തെന്നാൽ, ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: അബ്രാഹത്തിന് രണ്ടു പുത്രൻമാരുണ്ടായിരുന്നു - ഒരുവൻ ദാസിയിൽനിന്ന്, ഇതരൻ സ്വതന്ത്രയിൽനിന്ന്.23 ദാസിയുടെ പുത്രൻ ശാരീരികരീതിയിലും **സ്വതന്ത്രയുടെ പുത്രൻ** വാഗ്ദാനപ്രകാരവും ജനിച്ചു.24 ആലങ്കാരികമായി പറഞ്ഞാൽ ഈ സ്ത്രീകൾ രണ്ട് ഉടമ്പടികളാണ്. ഒരുവൾ സീനായ്മലയിൽ നിന്നുള്ളവൾ. അവൾ ദാസ്യവൃത്തിക്കായി മക്കളെ ജനിപ്പിക്കുന്നു. അവളാണ് ഹാഗാർ.25 ഹാഗാർ അറേബ്യായിലെ സീനായ്മലയാണ്. അവൾ ഇന്നത്തെ ജറുസലെമിൻെറ പ്രതീകമത്രേ. എന്തെന്നാൽ, അവൾ തൻെറ മക്കളോടൊത്ത് ദാസ്യവൃത്തിചെയ്യുന്നു.26 എന്നാൽ, **സ്വർഗീയ ജറുസലെം** സ്വതന്ത്രയാണ്. അവളാണ് നമ്മുടെ അമ്മ.27 എന്തുകൊണ്ടെന്നാൽ, ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: അല്ലയോ പ്രസവിക്കാത്ത വന്ധ്യേ, നീ ആഹ്ലാദിക്കുക. പ്രസവവേദനയനുഭവിക്കാത്തനീ ആനന്ദിച്ച് ആർപ്പുവിളിക്കുക. എന്തെന്നാൽ, ഭർതൃമതിക്കുള്ളതിനെക്കാൾ കൂടുതൽ മക്കൾ പരിത്യക്തയ്ക്കാണുള്ളത്.28 സഹോദരരേ, നമ്മളാകട്ടെ **ഇസഹാക്കിനെപ്പോലെ** വാഗ്ദാനത്തിൻെറ മക്കളാണ്.29 എന്നാൽ, ശാരീരികരീതിയിൽ ജനിച്ചവൻ ആത്മാവിൻെറ ശക്തിയാൽ ജനിച്ചവനെ അന്നു പീഡിപ്പിച്ചു. ഇന്നും അതുപോലെതന്നെയാണ്.30 വിശുദ്ധ ലിഖിതം എന്താണു പറയുന്നത്? ദാസിയെയും അവളുടെ പുത്രനെയും നിഷ്കാസനം ചെയ്യുവിൻ; എന്തെന്നാൽ, ദാസിയുടെ പുത്രൻ സ്വതന്ത്രയുടെ പുത്രനോടൊപ്പം അവകാശിയാകാൻ പാടില്ല.31 സഹോദരരേ, അതുകൊണ്ട് നമ്മൾ ദാസിയുടെ മക്കളല്ല, സ്വതന്ത്രയുടേതാണ്.

## Questions

337. കാലസമ്പൂർണതയിൽ ദൈവം ആരെയാണ് അയച്ചത്?
തന്റെ പുത്രനെ (4,4)
338. പുത്രനെങ്കിൽ . . . . . . അനുസരിച്ച് അവകാശിയുമാണ്. പൂരിപ്പിക്കുക
ദൈവഹിതം (4,7)
339. ആരാണ് വാഗ്ദാനപ്രകാരം ജനിച്ചത്?
സ്വതന്ത്രയുടെ പുത്രൻ (4,22)

340. ആരാണ് സ്വതന്ത്ര?
സ്വർഗീയ ജറുസലെം (4,26)
341. നമ്മൾ ആരെപ്പോലെ വാഗ്ദാനത്തിന്റെ മക്കളാണ്?
ഇസഹാക്ക് (4,28)

**വചനഭാഗം: ഗലാത്തിയ 5**

**ക്രിസ്തീയ സ്വാതന്ത്ര്യം**

1 സ്വാതന്ത്ര്യത്തിലേക്കു ക്രിസ്തു നമ്മെ മോചിപ്പിച്ചു. അതുകൊണ്ട് നിങ്ങൾ സ്ഥിരതയോടെ നിൽക്കുവിൻ. **അടിമത്തത്തിൻെറ** നുകത്തിന് ഇനിയും നിങ്ങൾ വിധേയരാകരുത്.2 പൗലോസായ ഞാൻ, നിങ്ങളോടു പറയുന്നു, നിങ്ങൾ പരിച്ഛേദനം സ്വീകരിക്കുന്നെങ്കിൽ ക്രിസ്തു നിങ്ങൾക്ക് ഒന്നിനും പ്രയോജനപ്പെടുകയില്ല.3 പരിച്ഛേദനം സ്വീകരിക്കുന്ന ഓരോ മനുഷ്യനോടും ഞാൻ വീണ്ടും ഉറപ്പിച്ചു പറയുന്നു, അവൻ നിയമം മുഴുവനും പാലിക്കാൻ കടപ്പെട്ടവനാണ്.4 നിയമത്തിലാണു നിങ്ങൾ നീതീകരിക്കപ്പെടുന്നത് എന്നു കരുതുന്നെങ്കിൽ ക്രിസ്തുവിനോടുള്ള നിങ്ങളുടെ ബന്ധം വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. കൃപാവരത്തിൽനിന്നു നിങ്ങൾ വീണുപോവുകയും ചെയ്തിരിക്കുന്നു.5 ഞങ്ങളാകട്ടെ **പരിശുദ്ധാത്മാവിലൂടെ വിശ്വാസംവഴി** നീതി ലഭിക്കുമെന്ന പ്രത്യാശയോടെ കാത്തിരിക്കുന്നു.6 എന്തെന്നാൽ, യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു പരിച്ഛേദനമോ അപരിച്ഛേദനമോ കാര്യമല്ല. സ്നേഹത്തിലൂടെ പ്രവർത്തനനിരതമായ **വിശ്വാസമാണ്** സുപ്രധാനം.7 നിങ്ങൾ നന്നായി മുന്നേറിക്കൊണ്ടിരുന്നു. സത്യത്തെ അനുസരിക്കുന്നതിൽനിന്നു നിങ്ങളെ തടഞ്ഞത് ആരാണ്?8 ഈ പ്രേരണ ഉണ്ടായത് ഏതായാലും നിങ്ങളെ വിളിച്ചവനിൽനിന്നല്ല.9 അൽപം പുളിപ്പ് മുഴുവൻമാവിനെയും പുളിപ്പിക്കുന്നു.10 എൻെറ വീക്ഷണത്തിൽനിന്നു വ്യത്യസ്തമായയാതൊന്നും നിങ്ങൾ ചിന്തിക്കുകയില്ലെന്ന് കർത്താവിൽ

എനിക്കു നിങ്ങളെക്കുറിച്ച് ഉത്തമ വിശ്വാസമുണ്ട്. നിങ്ങളിൽ അസ്വസ്ഥതയുണ്ടാക്കുന്നവൻ ആരുതന്നെയായാലും അവനു ശിക്ഷ ലഭിക്കും.11 എന്നാൽ സഹോദരരേ, ഞാൻ ഇനിയും പരിച്ഛേദനത്തിന് അനുകൂലമായിപ്രസംഗിക്കുന്നെങ്കിൽ എന്തിനാണു ഞാൻ ഇപ്പോഴും പീഡിപ്പിക്കപ്പെടുന്നത്? അങ്ങനെ ഞാൻ പ്രസംഗിച്ചിരുന്നെങ്കിൽ കുരിശിൻെറ പേരിലുള്ള ഇടർച്ച ഉണ്ടാകുമായിരുന്നില്ല.12 നിങ്ങളെ അസ്വസ്ഥരാക്കുന്നവർ പൂർണമായും അംഗവിച്ഛേദനം ചെയ്തിരുന്നെങ്കിൽ എന്നു ഞാനാശിക്കുന്നു.13 സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്; ഭൗതികസുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്നുമാത്രം. പ്രത്യുത, സ്നേഹത്തോടുകൂടെ ദാസരെപ്പോലെ പരസ്പരം സേവിക്കുവിൻ.14 എന്തെന്നാൽ, നിന്നെപ്പോലെ നിൻെറ അയൽക്കാരനെയും സ്നേഹിക്കുക എന്ന ഒരേയൊരു കൽപനയിൽ നിയമം മുഴുവനും അടങ്ങിയിരിക്കുന്നു.15 എന്നാൽ, നിങ്ങൾ അന്യോന്യം കടിച്ചുകീറുകയും വിഴുങ്ങുകയും ചെയ്ത് പരസ്പരം നശിപ്പിക്കാതിരിക്കാൻ ശ്രദ്ധിച്ചുകൊള്ളുവിൻ.

**ജഡത്തിൻെറ വ്യാപാരങ്ങളും ആത്മാവിൻെറ ഫലങ്ങളും**

16 നിങ്ങളോടു ഞാൻ പറയുന്നു, ആത്മാവിൻെറ പ്രേരണയനുസരിച്ചു വ്യാപരിക്കുവിൻ. ജഡമോഹങ്ങളെ ഒരിക്കലും തൃപ്തിപ്പെടുത്തരുത്.17 എന്തെന്നാൽ, **ജഡമോഹങ്ങൾ** ആത്മാവിന് എതിരാണ്; **ആത്മാവിൻെറ അഭിലാഷങ്ങൾ** ജഡത്തിനും എതിരാണ്. അവ പരസ്പരം എതിർക്കുന്നതു നിമിത്തം ആഗ്രഹിക്കുന്നതു പ്രവർത്തിക്കാൻ നിങ്ങൾക്കു സാധിക്കാതെ വരുന്നു.18 ആത്മാവ് നിങ്ങളെ നയിക്കുന്നെങ്കിൽ നിങ്ങൾ നിയമത്തിനു കീഴല്ല.19 ജഡത്തിൻെറ വ്യാപാരങ്ങൾ എല്ലാവർക്കുമറിയാം. അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി,20 വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയചിന്ത,21 വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയും ഈ ദൃശമായ മറ്റു പ്രവൃത്തികളുമാണ്. ഇത്തരം പ്രവൃത്തികളിലേർപ്പെടുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ലെന്ന് മുമ്പു ഞാൻ നിങ്ങൾക്കു നൽകിയ താക്കീത് ഇപ്പോഴും ആവർത്തിക്കുന്നു.22 എന്നാൽ, **ആത്മാവിൻെറ ഫലങ്ങൾ** സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നൻമ, വിശ്വസ്തത,23 സൗമ്യത, ആത്മസംയമനം ഇവയാണ്. ഇവയ്ക്കെതിരായി ഒരു നിയമവുമില്ല.24 **യേശുക്രിസ്തുവിനുള്ളവർ** തങ്ങളുടെ ജഡത്തെ അതിൻെറ വികാരങ്ങളോടും മോഹങ്ങളോടുംകൂടെ ക്രൂശിച്ചിരിക്കുന്നു.25 നമ്മൾ ആത്മാവിലാണ് ജീവിക്കുന്നതെങ്കിൽ നമുക്കു ആത്മാവിൽ വ്യാപരിക്കാം.26 നാം പരസ്പരം പ്രകോപിപ്പിക്കുന്നവരും അസൂയപ്പെടുന്നവരും വ്യർഥാഭിമാനികളും ആകാതിരിക്കട്ടെ!

## Questions

342. . . . . . . നുകത്തിന് ഇനിയും നിങ്ങൾ വിധേയരാകരുത്? പൂരിപ്പിക്കുക.
അടിമത്തത്തിന്റെ (5,1)
343. എന്തിലൂടെ നീതി ലഭിക്കുമെന്ന പ്രത്യാശയോടെയാണ് കാത്തിരിക്കുന്നത്?
പരിശുദ്ധാത്മാവിലൂടെ വിശ്വാസം വഴി (5,5)
344. സ്നേഹത്തിലൂടെ പ്രവർത്തനനിരതമായ . . . . . . ആണ് സുപ്രധാനം. പൂരിപ്പിക്കുക.
വിശ്വാസം (5,6)
345. ആത്മാവിന് എതിരായിട്ടുള്ളത് എന്ത്?
ജഡമോഹങ്ങൾ (5,17)
346. ജഡത്തിന് എതിരായിട്ടുള്ളത് എന്ത്?
ആത്മാവിന്റെ അഭിലാഷങ്ങൾ (5,17)
347. ഇവയ്ക്കെതിരെ ഒരു നിയമവുമില്ല എന്ന് പറഞ്ഞിരിക്കുന്നത് എന്തിനെക്കുറിച്ചാണ്?
ആത്മാവിന്റെ ഫലങ്ങൾ (5,22-23)
348. തങ്ങളുടെ ജഡത്തെ അതിന്റെ വികാരങ്ങളോടും മോഹങ്ങളോടും കൂടെ ക്രൂശിച്ചവർ ആര്?
യേശുക്രിസ്തുവിനുള്ളവർ (5,24)

**വചനഭാഗം: ഗലാത്തിയ 6**

**പരസ്പരം സഹായിക്കുക**

1 സഹോദരരേ, ഒരുവൻ എന്തെങ്കിലും തെറ്റിലകപ്പെട്ടാൽ ആത്മീയരായ നിങ്ങൾ സൗമ്യതയോടെ അവനെ വീണ്ടെടുക്കുവിൻ. നിങ്ങളും പ്രലോഭിതരാകാതിരിക്കാൻ ശ്രദ്ധിച്ചുകൊള്ളുവിൻ.2 പരസ്പരം ഭാരങ്ങൾ വഹിച്ചുകൊണ്ട് ക്രിസ്തുവിൻെറ നിയമം പൂർത്തിയാക്കുവിൻ.3 ഒരുവൻ താൻ

ഒന്നുമല്ലാതിരിക്കേ, എന്തോ ആണെന്നു ഭാവിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ വഞ്ചിക്കുന്നു.4 എന്നാൽ, ഓരോ വ്യക്തിയും സ്വന്തം ചെയ്തികൾ വിലയിരുത്തട്ടെ. അപ്പോൾ അഭിമാനിക്കാനുള്ള വക അവനിൽത്തന്നെയായിരിക്കും, മറ്റുള്ളവരിലായിരിക്കുകയില്ല.5 എന്തെന്നാൽ ഓരോരുത്തരും സ്വന്തം ഭാരം വഹിച്ചേ മതിയാവൂ.6 വചനം പഠിക്കുന്നവൻ തനിക്കുള്ള എല്ലാ നല്ല വസ്തുക്കളുടെയും പങ്ക് തൻെറ അധ്യാപകനു നൽകണം.7 നിങ്ങൾക്കു വ്യാമോഹം വേണ്ടാ; ദൈവത്തെ കബളിപ്പിക്കാനാവില്ല. മനുഷ്യൻ വിതയ്ക്കുന്നതുതന്നെ കൊയ്യും.8 എന്തെന്നാൽ, സ്വന്തം ജഡത്തിനായി വിതയ്ക്കുന്നവൻ ജഡത്തിൽനിന്ന് **നാശം** കൊയ്തെടുക്കും. ആത്മാവിനായി വിതയ്ക്കുന്നവനാകട്ടെ ആത്മാവിൽനിന്നു **നിത്യജീവൻ** കൊയ്തെടുക്കും.9 **നൻമ ചെയ്യുന്നതിൽ** നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ. എന്തെന്നാൽ, നമുക്കു മടുപ്പുതോന്നാതിരുന്നാൽ യഥാകാലം വിളവെടുക്കാം.10 ആകയാൽ, നമുക്ക് അവസരം ലഭിച്ചിരിക്കുന്നതുകൊണ്ട് സകല മനുഷ്യർക്കും, പ്രത്യേകിച്ച്, വിശ്വാസത്താൽ ഒരേ കുടുംബത്തിൽ അംഗങ്ങളായവർക്ക്, നൻമ ചെയ്യാം.

**അന്തിമ നിർദേശങ്ങൾ**

11 എൻെറ സ്വന്തം കൈപ്പടയിൽ എത്ര വലിയ അക്ഷരങ്ങളിലാണ് ഞാൻ എഴുതിയിരിക്കുന്നതെന്നു നോക്കൂ!12 ശാരീരികമായ ബാഹ്യകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുന്നവരാണ് പരിച്ഛേദനകർമത്തിനു നിങ്ങളെ നിർബന്ധിക്കുന്നത്. ക്രിസ്തുവിൻെറ കുരിശിനെപ്രതി പീഡിപ്പിക്കപ്പെടാതിരിക്കാൻവേണ്ടി മാത്രമാണ് അവർ അങ്ങനെ ചെയ്യുന്നത്.13 എന്തെന്നാൽ, പരിച്ഛേദനം സ്വീകരിച്ച അവർപോലും നിയമം അനുസരിക്കുന്നില്ല. എന്നാൽ, നിങ്ങളുടെ ശരീരത്തെക്കുറിച്ച് അവർക്ക് മേൻമ ഭാവിക്കാൻ കഴിയേണ്ടതിനു നിങ്ങളും പരിച്ഛേദിതരായിക്കാണാൻ അവർ ആഗ്രഹിക്കുന്നു.14 നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ കുരിശിലല്ലാതെ മറ്റൊന്നിലും മേൻമ ഭാവിക്കാൻ എനിക്ക് ഇടയാകാതിരിക്കട്ടെ. അവനെപ്രതി ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു.15 പരിച്ഛേദനകർമം നടത്തുന്നതിലോ നടത്താതിരിക്കുന്ന

തിലോകാര്യമില്ല. പുതിയ സൃഷ്ടിയാവുക എന്നതാണ് പരമപ്രധാനം.16 ഈ നിയമം അനുസരിച്ച് വ്യാപരിക്കുന്ന എല്ലാവർക്കും, അതായത്, ദൈവത്തിൻെറ ഇസ്രായേലിന് സമാധാനവും കാരുണ്യവും ഉണ്ടാകട്ടെ.17 ഇനിമേൽ ആരും എന്നെ ബുദ്ധിമുട്ടിക്കരുത്. എന്തെന്നാൽ, ഞാൻ എൻെറ ശരീരത്തിൽ **യേശുവിൻെറ അടയാളങ്ങൾ** ധരിക്കുന്നു.18 സഹോദരരേ, നമ്മുടെ കർത്താവായ യേശുക്രിസ്തു വിൻെറ കൃപ നിങ്ങളുടെ ആത്മാവിനോടുകൂടെ ഉണ്ടായിരിക്കട്ടെ. ആമേൻ.

## Questions

349. സ്വന്തം ജഡത്തിനായി വിതയ്ക്കുന്നവൻ ജഡത്തിൽനിന്ന് കൊയ്തെടുക്കുന്നത് എന്ത്?
നാശം (6,8)
350. ആത്മാവിനായി വിതയ്ക്കുന്നവൻ കൊയ്തെടുക്കുന്നതെന്ത്?
നിത്യജീവൻ (6,9)
351. നമുക്ക് മടുപ്പ് തോന്നാതിരിക്കേണ്ടത് എന്തിൽ?
നന്മ ചെയ്യുന്നതിൽ (6,9)
352. പൗലോസ് ശ്ലീഹാ ശരീരത്തിൽ എന്താണ് ധരിക്കുന്നത്?
യേശുവിന്റെ അടയാളങ്ങൾ (6,17)

# 1 സാമുവൽ 1–7

**വചനഭാഗം: 1 സാമുവൽ 1**

**സാമുവലിൻെറ ജനനം**

1 **എഫ്രായിംമലനാട്ടിലെ റാമാത്തയിമിൽ സൂഫ്**വംശജനായ എല്ക്കാന എന്നൊരാളുണ്ടായിരുന്നു. അവൻെറ പിതാവ് യറോഹാം ആയിരുന്നു. യറോഹാം എലീഹുവിൻെറയും എലീഹു തോഹുവിൻെറയും തോഹു എഫ്രായിംകാരനായ സൂഫിൻെറയും പുത്രനായിരുന്നു.2 എല്ക്കാനയ്ക്കു രണ്ടു ഭാര്യമാരുണ്ടായിരുന്നു–ഹന്നായും പെനീന്നായും. പെനീന്നായ്ക്കു മക്കളുണ്ടായിരുന്നു; ഹന്നായ്ക്കാകട്ടെ മക്കളില്ലായിരുന്നു.3 എല്ക്കാന സൈന്യങ്ങളുടെ കർത്താവിനെ ആരാധിക്കാനും അവിടുത്തേക്കു ബലിയർപ്പിക്കാനുമായി വർഷംതോറും തൻെറ പട്ടണത്തിൽനിന്നു ഷീലോയിലേക്കു പോകുമായിരുന്നു. ഏലിയുടെ പുത്രൻമാരായ **ഹോഫ്നിയും ഫിനെഹാസും** ആയിരുന്നു അവിടെ

കർത്താവിൻെറ പുരോഹിതൻമാർ.4 ബലിയർപ്പിക്കുന്ന ദിവസം, എല്ക്കാന ഭാര്യ പെനീന്നായ്ക്കും അവളുടെ പുത്രൻമാർക്കും പുത്രിമാർക്കും ഓഹരി കൊടുത്തിരുന്നു.5 ഹന്നായെ കൂടുതൽ സ്നേഹിച്ചിരുന്നെങ്കിലും അവൾക്ക് **ഒരംശം മാത്രമേ** നൽകിയിരുന്നുള്ളു. എന്തെന്നാൽ, കർത്താവ് അവളെ വന്ധ്യയാക്കിയിരുന്നു.6 വന്ധ്യത നിമിത്തം അവളുടെ സപത്നി അവളെ വേദനിപ്പിച്ചിരുന്നു.7 ആണ്ടുതോറും കർത്താവിൻെറ ഭവനത്തിലേക്കു പോയിരുന്നപ്പോഴൊക്കെ അവൾ ഹന്നായെ പ്രകോപിപ്പിച്ചിരുന്നു. അതിനാൽ, ഹന്നാ കരയുകയും ഭക്ഷണം കഴിക്കാതിരിക്കുകയും ചെയ്തു.8 ഭർത്താവായ എല്ക്കാന അവളോടു ചോദിച്ചു, ഹന്നാ, എന്തിനാണ് നീ കരയുകയും ഭക്ഷിക്കാതിരിക്കുകയും ചെയ്യുന്നത്? എന്തിനു ദുഃഖിക്കുന്നു? ഞാൻ നിനക്കു പത്തു പുത്രൻമാരിലും ഉപരിയല്ലേ?9 ഷീലോയിൽവച്ച് അവർ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്തതിനുശേഷം ഹന്ന എഴുന്നേറ്റ് കർത്താവിൻെറ സന്നിധിയിൽചെന്നു. **പുരോഹിതനായ ഏലി** ദേവാലയത്തിൻെറ വാതിൽപടിക്കു സമീപം ഒരു പീഠത്തിൽ ഇരിക്കുകയായിരുന്നു.10 അവൾ കർത്താവിനോടു ഹൃദയം നൊന്തു കരഞ്ഞു പ്രാർഥിച്ചു.11 അവൾ ഒരു നേർച്ച നേർന്നു:സൈന്യങ്ങളുടെ കർത്താവേ, ഈ ദാസിയുടെ സങ്കടം കണ്ട് അങ്ങ് എന്നെ അനുസ്മരിക്കണമേ! അങ്ങയുടെ ദാസിയെ വിസ്മരിക്കരുതേ! എനിക്കൊരു പുത്രനെ നൽകിയാൽ അവൻെറ ജീവിതകാലം മുഴുവൻ അവനെ ഞാൻ അങ്ങേക്കു പ്രതിഷ്ഠിക്കും. അവൻെറ ശിരസ്സിൽ ക്ഷൗരക്കത്തി സ്പർശിക്കുകയില്ല.12 ഹന്നാ ദൈവസന്നിധിയിൽ പ്രാർഥിച്ചുകൊണ്ടിരിക്കവേ **ഏലി** അവളെ ശ്രദ്ധിച്ചുകൊണ്ടിരുന്നു.13 അവൾ ഹൃദയത്തിൽ സംസാരിക്കുകയായിരുന്നു; അധരം മാത്രമേ ചലിച്ചിരുന്നുള്ളൂ. ശബ്ദം പുറത്തുവന്നതുമില്ല. അതിനാൽ, അവൾ മദ്യപിച്ചിട്ടുണ്ടെന്ന് ഏലിക്കു തോന്നി.14 ഏലി അവളോടു പറഞ്ഞു: എത്രനേരം നീ ഉൻമത്തയായിരിക്കും? നിൻെറ ലഹരി അവസാനിപ്പിക്കുക.15 ഹന്നാ പ്രതിവചിച്ചു: എൻെറ ഗുരോ, അങ്ങനെയല്ല, വളരെയേറെ മനോവേദന അനുഭവിക്കുന്നവളാണു ഞാൻ. വീഞ്ഞോ ലഹരിപാനീയമോ ഞാൻ കഴിച്ചിട്ടില്ല. കർത്താവിൻെറ മുമ്പിൽ എൻെറ ഹൃദയവികാരങ്ങൾ ഞാൻ പകരുകയായിരുന്നു.16 ഈ ദാസിയെ അധഃപതിച്ച ഒരുവളായി വിചാരിക്കരുതേ! അത്യധികമായ ആകുലതയും അസ്വസ്ഥതയും മൂലമാണ് ഞാനിതുവരെ സംസാരിച്ചത്.17 അപ്പോൾ ഏലി പറഞ്ഞു: സമാധാനമായി പോവുക. ഇസ്രായേലിൻെറ ദൈവം നിൻെറ പ്രാർഥന സാധിച്ചുതരട്ടെ!18 അവൾ പ്രതിവചിച്ചു: ഈ ദാസിക്ക് അങ്ങയുടെ കൃപാകടാക്ഷമുണ്ടാകട്ടെ. അനന്തരം, അവൾ പോയി ഭക്ഷണം കഴിച്ചു. പിന്നീടൊരിക്കലും അവളുടെ മുഖം മ്ളാനമായിട്ടില്ല.19 എല്ക്കാനയും കുടുംബവും അതിരാവിലെ എഴുന്നേറ്റ് കർത്താവിനെ ആരാധിച്ചതിനുശേഷം റാമായിലുള്ള തങ്ങളുടെ ഗൃഹത്തിലേക്കു മടങ്ങി. എല്ക്കാന ഹന്നായെ പ്രാപിക്കുകയും കർത്താവ് അവളെ അനുസ്മരിക്കുകയും ചെയ്തു.20 അവൾ ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിച്ചു. ഞാൻ അവനെ കർത്താവിനോടു ചോദിച്ചു വാങ്ങിയതാണ് എന്നുപറഞ്ഞ് അവൾ അവനു സാമുവൽ എന്നു പേരിട്ടു.21 എല്ക്കാന കുടുംബസമേതം കർത്താവിനു വർഷംതോറുമുള്ള ബലിയർപ്പിക്കാനും നേർച്ച നിറവേറ്റാനും പോയി. എന്നാൽ, ഹന്നാ പോയില്ല.22 അവൾ ഭർത്താവിനോടു പറഞ്ഞു: കുഞ്ഞിൻെറ മുലകുടി മാറട്ടെ; അവൻ കർത്തൃസന്നിധിയിൽ പ്രവേശിച്ച് എന്നേക്കും അവിടെ വസിക്കുന്നതിന് അപ്പോൾ കൊണ്ടുവന്നുകൊള്ളാം. എല്ക്കാന അവളോടു പറഞ്ഞു:23 നിൻെറ യുക്തംപോലെ ചെയ്തുകൊള്ളുക. അവൻെറ മുലകുടി മാറട്ടെ. കർത്താവിനോടുള്ള വാക്കു നിറവേറ്റിയാൽ മതി. അങ്ങനെ അവൾ കുഞ്ഞിൻെറ മുലകുടി മാറുന്നതുവരെ വീട്ടിൽ താമസിച്ചു.24 പിന്നീട് മൂന്നുവയസ്സുള്ള ഒരു കാളക്കുട്ടി, ഒരു ഏഫാ മാവ്, ഒരു കുടം വീഞ്ഞ് എന്നിവയോടു കൂടെ അവൾ അവനെ ഷീലോയിൽ കർത്താവിൻെറ ആലയത്തിലേക്കു കൊണ്ടുവന്നു; സാമുവൽ അപ്പോൾ ബാലനായിരുന്നു.25 അവർ കാളക്കുട്ടിയെ ബലിയർപ്പിച്ചു; അനന്തരം, ശിശുവിനെ **ഏലിയുടെ** അടുക്കൽ കൊണ്ടുവന്നു.26 അവൾ പറഞ്ഞു: ഗുരോ, ഇവിടെ അങ്ങയുടെ മുമ്പിൽനിന്ന് കർത്താവിനോടു പ്രാർഥിച്ച സ്ത്രീതന്നെയാണ് ഞാൻ.27 ഈ കുഞ്ഞിനുവേണ്ടിയാണു ഞാൻ പ്രാർഥിച്ചത്; എൻെറ പ്രാർഥന കർത്താവ് കേട്ടു.28 ആകയാൽ, ഞാൻ അവനെ കർത്താവിനു സമർപ്പിച്ചിരിക്കുന്നു. ആജീവനാന്തം അവൻ കർത്താവിനുള്ളവനായിരിക്കും. അവർ കർത്താവിനെ ആരാധിച്ചു.

## Questions

353. എല്ക്കാന ഏത് വംശത്തിൽപ്പെട്ടവനായിരുന്നു?

സൂഫ് വംശജൻ (1,1)

354. എല്ക്കാന എവിടെ നിന്നുള്ളവനായിരുന്നു?

എഫ്രായിം മലനാട്ടിലെ റാമാത്തയിമിൽ (1,1)

355. ആരായിരുന്നു ഷീലോയിലെ പുരോഹിതന്മാർ?

ഏലിയുടെ പുത്രന്മാരായ ഹോഫ്നിയും ഫിനെഹാസും (1,3)

356. എല്ക്കാന കൂടുതൽ സ്നേഹിച്ചിരുന്ന ഹന്നായ്ക്ക് എത്രയാണ് ഓഹരി കൊടുത്തിരുന്നത്?
ഒരംശം മാത്രം (1,5)
357. ദേവാലയത്തിന്റെ വാതിൽപടിക്കു സമീപം ആരാണ് ഇരുന്നിരുന്നത്?
പുരോഹിതനായ ഏലി (1,9)
358. ഹന്ന ദൈവസന്നിധിയിൽ പ്രാർഥിച്ചുകൊണ്ടിരിക്കവേ ആരാണ് അവളെ ശ്രദ്ധിച്ചിരുന്നത്?
ഏലി (1,12)
359. കാളക്കുട്ടിയെ ബലിയർപ്പിച്ചതിനുശേഷം ശിശുവിനെ ആരുടെ അടുക്കലേക്കാണ് കൊണ്ടുവന്നത്?
ഏലിയുടെ (1,25)

**വചനഭാഗം: 1 സാമുവൽ 2**
**ഹന്നായുടെ കീർത്തനം**
1 ഹന്നാ ഇങ്ങനെ പ്രാർഥിച്ചു:എൻെറ ഹൃദയം കർത്താവിൽ ആനന്ദിക്കുന്നു. എൻെറ ശിരസ്സ് കർത്താവിൽ ഉയർന്നിരിക്കുന്നു. എൻെറ അധരം ശത്രുക്കളെ പരിഹസിക്കുന്നു. എന്തൊൽ, അവിടുത്തെ രക്ഷയിൽ ഞാൻ ആനന്ദിക്കുന്നു.2 കർത്താവിനെപ്പോലെ പരിശുദ്ധനായി മറ്റാരുമില്ല. കർത്താവല്ലാതെ മറ്റാരുമില്ല. നമ്മുടെ ദൈവത്തെപ്പോലെ സുസ്ഥിരമായ ഒരു ആശ്രയമില്ല. 3 അഹന്തയോടെ മേലിൽ സംസാരിക്കരുത്. നിൻെറ നാവിൽനിന്നു **ഗർവ്** പുറപ്പെടാതിരിക്കട്ടെ. കാരണം, കർത്താവ് സർവജ്ഞനായ ദൈവമാണ്. പ്രവൃത്തികളെ വിലയിരുത്തുത് അവിടുന്നാണല്ലോ. 4 **വീരൻമാരുടെ** വില്ലുകൾ തകരുന്നു. ബലഹീനരാകട്ടെ ശക്തിപ്രാപിക്കുന്നു. 5 **സുഭിക്ഷം അനുഭവിച്ചിരുവർ** ആഹാരത്തിനായി കൂലിപ്പണി ചെയ്യുന്നു. വിശപ്പ് അനുഭവിച്ചിരുവർ സംതൃപ്തി അടയുന്നു, വന്ധ്യ ഏഴു പ്രസവിക്കുന്നു. സന്താനസമ്പത്തുള്ളവൾ നിരാലംബയാകുന്നു. 6 കർത്താവ് ജീവൻ എടുക്കുകയും കൊടുക്കുകയും ചെയ്യുന്നു. അവിടുന്നു പാതാളത്തിലേക്കിറക്കുകയും അവിടെനിന്നു കയറ്റുകയും ചെയ്യുന്നു 7 ദരിദ്രനും ധനികനും ആക്കുന്നത് കർത്താവാണ്. താഴ്ത്തുന്നതും ഉയർത്തുന്നതും അവിടുന്നു തന്നെ. 8 ദരിദ്രനെ അവിടുന്നു ധൂളിയിൽനിന്ന് ഉയർത്തുന്നു. **അഗതിയെ** കുപ്പയിൽനിന്നു സമുദ്ധരിക്കുന്നു. അങ്ങനെ അവരെ പ്രഭുക്കൻമാരോടൊപ്പം ഇരുത്തി, ഉന്നതസ്ഥാനങ്ങൾക്ക് അവകാശികളാക്കുന്നു. ഭൂമിയുടെ അടിത്തൂണുകൾ കർത്താവിൻേറതാണ്. അതിൻമേൽ അവിടുന്ന് ലോകത്തെ ഉറപ്പിച്ചിരിക്കുന്നു. 9 തൻെറ **വിശ്വസ്തരുടെ** പാദങ്ങളെ അവിടുന്നു കാക്കുന്നു. ദുഷ്ടൻമാർ അന്ധകാരത്തിൽ ഉപേക്ഷിക്കപ്പെടുന്നു. ശക്തിയാൽ ആരും പ്രബലനാകുന്നില്ല. 10 കർത്താവ് **പ്രതിയോഗി**കളെ ഛിന്നഭിന്നമാക്കുന്നു. അവർക്കെതിരേ ആകാശത്തിൽ ഇടിമുഴക്കുന്നു. അവിടുന്ന് ഭൂമിയെ മുഴുവൻ വിധിക്കും. തൻെറ രാജാവിനു ശക്തി കൊടുക്കും തൻെറ അഭിഷിക്തൻെറ ശിരസ്സുയരുമാറാക്കും. 11 അനന്തരം, എല്ക്കാന റാമായിലുള്ള തൻെറ ഭവനത്തിലേക്കു മടങ്ങി. ബാലനായ സാമുവലാകട്ടെ പുരോഹിതനായ ഏലിയുടെ സാന്നിധ്യത്തിൽ കർത്താവിനു ശുശ്രൂഷ ചെയ്തുപോന്നു.
**ഏലിയുടെ പുത്രൻമാർ**
12 ഏലിയുടെ പുത്രൻമാർ ദുർമാർഗികളും കർത്താവിനെ ബഹുമാനിക്കാത്തവരുമായിരുന്നു.13 ജനങ്ങളിൽനിന്നു പുരോഹിതൻമാർക്കു ലഭിക്കേണ്ട വിഹിതത്തെ സംബന്ധിക്കുന്ന നിയമം അവർ മാനിച്ചില്ല.14 ആരെങ്കിലും ബലിയർപ്പിച്ച മാംസം പാകംചെയ്യുമ്പോൾ **പുരോഹിതൻെറ ഭൃത്യൻ** പാത്രത്തിൽ മുപ്പല്ലികൊണ്ടു കുത്തി അതിൽ കിട്ടുന്നതു മുഴുവൻ പുരോഹിതനുവേണ്ടി എടുത്തിരുന്നു. ഷീലോയിൽ വന്നിരുന്ന ഇസ്രായേൽക്കാരോടെല്ലാം അവർ ഇപ്രകാരമാണ് പ്രവർത്തിച്ചത്.15 കൂടാതെ, മേദസ്സ് ദഹിപ്പിക്കുന്നതിനു മുമ്പുതന്നെ ബലിയർപ്പിക്കുന്നവനോട് പുരോഹിതൻെറ ഭൃത്യൻ വന്നു പറയും: പുരോഹിതനുവേണ്ടി പാകംചെയ്യാൻ കുറെമാംസം തരുക; പച്ചമാംസമല്ലാതെ വേവിച്ചത് അദ്ദേഹം സ്വീകരിക്കുകയില്ല.16 ആദ്യം മേദസ്സ് ദഹിപ്പിക്കട്ടെ; എന്നിട്ട് നിങ്ങൾക്ക് ഇഷ്ടമുള്ളത് എടുക്കാം എന്ന് തടസ്സം പറഞ്ഞാൽ, പോരാ, ഇപ്പോൾത്തന്നെ വേണം; അല്ലെങ്കിൽ, ഞാൻ ബലംപ്രയോഗിച്ച് എടുക്കും എന്ന് അവൻ മറുപടി പറയുമായിരുന്നു.17 ഏലിയുടെ പുത്രൻമാരുടെ പാപം ദൈവസന്നിധിയിൽ ഗുരുതരമായിത്തീർന്നു. അത്ര അശ്രദ്ധയോടെയാണ് അവർ കർത്താവിനുള്ള അർച്ചനയെ വീക്ഷിച്ചത്.18 ബാലനായ സാമുവൽ കർത്താവിനു ശുശ്രൂഷ ചെയ്തുപോന്നു. **ചണനൂൽകൊണ്ടുള്ള ഒരു വിശേഷ വസ്ത്രമാണ്** അവൻ ധരിച്ചിരുന്നത്.19 ബലിയർപ്പിക്കാൻ ഭർത്താവിനോടൊത്ത് വർഷംതോറും പോകുമ്പോൾ അവൻെറ അമ്മ ചെറിയ ഉടുപ്പുണ്ടാക്കി അവനുകൊടുത്തിരുന്നു.20 കർത്താവിനു സമർപ്പിച്ച ഈ കുട്ടിക്കുപകരം ഈ സ്ത്രീയിൽനിന്നുതന്നെ വേറെസന്താനങ്ങളെ ദൈവം നൽകട്ടെയെന്ന് എൽക്കാനയെയും ഭാര്യയെയും ഏലി അനുഗ്രഹിച്ചിരുന്നു. പിന്നീട്, അവർ വീട്ടിലേക്കുപോകും.21 കർത്താവ് ഹന്നായെ കടാക്ഷിച്ചു. അവൾ ഗർഭംധരിച്ച് മൂന്നു പുത്രൻമാരെയും രണ്ടുപുത്രിമാരെയും പ്രസവിച്ചു. ബാലനായ

സാമുവലാകട്ടെ കർത്താവിൻെറ സന്നിധിയിൽ വളർന്നുവന്നു.22 ഏലി വൃദ്ധനായി; തൻെറ പുത്രൻമാർ ഇസ്രായേൽജനത്തോടു ചെയ്തിരുന്നതെല്ലാം അവൻ കേട്ടു. സമാഗമകൂടാരത്തിൻെറ പ്രവേശനകവാടത്തിൽ ജോലിചെയ്തിരുന്ന സ്ത്രീകളോടൊത്ത് അവർ ശയിച്ചിരുന്ന വിവരവും അവൻ അറിഞ്ഞു.23 അവൻ അവരോടു പറഞ്ഞു: എന്താണ് നിങ്ങൾ ഈ ചെയ്യുന്നത്? നിങ്ങളുടെ ദുഷ്കൃത്യങ്ങളെപ്പറ്റി ഓരോരുത്തർ പറയുന്നത് ഞാൻ കേൾക്കുന്നു.24 മക്കളേ, മേലാൽ അങ്ങനെ ചെയ്യരുത്. നിങ്ങളെപ്പറ്റി ദൈവജനം പറഞ്ഞ് ഞാൻ കേൾക്കുന്ന കാര്യങ്ങൾ തീരെ നന്നല്ല.25 മനുഷ്യൻ മനുഷ്യനോടു പാപം ചെയ്താൽ ദൈവം അവനുവേണ്ടി മാധ്യസ്ഥ്യം വഹിക്കും; കർത്താവിനോടു പാപം ചെയ്താൽ ആർ മാധ്യസ്ഥ്യം വഹിക്കും? പക്ഷേ, അവർ പിതാവിൻെറ വാക്കു കേട്ടില്ല. കാരണം, അവരെ നശിപ്പിക്കാൻ കർത്താവ് നിശ്ചയിച്ചിരുന്നു.26 ബാലനായ സാമുവലാകട്ടെ കർത്താവിൻെറയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നു.27 കർത്താവ് അയച്ച ഒരാൾ ഏലിയുടെ അടുക്കൽ വന്നുപറഞ്ഞു: കർത്താവ് ഇപ്രകാരം പറയുന്നു: നിൻെറ പിതാവിൻെറ കുടുംബം ഈജിപ്തിൽ ഫറവോയുടെ ഭവനത്തിൽ അടിമയായിരിക്കുമ്പോൾ ഞാൻ അവർക്ക് എന്നെത്തന്നെ വെളിപ്പെടുത്തി.28 എൻെറ ബലിപീഠത്തെ സമീപിക്കാനും ധൂപാർപ്പണം നടത്താനും എൻെറ മുൻപിൽ എഫോദു ധരിക്കാനും ഇസ്രായേലിൻെറ എല്ലാ ഗോത്രങ്ങളിലും നിന്നു ഞാൻ അവനെ എൻെറ പുരോഹിതനായി തിരഞ്ഞെടുത്തു. ഇസ്രായേൽമക്കൾ ദഹനബലിക്ക് അർപ്പിച്ചതെല്ലാം നിൻെറ പിതൃഭവനത്തിനു ഞാൻ കൊടുത്തു.29 എന്നിട്ടും എന്തുകൊണ്ടാണ്, എനിക്ക് അർപ്പിക്കണമെന്ന് കൽപിച്ചിട്ടുള്ള ബലികളെയും കാഴ്ചകളെയും നീ ആർത്തിയോടെ നോക്കുന്നത്? നിങ്ങൾ എൻെറ ജനം എനിക്കർപ്പിക്കുന്ന സകല ബലികളുടെയും വിശിഷ്ട ഭാഗം തിന്നുകൊഴുത്തു. എന്നെക്കാൾ കൂടുതൽ നിൻെറ മക്കളെ നീ ബഹുമാനിക്കുന്നതെന്ത്? 30 അതിനാൽ, ഇസ്രായേലിൻെറ ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: നിൻെറയും നിൻെറ പിതാവിൻെറയും കുടുംബം നിത്യവും എനിക്കു ശുശ്രൂഷ ചെയ്യുമെന്നു ഞാൻ വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ, ഇപ്പോൾ കർത്താവായ ഞാൻ പ്രഖ്യാപിക്കുന്നു: ഇനി അങ്ങനെ ആയിരിക്കുകയില്ല. എന്നെ ആദരിക്കുന്നവരെ ഞാനും ആദരിക്കും; എന്നെ നിന്ദിക്കുന്നവർ നിന്ദിക്കപ്പെടും.31 വാർധക്യത്തിലെത്താൻ ആർക്കും ഇടയാകാത്തവിധം നിൻെറയും നിൻെറ പിതൃകുടുംബത്തിൻെറയും ശക്തി ഞാൻ ക്ഷയിപ്പിക്കുന്ന ദിവസം ഇതാ അടുത്തിരിക്കുന്നു.32 ഇസ്രായേൽജനത്തിൽ മറ്റുള്ളവർക്കു ഞാൻ നൽകുന്ന അനുഗ്രഹങ്ങൾ കണ്ട് നിങ്ങൾ അസ്വസ്ഥരും അസൂയാലുക്കളുമാകും. പക്ഷേ, നിൻെറ കുടുംബത്തിൽ പ്രായംചെന്നവരായി മേലിൽ ആരും ഉണ്ടാവുകയില്ല.33 നിങ്ങളിൽ ഒരുവനെ എൻെറ ബലിപീഠത്തിൽനിന്ന് ഞാൻ വിച്ഛേദിക്കുകയില്ല. കണ്ണീരുകൊണ്ട് അവൻെറ കാഴ്ച മങ്ങുകയും ഹൃദയം ഉരുകുകയും ചെയ്യും. നിൻെറ സന്താനങ്ങൾ വാളിനിരയാകും.34 നിൻെറ പുത്രൻമാരായ ഹോഫ്നിയും ഫിനെഹാസും ഒരേദിവസം തന്നെ മരിക്കും.35 ഇതു നിനക്ക് അടയാളമായിരിക്കും. എനിക്കുവേണ്ടി വിശ്വസ്തനായ ഒരു പുരോഹിതനെ ഞാൻ തിരഞ്ഞെടുക്കും. എൻെറ ഹൃദയാഭിലാഷമനുസരിച്ച് അവൻ പ്രവർത്തിക്കും. അവൻെറ കുടുംബം ഞാൻ നില നിർത്തും. എൻെറ അഭിഷിക്തൻെറ സന്നിധിയിൽ അവൻ നിത്യവും ശുശ്രൂഷ ചെയ്യും.36 നിൻെറ കുടുംബത്തിൽ അവശേഷിക്കുന്നവരെല്ലാം ഒരു വെള്ളിക്കാശിനും ഒരു കഷണം അപ്പത്തിനും വേണ്ടി അവനോടുയാചിച്ചുകൊണ്ടു പറയും: ഒരു കഷണം അപ്പം ലഭിക്കേണ്ടതിന് എന്നെ ഏതെങ്കിലുമൊരു പുരോഹിതവൃത്തിക്കു ചേർക്കണമേ!

## Questions

360. നിന്റെ നാവിൽനിന്ന് പുറപ്പെടാതിരിക്കേണ്ടത് എന്ത്?
ഗർവ്വ് (2,3)
361. ആരുടെ വില്ലുകളാണ് തകരുന്നത്?
വീരന്മാരുടെ (2,4)
362. ആഹാരത്തിനുവേണ്ടി കൂലിപ്പണി ചെയ്യുന്നവർ ആര്?
സുഭിക്ഷം അനുഭവിച്ചിരുന്നവർ (2,5)
363. കുപ്പയിൽനിന്ന് സമുദ്ധരിക്കുന്നത് ആരെ?
അഗതിയെ (2,8)
364. അഗതിയെ എന്തിനാണ് അവകാശികളാക്കുന്നത്?
ഉന്നതസ്ഥാനങ്ങൾക്ക് (2,8)
365. ആരുടെ പാദങ്ങളെയാണ് അവിടുന്ന് കാക്കുന്നത്?
വിശ്വസ്തരുടെ (2,9)
366. ആർക്കെതിരെയാണ് ആകാശത്തിൽ ഇടിമുഴക്കുന്നത്?
പ്രതിയോഗികൾക്ക് (2,10)

367. മാംസം പാകം ചെയ്യുമ്പോൾ മുപ്പല്ലികൊണ്ട് കുത്തിയെടുക്കുന്നത് ആരാണ്?
പുരോഹിതന്റെ ഭൃത്യൻ (2,14)
368. സാമുവൽ ധരിച്ചിരുന്നത് എന്ത്?
ചണനൂൽകൊണ്ടുള്ള ഒരു വിശേഷ വസ്ത്രം (2,18)

**വചനഭാഗം: 1 സാമുവൽ 3**
**സാമുവലിനെ വിളിക്കുന്നു**
1 ഏലിയുടെ സാന്നിധ്യത്തിൽ ബാലനായ സാമുവൽ കർത്താവിനു ശുശ്രൂഷ ചെയ്തു പോന്നു. അക്കാലത്ത് കർത്താവിൻെറ അരുളപ്പാടു ചുരുക്കമായിട്ടേ ലഭിച്ചിരുന്നുള്ളു. ദർശനങ്ങൾ വിരളമായിരുന്നു.2 ഏലി ഒരു ദിവസം തൻെറ മുറിയിൽ കിടക്കുകയായിരുന്നു. അവന് ഒന്നും കാണാൻ കഴിയാത്തവിധം കാഴ്ച മങ്ങിത്തുടങ്ങിയിരുന്നു.3 ദൈവത്തിൻെറ മുൻപിലെ ദീപം അണഞ്ഞിരുന്നില്ല. സാമുവൽ ദേവലായത്തിൽ ദൈവത്തിൻെറ പേടകം സ്ഥിതിചെയ്യുന്നതിനരികേ കിടക്കുകയായിരുന്നു.4 അപ്പോൾ കർത്താവ് സാമുവലിനെ വിളിച്ചു:5 സാമുവൽ! സാമുവൽ! അവൻ വിളികേട്ടു: ഞാൻ ഇതാ! അവൻ ഏലിയുടെ അടുക്കലേക്കോടി, അങ്ങ് എന്നെ വിളിച്ചല്ലോ, ഞാനിതാ വന്നിരിക്കുന്നു എന്നു പറഞ്ഞു. ഏലി പറഞ്ഞു: ഞാൻ നിന്നെ വിളിച്ചില്ല; പോയിക്കിടന്നുകൊള്ളുക, അവൻ പോയിക്കിടന്നു.6 **കർത്താവ് വീണ്ടും സാമുവലിനെ വിളിച്ചു: സാമുവൽ!** അവൻ എഴുന്നേറ്റ് ഏലിയുടെ അടുക്കലേക്കു ചെന്നു പറഞ്ഞു: അങ്ങെന്നെ വിളിച്ചല്ലോ, ഞാനിതാ വന്നിരിക്കുന്നു. ഏലി പറഞ്ഞു: മകനേ, നിന്നെ ഞാൻ വിളിച്ചില്ല. പോയിക്കിടന്നുകൊള്ളുക.7 കർത്താവാണ് വിളിച്ചതെന്നു സാമുവൽ അപ്പോഴും അറിഞ്ഞില്ല; കാരണം, അതുവരെ കർത്താവിൻെറ ശബ്ദം അവനു വെളിവാക്കപ്പെട്ടിരുന്നില്ല.8 മൂന്നാമതും കർത്താവ് സാമുവലിനെ വിളിച്ചു. അവൻ എഴുന്നേറ്റ് ഏലിയുടെ അടുത്തു ചെന്നു പറഞ്ഞു: അങ്ങ് എന്നെ വിളിച്ചല്ലോ, ഞാനിതാ വന്നിരിക്കുന്നു. കർത്താവാണ് ബാലനെ വിളിച്ചതെന്ന് അപ്പോൾ **ഏലിക്ക്** മനസ്സിലായി.9 അതിനാൽ, ഏലി സാമുവലിനോടു പറഞ്ഞു: പോയിക്കിടന്നുകൊള്ളുക. ഇനി നിന്നെ വിളിച്ചാൽ, കർത്താവേ, അരുളിച്ചെയ്താലും, അങ്ങയുടെ ദാസൻ ഇതാ ശ്രവിക്കുന്നു എന്നുപറയണം. സാമുവൽ പോയി കിടന്നു.10 അപ്പോൾ കർത്താവ് വന്നുനിന്ന് മുൻപിലത്തെപ്പോലെ സാമുവൽ! സാമുവൽ! എന്നുവിളിച്ചു. സാമുവൽ പ്രതിവചിച്ചു: അരുളിച്ചെയ്താലും, അങ്ങയുടെ ദാസനിതാ ശ്രവിക്കുന്നു.11 കർത്താവ് അവനോടു പറഞ്ഞു: ഇസ്രായേൽ ജനതയോടു ഞാൻ ഒരു കാര്യം ചെയ്യാൻ പോകുകയാണ്. അതു കേൾക്കുന്നവൻെറ ഇരുചെവികളും തരിച്ചുപോകും.12 ഏലിയുടെ കുടുംബത്തിനെതിരായി ഞാൻ പറഞ്ഞിട്ടുള്ളതെല്ലാം അന്നു ഞാൻ ആദ്യന്തം നിർവഹിക്കും.13 മക്കൾ **ദൈവദൂഷണം** പറയുന്ന കാര്യം അറിഞ്ഞിട്ടും അവരെ തടയാഞ്ഞതുമൂലം ഞാൻ അവൻെറ കുടുംബത്തിൻെറ മേൽ എന്നേക്കുമായി ശിക്ഷാവിധി നടത്താൻ പോവുകയാണെന്ന് ഞാൻ പറയുന്നു.14 ഏലിക്കുടുംബത്തിൻെറ പാപത്തിനു ബലികളും കാഴ്ചകളും ഒരിക്കലും പരിഹാരമാവുകയില്ലെന്നു ഞാൻ ശപഥംചെയ്യുന്നു.15 പ്രഭാതംവരെ സാമുവൽ കിടന്നു. അനന്തരം, അവൻ കർത്താവിൻെറ ആലയത്തിൻെറ വാതിലുകൾ തുറന്നു. തനിക്കുണ്ടായ ദർശനം ഏലിയോടു പറയാൻ അവൻ ഭയപ്പെട്ടു.16 അപ്പോൾ ഏലി മകനേ, സാമുവൽ! എന്നു വിളിച്ചു. ഞാനിതാ എന്ന് അവൻ വിളി കേട്ടു.17 ഏലി ചോദിച്ചു: അവിടുന്ന് എന്താണ് നിന്നോടു പറഞ്ഞത്? എന്നിൽ നിന്നു മറച്ചുവയ്ക്കരുത്. അവിടുന്നു പറഞ്ഞതിലെന്തെങ്കിലും എന്നിൽനിന്നു മറച്ചുവച്ചാൽ ദൈവം നിന്നെ കഠിനമായി ശിക്ഷിക്കട്ടെ!18 സാമുവൽ ഒന്നും മറച്ചുവയ്ക്കാതെ എല്ലാം അവനോടു പറഞ്ഞു. അപ്പോൾ ഏലി അതു കർത്താവാണ്, അവിടുത്തേക്കുയുക്തമെന്നു തോന്നുന്നത് പ്രവർത്തിക്കട്ടെ എന്നു പറഞ്ഞു.19 സാമുവൽ വളർന്നുവന്നു. കർത്താവ് അവനോടു കൂടെ ഉണ്ടായിരുന്നു. **അവൻെറ** വാക്കുകളിലൊന്നും വ്യർഥമാകാൻ അവിടുന്ന് ഇടവരുത്തിയില്ല.20 **സാമുവൽ കർത്താവിൻെറ പ്രവാചകനായിത്തീർന്നിരിക്കുന്നു** എന്ന് ദാൻമുതൽ ബേർഷെബ വരെയുള്ള ഇസ്രായേൽജനം മുഴുവനും അറിഞ്ഞു.21 കർത്താവ് സാമുവലിന് ദർശനം നൽകിയ **ഷീലോ**യിൽവച്ച് അവിടുന്നു വീണ്ടും അവനോടു സംസാരിച്ചു തന്നെത്തന്നെ വെളിപ്പെടുത്തി.

## Questions
369. കർത്താവ് സാമുവലിനെ ആദ്യം എത്ര തവണ വിളിച്ചു?
രണ്ട് (3,4)
370. സാമുവലിനെ മൂന്നാമത് വിളിച്ചപ്പോൾ അത് കർത്താവാണെന്ന് ആർക്കാണ് മനസിലായത്?
ഏലിക്ക് (3,8)
371. എത്ര പ്രാവശ്യം കർത്താവ് സാമുവലിനെ വിളിച്ചു?
നാല് പ്രാവശ്യം (3,10)

372. മക്കൾ . . . . . . പറയുന്ന കാര്യം അറിഞ്ഞിട്ടും അവരെ തടയാഞ്ഞതുമൂലം ഏലിയുടെ കുടുംബത്തിന്റെമേൽ ശിക്ഷാവിധി നടത്തും. പൂരിപ്പിക്കുക
ദൈവദൂഷണം (3,13)
373. അവന്റെ വാക്കുകളിലൊന്നും വ്യർഥമാകാൻ അവിടുന്ന് ഇടവരുത്തിയില്ല. ആരുടെ?
സാമുവൽ (3,19)
374. കർത്താവ് സാമുവലിന് ദർശനം നൽകിയത് എവിടെ?
ഷീലോയിൽ (3,21)

**വചനഭാഗം: 1 സാമുവൽ 4**
1 സാമുവലിൻെറ വാക്ക് **ഇസ്രായേൽ മുഴുവൻ** ആദരിച്ചു. അക്കാലത്ത് ഫിലിസ്ത്യർ
ഇസ്രായേലിനെതിരേയുദ്ധത്തിനുവന്നു. ഇസ്രായേലും അവരെ നേരിടാൻ സന്നദ്ധമായി. ഇസ്രായേൽ
**എബനേസറിലും** ഫിലിസ്ത്യർ **അഫെക്കിലും** പാളയമടിച്ചു.2 ഫിലിസ്ത്യർ ഇസ്രായേലിനെതിരേ
അണിനിരന്നു. യുദ്ധത്തിൽ ഇസ്രായേല്യർ പരാജയപ്പെട്ടു. യുദ്ധക്കളത്തിൽ വച്ചുതന്നെ
നാലായിരത്തോളം ആളുകളെ ഫിലിസ്ത്യർ വധിച്ചു.3 ശേഷിച്ചവർ പാളയത്തിൽ
തിരിച്ചെത്തിയപ്പോൾ ഇസ്രായേലിലെ ശ്രേഷ്ഠൻമാർ പറഞ്ഞു: ഫിലിസ്ത്യർ ഇന്നു നമ്മെ
പരാജയപ്പെടുത്താൻ എന്തുകൊണ്ട് കർത്താവ് അനുവദിച്ചു? നമുക്ക് **ഷീലോയിൽനിന്നു**
കർത്താവിൻെറ ഉടമ്പടിയുടെ പേടകം കൊണ്ടുവരാം. അവിടുന്ന് നമ്മുടെ മധ്യേവന്ന് ശത്രുക്കളിൽ
നിന്നു നമ്മെ രക്ഷിക്കും.4 അങ്ങനെ, അവർ **ഷീലോ**യിലേക്ക് ആളയച്ച് **കെരൂബുകളുടെ**മേൽ
എഴുന്നള്ളിയിരിക്കുന്ന സൈന്യങ്ങളുടെ കർത്താവിൻെറ ഉടമ്പടിയുടെ പേടകംകൊണ്ടുവന്നു.
പേടകത്തോടൊപ്പം ഏലിയുടെ പുത്രൻമാരായ ഹോഫ്നിയും ഫിനെഹാസും ഉണ്ടായിരുന്നു.5
കർത്താവിൻെറ ഉടമ്പടിയുടെ പേടകം കൂടാരത്തിലെത്തിയപ്പോൾ ഇസ്രായേൽ മുഴുവൻ ആനന്ദം
കൊണ്ട് ആർത്തുവിളിച്ചു. അതു ഭൂമിയിലെങ്ങും പ്രതിധ്വനിച്ചു.
**വാഗ്ദാനപേടകം നഷ്ടപ്പെടുന്നു**
6 ആ ശബ്ദം ഫിലിസ്ത്യർ കേട്ടു. **ഹെബ്രായരുടെ** കൂടാരത്തിൽനിന്ന് പുറപ്പെടുന്ന ഈ
ഉഗ്രാട്ടഹാസത്തിൻെറ സൂചനയെന്തെന്ന് അവർ തിരക്കി. കർത്താവിൻെറ പേടകം
കൂടാരത്തിലെത്തിയെന്ന് അവർ മനസ്സിലാക്കി.7 അപ്പോൾ ഫിലിസ്ത്യർ ഭയചകിതരായി. അവർ
പറഞ്ഞു: പാളയത്തിൽ **ദേവൻമാർ** എത്തിയിട്ടുണ്ട്. നമ്മൾ നശിച്ചു! മുൻപൊരിക്കലും ഇതുപോലെ
സംഭവിച്ചിട്ടില്ല.8 ആ ദേവൻമാരുടെ ശക്തിയിൽനിന്ന് ആർ നമ്മെ രക്ഷിക്കും? മരുഭൂമിയിൽവച്ച്
നിരവധി ബാധകൾകൊണ്ട് ഈജിപ്തുകാരെ ഞെരുക്കിയദേവൻമാരാണവർ.9 ഫിലിസ്ത്യരേ, നിങ്ങൾ
ധീരതയോടും പൗരുഷത്തോടുംകൂടെയുദ്ധം ചെയ്യുവിൻ; അല്ലെങ്കിൽ **ഹെബ്രായർ** നമുക്കു
അടിമകളായിരുന്നതുപോലെ നാം അവർക്ക് അടിമകളാകേണ്ടിവരും. അതുകൊണ്ട് പൗരുഷത്തോടെ
പൊരുതുവിൻ.10 ഫിലിസ്ത്യർയുദ്ധം ചെയ്തു. ഇസ്രായേൽ പരാജയപ്പെട്ട് കൂടാരത്തിലേക്ക്
പലായനം ചെയ്തു. വലിയൊരു നരവേട്ട നടന്നു. **മുപ്പതിനായിരം** പടയാളികൾ നിലംപതിച്ചു.11
ദൈവത്തിൻെറ പേടകം ശത്രുക്കൾ കൈവശപ്പെടുത്തി. ഏലിയുടെ പുത്രൻമാരായ ഹോഫ്നിയും
ഫിനെഹാസും വധിക്കപ്പെട്ടു.12 ബഞ്ചമിൻഗോത്രജനായ ഒരാൾ അന്നുതന്നെയുദ്ധരംഗത്തുനിന്നോടി
ഷീലോയിലെത്തി. അവൻ വസ്ത്രം വലിച്ചു കീറുകയും തലയിൽ പൂഴി വിതറുകയും ചെയ്തിരുന്നു.13
അവൻ ഷീലോയിൽ എത്തുമ്പോൾ ഏലി വഴിയിലേക്ക് ഉറ്റുനോക്കിക്കൊണ്ട് പീഠത്തിൽ
ഇരിക്കുകയായിരുന്നു. ദൈവത്തിൻെറ പേടകത്തെക്കുറിച്ച് ആകുലചിത്തനുമായിരുന്നു അവൻ.
പട്ടണത്തിലെത്തി ദൂതൻ വാർത്ത അറിയിച്ചപ്പോൾ പട്ടണവാസികൾ മുറവിളി കൂട്ടി.14 ഏലി അതു
കേട്ടു. എന്താണീ മുറവിളി? അവൻ ആരാഞ്ഞു. അപ്പോൾ ദൂതൻ ഏലിയുടെ അടുത്തേക്ക്
ഓടിവന്നുപറഞ്ഞു.15 ഏലിക്കു തൊണ്ണൂറ്റെട്ടു വയസ്സുണ്ടായിരുന്നു. അവൻ മിക്കവാറും
അന്ധനുമായിരുന്നു.16 ദൂതൻ പറഞ്ഞു: ഞാൻ പടക്കളത്തിൽ നിന്നു രക്ഷപെട്ടോടി ഇവിടെ
എത്തിയതാണ്. മകനേ, എന്തു സംഭവിച്ചു എന്ന് ഏലി ചോദിച്ചു.17 അവൻ പറഞ്ഞു: ഇസ്രായേൽ
ഫിലിസ്ത്യരോട് തോറ്റോടി. ജനങ്ങളിൽ നല്ലൊരു ഭാഗം കൊല്ലപ്പെട്ടു. അത് ഭയങ്കരമായ ഒരു
പരാജയമായിരുന്നു. കൂടാതെ, അങ്ങയുടെ പുത്രൻമാരായ ഹോഫ്നിയെയും ഫിനെഹാസിനെയും
അവർ വധിച്ചു. ദൈവത്തിൻെറ പേടകം അവർ കൈവശപ്പെടുത്തുകയും ചെയ്തു.18 ദൈവത്തിൻെറ
പേടകം എന്നു കേട്ടപ്പോൾത്തന്നെ ഏലി വാതിൽപടിക്കരികേയുള്ള പീഠത്തിൽനിന്നു പിറകോട്ടു
മറിഞ്ഞു. വൃദ്ധനും ക്ഷീണിതനുമായ അവൻ കഴുത്തൊടിഞ്ഞു മരിച്ചു. അവൻ നാൽപതു വർഷം
ഇസ്രായേലിൽന്യായാധിപനായിരുന്നു.19 ഏലിയുടെ ഗർഭിണിയായ മരുമകൾക്ക് - ഫിനെഹാസിൻെറ
ഭാര്യയ്ക്കു - പ്രസവ സമയം അടുത്തിരുന്നു. ദൈവത്തിൻെറ പേടകം ശത്രുക്കൾ പിടിച്ചെടുത്തെന്നും
തൻെറ അമ്മായിയപ്പനും ഭർത്താവും മരിച്ചെന്നും കേട്ടപ്പോൾ പ്രസവവേദന ശക്തിപ്പെട്ട് അവൾ ഉടനെ
പ്രസവിച്ചു.20 അവളെ പരിചരിച്ചിരുന്ന സ്ത്രീകൾ മരണാസന്നയായ അവളോടു ഭയപ്പെടേണ്ടാ,

നീയൊരു ആൺകുട്ടിയെ പ്രസവിച്ചിരിക്കുന്നു എന്നു പറഞ്ഞു. എന്നാൽ, അവളതിനു മറുപടി പറയുകയോ അവരെ ശ്രദ്ധിക്കുകയോ ചെയ്തില്ല.21 മഹത്വം ഇസ്രായേലിൽനിന്നു വിട്ടുപോയി എന്നു പറഞ്ഞ് അവൾ തന്റെ കുഞ്ഞിന് **ഇക്കാബോദ്** എന്നു പേരിട്ടു. കാരണം, ദൈവത്തിന്റെ പേടകം പിടിക്കപ്പെടുകയും അവളുടെ അമ്മായിയപ്പനും ഭർത്താവും നഷ്ടപ്പെടുകയും ചെയ്തു.22 അവൾ വീണ്ടും പറഞ്ഞു: ദൈവത്തിന്റെ പേടകം പിടിക്കപ്പെട്ടതിനാൽ മഹത്വം ഇസ്രായേലിൽ നിന്നു വിട്ടുപോയിരിക്കുന്നു.

## Questions

375. സാമുവലിന്റെ വാക്ക് ആരാണ് ആദരിച്ചത്?

ഇസ്രായേൽ മുഴുവൻ (4,1)

376. ഇസ്രായേൽ എവിടെയാണ് പാളയമടിച്ചത്?

എബനേസറിൽ (4,1)

377. ഫിലിസ്ത്യർ എവിടെയാണ് പാളയമടിച്ചത്?

അഫെക്കിൽ (4,1)

378. എവിടെനിന്ന് കർത്താവിന്റെ ഉടമ്പടിയുടെ പേടകം കൊണ്ടുവരണമെന്നാണ് പറയുന്നത്?

ഷീലോയിൽ നിന്ന് (4,3)

379. . . . . . . ലേക്ക് ആളയച്ച് . . . . . . മേൽ എഴുന്നള്ളിയിരിക്കുന്ന സൈന്യങ്ങളുടെ കർത്താവിന്റെ ഉടമ്പടിയുടെ പേടകം കൊണ്ടുവന്നു. പൂരിപ്പിക്കുക

ഷീലോ, കെരൂബുകളുടെ (4,4)

380. ആരുടെ കൂടാരത്തിൽ നിന്ന് പുറപ്പെടുന്ന ഉഗ്രട്ടഹാസത്തിന്റെ സൂചനയെന്തെന്നതാണ് ഫിലിസ്ത്യർ തിരക്കിയത്?

ഹെബ്രായരുടെ (4,6)

381. പാളയത്തിൽ ആര് എത്തിയിട്ടുണ്ടെന്നാണ് ഭയചകിതരായി ഫിലിസ്ത്യർ പറഞ്ഞത്?

ദേവന്മാർ (4,7)

382. ആരാണ് ഫിലിസ്ത്യർക്ക് അടിമകളായിരുന്നത്?

ഹെബ്രായർ (4,9)

383. ഫിലിസ്ത്യരുമായുള്ള യുദ്ധത്തിൽ എത്ര പടയാളികൾ നിലംപതിച്ചു?

മുപ്പതിനായിരം (4,10)

384. ഫിനെഹാസിന്റെ പുത്രന്റെ പേര്?

ഇക്കാബോദ് (4,21)

**വചനഭാഗം: 1 സാമുവൽ 5**

**പേടകം ഫിലിസ്ത്യരുടെ ഇടയിൽ**

1 ഫിലിസ്ത്യർ ദൈവത്തിന്റെ പേടകംകൈവശപ്പെടുത്തി. **എബ്നേസറിൽനിന്ന് അഷ്ദോദിലേക്ക്**
കൊണ്ടുപോയി.2 അവിടെ ദാഗോന്റെ ക്ഷേത്രത്തിലെ പ്രതിഷ്ഠയ്ക്കു സമീപം സ്ഥാപിച്ചു.3 അടുത്ത
ദിവസം പ്രഭാതത്തിൽ അഷ്ദോദിലെ ജനങ്ങൾ ഉണർന്നപ്പോൾ ദാഗോന്റെ ബിംബം കർത്താവിന്റെ
പേടകത്തിനു മുൻപിൽ നിലത്തു മറിഞ്ഞുകിടക്കുന്നതു കണ്ടു. അവർ അതെടുത്ത്യഥാപൂർവം
സ്ഥാപിച്ചു.4 പിറ്റേന്നും അവർ ഉണർന്നപ്പോൾ ദാഗോന്റെ ബിംബം കർത്താവിന്റെ പേടകത്തിനു
മുൻപിൽ മറിഞ്ഞുകിടക്കുന്നു. ദാഗോന്റെ തലയും കൈകളും അറ്റ് വാതിൽപ്പടിയിൽ കിടക്കുന്നു.
ഉടൽമാത്രം അവശേഷിച്ചിരുന്നു.5 അതുകൊണ്ടാണ് ദാഗോന്റെ പുരോഹിതൻമാരും അവിടെ
പ്രവേശിക്കുന്ന മറ്റുള്ളവരും അഷ്ദോദിലുള്ള ദാഗോന്റെ വാതിൽപ്പടിയിൽ ചവിട്ടാത്തത്.6
കർത്താവിന്റെ കരം അഷ്ദോദിലുള്ള ജനങ്ങൾക്കെതിരേ പ്രബലമായി. അവിടുന്ന് അവരെ
ഭയപ്പെടുത്തി. അഷ്ദോദിലും പരിസരങ്ങളിലുമുള്ളവർക്ക് കുരുക്കൾവരുത്തി അവരെ കഷ്ടപ്പെടുത്തി.7
ഇതുകണ്ട് അഷ് ദോദിലെ ജനങ്ങൾ പറഞ്ഞു: ഇസ്രായേലിന്റെ ദൈവത്തിന്റെ പേടകം നമ്മുടെ
ഇടയിൽ ഇരിക്കേണ്ടാ. അവിടുത്തെ കരം നമ്മുടെയും നമ്മുടെ ദേവനായ ദാഗോന്റെയുംമേൽ
പ്രബലപ്പെട്ടിരിക്കുന്നു.8 അവർ ആളയച്ച് ഫിലിസ്ത്യപ്രഭുക്കൻമാരെയെല്ലാം വിളിച്ചുകൂട്ടി,
ഇസ്രായേല്യരുടെ ദൈവത്തിന്റെ പേടകം നാം എന്താണ് ചെയ്യേണ്ടതെന്നു ചോദിച്ചു. **ഗത്തിലേക്കു**
കൊണ്ടുപോകാമെന്ന് അവർ പറഞ്ഞു. ദൈവത്തിന്റെ പേടകം അവർ അങ്ങോട്ടു കൊണ്ടുപോയി.9
അവിടെ എത്തിയപ്പോൾ കർത്താവ് ആ നഗരത്തെയും ശിക്ഷിച്ചു. ജനങ്ങൾ സംഭ്രാന്തരായി,
ആബാലവൃദ്ധം ജനങ്ങളും കുരുക്കൾ മൂലം കഷ്ടപ്പെട്ടു.10 അതിനാൽ ദൈവത്തിന്റെ പേടകം അവർ
**എക്രോണിലേക്കയച്ചു**. എന്നാൽ പേടകം എക്രോണിലെത്തിയപ്പോൾ **തദ്ദേശവാസികൾ**

മുറവിളികൂട്ടി. നമ്മെയും നമ്മുടെ ജനത്തെയും നശിപ്പിക്കാൻ ഇസ്രായേലിൻെറ ദൈവത്തിൻെറ പേടകം നമ്മുടെ അടുത്തേക്ക് കൊണ്ടുവന്നിരിക്കുന്നു!11 അവർ വീണ്ടും ഫിലിസ്ത്യപ്രഭുക്കൻമാരെ വിളിച്ചുകൂട്ടി. ഇസ്രായേല്യരുടെ ദൈവത്തിൻെറ പേടകം വിട്ടുകൊടുക്കുക. നമ്മെയും നമ്മുടെ ജനത്തെയും നശിപ്പിക്കാതിരിക്കാൻ അതു തിരിച്ചയയ്ക്കുക എന്നു പറഞ്ഞു. സംഭ്രാന്തി നഗരത്തെ മുഴുവൻ ബാധിച്ചു. കാരണം, ദൈവം അവരെ കഠിനമായി ശിക്ഷിച്ചുകൊണ്ടിരുന്നു.12 മരിക്കാതെ അവശേഷിച്ചവരെ കുരുക്കൾ ബാധിച്ചു. നഗരവാസികളുടെ നിലവിളി ആകാശത്തിലേക്കുയർന്നു.

## Questions

385. ദൈവത്തിന്റെ പേടകം എവിടെനിന്ന് എവിടേക്ക് കൊണ്ടുപോയി?
എബ്നേസറിൽ നിന്ന് അഷ്ദോദിലേക്ക്
386. ഇസ്രായേല്യരുടെ ദൈവത്തിന്റെ പേടകം എവിടേക്ക് കൊണ്ടുപോകാമെന്നാണ് ഫിലിസ്ത്യ പ്രഭുക്കൾ പറഞ്ഞത്?
ഗത്തിലേക്ക് (5,8)
387. ഗത്തിലുള്ളവർ കുരുക്കൾമൂലം കഷ്ടപ്പെട്ടപ്പോൾ പേടകം എവിടേക്കാണ് കൊണ്ടുപോയത്?
എക്രോണിലേക്ക് (5,10)
388. പേടകം എക്രോണിലെത്തിയപ്പോൾ ആരാണ് മുറവിളി കൂട്ടിയത്?
തദ്ദേശവാസികൾ (5,10)

**വചനഭാഗം: 1 സാമുവൽ 6**
**പേടകം തിരിച്ചെത്തുന്നു**
1 കർത്താവിൻെറ പേടകം **ഏഴുമാസം** ഫിലിസ്ത്യരുടെ രാജ്യത്തായിരുന്നു.2 ഫിലിസ്ത്യർ
പുരോഹിതൻമാരെയും ജ്യോത്സ്യൻമാരെയും വിളിച്ചുവരുത്തി ചോദിച്ചു: കർത്താവിൻെറ പേടകം
നാമെന്തു ചെയ്യണം? പൂർവസ്ഥാനത്തേക്കു തിരിച്ചയയ്ക്കുമ്പോൾ അതോടൊപ്പം നാമെന്താണ്
കൊടുത്തയയ്ക്കേണ്ടത്?3 അവർ പറഞ്ഞു: ഇസ്രായേല്യരുടെ ദൈവത്തിൻെറ പേടകം
തിരിച്ചയയ്ക്കുന്നത് വെറുംകൈയോടെ ആകരുത്. ഒരുപ്രായശ്ചിത്തബലിക്കുള്ള വസ്തുക്കൾ
തീർച്ചയായും കൊടുത്തയയ്ക്കണം. അപ്പോൾ നിങ്ങൾ സുഖംപ്രാപിക്കുകയും അവിടുത്തെ കരം
നിങ്ങളിൽനിന്നു പിൻവലിക്കാഞ്ഞതിൻെറ കാരണം മനസ്സിലാകുകയും ചെയ്യും.4 എന്തു
വസ്തുവാണ് പ്രായശ്ചിത്തബലിക്കുഞങ്ങൾ അവിടുത്തേക്ക് അർപ്പിക്കേണ്ടത് എന്ന് ഫിലിസ്ത്യർ
ചോദിച്ചു. അവർ പറഞ്ഞു: ഫിലിസ്ത്യപ്രഭുക്കൻമാരുടെ സംഖ്യയനുസരിച്ച് സ്വർണനിർമിതമായ
അഞ്ചു കുരുക്കളും അഞ്ച് എലികളുമാകട്ടെ. കാരണം, നിങ്ങൾക്കും നിങ്ങളുടെ പ്രഭുക്കൻമാർക്കും
ഒരേ ബാധതന്നെയാണല്ലോ ഉണ്ടായത്.5 അതുകൊണ്ട്, നിങ്ങൾ നിങ്ങളുടെ കുരുക്കളുടെയും
നിങ്ങളുടെ നാട് നശിപ്പിച്ച എലികളുടെയും രൂപംതന്നെ ഉണ്ടാക്കണം. അങ്ങനെ ഇസ്രായേല്യരുടെ
ദൈവത്തിൻെറ മഹിമയെ പ്രകീർത്തിക്കുവിൻ; നിങ്ങളുടെയും നിങ്ങളുടെ ദേവൻമാരുടെയും
നിങ്ങളുടെ നാടിൻെറയുംമേൽ ശക്തിപ്പെട്ടിരിക്കുന്ന കരം അവിടുന്നു പിൻവലിച്ചേക്കാം.6
**ഈജിപ്തുകാരെയും ഫറവോയെയും പോലെ നിങ്ങളും എന്തിനു കഠിനഹൃദയരാകുന്നു?
അവിടുന്ന് അവരെ പരിഹാസപാത്രമാക്കിയതിനുശേഷമല്ലേ, നാടുവിടാൻ ഈജിപ്തുകാർ
ഇസ്രായേല്യരെ അനുവദിച്ചതും അവർ പോയതും?**7 അതുകൊണ്ട് നിങ്ങൾ ഒരു പുതിയ
വണ്ടിയുണ്ടാക്കി ഒരിക്കലും നുകം വച്ചിട്ടില്ലാത്ത രണ്ടു കറവപ്പശുക്കളെ കെട്ടുവിൻ. അവയുടെ
കുട്ടികൾ വീട്ടിൽനിന്നു കൊള്ളട്ടെ.8 കർത്താവിൻെറ പേടകമെടുത്ത് വണ്ടിയിൽ വയ്ക്കുക.
പ്രായശ്ചിത്തബലിക്ക് നിങ്ങൾ തയ്യാറാക്കിയ സ്വർണയുരുപ്പടികൾ പെട്ടിക്കുള്ളിലാക്കി അതിൻെറ
ഒരുവശത്തുവയ്ക്കുവിൻ.9 നിങ്ങൾ നിരീക്ഷിച്ചുകൊണ്ടിരിക്കുവിൻ. സ്വന്തം നാടായ
ബത്ഷെമെഷിലേക്കാണ് അവ പോകുന്നതെങ്കിൽ തീർച്ചയായും അവിടുത്തെ കരങ്ങളാണ് ഈ വലിയ
അനർത്ഥം നമുക്ക് വരുത്തിയത്. അല്ലെങ്കിൽ, അവിടുന്നല്ല നമ്മെ ശിക്ഷിച്ചതെന്നും
അവയാദൃച്ഛികമായി സംഭവിച്ചതാണെന്നും നമുക്ക് അനുമാനിക്കാം. അവർ അപ്രകാരം ചെയ്തു.10
രണ്ട് കറവപ്പശുക്കളെകൊണ്ടുവന്നു വണ്ടിക്കുകെട്ടി. കിടാക്കളെ വീട്ടിൽ നിർത്തി.11 കർത്താവിൻെറ
പേടകത്തോടൊപ്പം സ്വർണനിർമിതമായ കുരുക്കളും എലികളുമുള്ള പെട്ടിയും അതിനുള്ളിൽവച്ചു.12
പശുക്കൾ ബത്ഷെമെഷിലേക്കുള്ള പെരുവഴിയിലൂടെ അമറിക്കൊണ്ട് ഇടംവലം നോക്കാതെ നേരേ
പോയി. **ഫിലിസ്ത്യപ്രഭുക്കൻമാർ** ബത്ഷെമെഷ് അതിർത്തിവരെ അവയെ അനുധാവനം ചെയ്തു.13
ബത്ഷെമെഷിലെ ജനങ്ങൾ വയലിൽ ഗോതമ്പ് കൊയ്തുകൊണ്ടിരിക്കുകയായിരുന്നു. തലയുയർത്തി
നോക്കിയപ്പോൾ കണ്ടത് **കർത്താവിൻെറ പേടകമാണ്.** അവർ അത്യധികം ആനന്ദിച്ചു.14 വണ്ടി
ബത്ഷെമെഷുകാരനായ ജോഷ്വയുടെ വയലിൽചെന്നുനിന്നു. ഒരു വലിയ കല്ല് അവിടെ
ഉണ്ടായിരുന്നു. വണ്ടിക്കുപയോഗിച്ചിരുന്ന മരം വെട്ടിക്കീറി പശുക്കളെ ദഹനബലിയായി അവർ

കർത്താവിനു സമർപ്പിച്ചു.15 **ലേവ്യർ** കർത്താവിൻെറ പേടകവും അതോടൊപ്പം സ്വർണയുരുപ്പടികൾ വച്ചിരുന്ന പെട്ടിയും താഴെയിറക്കി ആ വലിയ കല്ലിൻമേൽ വച്ചു. ബത്ഷെമെഷിലെ ജനങ്ങൾ അന്നു ദഹന ബലികളും ഇതരബലികളും കർത്താവിനു സമർപ്പിച്ചു.16 ഇതു കണ്ടതിനുശേഷം ഫിലിസ്ത്യ പ്രഭുക്കൻമാർ അഞ്ചുപേരും അന്നുതന്നെ എക്രോണിലേക്കു മടങ്ങി.17 കർത്താവിന് പ്രായശ്ചിത്തബലിയായി ഫിലിസ്ത്യർ സമർപ്പിച്ച സ്വർണക്കുരുക്കളിൽ ഒന്ന് അഷ് ദോദിനും മറ്റൊന്ന് ഗാസായ്ക്കും മൂന്നാമത്തേത് അഷ്ക്കലോനും നാലാമത്തേത് ഗത്തിനും അഞ്ചാമത്തേത് എക്രോണിനുംവേണ്ടിയായിരുന്നു.18 സ്വർണയെലികൾ ഫിലിസ്ത്യപ്രഭുക്കൻമാരുടെ അധീനതയിലുള്ള, കോട്ടകളാൽ ചുറ്റപ്പെട്ട, നഗരങ്ങളുടെയും തുറസ്സായ ഗ്രാമങ്ങളുടെയും സംഖ്യയനുസരിച്ചായിരുന്നു.19 കർത്താവിൻെറ പേടകം ഇറക്കിവച്ച ആ വലിയ കല്ല് ഈ സംഭവത്തിനു സാക്ഷിയായി ഇന്നും ബത്ഷെമെഷുകാരനായ ജോഷ്വയുടെ വയലിൽ ഉണ്ട്. കർത്താവിൻെറ പേടകത്തിലേക്കു എത്തിനോക്കിയ എഴുപത് ബത്ഷെമെഷുകാരെ അവിടുന്നു വധിച്ചു. കർത്താവ് അവരുടെ ഇടയിൽ കൂട്ടക്കൊല നടത്തിയതുകൊണ്ട് അവർ വിലപിച്ചു.20 ബത്ഷെമെഷിലെ ആളുകൾ പറഞ്ഞു: കർത്താവിൻെറ സന്നിധിയിൽ, പരിശുദ്ധനായ ഈ ദൈവത്തിൻെറ സന്നിധിയിൽ, നിൽക്കാൻ ആർക്കു കഴിയും? നമ്മുടെ അടുത്തുനിന്ന് അവിടുത്തെ എങ്ങോട്ട് അയയ്ക്കും?21 അവർ ദൂതൻമാരെ കിരിയാത്ത്യയാറിമിലെ ജനങ്ങളുടെ അടുത്തയച്ചു പറഞ്ഞു: കർത്താവിൻെറ പേടകം ഫിലിസ്ത്യർ തിരിച്ചയച്ചിരിക്കുന്നു. നിങ്ങൾ വന്ന് ഏറ്റെടുത്തുകൊള്ളുവിൻ.

## Questions

389. കർത്താവിന്റെ പേടകം എത്ര മാസമാണ് ഫിലിസ്ത്യരുടെ കൈകളിലായിരുന്നത്?

ഏഴുമാസം (6,1)

390. ആറാം അധ്യായത്തിൽ ചോദ്യങ്ങൾ മാത്രമുള്ള വാക്യം ഏത്?

6,6

391. ആരാണ് ബത്ഷെമെഷ് അതിർത്തിവരെ അനുധാവനം ചെയ്തത്?

ഫിലിസ്ത്യ പ്രഭുക്കന്മാർ (6,12)

392. വയലിൽ ഗോതമ്പ് കൊയ്തുകൊണ്ടിരുന്ന ബത്ഷെമെഷിലെ ജനങ്ങൾ തലയുയർത്തി നോക്കിയപ്പോൾ കണ്ടത് എന്ത്?

കർത്താവിന്റെ പേടകം (6,13)

393. കർത്താവിന്റെ പേടകവും സ്വർണയുരുപ്പടികൾ വച്ചിരുന്ന പെട്ടിയും താഴെയിറക്കിയത് ആരാണ്?

ലേവ്യർ (6,15)

**വചനഭാഗം: 1 സാമുവൽ 7**

1 കിരിയാത്ത്യയാറിമിലെ ആളുകൾവന്ന് കർത്താവിൻെറ പേടകം ഗിരിമുകളിൽ താമസിച്ചിരുന്ന അബിനാദാബിൻെറ ഭവനത്തിൽ എത്തിച്ചു. അത് സൂക്ഷിക്കുന്നതിന് അബിനാദാബിൻെറ പുത്രൻ എലെയാസറിനെ അവർ അഭിഷേകം ചെയ്തു.

**സാമുവൽ ന്യായാധിപൻ**

2 കർത്താവിൻെറ പേടകം അവിടെ ഏറെക്കാലം, ഇരുപതു വർഷത്തോളം, ഇരുന്നു. ഇസ്രായേൽ ജനം കർത്താവിങ്കലേക്കു തിരിഞ്ഞു വിലപിച്ചു കൊണ്ടിരുന്നു.3 അപ്പോൾ സാമുവൽ ഇസ്രായേൽജനത്തോടു പറഞ്ഞു: പൂർണഹൃദയത്തോടെ നിങ്ങൾ കർത്താവിങ്കലേക്കു തിരിയേണ്ടതിന് അന്യദേവൻമാരെയും അസ്താർത്തെദേവതകളെയും ബഹിഷ്കരിക്കണം. നിങ്ങളെ പൂർണമായി ദൈവത്തിനു സമർപ്പിക്കുവിൻ. അവിടുത്തെമാത്രം ആരാധിക്കുവിൻ. ഫിലിസ്ത്യരുടെ കരങ്ങളിൽനിന്ന് അവിടുന്നു നിങ്ങളെ രക്ഷിക്കും.4 അങ്ങനെ, ഇസ്രായേല്യർ ബാലിൻെറയും അസ്താർത്തെയുടെയും ബിംബങ്ങളെ ബഹിഷ്കരിച്ച്, കർത്താവിനെമാത്രം ആരാധിച്ചു.5 **സാമുവൽ** പറഞ്ഞു: ഇസ്രായേൽ മുഴുവൻമിസ്പായിൽ ഒരുമിച്ചു കൂടട്ടെ. ഞാൻ നിങ്ങൾക്കുവേണ്ടി കർത്താവിനോടു പ്രാർഥിക്കാം.6 അവർ മിസ്പായിൽ ഒരുമിച്ചുകൂടി. വെള്ളം കോരി കർത്താവിൻെറ സന്നിധിയിൽ പകർന്നു. ആദിവസം മുഴുവൻ അവർ ഉപവസിച്ചു. ഞങ്ങൾ കർത്താവിനെതിരായി പാപം ചെയ്തുപോയി എന്ന് അവർ ഏറ്റുപറഞ്ഞു. മിസ്പായിൽവച്ചാണ് സാമുവൽ

ഇസ്രായേൽജനത്തെന്യായപാലനം ചെയ്യാൻ തുടങ്ങിയത്.7 ഇസ്രായേൽക്കാർ **മിസ്പായിൽ** ഒരുമിച്ചുകൂടിയിട്ടുണ്ടെന്നു കേട്ടപ്പോൾ ഫിലിസ്ത്യപ്രഭുക്കൻമാർ ഇസ്രായേല്യരെ ആക്രമിക്കാൻ പുറപ്പെട്ടു.8 ഇസ്രായേൽക്കാർ ഭയചകിതരായി. ഫിലിസ്ത്യരിൽനിന്നു തങ്ങളെ രക്ഷിക്കുന്നതിനു ദൈവമായ കർത്താവിനോട് നിരന്തരം പ്രാർഥിക്കണമേ എന്ന് അവർ **സാമുവലിനോട്** അപേക്ഷിച്ചു.9 **സാമുവൽ** മുലകുടി മാറാത്ത ഒരാട്ടിൻകുട്ടിയെ സമ്പൂർണ ദഹനബലിയായി കർത്താവിനർപ്പിച്ചു. അവൻ ഇസ്രായേലിനുവേണ്ടി കർത്താവിനോടു പ്രാർഥിച്ചു. അവിടുന്ന് അവൻെറ പ്രാർഥന ശ്രവിച്ചു.10 സാമുവൽ ദഹനബലി അർപ്പിച്ചുകൊണ്ടിരിക്കവേ ഫിലിസ്ത്യർ ഇസ്രായേല്യരെ ആക്രമിക്കാൻ അടുത്തുകൊണ്ടിരുന്നു. കർത്താവ് ഭയങ്കരമായ ഒരിടിനാദം മുഴക്കി ഫിലിസ്ത്യരെ സംഭ്രാന്തരാക്കി. അവർ പലായനം ചെയ്തു.11 ഇസ്രായേല്യർ മിസ്പായിൽനിന്ന് ബത്ത്കാർവരെ അവരെ പിന്തുടർന്നു വധിച്ചു.12 അനന്തരം, സാമുവൽ മിസ്പായ്ക്കും ജഷാനായ്ക്കും മധ്യേ ഒരു കല്ലു സ്ഥാപിച്ചു. ഇതുവരെ കർത്താവ് നമ്മെ സഹായിച്ചു എന്ന്പറഞ്ഞ് ആ സ്ഥലത്തിനു **എബ്നേസർ** എന്നുപേരിട്ടു.13 അങ്ങനെ ഫിലിസ്ത്യർ കീഴടങ്ങി. പിന്നീടൊരിക്കലും അവർ ഇസ്രായേൽദേശത്തു കാലുകുത്തിയിട്ടില്ല. സാമുവലിൻെറ കാലമത്രയും കർത്താവിൻെറ കരം ഫിലിസ്ത്യർക്കെതിരേ ബലപ്പെട്ടിരുന്നു.14 എക്രോൺ മുതൽ ഗത്ത്വരെ ഫിലിസ്ത്യർ കൈവശമാക്കിയിരുന്ന പ്രദേശങ്ങളെല്ലാം അവർ ഇസ്രായേലിനു തിരികെക്കൊടുത്തു. ഇസ്രായേല്യർ തങ്ങളുടെ പ്രദേശമെല്ലാം ഫിലിസ്ത്യരിൽനിന്നു വീണ്ടെടുത്തു. ഇസ്രായേല്യരും അമോര്യരും തമ്മിൽ സമാധാനമുണ്ടായി.15 സാമുവൽ തൻെറ ജീവിതകാലമത്രയും ഇസ്രായേലിൽ നീതിപാലനം നടത്തി.16 ബഥേൽ, ഗിൽഗാൽ, മിസ്പാ എന്നീ സ്ഥലങ്ങൾ വർഷംതോറും സന്ദർശിച്ച് അവിടെയും അവൻ നീതിപാലനം നടത്തിയിരുന്നു.17 അനന്തരം, തൻെറ ഭവനം സ്ഥിതിചെയ്തിരുന്ന **റാമായിലേക്ക്** അവൻ മടങ്ങിപ്പോയി. അവിടെയും നീതിപാലനം നടത്തുകയും കർത്താവിന് ഒരു ബലിപീഠം നിർമിക്കുകയും ചെയ്തു.

## Questions

394. ഇസ്രായേൽ മുഴുവൻ മിസ്പായിൽ ഒരുമിച്ചു കൂടട്ടെ എന്ന് ആരാണ് പറഞ്ഞത്?
സാമുവൽ (7,5)
395. ഇസ്രായേൽക്കാർ എവിടെ ഒരുമിച്ചുകൂടിയിട്ടുണ്ടെന്ന് കേട്ടപ്പോഴാണ് ഫിലിസ്ത്യ പ്രഭുക്കന്മാർ ഇസ്രായേല്യരെ ആക്രമിക്കാൻ പുറപ്പെട്ടത്?
മിസ്പായിൽ (7,7)
396. ഫിലിസ്ത്യരിൽനിന്ന് തങ്ങളെ രക്ഷിക്കുന്നതിന് ദൈവമായ കർത്താവിനോട് നിരന്തരമായി പ്രാർഥിക്കണമേയെന്ന് ഇസ്രായേൽക്കാർ ആരോടാണ് അപേക്ഷിച്ചത്?
സാമുവലിനോട് (7,8)
397. മുലകുടി മാറാത്ത ഒരാട്ടിൻകുട്ടിയെ സമ്പൂർണ ദഹനബലിയായി കർത്താവിന് അർപ്പിച്ചത് ആരാണ്?
സാമുവൽ (7,9)
398. ഇതുവരെ ദൈവം സഹായിച്ചു എന്നുപറഞ്ഞ് ആ സ്ഥലത്തിന് ഇട്ട പേര് എന്ത്?
എബ്നേസർ (7,12)
399. എബ്നേസർ എന്ന വാക്കിന്റെ അർഥം?
സഹായശില
400. സാമുവലിന്റെ ഭവനം സ്ഥിതിചെയ്തിരുന്ന സ്ഥലം ഏത്?
റാമാ (7,17)